بسم الله الرحمن الرحيم

# വിവർത്തകൻെറ വാക്കുകൾ

മതത്തിൻെറ പേരിൽ ഒരു പാട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നില നിൽക്കുന്ന ഇക്കാലഘട്ടത്തിൽ എന്താണ് ഇസ്ലാം എന്ന് മനസ്സിലാക്കി ജീവിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ പുസ്തകം. വിശുദ്ധ ഖുർആൻ മനുഷ്യനോട് ആവശ്യപ്പെടുന്നത് കാണുക:

''നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിൻേറയും പിന്നാലെ നീ പോകരുത്. തീർച്ചയായും നിൻെറ കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പററിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്''[1]

ഖണ്ഡിതമായ അറിവിൻെറ അടിസ്ഥാനത്തിൽ മാത്രമേ ഒരു കാര്യം പ്രവർത്തിച്ചുകൂടൂ എന്നും, കാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിന് ആവശ്യമായ കണ്ണും കാതും ചിന്താശക്തിയുമെല്ലാം അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്; അത് കൃത്യമായി ഉപയോഗിച്ചിട്ടില്ലെങ്കിൽ അവൻ അതിനെക്കുറിച്ച് ചോദിക്കുമെന്നുമാണ് മുകളിൽ കൊടുത്ത ഖുർആനിക വചനം അറിയിക്കുന്നത്.

സുന്നത്തും ബിദ്അത്തും എന്ന പേരിൽ നിരവധി കൃതികൾ അറബിയിലും മലയാളത്തിലും വായിച്ചിട്ടുണ്ട്. എന്നാൽ ഇത്രമാത്രം വിഷയത്തെ കൃത്യമായി ആധികാരികമായി ചർച്ച ചെയ്യപ്പെട്ടതും, ഹ്രസ്വവും ലളിതവുമായ മറെറാരു കൃതി കാണാൻ കഴിഞ്ഞിട്ടില്ല.

ഖുർആനും സുന്നത്തുമാണ് മതപ്രമാണങ്ങളെന്നും, അതിനെ മുൻഗാമികളായ സലഫുസ്വാലിഹുകൾ മനസ്സിലാക്കി

[1] ഇസ്റാഅ് 36.



ജീവിച്ച് കാണിച്ച രീതിയാണ് നമുക്ക് അനുകരിക്കാനുള്ള മൻഹജ് (രീതിശാസ്ത്രം) എന്നും വളരെ വ്യക്തമായി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മുൻഗാമികളുടെ മാതൃകയില്ലാത്ത കാര്യങ്ങൾ വർജ്ജിക്കേണ്ടതിൻെറ ആവശ്യകതയും സരളവും ആധികാരികവുമായ നിലക്ക് തെളിവു സഹിതം ഇതിൽ ഉണർത്തിയിട്ടുണ്ട്. ബിദ്അത്തുകളെ നല്ലത് ചീത്ത എന്നിങ്ങനെ വേർതിരിച്ച് തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനാചാരങ്ങളെ വെള്ളപൂശി കാണിക്കുന്ന ആധുനിക പൺഢിതവേഷധാരികളുടെ പൊള്ളവാദങ്ങൾ ഇതിൽ തുറന്ന് കാണിക്കുന്നുണ്ട്. ജന്മദിനാഘോഷം, ബർക്കെത്തെടുക്കൽ, ഖബറുമായി ബന്ധപ്പെട്ട അനാചാരങ്ങൾ എന്നിവയുടെ ഇസ്ലാമിക വിധി, അവയിൽ അടങ്ങിയ ശരിയും തെററും എന്നിവ ഇതിലൂടെ ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്.

സുന്നത്തിനെ വെളിച്ചത്തോടും ബിദ്അത്തുകളെ അന്ധകാരങ്ങളോടും ഖുർആനും ഹദീസും ഉപമിച്ചതായ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഗ്രന്ഥത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ഗ്രന്ഥകാരൻ തന്നെ ആദ്യഭാഗത്ത് വിവരിക്കുന്നുണ്ട്.

ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ച് മുസ്ലിം ജനതക്ക് ഖുർആനിലേക്കും സുന്നത്തിലേക്കും ദിശാബോധം നൽകിക്കൊണ്ടിരിക്കുന്ന പൺഢിതശ്രേഷ്ഠൻ **ഡോക്ടർ സഈദ് ബിൻ അലി ബിൻ വഹഫ് അൽ ഖഹ്ത്വാനി**യാണ് ഇതിൻെറ രചയിതാവ്. ഇദ്ദേഹത്തിൻെറ ഹിസ്നുൽ മുസ്ലിം എന്ന കൃതി 'മുസ്ലിമിൻെറ രക്ഷാകവചം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ **നൂറുസ്സുന്നത്തി വ ളുലുമാതുൽ ബിദ്അ:** എന്ന കൃതിയാണ് വിവർത്തനം

ചെയ്ത് **'ഇരുളും വെളിച്ചവും'** എന്ന പേര് നൽകി നിങ്ങളിലേക്ക് ഏൽപ്പിക്കുന്നത്.

നാട്ടാചാരങ്ങളുടേയും മാമൂലുകളുടേയും പേര് പറഞ്ഞു ജനങ്ങൾ എത്തിനിൽക്കുകയും നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അന്ധവിശ്വാസ അനാചാരങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഇത് ജനങ്ങൾക്ക് ഉപകാരപ്പെടട്ടെ; എന്നു മാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങിനെ മുസ്‌ലിം സമൂഹത്തിന് നഷ്ടപ്പെടുകയും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന, പ്രവാചകൻ(സ)യുടെ മഹത്തായ ചര്യയുൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ ഇത് സഹായകമായിത്തീരട്ടെ എന്നാണ് എൻെറ പ്രാർത്ഥനയും.

തെററുകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹുവിൽ നിന്നും ദിവ്യബോധനം ലഭിച്ചുകൊണ്ടിരുന്ന പ്രവാചകന്മാർക്ക് ശേഷമുള്ള ഏതൊരാൾക്കും തെററുകൾ സംഭവിക്കാവുന്നതാണ്. കാണുന്നവർ സഹോദര ബുദ്ധിയോടെ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുന്നു. അവരോട് എന്നും നന്ദിയുള്ളവനായിരിക്കും.

ഇത് നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതിനിടയിൽ ഇതിൻെറ പരിശോധനയിലും മററും എന്നെ സഹായിച്ച പലരുമുണ്ട്. അവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുകയും അവർക്കും അല്ലാഹു മതിയായ പ്രതിഫലം നൽകട്ടെ. (ആമീൻ) എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അല്ലാഹുവേ ഇതൊരു സൽക്കർമ്മമായി ഞങ്ങളിൽ നിന്നും സ്വീകരിക്കേണമേ. ഇതിന് തൗഫീഖ് നൽകിയ നാഥാ, നിനക്കാണ് സർവ്വ സ്തുതിയും.

വിവർത്തകൻ
അബ്ദുൽലത്തീഫ് സുല്ലമി മാറഞ്ചേരി,
ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ.



## ആമുഖം

**സർവ്വസ്തുതിയും ജഗനിയന്താവും പരിപാലകനുമായ അല്ലാഹുവിന്, അവനെ വാഴ്ത്തുകയും, അവനോട് മാത്രം സഹായം തേടുകയും ചെയ്യുന്നു. അവനിലേക്ക് മാത്രം പശ്ചാത്തപിക്കുകയും എല്ലാവിധ മാനസിക ദൂഷ്യങ്ങളിൽ നിന്നും അവനോട് രക്ഷതേടുകയും ചെയ്യുന്നു. അവൻ സന്മാർഗ്ഗത്തിലാക്കിയവരെ പിഴപ്പിക്കാനാർക്കും സാധ്യമല്ല; അവൻ പിഴവിലാക്കിയവർക്ക് മാർഗ്ഗ ദർശനം നൽകാനും ആരുമില്ല.**

**അല്ലാഹു അവനല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും ബന്ധുമിത്രാദികൾക്കും അവൻെറ കരുണാകടാക്ഷങ്ങൾ ചൊരിഞ്ഞ് എന്നെന്നും അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).**

**സുന്നത്തിൻെറ പ്രകാശവും ബിദ്അത്തിൻെറ അന്ധകാരങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് കോർത്തിണക്കിയ ഒരു ചെറുകൃതിയാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്. സുന്നത്തിൻെറ നിർവ്വചനം, അഹ്‌ലുസ്സുന്നത്തിന് (സുന്നത്ത് അനുസരിച്ച് ജീവിക്കുന്നവർക്ക്) പറയപ്പെട്ടിട്ടുള്ള നാമങ്ങൾ, സുന്നത്താകുന്ന അനുഗ്രഹം, സുന്നത്തിൻെറ മഹത്വങ്ങൾ, അതിനെ അനുഗമിക്കുന്നവരുടെ പദവികൾ, അവരുടെ ലക്ഷണങ്ങൾ എന്നിവയുംഅതോടൊപ്പം ബിദ്അത്തിൻെറ അവസ്ഥയുംഅത് പിന്തുടരുന്നവരുടെ നിലവാരം, നിർവ്വചനം, കർമ്മങ്ങൾ സ്വീകരിക്കാനുള്ള നിബന്ധനകൾ, മതപരമായി ബിദ്അത്തിൻെറ ദൂഷ്യങ്ങൾ, അതുണ്ടാകാനിടയാക്കുന്ന കാരണങ്ങൾ, ഇനങ്ങൾ, അവയുടെ വിധികൾ, മഖ്ബറകൾക്ക്**

ചുററുമായി നടക്കുന്ന ബിദ്അത്തുകൾ, കാലികമായി പ്രചരിക്കപ്പെട്ടിട്ടുള്ള മററു ബിദ്അത്തുകൾ, ബിദ്അത്തുകാരൻെറ പശ്ചാത്താപത്തിൻെറ വിധി, ബിദ്അത്ത് ഉണ്ടാക്കുന്ന അപകടങ്ങൾ എന്നിവയാണ് ഇതിലെ പ്രധാന ഉള്ളടക്കം.

സുന്നത്ത് അതാണ് മനുഷ്യന് യഥാർത്ഥ സൗഭാഗ്യവും മാർഗ്ഗദർശനവും നൽകുന്ന വെളിച്ചവും ജീവനും എന്ന കാര്യത്തിൽ സംശയമില്ല. സുന്നത്ത് അതിൻെറ പ്രയോക്താക്കൾക്ക് ഔന്നത്യവും ശ്രേഷ്ഠതയും നൽകുന്നു: ഒരു പക്ഷേ കർമ്മങ്ങിൽ അവരൽപം പിന്നിലാണെങ്കിൽ പോലും.

അല്ലാഹു പറയുന്നു:

يوم تبيضّ وجوه وتسودّ وجوه (آل عمران ١٠٦)

''ചില മുഖങ്ങൾ വെളുക്കുകയും ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ഒരു ദിവസത്തിൽ ''[1]

പ്രസ്തുത ആയത്തിന് ഇബ്നു അബ്ബാസ്(റ) നൽകിയിട്ടുള്ള വ്യാഖ്യാനം ''മുഖം വെളുക്കുന്നവർ സുന്നത്ത് ഉൾക്കൊണ്ട് ഐക്യത്തോടെ ജീവിച്ചവരും, മുഖം കറുക്കുന്നവർ ബിദ്അത്തുകാരും ഭിന്നിച്ചു കഴിയുന്നവരുമാണ് ''[2]

സുന്നത്തുകാരൻെറ ഹൃദയം സജീവവും പ്രകാശപൂരിതവും ആയിരിക്കും. അത് ബാഹ്യമായും ആന്തരികമായും അല്ലാഹുവിൻെറ കൽപ്പനകൾ ഉൾക്കൊള്ളാനും പ്രവാചകൻ(സ)യുടെ ജീവിതക്രമങ്ങൾ പിൻപററാനും സന്നദ്ധമായിരിക്കും.

എന്നാൽ ബിദ്അത്തുകാരൻ ഹൃദയ ചൈതന്യമില്ലാത്തവനാകും, അത് അവനെ അന്ധകാരത്തിൽ ആക്കിത്തീർക്കും. ഇരുട്ട് അവനെ ആകെ കീഴ്പ്പെടുത്തിയിരിക്കും. അവൻെറ ഹൃദയവും ചുററുപാടും ഇരുട്ടുമൂടിയതായിരിക്കും. ആരെങ്കിലും, അല്ലാഹു അവനെ സൗഭാഗ്യവാനാക്കാൻ ഉദ്ദേശിച്ചാൽ മേൽപറയപ്പെട്ട ഇരുട്ടുകളിൽനിന്നും സുന്നത്താകുന്ന വെളിച്ചത്തിലേക്ക് കൊണ്ടുവരിക തന്നെ ചെയ്യും.

[1] ആലു ഇംറാൻ 106.

[2] ഇബ്നുൽ ഖയ്യിമിൻെറ ഇജ്തിമാഉൽ ജൈശുൽ ഇസ്ലാമിയ്യ അലാ ഗസ്വിൽ മുഅത്വലത്തി വൽ ജഹ്മിയ്യ എന്ന ഗ്രന്ഥം കാണുക 2/39.



അല്ലാഹുവേ, എൻെറ ഈ എളിയ ശ്രമം അനുഗ്രഹപൂർണ്ണവും നിൻെറ പ്രീതി മാത്രം ആഗ്രഹിച്ചും ഇഹത്തിലും പരത്തിലും എനിക്കും മററ് മുഴുവൻ ആളുകൾക്കും ഉപകാരപ്രദവും ആക്കിത്തീർക്കേണമേ. നീ മാത്രമാണല്ലൊ പ്രതീക്ഷക്ക് വക നൽകുന്നവനും ഭരമേൽപ്പിക്കാൻ അർഹനും. നിന്നെ ക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. അത്കൊണ്ട് നാഥാ, ഞങ്ങൾക്ക് നീ മതിയായവനാണ്, നിന്നിൽ മാത്രം ഞങ്ങൾ ഭരമേൽപ്പിക്കുകയും ചെയ്യുന്നു. നാഥാ, നിൻെറ ദാസനും പ്രവാചകനുമായ മുഹമ്മദ് നബി(സ)യിലും കുടുംബത്തിലും അദ്ദേഹത്തെ അനുഗമിക്കുന്ന മുഴുവൻ ജനങ്ങളിലും നിൻെറ അളവററ കൃപാകടാക്ഷങ്ങൾ ചൊരിയേണമേ. (ആമീൻ)

17/10/1419. ഗ്രന്ഥകർത്താവ്

## സുന്നത്തിൻെറ പ്രകാശം

സുന്നത്ത് : സുന്നത്തിന് അതിൻേറതായ അഹ്‌ലും (ആളുകളും) അവർക്ക് അവരുടേതായ അഖീദയും (വിശ്വാസവും), സത്യത്തിലായുള്ള ജമാഅത്ത് (കൂട്ടായ്മയുമുണ്ട്). അതുകൊണ്ട് തന്നെ മേൽപറയപ്പെട്ട മൂന്ന് തലങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'അഖീദത്തു അഹ്‌ലുസ്സുന്നത്തി വൽ ജമാഅ:' എന്നതാണ് ആദ്യമായി ഞാൻ വിശകലനം നടത്താൻ ഉദ്ദേശിക്കുന്നത്.

**അഖീദ:** (വിശ്വാസം): ബന്ധിക്കുക, കൂട്ടിയിണക്കുക, ശക്തമായി കെട്ടുക എന്നൊക്കെ അർത്ഥം വരുന്നതാണ് അഖീദ എന്നതിൻെറ മൂലപദം. അതിൽ നിന്നുതന്നെയാണ് ശക്തമാക്കുക, പിരിമുറുക്കുക എന്നീ പദങ്ങളുടേയും നിഷ്പത്തി. തുണിയുടുക്കുക എന്നതിന് അഖദൽ ഇസാറു എന്നും കയർ കെട്ടുന്നതിന് അഖദൽ ഹബ്‌ലു എന്നും കരാറുകളും ഇടപാടുകളും പൂർത്തിയാക്കുന്നതിന് അഖദൽ അഹ്ദ വൽ ബൈഅ എന്നെല്ലാം ഭാഷാപരമായി ഉപയോഗിക്കുന്ന രീതികളാണ്. അഖ്ദ് എന്നത് കെട്ടഴിക്കുക എന്നതിൻെറ നേരെ എതിരായും ഉപയോഗിച്ചു വരുന്നു.[1]

**അഖീദ:** എന്നതിൻെറ മതപരമായ ഭാഷ്യം: യാതൊരു നിലയിലും സംശയത്തിന് ഇടം നൽകാത്ത നിലക്കുള്ള ഈമാൻ എന്നൊക്കെയാണ്. വിശ്വാസ സംബന്ധമായി മനുഷ്യൻെറ ഹൃദയം ബന്ധിതമായ ഒന്ന്. അതിനെ അവൻ തൻെറ മതമായും അഭിപ്രായമായും ഉൾക്കൊള്ളുകയും ചെയ്യുന്നതായിരിക്കും. എന്നാൽ അവൻെറ ഈമാൻ ശരിയായത്

[1] ഇബ്നു മൻളൂറിൻെറ ലിസാനുൽ അറബ് 3/269. ഫൈറൂസാബാദിയുടെ ഖാമൂസുൽ മുഹീത് 383. ഇബ്നു ഫാരിസിയുടെ മുഅ്ജമുൽ മഖായീസ് 679.



ആണ് എങ്കിൽ അവൻെറ വിശ്വാസം ശരിയായതായിരിക്കും. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ വിശ്വാസം അപ്രകാരമുള്ളതാണ്. അവൻെറ വിശ്വാസം പിഴച്ചതാണ് എങ്കിൽ അത് മതത്തിൽ നിന്നും പിഴച്ചുപോയ കക്ഷികളുടെ വിശ്വാസം പോലെയും ആയിരിക്കും[1]

**അഹ്‌ലുസ്സുന്ന:** എന്നതിൻെറ വിവക്ഷ,

**സുന്നത്ത്:** എന്നാൽ ചര്യ, മാർഗ്ഗം എന്നെല്ലാമാണ് ഭാഷാപരമായി അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അതാകട്ടെ നല്ലതിനും മോശമായതിനും ഉപയോഗിക്കുകയും ചെയ്യും[2]

ഇസ്‌ലാമിക വിശ്വാസ സംബന്ധമായി സുന്നത്തിന് പണ്ഡിതന്മാർ നൽകിയ വിവക്ഷ: അറിവിലും വിശ്വാസത്തിലും വാക്കിലും പ്രവർത്തനത്തിലും നബി(സ)യും അദ്ദേഹത്തിൻെറ അനുചരന്മാരും നിലകൊണ്ട മാർഗ്ഗം എന്നാണ്. അത് പിന്തുടരൽ നിർബന്ധമാണ്. അതിൻെറ വക്താക്കൾ പ്രശംസിക്കപ്പെടുകയും അതിനോട് എതിരാകുന്നവർ ആക്ഷേപിക്കപ്പെടുകയും ചെയ്യുന്നതാണ്. ഒരാൾ അഹ്‌ലുസ്സുന്നത്തിലാണ് എന്ന് പറഞ്ഞാൽ അയാൾ ചൊവ്വായ സത്യ പാതയിൽ പ്രശംസിക്കപ്പെടുന്ന മാർഗ്ഗത്തിലാണ് എന്ന് സാരം.[3]

ഹാഫിസ് ഇബ്നു റജബ് (റ) സുന്നത്തിന് നൽകിയ നിർവ്വചനം ''സുന്നത്ത് എന്നാൽ സഞ്ചരിക്കപ്പെടുന്ന മാർഗ്ഗം എന്നാണ്. അതിലുൾപ്പെടുന്നത് പ്രവാചകൻ(സ)യും അവിടുത്തെ പിൻഗാമികളായ ഖുലഫാഉർറാഷിദീൻകളും ഉൾ

[1] ശൈഖ് ഡോക്ടർ നാസ്വിറുൽ അഖ്‌ലിൻെറ മബാഹിഥുൻ ഫീ അഖീദത്തു അഹ്‌ലുസ്സുന്നത്തി വൽ ജമാഅ: 9, 10.

[2] ഇബ്നു മൻളൂറിൻെറ ലിസാനുൽ അറബ് 13/225.

[3] നാസ്വിറുൽ അഖ്‌ലിൻെറ മബാഹിഥു അഹ്‌ലുസ്സുന്ന: 13.

ക്കൊണ്ടതായ വിശ്വാസപരവും കർമ്മപരവും വാക്ക് സംബന്ധവുമായ എല്ലാ കാര്യങ്ങളും ഉൾപ്പെട്ടതായ മാർഗ്ഗമാണ്. അതത്രെ പരിപൂർണ്ണമായ സുന്നത്ത്'' [1]

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) സുന്നത്തിന് നൽകുന്ന വ്യാഖ്യാനം കാണുക: ''ശറഇയായ (മതപരമായ) തെളിവുകളിലൂടെ നിലനിൽക്കുന്നതാണ് സുന്നത്ത്. അത് അല്ലാഹുവിനും അവൻെറ റസൂലിനുമുള്ള അനുസരണമാണ്. അത് റസൂൽ(സ) പ്രവർത്തിച്ചതോ, അദ്ദേഹത്തിൻെറ കാലത്ത് പ്രവർത്തിക്കപ്പെട്ടതോ (സ്വീകരിക്കുകയും), അതല്ലെങ്കിൽ അദ്ദേഹമോ അദ്ദേഹത്തിൻെറ കാലഘട്ടത്തിലോ ആരും പ്രവർത്തിച്ചിട്ടില്ലാത്തവ (വർജ്ജിക്കലുമാണ്). കാരണം അവരുടെ കാലത്ത് കൽപ്പനയില്ലാത്തത്കൊണ്ടോ വിലക്കുള്ളത്കൊണ്ടോ ആണല്ലോ അവർ അത് പ്രവർത്തിക്കാതിരുന്നത് ''[2]

അതുകൊണ്ട് ഈ ആശയത്തിൽ സുന്നത്ത് എന്നാൽ ''രഹസ്യമായും പരസ്യമായും റസൂൽ(സ)യുടെ ചര്യ പിന്തുടരുക എന്നതാണ്. അപ്രകാരം തന്നെ മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ടു വന്നവരുടെ ചര്യയും'' [3]

**ജമാഅത്ത്:** എന്നാൽ ഒരുമിച്ചുകൂടുക, ഐക്യപ്പെടുക സംഘടിക്കുക എന്നെല്ലാം അർത്ഥം വരുന്ന 'ജമഅ' എന്ന ക്രിയാധാതുവിൽ നിന്നും ഉണ്ടായതാണ്. അത് ഭിന്നിക്കുക എന്നതിന് എതിരായി വരുന്ന വാക്കുമാണ്. ഇബ്നു ഫാരിസ് (റ) പറയുന്നു: ''ജീം മീം ഐൻ എന്നീ മൂന്ന് അക്ഷ

[1] ജാമിഉൽ ഉലൂമി വൽ ഹികം 1/120.
[2] ഫതാവാ ഇബ്നു തൈമിയ 21/317
[3] ഫതാവാ ഇബ്നു തൈമിയ 3/157.



രങ്ങൾ ഒരേ അടിസ്ഥാനത്തിലുള്ളതാണ്. ഒരു വസ്തുവെ ഒരുമിച്ചു ചേർക്കുക എന്നതാണ് അത് അർത്ഥമാക്കുന്നത്''[1]

ഇസ്‌ലാമിക വിശ്വാസ കാര്യങ്ങൾ വിശകലനം ചെയ്യുന്ന പണ്ഢിതന്മാരുടെ നിർവ്വചനം ഇപ്രകാരമാണ് ''ഖുർആനിനും സുന്നത്തിനും അനുസൃതമായി സത്യത്തിൽ ഒരുമിച്ചു കൂടിയ സമുദായത്തിലെ മുൻഗാമികൾ (പൂർവ്വികർ) എന്നാണ്. അത് സ്വഹാബികളും അവരെ തുടർന്ന താബിഉകളും അവരുടെ മാർഗ്ഗം തുടർന്ന് അവസാനനാൾ വരേക്കും ഉണ്ടാകുന്നവരും ഉൾപ്പെടുന്നതാണ്'' [2]

അബ്ദുല്ലാഹി ബ്നു മസ്ഊദ്(റ) പറയുന്നു:

**الجماعة ما وافق الحق وإن كنت وحدك (إغاثة اللهفان ١/٧٠)**

''ജമാഅത്ത് എന്നാൽ സത്യവുമായി യോജിച്ചത് എന്നാണ് അത് നീ ഒററക്കായിരുന്നാലും ശരി '' **നുഐമ് ബ്നു ഹമ്മാദ് പറയുന്നു:**

**يعني إذا فسدت الجماعة فعليك بما كانت عليه الجماعة قبل أن تفسد فإن كنت وحدك فإنك أنت الجماعة حينئذ (إغاثة اللهفان ١/٧٠)**

''ജമാഅത്ത് ദുഷിച്ചുപോയാൽ, അത് ദുഷിക്കുന്നതിന് മുമ്പ് എപ്രകാരമായിരുന്നോ അതിനെ നീ പിന്തുടരുക. അന്നേരം (പ്രസ്തുത മാർഗ്ഗത്തിൽ) നീ ഒററക്കാണ് എങ്കിലും നിനക്കാണ് അൽജമാഅത്ത് എന്ന് പറയുക'' [3]

## അഹ്ലുസ്സുന്നത്തിൻെറ നാമങ്ങൾ

[1] മുഅ്ജമുൽ മഖായീസ് 224.
[2] ഇബ്നു അബുൽ ഇസ്സിൻെറ ശറഹ് അഖീദത്തു ത്വഹാവിയ്യ 68. മുഹമ്മദ് ഖലീൽ ഹർറാസിൻെറ ശറഹ് അഖീദത്തുൽ വാസിത്വിയ്യ: 1/70.
[3] ഇബ്നുൽ ഖയ്യിം(റ)വിൻെറ ഇഗാഥത്തു ല്ലഹ്ഫാൻ 1/70.

1. അഹ്‌ലുസ്സുന്നത്തി വൽ ജമാഅ: أهل السنة والجماعة
നബി(സ)യും സഹാബികളും നിലകൊണ്ട രൂപത്തിൽ കഴിഞ്ഞുകൂടുന്നവരാണ് അവർ. അതായത് നബി(സ) യുടെ സുന്നത്ത് കൃത്യമായി അവലംബിച്ചു കഴിഞ്ഞുകൂടുന്ന വിഭാഗം. അവർ സ്വഹാബികളും താബിഉകളും അവരെ തുടർന്ന താബിഉത്താബിഉകൾ എന്ന് അറിയപ്പെടുന്നവരുമാണ്. അതു പോലെ അവരെ പിന്തുടർന്ന സന്മാർഗ്ഗാവലംബികളായ ഇമാമുകളും. അവർ ഏത് കാലത്തും എവിടെയായിരുന്നാലും സുന്നത്തിനെ അനുഗമിച്ചും ബിദ്അത്തിനെ വർജ്ജിച്ചും നിലനിന്ന് പോരുന്നവരായിരിക്കും. അവരായിരിക്കും ലോകാവസാനം വരെ സഹായിക്കപ്പെടുന്ന നിലയിൽ അവശേഷിക്കുന്ന വിഭാഗം.[1]

അവർ വാക്കിലും പ്രവൃത്തിയിലും വിശ്വാസത്തിലും നബി (സ)യുടെ സുന്നത്ത് പ്രത്യക്ഷമായും പരോക്ഷമായും ഉൾക്കൊള്ളുകയും അതിലവർ ഐക്യപ്പെടുകയും ചെയ്തതിനാലാണ് ആ പേരിന് അർഹരായിത്തീർന്നത്.[2]

عن عوف بن مالك رضي الله عنه قال قال رسول الله ﷺ افترقت اليهود على إحدى وسبعين فرقة فواحدة في الجنة وسبعون في النار، وافترقت النصارى على اثنتين وسبعين فرقة فإحدى وسبعين فرقة في النار وواحدة في الجنة، والذي نفس محمد بيده لتفترقنّ أمتي على ثلاث وسبعين فرقة، واحدة في الجنة واثنتان وسبعون في النار. قيل يا

[1] ഡോക്ടർ നാസിർ അബ്ദുൽ കരീം അൽ അഖ്‌ലിൻെറ മബാഹിഥുൻ ഫീ അഖീദത്തു അഹ്‌ലുസ്സുന്നത്തി വൽ ജമാഅ: 13, 14.

2 ശൈഖ് ഉഥൈമീൻ (റ) യുടെ ഫത്ഹു റബ്ബിൽ ബരിയ്യ ബി തഖ്‌ലീസിൽ ഹമവിയ്യ: 10. സ്വാലിഹുൽ ഫൗസാനിൻെറ ശറഹു അഖീദത്തുൽ വാസിതിയ്യ: 10.



رسول الله من هم ؟ قال الجماعة [١] وفي رواية الترمذي عن عبد الله بن عمرو قالوا ومن هي يا رسول الله قال ما أنا عليه وأصحابي [٢]

ഔഫ് ബ്നു മാലിക് (റ) വിൽ നിന്ന്: നബി ﷺ പറഞ്ഞു:'' ജൂതന്മാർ എഴുപത്തൊന്ന് കക്ഷികളായി പിരിഞ്ഞു; അതിൽ ഒരു വിഭാഗം സ്വർഗ്ഗത്തിലും ബാക്കി എഴുപതും നരകത്തിലുമായിരിക്കും. ക്രിസ്ത്യാനികൾ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞു; അതിൽ എഴുപത്തൊന്ന് കക്ഷികളും നരകത്തിലും ഒന്ന് മാത്രം സ്വർഗ്ഗത്തിലുമായിരിക്കും. എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവനെത്തന്നെയാണ സത്യം എൻെറ ഈ സമുദായം എഴുപത്തിമൂന്ന് കക്ഷികളായിപ്പിരിയും;അതിൽ ഒന്ന് മാത്രം സ്വർഗ്ഗത്തിലും ബാക്കി എഴുപത്തിരണ്ടും നരകത്തിലുമായിരിക്കും. അന്നേരം അവർ ആരായിരിക്കും എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അവരാണ് അൽ ജമാഅത്ത് ''[3] അബ്ദുല്ലാഹിബ്നു അംറിൽ നിന്നുള്ള തുർമുദിയുടെ റിപ്പോർട്ടിൽ ഏതായിരിക്കും ആ സംഘം എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞു: ''ഞാനും എൻെറ സ്വഹാബികളും നിലകൊണ്ട മാർഗ്ഗത്തിലുള്ളത് ''[4]

٢ الفرقة الناجية

2. അൽഫിർഖതുന്നാജിയ (രക്ഷപ്പെട്ട വിഭാഗം)

അതായത് നരകത്തിൽ നിന്നും രക്ഷപ്പെടുന്ന വിഭാഗം. നബി (സ) വിവിധ വിഭാഗമായിത്തീരുമെന്ന് പറഞ്ഞപ്പോൾ ഒന്ന് അല്ലാത്തതെല്ലാം നരകത്തിലാണ് എന്ന് പറഞ്ഞു.

[1] أخرجه ابن ماجة وصححه الألباني في صحيح ابن ماجة ٢/ ٣٦٤

[2] سنن الترمذي كتاب الإيمان ٢٦/٥، رقم ٢٦٤١

[3] ഇബ്നു മാജ:. അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ: 2/364

[4] തുർമുദി കിതാബുൽ ഈമാൻ 5/26. നമ്പർ 2641.

അപ്പോൾ ഒരു വിഭാഗം നരകത്തിൽ നിന്നും രക്ഷപ്പെടുന്ന താണ് എന്ന് മനസ്സിലാക്കാം.

### ٣، الطائفة المنصورة

**ത്വാഇഫതുൻ മൻസ്വൂറ:** (സഹായിക്കപ്പെടുന്നവർ)

فعن معاوية رضي الله عنه قال سمعت رسول الله ﷺ لاَ تَزَالُ طَائِفَةٌ مِنْ أُمَّتِي قَائِمَةٌ بِأَمْرِ اللهِ لاَ يَضُرُّهُمْ مَنْ خَذَلَهُمْ أَوْ خَالَفَهُمْ حَتَى يَأْتِيَ أَمْرُ اللهِ وَهُمْ ظَاهِرُونَ عَلَى النّاسِ [1]

മുആവിയ(റ) പറയുന്നു: നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ''എൻെറ സമുദായത്തിൽ നിന്നും ഒരു വിഭാഗം അല്ലാഹുവിൻെറ കൽപ്പനകളുമായി നിലകൊള്ളുക തന്നെ ചെയ്യും. അവരെ നിന്ദിക്കുന്നവർക്കോ അവരോട് എതിർക്കുന്നവർക്കോ അന്ത്യനാൾ വരെ അവരെ ഉപദ്രവിക്കാൻ ആവുകയില്ല'' [2]

ഥൗബാൻ (റ)വിൽ നിന്നും മുസ്ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ അന്ത്യനാൾവരെ അവർ അങ്ങിനെത്തന്നെ നിലനിൽക്കുന്നതായിരിക്കും [3] എന്നുകൂടി കാണാം.

### ٤ المعتصمون المتمسكون بكتاب الله وسنة رسوله ﷺ

**AÂ apAvXkznaq\Â apXaÊnlq\ _n InXm_nÃmln h kp¶¯n dkqenln ﷺ**
**(ഖുർആനും നബിചര്യയും അവലംബിക്കുന്നവർ)**

---

1 متفق عليه البخاري ٢٢٥/٤، مسلم ١٥٢٤/٢

2 മുതഫഖുൻ അലൈഹി. ബുഖാരി 4/225. മുസ്ലിം 2/1524.

3 മുസ്ലിം 2/1523. നമ്പർ 1923



ഇസ്ലാമിലേക്ക് മുൻകടന്ന് വന്ന മുഹാജിറുകളും അല്ലാഹുവിൻെറ കിതാബും റസൂൽ(സ)യുടെ ചര്യയും മുറുകെ പിടിച്ച് അതിനെ അവലംബമാക്കി മാത്രം ജീവിച്ചവരായിരുന്നു അവർ. അവരുടെ ജീവിത മാതൃക ഉൾക്കൊള്ളുന്നവരാണ് വിജയികളാകുന്ന വിഭാഗം എന്ന് 'മാ അന അലൈഹി വ അസ്ഹാബീ' എന്നതിലൂടെ നബി(സ) വ്യക്തമാക്കുകയും ചെയ്തു.

### ٥ هم القدوة الصالحة الذين يهدون إلى الحق وبه يعملون

**അൽ ഖുദ്‌വതുസ്വാലിഹ:** (അനുകരണീയർ)

വിജയികളാകുന്ന വിഭാഗത്തിൻെറ അടയാളമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് അവർ അനുകരണീയമായ മഹത്തായ മാതൃകയുടെ ഉടമകളും അത് ഉൾക്കൊണ്ട് സത്യമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരുമായിരിക്കും എന്നുള്ളത്. അയ്യൂബു സഹ്തിയാനി (റ) എന്ന പൺഢിതൻ പറയുന്നത് കാണുക: ''പുതിയ തലമുറയുടേയും അല്ലാത്തവരുടേയും സൗഭാഗ്യത്തിൽ പെട്ടതാണ് അഹ്ലുസ്സുന്നത്തിൽ പെട്ട ഒരു പൺഢിതനോട് അനുകരിക്കാൻ അല്ലാഹു തൗഫീഖ് നൽകുക എന്നുള്ളത് '' [1]

ഫുളൈലു ബ്നു ഇയാള്(റ) പറയുന്നു: ''രാജ്യങ്ങൾക്ക് ജീവൻ പകരുന്ന ചില ദാസന്മാരുണ്ട് അല്ലാഹുവിന്. അവർ അസ്ഹാബുസ്സുന്ന (സുന്നത്തിൻെറ വക്താക്കൾ) ആണ്. അവരുടെ ഉള്ളിൽ പ്രവേശിച്ചത് പോലെ കാര്യങ്ങൾ ആരെങ്കിലും മനസ്സിലാക്കിയാൽ അവർ ഹിസ്ബുല്ല (അല്ലാഹുവിൻെറ പാർട്ടി) യിൽ പെട്ടുകഴിഞ്ഞു. '' [2]

---

1 ലാലികാലിയുടെ ശറഹ് ഉസ്വൂലി ഇഅ്തിഖാദി അഹ്ലുസ്സുന്ന: 1/66 .

2 ലാലികാലിയുടെ ശറഹ് ഉസ്വൂലി ഇഅ്തിഖാദി അഹ്ലുസ്സുന്ന: 1/72.

## ٦ أهل السنة خيار الناس ينهون عن البدع وأهلها

**ഖിയാറുന്നാസ്** (ജനങ്ങളിൽ ഉത്തമർ)

അഹ്ലുസ്സുന്നത്തി വൽ ജമാഅയാണ് മനുഷ്യരിൽ ഉത്തമ വിഭാഗം. അവരാകട്ടെ ബിദ്അത്തിനേയും അതിൻെറ വക്താക്കളേയും ശക്തിയായി എതിർക്കുന്നവരുമായിരിക്കും.
ആരാണ് സുന്നി ? എന്ന് അബൂബക്കറു ബ്നു ഇയാശ് എന്ന പൺഢിതനോട് ചോദിക്കപ്പെട്ട ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമാണ്: ''ദേഹേഛക്കാരുടെ കാര്യങ്ങൾ പറയപ്പെട്ടാൽ അവരുടെ പക്ഷം ചേരാത്തവരാണ് ''
ഇബ്നു തൈമിയ (റ) പറയുന്നു: ''അഹ്ലുസ്സുന്ന: അവർ സ്വിറാതുൽ മുസ്തഖീമിൽ (ചൊവ്വായ മാർഗ്ഗത്തിൽ) നിലകൊള്ളുന്ന സമുദായത്തിലെ ഉത്തമരും മദ്ധ്യമനില സ്വീകരിച്ചവരുമാണ്. അവർതന്നെയാണ് സത്യത്തിലായി നേരെ ചൊവ്വെ നിലനിൽക്കുന്നവരും'' [1]

## ٧ أهل السنة هم الغرباء

**അൽ ഗുറബാഅ്** (അപരിചിതർ)

അഹ്ലുന്നത്തി വൽ ജമാഅ: ജനങ്ങൾ ദുഷിച്ചു പോകുന്ന കാലത്ത് അപരിചിതരെപ്പോലെയായിരിക്കും. അബൂ ഹുറൈറ(റ) പറഞ്ഞു തരുന്ന ഒരു ഹദീസ് ഇക്കാര്യമാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്.

عن أبي هريرة رضي الله عنه قال قال رسول الله ﷺ بدأ الإسلامُ غَريبا وسَيَعُود كَماَ بَدَأَ فَطُوبَى لِلْغُرَبَاءِ [٢]

[1] ഫതാവാ ഇബ്നു തൈമിയ്യ 3/368, 369.

[٢] مسلم كتاب الإيمان ١٣٠/١ برقم ١٤٥



നബി(സ) പറഞ്ഞു: ''ഇസ്ലാം അപരിചിതാവസ്ഥയിലാണ് ആരംഭിച്ചത്. അപരിചിതാവസ്ഥയിലേക്ക് തന്നെ അത് മടങ്ങിയെത്തുകയും ചെയ്യുന്നതാണ്. അന്ന് അപരിചിതരായി ഉണ്ടാകുന്നവർക്ക് അനുമോദനങ്ങൾ ! '' [1]

ഇബ്നു മസ്ഊദ്(റ) വിൽ നിന്ന് ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഹദീസിൽ 'മനിൽ ഗുറബാഅ് (ആരായിരിക്കും അപരിചിതർ)' എന്ന ചോദ്യത്തിന് ''النزاع من القبائـل'' അന്നുസ്സാഉ മിനൽ ഖബാഇലി (കുടുംബത്തെ വിട്ട് അകന്നവർ) എന്ന് കാണാവുന്നതാണ്[2]. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ഹിജ്റ പോയവർ എന്ന് സാരം.
അബ്ദുല്ലാഹിബ്നു അംറുബ്നു ആസ്വിൽ നിന്നുള്ള ഹദീസിൽ മേൽ പറയപ്പെട്ട ചോദ്യത്തിന്
[٣] ''أناس صالحون في أناس سوء كثير من يعصهم أكثر ممن يطيعهم''
''ചീത്ത സമൂഹത്തിലുണ്ടാകുന്ന സജ്ജനങ്ങളായിരിക്കും അവർ. അവരെ ധിക്കരിക്കുന്നവരായിരിക്കും അനുസരിക്കുന്നവരേക്കാൾ അധികമുണ്ടാവുക''[4]

മറ്റൊരു റിപ്പോർട്ടിൽ [٥] ''الذين يُصْلِحُون إذا فسد الناس''
''അവർ ജനങ്ങൾ നാശത്തിലാകുമ്പോൾ അവരെ നന്നാക്കുന്നവരാണ് '' [6] എന്നും കാണാവുന്നതാണ്. അപ്പോൾ അഹ്ലുസ്സുന്നത്ത് എല്ലാവിധ ബിദ്അത്ത്കാരിലും ദേഹേച്ഛ

[1] മുസ്ലിം കിതാബുൽ ഈമാൻ 1/130. നമ്പർ 145

[2] മുസ്നദ് അഹ്മദ് 1/398.

[٣] المسند ١٧٧/٢ و ٢٢٢

[4] മുസനദ് അഹ്മദ് 2/177, 222.

[٤] المسند ١٧٣/٤

[6] മുസ്നദ് അഹ്മദ് 4/173

ക്കാരിലും ഗുറബാഅ് (അപരിചിതർ/ വിദേശികൾ) ആയി ന്യൂന പക്ഷം മാത്രമായിരിക്കും.

### ٨ أهل السنة هم الذين يحملون العلم

### **യഹ്മിലൂനൽഇൽമ** (പാണ്ഡിത്യമുള്ളവർ)

അഹ്ലുലുസ്സുന്നത്ത് അവരാണ് അതിരുകവിയുന്നവരുടേയും ദുർവ്യാഖ്യാനക്കാരുടേയും നിരാകരണക്കാരുടേയുമെല്ലാം യഥാർത്ഥ നിലപാട് വേർതിരിച്ച് മനസ്സിലാക്കിത്തരാൻ കഴിയുന്ന നിലക്കുള്ള വിജ്ഞാനം ആർജ്ജിച്ചവർ. ഇബ്നു സീരീൻ എന്ന പണ്ഡിതൻ പറയുന്നത് കാണുക: ‘‘അവർ ആദ്യകാലത്ത് സനദുകൾ (നിവേദക പരമ്പര) ചോദിക്കാറുണ്ടായിരുന്നില്ല; പിന്നീട് (വിവിധ കക്ഷികൾ ഉടലെടുത്തുകൊണ്ടുള്ള) കുഴപ്പം വ്യാപകമായപ്പോൾ അവർ ചോദിക്കാൻ തുടങ്ങി ‘ഇത് ആര് പറഞ്ഞതാണ് എന്നുള്ള നിവേദക പരമ്പര പറഞ്ഞുതരിക’. അങ്ങിനെ അഹ്ലുസ്സുന്നത്തിൽ നിന്നുള്ളതാണ് എങ്കിൽ അവർ സ്വീകരിക്കുകയും അഹ്ലുൽ ബിദ്അത്തുകാരുടേതാണ് എങ്കിൽ നിരാകരിക്കുകയും ചെയ്യും ’’[1]

### ٩ أهل السنة هم الذين يحزن الناس لفراقهم

### **യഹ്സുനുന്നാസു ലി ഫിറാഖിഹിം** (അവരുടെ വേർപാട് ജനങ്ങളെ ദു:ഖിപ്പിക്കും)

അഹ്ലുസ്സുന്നത്തി വൽ ജമാഅയിൽ പെട്ട ആളുകളുടെ വേർപാടിൽ ജനങ്ങൾ ദു:ഖിതരാകും.

[1] മുഖദ്ദിമതു മുസ്ലിം. സനദ് നോക്കൽ മതത്തിൽപെട്ടതാണ് എന്ന അദ്ധ്യായം 1/15



അയ്യൂബുസ്സഖ്തിയാനി (റ) പറയുന്നു: ‘‘അഹ്ലുസ്സുന്നത്തിൽ പെട്ട ഒരാളുടെ മരണവാർത്ത എനിക്ക് അറിയിക്കപ്പെട്ടാൽ അത് എൻെറ ഒരു അവയവം നഷ്ടപ്പെടുന്നത് പോലെയാണ് എനിക്ക് അനുഭവപ്പെടുക ’’[1]
‘‘അഹ്ലുസ്സുന്നയുടെ നാശം ആഗ്രഹിക്കുന്നവർ അല്ലാഹുവിൻെറ പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അല്ലാഹു അവൻെറ പ്രകാശം പൂർത്തിയാക്കുക തന്നെ ചെയ്യും; സത്യനിഷേധികൾ അത് വെറുത്താലും ശരി’’[2]

### **സുന്നത്ത് അനുഗ്രഹമാണ്** السنة نعمة مطلقة

അനുഗ്രഹങ്ങൾ രണ്ട് വിധമുണ്ട്. സ്ഥായിയായ അനുഗ്രഹവും ആപേക്ഷികമായ അനുഗ്രവും. ഇതിൽ ശാശ്വതസൗഭാഗ്യവുമായ ബന്ധപ്പെട്ട അനുഗ്രഹമാണ് സുന്നത്ത്. അതാണ് ഇസ്ലാമും സുന്നത്തും. ഐഹികവും പാരത്രികവുമായി സൗഭാഗ്യം മൂന്ന് അടിസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതാണ്. അവ ഇസ്ലാം, സുന്നത്ത്, ഇഹപരമായ സുഖം എന്നിവയാണ്. മേൽ പറയപ്പെട്ടതായ അനുഗ്രഹം സിദ്ധിച്ച സജ്ജനങ്ങളുടെ പാതയായ സ്വിറാത്തുൽ മുസ്തഖീമിലേക്ക് നമ്മെയും എത്തിക്കുന്നതിന് നമ്മുടെ നമസ്കാരത്തിലൂടെ അല്ലാഹുവിനോട് ചോദിക്കാൻ അല്ലാഹു നമ്മോട് കൽപ്പിക്കുകയും ചെയ്തിരിക്കുന്നു. ആരെങ്കിലും ആ മാർഗ്ഗത്തിൽ എത്തിപ്പെട്ടാൽ അവൻ ഉന്നതമായ സുഹൃദ്വലയത്തിലായിത്തീരുകയും ചെയ്യുന്നതാണ്.
അല്ലാഹു പറയുന്നത് കാണുക:

[1] ശറഹ് ഉസ്വൂലി ഇഅ്തിഖാദി അഹ്ലിസ്സുന്ന 1/66.
[2] ലാലികായിയുടെ ശറഹ് ഉസ്വൂലി ഇഅ്തിഖാദി അഹ്ലിസ്സുന്ന: 1/68

وَمَن يُطِعِ اللَّهَ وَالرَّسُولَ فَأُولَٰئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ أُولَٰئِكَ رَفِيقًا (النساء ٦٩)

''ആര് അല്ലാഹുവെയും അവൻെറ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ രക്തസാക്ഷികൾ സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും അവർ എത്രനല്ല കൂട്ടുകാർ'' [1]

ഇവിടെ ആയത്തിൽ പറയപ്പെട്ട നാല് വിഭാഗം; അവരാണ് മേൽ സൂചിപ്പിച്ച ശാശ്വതമായ അനുഗ്രത്തിന് അർഹരായ വിഭാഗം. അവരെത്തന്നെയാണ് എൻെറ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിച്ചു തന്നിരിക്കുന്നു എന്ന താഴെ പറയുന്ന ആയത്തിലൂടെയും പരാമർശിക്കപ്പെട്ടിട്ടുള്ള വിഭാഗം.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ( سورة المائدة ٣)

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേററിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.'' [2]

മതം പൂർത്തീകരിക്കപ്പെട്ടു. അതോടെ അനുഗ്രഹവും പൂർണ്ണമായിക്കഴിഞ്ഞു.

ഉമറു ബ്നുൽ അബ്ദുൽ അസീസ്(റ) പറയുന്നു: ''ഈമാനിന് (വിശ്വാസത്തിന്) അതിരുകളും, നിർബന്ധ ഘടകങ്ങ

[1] സൂറ നിസാഅ്: 69.
[2] സൂറ മാഇദ: 3



ളും, സുന്നത്തുകളും നിയമങ്ങളുമെല്ലാമുണ്ട്. വല്ലവനും അവ പൂർത്തീകരിച്ചാൽ അവൻ വിശ്വാസം പൂർത്തീകരിച്ചു'' [1]

അല്ലാഹുവിൻെറ മതം അത് അവൻെറ കൽപ്പനകളും വിരോധങ്ങളും എല്ലാം ഉൾക്കൊണ്ടതാണ്. എന്നാൽ അവൻെറ അനുഗ്രഹം അത് വിശ്വാസികൾക്ക് മാത്രം പ്രത്യേകമായിട്ടുള്ളതാണ്. അതാണ് ഇസ്‌ലാമും സുന്നത്തുമാകുന്ന അനുഗ്രഹം. അതാണ് യഥാർത്ഥത്തിൽ സന്തോഷിക്കാൻ വക നൽകുന്നത്. കാരണം സന്തോഷം അല്ലാഹു തൃപ്തിപ്പെടുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന വിഷയത്തിലായിരിക്കണം എന്ന തുതന്നെ. അല്ലാഹു പറയുന്നു:

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ ( سورة يونس ٥٨)

''പറയുക: അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളത്'' [2]

അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും എന്നതുകൊണ്ടുള്ള വിവക്ഷ ഇസ്‌ലാമും സുന്നത്തും മുഖേനെ മനസ്സിന് ലഭ്യമാകുന്ന സന്തോഷമാണ് എന്നാണ് സലഫുസ്വാലിഹുകളിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. അത്രണ്ടിലുമുള്ള വിശ്വാസം എത്രമാത്രം ദൃഢമായിത്തീരുമോ അത്രയും സന്തോഷത്തിൻെറ ആഴം വർദ്ധിക്കുകയും ചെയ്യുന്നതാണ്. സുന്നത്തിൻെറ ചൈതന്യം കൃത്യമായി അവൻ അനുഭവിച്ചറിഞ്ഞാൽ അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടു

[1] ബുഖാരി (സനദ് കൂടാതെ കൊടുത്തത്) 1/9.
[2] സൂറ യൂനുസ് 68.

ക തന്നെ ചെയ്യും. മററുള്ളവരെല്ലാം ഭയപ്പെടുമ്പോൾ അവൻ നിർഭയനായിരിക്കുകയും ചെയ്യുന്നതാണ്.

എന്നാൽ ആരോഗ്യം, ഐശ്വര്യം, ശരീരസുഖം, അഭിവൃദ്ധി, സന്താനഭാഗ്യം, സൽഗുണസമ്പന്നയായ ഇണ, തുടങ്ങിയുള്ള അനുഗ്രഹങ്ങൾ അത് ആപേക്ഷികവും നിയന്ത്രിതവുമായിരിക്കും. അതാകട്ടെ നല്ലവനും ദുഷിച്ചവനും, വിശ്വാസിക്കും അവിശ്വാസിക്കും എല്ലാം ലഭ്യമായേക്കുന്നതാണ്. ഇത്തരം അനുഗ്രഹം നിഷേധിക്കും അല്ലാഹു നൽകുന്നു എന്ന് പറഞ്ഞാൽ ഒരർത്ഥത്തിൽ അത് ശരിയാണ്. എന്നാൽ നിഷേധികൾക്കും തെമ്മാടികൾക്കും അത് ലഭിക്കുക അവർക്ക് ഒരു തരത്തിലുള്ള നിഗ്രഹം (ഇകഴ്ത്തൽ) ആയി മാത്രമായിരിക്കും. ശാശ്വതമായ അനുഗ്രഹം ലഭിച്ചിട്ടില്ലാത്തവർക്ക് ലഭിക്കുന്ന താൽക്കാലിക അനുഗ്രഹം അവർക്ക് ശാപവും ശിക്ഷയുമായിട്ടായിരിക്കും കലാശിക്കുക.

## സുന്നത്തിൻെറ മഹത്വം منزلة السنة

സുന്നത്ത് അത് അല്ലാഹുവിൽ നിന്നും ലഭ്യമാകുന്ന ഒരു കോട്ടയാണ്. അതിൽ പ്രവേശിക്കുന്നവർ പരിപൂർണ്ണ നിർഭയർ ആയിരിക്കും. അതിൻെറ വിശാലമായ കവാടം അതിൽ പ്രവേശിക്കുന്നവരെ അങ്ങോട്ട് (സമാധാനത്തിലേക്ക്) എത്തിക്കുന്നതാണ്. അത് അതിൻെറ വക്താക്കളെ ഉന്നതരാക്കുന്നു; അവരുടെ കർമ്മങ്ങൾ അവരെ ഇരുത്തിയാലും ശരി. അതിൻെറ പ്രകാശം അവർക്ക് ഇടയിൽ പ്രസരിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും. കപടന്മാരും പുത്തൻ വാദികളും ആ പ്രകാശത്തെ തമസ്കരിക്കാൻ ശ്രമം നടത്തിയാലും ശരി. അഹ്ലുസ്സുന്നത്ത് അവരുടെ മുഖം പ്രഭാപൂരിതമായിരിക്കും അഹ്ലുൽ ബിദ്അത്തുകാരാകട്ടെ അവർ അന്നേരം കറുത്ത് ഇരുണ്ട മുഖത്തോടു കൂടിയുമായിരി



ക്കും. ഇക്കാര്യം വിശുദ്ധ ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നത് കാണുക:

يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ ( سورة آل عمران ١٠٦)

‘‘ചില മുഖങ്ങൾ വെളുക്കുകയും ചില മുഖങ്ങൾ കറുക്കുക ചെയ്യുന്ന ദിവസം’’ [1]

പ്രസ്തുത വചനത്തെ സംബന്ധിച്ച് റഈസുൽ മുഫസ്സിരീൻ ഇബ്നു അബ്ബാസ്(റ) പറയുന്നത് ഇപ്രകാരമാണ്: ‘‘അന്ന് വെളുക്കുന്ന മുഖങ്ങൾ അഹ്ലുസ്സത്തുകാരും കറുക്കുന്ന മുഖങ്ങൾ ബിദ്അത്തിൻേറയും ഭിന്നിപ്പിൻേറയും ആളുകളുമായിരിക്കും’’[2]

സുന്നത്ത് അത് മാത്രമാണ് മനുഷ്യൻെറ സൗഭാഗ്യവും സന്മാർഗ്ഗവും വിജയവും നേടിയെടുക്കുന്നതിനുള്ള പ്രകാശവും യഥാർത്ഥവും പ്രദാനം ചെയ്യുക.

അല്ലാഹു പറയുന്നു:

أَوَ مَن كَانَ مَيْتًا فَأَحْيَيْنَاهُ وَجَعَلْنَا لَهُ نُورًا يَمْشِي بِهِ فِي النَّاسِ كَمَن مَّثَلُهُ فِي الظُّلُمَاتِ لَيْسَ بِخَارِجٍ مِّنْهَا كَذَلِكَ زُيِّنَ لِلْكَافِرِينَ مَا كَانُواْ يَعْمَلُونَ (سورة الأنعام ١٢٢)

‘‘നിർജ്ജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും നാം ഒരു (സത്യ) പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്ക്ഇടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവൻെറ അവസ്ഥ പുറത്ത് കടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവൻേറത് പോലെയാണോ ? അങ്ങിനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കു

---

[1] സൂറ ആലു ഇംറാൻ 106.

[2] തഫ്സീർ ഇബ്നുകഥീർ 1/369. ഇബ്നു ജരീർ 7/93

ന്നു''[1] അല്ലാഹു നമ്മെ അത്തരം പ്രകാശം ലഭിക്കുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ (ആമീൻ)

## സുന്നത്തുകാരൻെറ പദവി منزلة صاحب السنة

സുന്നത്തിൻെറ വക്താക്കൾ ജീവസ്സുററതും ജ്വലിക്കുന്നതുമായ ഹൃദയത്തിൻെറ ഉടമയായിരിക്കും. അവരുടെ ജീവിതത്തേയും പ്രകാശത്തേയും സംബന്ധിച്ച് അല്ലാഹു തൻെറ ഗ്രന്ഥത്തിൽ ഒന്നിലധികം തവണ എടുത്തുപറഞ്ഞിട്ടുള്ളതുമാണ്. അവ വിശ്വാസികളുടെ വിശേഷണമായും അവൻ നിശ്ചയിച്ചിട്ടുണ്ട്. പ്രകാശിക്കുന്ന ജീവസ്സുററ ഹൃദയം മാത്രമേ അല്ലാഹുവിനെ സംബന്ധിച്ച് ചിന്തിക്കുകയും ഗ്രഹിക്കുകയും മനസ്സിലാക്കുകയും ചെയ്തുകൊണ്ട് അവൻെറ ഏകത്വത്തെ അംഗീകരിച്ച് അവൻ നിയോഗിച്ച പ്രവാചകൻ (സ) യെ അനുഗമിക്കുകയും ചെയ്യുകയുള്ളൂ.

പ്രവാചകൻ (സ)യാകട്ടെ എപ്പോഴും തൻെറ ഹൃദയത്തിലും കേൾവിയിലും, കാഴ്ചയിലും, നാവിലും, ഉപരിഭാഗത്തും, താഴ്ഭാഗത്തും, വലതു ഭാഗത്തും, ഇടതു ഭാഗത്തും, പിന്നിലും, മുന്നിലും തനിക്ക് പ്രകാശം ചൊരിഞ്ഞ് കിട്ടുന്നതിന് അല്ലാഹുവിനോട് ചോദിക്കാറുണ്ടായിരുന്നു. അതുപോലെ തൻെറ തടിയിലും, തൊലിയിലും, മാംസത്തിലും. അസ്ഥിയിലും, രക്തത്തിലും പ്രകാശം ലഭിക്കാനായി നാഥനോട് യാചിക്കുമായിരുന്നു. അദ്ദേഹം തൻെറ ശരീരത്തിലും, ശരീര ഭാഗങ്ങളിലും, ആന്തരികവും ബാഹ്യവുമായ എല്ലാ അവയവങ്ങളിലും, ആറ് ദിക്കുകളിലും പ്രഭാപൂരിതമായ അവസ്ഥയുണ്ടാകുവാൻ പ്രത്യേകം ചോദിക്കുമായിരുന്നു. ഒരു വിശ്വാസി അവൻ പ്രവേശിക്കുന്നിടവും പുറ

[1] സൂറ അൻആം 122.



പ്പെടുന്നിടവും പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം പ്രകാശമയമായിരിക്കും. ഈ പ്രകാശം അവൻെറ ശക്തിയും ബലഹീനതയും അനുസരിച്ച് അന്ത്യനാളിൽ പ്രകടമാവുകയും ചെയ്യും. അന്ന് അവൻെറ മുന്നിലും വലതു ഭാഗത്തുമെല്ലാം അത് പ്രസരിക്കുന്നതാണ്. ചിലരുടെ പ്രകാശം അന്ന് സൂര്യപ്രകാശം പോലെയും മററു ചിലരുടേത് നക്ഷത്രം പോലെയും വേറെ ചിലർക്ക് വലിയ ഈത്തപ്പനത്തടി കണക്കെയും, ചിലർക്ക് ഒരാൾ എഴുന്നേററ് നിൽക്കുന്ന തോതിലും, ചിലപ്പോൾ അതിലും കുറവുമായിരിക്കും. ചിലർക്ക് തൻെറ കാലിൻെറ പെരുവിരൽതുഞ്ചം മാത്രം ലഭിക്കുന്നവരുണ്ടാകും; അതുതന്നെ ഇടക്കിടക്ക് മാത്രമായിരിക്കും പ്രകാശിക്കുക. അവൻെറ വിശ്വാസമാകുന്ന പ്രകാശം ആ നിലക്ക് മാത്രമായിരിക്കും ഇഹലോകത്ത് അവനുമായി ബന്ധപ്പെട്ടിരിക്കുക. അത് ആ നിലക്ക് മാത്രമാകും അന്ന് യഥാർത്ഥത്തിലും അനുഭവത്തിലും അന്ന് പ്രകടമാവുക.[1]

## അഹ്ലുസ്സുന്നത്തിൻെറ ലക്ഷണങ്ങൾ علامات أهل السنة

അഹ്ലുസ്സുന്നത്തുകാരെ മനസ്സിലാക്കാനുതകുന്ന ലക്ഷണങ്ങൾ ഏറെയുണ്ട്. ചിന്തിക്കുന്നവർക്ക് അത് കണ്ടെത്താനാവുകയും ചെയ്യും. അവയിൽ ചിലത് താഴെ ചേർക്കുന്നു:

1. അവർ ഖുർആനും സുന്നത്തും അവലംബമാക്കി അത് അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിച്ചു ജീവിക്കുന്നവരാകും.

[1] ഇബ്നുൽ ഖയ്യിമിൻെറ ഇജ്തിമാഉൽ ജുയൂശുൽ ഇസ്ലാമിയ്യ: 2/38, 39.

2. അടിസ്ഥാന കാര്യങ്ങളിലും ശാഖാപരമായ കാര്യങ്ങളിലും അവർ ഖുർആനും തിരുസുന്നത്തും അവലംബമാക്കി മാത്രമായിരിക്കും പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കുക.
3. അഹ്ലുസ്സുന്നത്തുകാരേയും അവർ അവലംബിക്കുന്നതിനേയും മാത്രം അവർ സ്നേഹിക്കുകയും ബിദ്അത്തുകാരെ അവർ വെറുക്കുകയും ചെയ്യും.
4. അഹ്ലുസ്സുന്നത്തിൻെറ എണ്ണക്കുറവ് അവരെ അസ്വസ്ഥരാക്കുകയില്ല. സത്യം വിശ്വാസിയുടെ നഷ്ടപ്പെട്ട വസ്തുപേലെയാണല്ലൊ ജനങ്ങൾ അതിനോട് എതിരായാലും നഷ്ടപ്പെട്ട വ്യക്തി അത് കണ്ടാൽ എടുക്കുക തന്നെ ചെയ്യും.
5. ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്നതിനാൽ വാക്കിലും പ്രവർത്തനത്തിലും അവർ സത്യസന്ധരായിരിക്കും.
6. പ്രവാചക(സ)യോട് അതായത് അദ്ദേഹത്തിൻെറ സ്വഭാവമായ ഖുർആനിനോട് അങ്ങേയററത്തെ ബന്ധം പുലർത്തുന്നവരായിരിക്കും അവർ.[1]

## ബിദ്അത്തുകാരുടെ അവസ്ഥ منزلة صاحب البدعة

ബിദ്അത്ത് പ്രവർത്തിക്കുന്നവൻ അവൻെറ ഹൃദയം മരിച്ചതും അവനെ അന്ധകാരത്തിലേക്ക് തള്ളിവുടുന്നതുമായിരിക്കും. വിശ്വാസത്തിൽ നിന്നും പറത്ത്പോയവനെ അല്ലാഹു ഹൃദയം മരിച്ചവനോടും ഇരുട്ടിനോടുമാണ് ഉപമിച്ചിരിക്കുന്നത്. ഹൃദയം മരിച്ച് അന്ധകാരത്തിലകപ്പെട്ടവൻ അല്ലാഹുവിനെ സംബന്ധിച്ചോ അവൻ അയച്ച പ്രവാചകൻ(സ)യെ പിന്തുടരുന്നതിനെ സംബന്ധിച്ചോ ചിന്തിക്കാത്തത് കൊണ്ടാണ് അല്ലാഹു അവരെ, അവർ മരിച്ചവരും ജീവനില്ലാത്തവരുമാണ് എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. അവർ അന്ധകാരത്തിൽ തന്നെയായിരിക്കും അതിൽ നിന്നും പുറത്ത്വരുന്നതല്ല. അതിനാൽ അന്ധകാരം ജീവിതത്തിൽ എല്ലാ നിലക്കും അവരിൽ ആധിപത്യം ചെലുത്തിയിരിക്കും. അവരുടെ ഹൃദയം അന്ധകാരത്തിലായതിനാൽ സത്യത്തെ, അസത്യത്തിൻെറ രൂപത്തിലും അസത്യത്തെ, സത്യത്തിൻെറ രൂപത്തിലുമായിരിക്കും അവർ കാണുക. അവരുടെ പ്രവർത്തനങ്ങളും, വാക്കുകളും, അവസ്ഥകളുമെല്ലാം അന്ധകാരമയമായിരിക്കും. അവരുടെ ഖബറുകളും ഇരുട്ട് നിറഞ്ഞതായിരിക്കും. പരലോകത്ത് അവർക്ക് പാലത്തിലൂടെ കടക്കാൻ കഴിയാതെ അവർ ഇരുട്ടിൽ അവശേഷിക്കും. അങ്ങിനെ അവർ ഇരുട്ട് നിറഞ്ഞ നരകത്തിൽ പ്രവേശിക്കുകയും ചെയ്യും. ഇരുട്ട്, അതിലാണ് അല്ലാഹു സൃഷ്ടികളെ ആദ്യമായി സൃഷ്ടിച്ചുവിട്ടത്. പിന്നീട് സൗഭാഗ്യം ഉദ്ദേശിക്കപ്പെട്ടവരെ അവൻ അതിൽനിന്നും പ്രകാശത്തിലേക്ക് കൊണ്ടുവരികയും, ദൗർഭാഗ്യവാന്മാരെ അവൻ അന്ധകാരത്തിൽ ഉപേക്ഷിക്കുകയും ചെയ്യുന്നു.[1]

[1] അബൂ ഇസ്മാഈൽ അബ്ദുർറഹ്മാൻ സ്വാബൂനിയുടെ അഖീദത്തുസ്സലഫി വ അസ്ഹാബുൽ ഹദീസ് പേജ് 147. ഡോക്ടർ സ്വാലിഹു ബ്നു സഅദു സ്സഹീമിയുടെ തൻബീഹു ഉലിൽ അബ്സ്വാർ ഇലാ കമാലിദ്ദീൻ 264.



[1] ഇജ്തിമാഉൽ ജുയൂശിൽ ഇസ്ലാമിയ്യ: 2/39, 40.

# ബിദ്അത്തിൻെറ അന്ധകാരങ്ങൾ
## ظلمات البدعة

**ഭാഷാപരമായ നിർവ്വചനം**: മതം പൂർണ്ണമായശേഷം അതിൽ ഉണ്ടാകുന്ന പുതിയതുകൾക്കാണ് ബിദ്അത്ത് എന്ന് പറയുന്നത്. അതല്ലെങ്കിൽ നബി(സ)യുടെ വഫാത്തിനു ശേഷം ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളും ഇഛകളുമാണ് അത്കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.[1]

ഒരു കാര്യം മുൻ മാതൃക കൂടാതെ ഉണ്ടാക്കിയാൽ അതിന് ഭാഷയിൽ ബിദ്അത്ത് ചെയ്തു എന്ന് പറയാം. [2]

മാതൃകയില്ലാതെയുള്ള കണ്ടുപിടുത്തങ്ങൾക്ക് ഉപയോഗിക്കുന്ന വാക്കായ 'ബദഅ' യാണ് ബിദ്അത്ത് എന്നതിൻെറ ധാതു. അതുകൊണ്ടാണ് ആകാശഭൂമികളെ മാതൃക കൂടാതെ സൃഷ്ടിച്ചു എന്നതിന് അല്ലാഹു بَدِيعُ السَّمَاوَاتِ وَالأَرْضِ (ആകാശങ്ങളുടേയും ഭൂമിയുടേയും നിർമ്മാതാവത്രെ അവൻ) [3] എന്ന് പറഞ്ഞിട്ടുള്ളത്. [4]

**ബിദ്അത്ത് മതപരമായ നിർവ്വചനം:** ബിദ്അത്തിന് പണ്ഡിതന്മാർ വ്യത്യസ്ത നിർവ്വചനങ്ങൾ രേഖപ്പെടുത്തിയത് കാണാം. അവയാകട്ടെ ഓരോന്നും പരസ്പര പൂരകങ്ങളായി മനസ്സിലാക്കുകയും ചെയ്യാം.

---

[1] ഖാമൂസുൽ മുഹീത്വ് 906. ലിസാനുൽ അറബ് 8/6. ഫതാവ ഇബ്നു തീമിയ 35/414.

[2] ഇബ്നുൽ ഫാരിസിയുടെ മുഅ്ജമുൽ മഖായീസ് 119.

[3] സൂറ ബഖറ: 117. അൻആം 101.

[4] ഇമാം ശാത്വബിയുടെ ഇഅ്തിസ്വാം 1/49. റാഗിബിൻെറ മുഫ്റദാത്ത് 111.



**1. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റ)** : മതപരമായി ബിദ്അത്ത് എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവോ റസൂൽ(സ)യോ ഒരു കാര്യം നിർബന്ധമായോ ഐച്ഛികമായോ പ്രവർത്തിക്കാൻ കൽപ്പിച്ചിട്ടില്ലാത്ത കാര്യം എന്നാണ്.[1]

**ബിദ്അത്ത് രണ്ട് വിധമുണ്ട്:** ഒന്ന് വിശ്വാസത്തിലും വാക്കിലുമുള്ള ബിദ്അത്ത്. മറെറാന്ന് പ്രവർത്തനത്തിലും ആരാധനയിലുമുള്ള ബിദ്അത്ത് എന്നിവയാണ് അവ. ഇതിൽ ഒന്നാമത്തെത് രണ്ടാമത്തതിനേയും രണ്ടാമത്തെത് ഒന്നാമത്തെതിനേയും ഉൾക്കൊള്ളുന്നതാണ് എന്ന് പറഞ്ഞാൽ തെററാവുകയില്ല. 'പ്രവർത്തനങ്ങൾ ആരാധനകളും ആചാരങ്ങളുമാണ്' എന്ന നിലക്കാണ് ഇമാം അഹ്മദ് (റ)വും മററും തൻെറ മദ്ഹബ് പടുത്തുയർത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ആരാധനകളുടെ അടിസ്ഥാനം അല്ലാഹു നിയമമാക്കിയതിലൂടെയല്ലാതെ ഉണ്ടാകുന്നില്ല. ആചാരങ്ങളിലാകട്ടെ അല്ലാഹു നിഷിദ്ധമാക്കിയതല്ലാതെ നിഷിദ്ധമാക്കുന്നുമില്ല.

ബിദ്അത്ത് എന്നാൽ വിശ്വാസത്തിലും ആരാധനകളിലും ഖുർആനിനും സുന്നത്തിനോ അതല്ലെങ്കിൽ സലഫു സ്വാലിഹുകളുടെ ഇജ്മാഇനോ എതിരായത് എന്ന നിർവ്വചനവും കാണാവുന്നതാണ്. ഖവാരിജുകൾ, റാഫിളുകൾ, ഖദ്രിയാക്കൾ, ജഹ്മികൾ എന്നീ ഇസ്ലാമിൽ നിന്നും വ്യതിചലിച്ച വിഭാഗങ്ങളുടെ പിഴച്ച വാദങ്ങൾ, പള്ളികളിൽ ഗാനങ്ങളും നൃത്തങ്ങളും സംഘടിപ്പിക്കൽ, താടി വടിക്കൽ, മയക്കുമരുന്നുകൾ ഉപയോഗിക്കൽ തുടങ്ങിയവയെല്ലാം ഖുർആനിനും

---

[1] ഫതാവ ഇബ്നു തൈമിയ: 4/107, 108.

സുന്നത്തിനും എതിരായിക്കൊണ്ട് ചില വിഭാഗങ്ങൾ പതി വാക്കിയിട്ടുള്ള പുതിയ ആചാരങ്ങളാണ്. [1]

**2. ശാത്വബി(റ):** അല്ലാഹുവിനുള്ള ആരാധനകളിൽ അ തിരുകവിയുക തുടങ്ങിയ ചിന്തകളിൽ ശരീഅത്തിന് വിരു ദ്ധമായി പുതുതായി കണ്ടുപിടിക്കപ്പെട്ട മാർഗ്ഗം എന്നതാണ് ബിദ്അത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

മേൽ പറയപ്പെട്ട നിർവ്വചനം ആചാരങ്ങളെ ബിദ്അത്തി ൻെറ പരിധിയിൽ ഉൾപ്പെടുത്താതെ ആരാധനകളെ മാത്രം ഉദ്ദേശിച്ച് പറയുന്നവരുടെ അഭിപ്രായമാണ്. എന്നാൽ ആ ചാരങ്ങളെ ബിദ്അത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തുന്ന വരുടെ അഭിപ്രായമനുസരിച്ച് ബിദ്അത്ത് എന്നാൽ ശരീഅ ത്ത് എന്തൊന്ന് ഉദ്ദേശിക്കുന്നുവോ പ്രസ്തുത ഉദ്ദേശ്യം ല ക്ഷ്യം വെച്ച് ശരീഅത്തിന് വിരുദ്ധമായി കണ്ടുപിടിക്കപ്പെട്ട പുതിയ മാർഗ്ഗം എന്നാണ്. [2]
പിന്നീട് രണ്ടാമത് പറഞ്ഞതായ നിർവ്വചനത്തിന് മറെറാരു അടിക്കുറിപ്പ് കൂടി നൽകുന്നുണ്ട്. അതെന്തെന്നാൽ ആചാര പരമായ വിഷയങ്ങളിൽ ആരാധനാ ഭാവമുണ്ടാകുമ്പോൾ മാ ത്രം അത് ബിദ്അത്തായിത്തീരുകയും അല്ലാത്ത പക്ഷം കേ വലം ആചാരമായി നിൽക്കുകയും ചെയ്യുന്നു. എന്നാൽ ആ ചാരപരമായ വിഷയങ്ങളിൽ തന്നെ മനുഷ്യന് യാതൊരു നി ലക്കും കൈകടത്താൻ പഴുതില്ലാത്ത വിധം നിബന്ധനകളാ ലും കൃത്യമായ നിയമങ്ങളാലും ബന്ധിതമായ വിവാഹം, വിവാഹമോചനം, ശിക്ഷാമുറകൾ കച്ചവടം തുടങ്ങിയ, തീർ

[1] ഫതാവ ഇബ്നു തൈമിയ്യ 18/246, 35/414.

[2] ശാത്വബിയുടെ ഇഅ്തിസ്വാം 1/50 മുതൽ 56 വരെ.



ത്തും ദൈവീക നിയമങ്ങൾ പാലിക്കൽ അനിവാര്യമായിട്ടു ള്ള ആചാരങ്ങളും ഉണ്ട്.

**3. ഹാഫിള് ഇബ്നു റജബ്(റ):** ബിദ്അത്ത് എന്നാൽ അടിസ്ഥാന പരമായി മതത്തിൽ യാതൊരു തെളിവുമില്ലാ ത്തതും, പുതുതായി ഉണ്ടാക്കപ്പെട്ടതുമായ കാര്യങ്ങൾ എ ന്നാണ്. അടിസ്ഥാനപരമായി തെളിവ് കാണുന്ന ഒരു വിഷ യം മതത്തിൽ ബിദ്അത്തായിത്തീരുകയില്ല. ഭാഷാപരമായി അതിന് ബിദ്അത്ത് എന്ന് പറയുമെങ്കിലും. എന്നാൽ മത ത്തിൽ യാതൊരു വിധ അടിസ്ഥാനവുമില്ലാത്ത പുതിയ കാ ര്യങ്ങൾ ആര് നിർമ്മിച്ചുണ്ടാക്കിയാലും അത് ളലാലത്ത് (വ ഴികേട്) ആണ്. മതം അതിൽനിന്നെല്ലാം മുക്തവുമാണ്. അ ത് വിശ്വാസപരമോ, കർമ്മപരമോ, വ്യക്തമായതോ പരോ ക്ഷമായതോ ആയ വാക്കുകളോ എല്ലാം ഈ വിഷയത്തിൽ ഒരുപോലെയാണ്. എന്നാൽ പൂർവ്വികരിൽ ചിലരുടെ വാക്കു കളിൽ ഉത്തമമായത് എന്നുള്ളതിന് ബിദ്അത്ത് എന്ന് വന്നി ട്ടുള്ളത് ഭാഷാപരമായ നിലക്ക് മാത്രമാണ്. അതൊരിക്കലും മതപരമായ അർത്ഥത്തിലുള്ളതല്ല. അത്തരത്തിലുള്ള ഒരു പ്ര യോഗമാണ് ഉമർ(റ) വാക്കിലുള്ളത്. അദ്ദേഹം, തറാവീഹ് നമസ്കാരം ഒരു ഇമാമിൻെറ കീഴിലായി പള്ളിയിൽ വെച്ച് നമസ്കരിക്കുന്നത് കണ്ടപ്പോൾ 'നിഅ്മത്തിൽ ബിദ്അത്തു ഹാദിഹി' എന്ന് പറഞ്ഞിട്ടുള്ളത് [1] ഇവിടെ ഉമർ(റ) ഉദ്ദേശിച്ച ത് മേൽപറയപ്പെട്ട പ്രവൃത്തി ഭൂമുഖത്ത് അതിന് മുമ്പ് ഉണ്ടാ യിരുന്നില്ല എന്ന അർത്ഥത്തിലല്ല എന്ന കാര്യം വ്യക്തമാണ്. കാരണം വ്യക്തമായും മതനിയമങ്ങളിൽ മടക്കപ്പെടാവുന്ന അസ്ല് (അടിസ്ഥാനം) ഉള്ള കാര്യമാണത്.

[1] സ്വഹീഹുൽ ബുഖാരി കിതാബു സ്വലാത്തുത്തറാഹീഹ് 2/308.

നബി(സ) ഖിയാമു റമദാൻ നിർവ്വഹിക്കാൻ സ്വഹാബികളെ പ്രേരിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യമാണ്. സ്വഹാബികൾ അത് ഒററക്കുംകൂട്ടമായും പള്ളിയിൽവെച്ച് നിർവ്വഹിക്കുകയും ചെയ്തുവന്നിരുന്നു. പിന്നീട് നബി(സ) തൻെറ ജീവിതകാലത്ത് സ്വഹാബികളേയും കൊണ്ട് റമദാനിൽ ഒന്നിലധികം രാത്രികളിൽ തറാവീഹ് നമസ്കാരം പള്ളിയിൽ വെച്ച് നമസ്കരിക്കുകയും ശേഷം കാരണം മൂലം അത് നിർത്തിവെക്കുകയും ചെയ്തിട്ടുള്ളതാണ്. അതായത്, അനുയായികളുടെ ആവേശം കാരണം അത് നിർബന്ധമായിപ്പോകുമോ എന്ന് ഭയപ്പെടുകയും, അങ്ങിനെ വന്നാൽ അത് ജനങ്ങൾക്ക് പ്രയാസമാകുമല്ലൊ എന്നതാണ് ജമാഅത്തായി നിർവ്വഹിക്കുന്നതിൽ നിന്നും അദ്ദേഹത്തെ തടഞ്ഞത്. പ്രസ്തുത കാരണം നബി(സ)യുടെ മരണശേഷം ഉണ്ടാകുകയില്ല എന്നുള്ളത് ഉറപ്പുള്ള കാര്യവുമാണ്.

പിന്നെ മറെറാരു നിലക്ക് പറഞ്ഞാൽ നബി(സ), തൻെറ ശേഷം വരുന്ന സച്ചരിതരായ ഖുലഫാഉ റാഷിദുകൾ നടപ്പിൽ വരുത്തുന്ന തൻെറ ചര്യകളും നിങ്ങൾ പിൻപററണമെന്ന് പ്രത്യേകം കൽപ്പിച്ചിട്ടുള്ളതുമാണ്.[1]

ബിദ്അത്തുകൾ രണ്ട് വിധമുണ്ട്. ഒന്ന് ഇസ്ലാമിൽ നിന്നും പുറത്ത് പോയി കാഫിറായിത്തീരുന്നതാണ്. മറെറാന്ന് ഇസ്ലാമിൽ നിന്നും പുറത്തുപോകുകയില്ലെങ്കിലും അത് മൂലം ഫാസിഖ് (അധർമ്മകാരി) ആയിത്തീരുന്നത്.[2]

## കർമ്മങ്ങൾ സ്വീകരിക്കാനുള്ള നിബന്ധനകൾ

[1] ജാമിഉൽ ഉലൂമി വൽ ഹികം 2/129.
[2] ഇമാം ശാത്വബിയുടെ അൽ ഇഅ്തിസ്വാം 2/516



അല്ലാഹുവിന് വേണ്ടി നിർവ്വഹിക്കുന്ന കർമ്മൾ സ്വീകരിക്കപ്പെടുന്നതിന് താഴെ പറയുന്ന രണ്ട് നിബന്ധനകൾ അനിവാര്യമാണ്.

**ഒന്ന്**: കർമ്മങ്ങൾ ആത്മാർത്ഥമായി ഏകനും പങ്കാരില്ലാത്തവനുമായ അല്ലാഹുവിൻെറ പ്രീതി മാത്രം ഉദ്ദേശിച്ച് പ്രവർത്തിക്കുക. നബി(സ) പറയുന്നത് കാണുക:

إِنَّمَا الأَعْمَالُ بِالنِّيَّات وَإِنَّمَا لِكُلِّ امْرِئٍ مَا نَوَى (متفق عليه)

'' നിശ്ചയം കർമ്മങ്ങൾ (സ്വീകരിക്കപ്പെടുക) നിയ്യത്തുകൾ (ഉദ്ദേശ്യങ്ങൾ) അനുസരിച്ച് മാത്രമാണ്. ഓരോരുത്തർക്കും അവൻ ഉദ്ദേശിച്ചത് മാത്രമായിരിക്കും ലഭിക്കുക.''[1]

**രണ്ട്:** കർമ്മങ്ങൾ നബിചര്യയോട് യോജിച്ച് ആയിരിക്കുക. ഇക്കാര്യം താഴെ പറയുന്ന നബിവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[2]

അതിനാൽ ആരെങ്കിലും തൻെറ പ്രവർത്തനങ്ങൾ ആത്മാർത്ഥമായി അല്ലാഹുവിന് മാത്രമായി റസൂൽ (സ)യെ പിൻപററിക്കൊണ്ട് നിർവ്വഹിച്ചാൽ അവൻെറ കർമ്മങ്ങൾ സ്വീകരിക്കപ്പെടുന്നതാണ്. എന്നാൽ ആത്മാർത്ഥതയും പ്രവാചകചര്യയോട് യോജിക്കലും നഷ്ടപ്പെട്ടാൽ അല്ലെങ്കിൽ അവയിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടാൽ അവൻെറ കർമ്മ

[1] മുതഫഖുൻ അലൈഹി.
[2] മുസ്ലിം 3/1344 നമ്പർ 1718. ബുഖാരിയുടെ ഹദീസിൽ''നമ്മുടെ ഈ (മത) കാര്യത്തിലില്ലാത്തത് ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്'' (ബുഖാരി നമ്പർ 2697).

ങ്ങൾ തിരസ്കരിക്കപ്പെടുന്നതായിരിക്കും. ഇക്കാര്യം താഴെ പറയു ന്ന ഖുർആൻ വചനം വ്യക്തമാക്കുന്നുണ്ട്:

وَقَدِمْنَا إِلَى مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاء مَّنثُــورًا (الفرقان ٢٣)

''അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുക യും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുക യും ചെയ്യും ''[1]

എന്നാൽ മേൽ പറയപ്പെട്ട രണ്ട് കാര്യങ്ങൾക്ക് അനുസൃത മായി കർമ്മങ്ങൾ പ്രവർത്തിക്കുന്നവരുടെ അവസ്ഥയെ അ ല്ലാഹു താഴെ പറയുന്ന ഖുർആൻ വചനങ്ങളിലൂടെ വ്യക് തമാക്കുന്നതും നമുക്ക് കാണാം:

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُ لله وَهُوَ مُحْسِنٌ (سورة النساء ١٢٥)

''സദ്വൃത്തനായിക്കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന് കീഴ്പ്പെടുത്തുകയും നേർമാർഗ്ഗത്തിലുറച്ച് നിൽക്കുകയും ചെയ്തവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട് ''[2]

بَلَى مَنْ أَسْلَمَ وَجْهَهُ لِلّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ عِندَ رَبِّهِ وَلاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ ( سورة البقرة ١١٢)

''എന്നാൽ (കാര്യം) അങ്ങിനെയല്ല. ഏതൊരാൾ സൽക്കർ മ്മകാരിയായിക്കൊണ്ട് അല്ലാഹുവിന് സമർപ്പണം ചെയ്തു വോ അവന് തൻെറ രക്ഷിതാവിങ്കൽ അതിൻെറ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയ പ്പെടേണ്ടതില്ല; അവർ ദു:ഖിക്കേണ്ടി വരികയുമില്ല'' [3]

[1] ഫുർഖാൻ 23.
[2] നിസാഅ് 125.
[3] ബഖറ: 112



മേൽ സൂചിപ്പിച്ചതായ വിഷയങ്ങളെ ഉൾക്കൊള്ളുന്ന സുപ്ര ധാനങ്ങളായ രണ്ട് നബിവചനങ്ങളാണ് താഴെ പറയുന്നവ. ഉമർ(റ) വിൽ നിന്നും ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഹദീസ്:

إِنَّمَا ٱلأَعْمَالُ بِالنِّيّاتِ ''നിശ്ചയം കർമ്മങ്ങൾ നിയ്യത്തുകൾ അ നുസരിച്ച് മാത്രമാണ് ''[1]

ഇത് കർമ്മങ്ങളുടെ ആന്തരിക മാനം എന്തായിരിക്കണമെ ന്ന് വ്യക്തമാക്കിത്തരുന്നു. അപ്രകാരം തന്നെ ആയിഷ(റ) യിൽ നിന്ന് ഉദ്ധരിക്കുന്ന താഴെ പറയുന്ന വചനവും പ്രാ ധാന്യമർഹിക്കുന്നത് തന്നെ:

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്'' [2]

ഈ ഹദീസ് കർമ്മങ്ങളുടെ ബാഹ്യമായ മാനദൺഡം നമു ക്ക് വ്യക്തമാക്കിത്തരുന്നു. ഇവിടെ പറയപ്പെട്ട രണ്ട് ഹദീ സുകളിലുമായി മതത്തിൻെറ അടിസ്ഥാന പരവും ശാഖാ പരവും ബാഹ്യവും ആന്തരികവും പ്രവൃത്തിപരവും അല്ലാ ത്തതുമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്നാ ണ് ഇമാം സഅ്ദി(റ) തൻെറ ബഹ്ജത്തുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നത്. [3]

مَنْ أَحْدَثَ فِي أَمْرِنَاَ هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

[1] മുതഫഖുൻ അലൈഹി
[2] മുസ്ലിം
[3] സഅ്ദിയുടെ ബഹ്ജത്തു ഖുലൂബിൽ അബ്റാർ വ ഖുർറത്തു ഉയൂനിൽ അഖ്യാർ പേജ് 10.

‘‘നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്’’ [1]

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

‘‘നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്’’ [2]

മേൽ പറയപ്പെട്ട രണ്ട് ഹദീസുകളെ സംബന്ധിച്ച് ഇമാം നവവി (റ) വിലപ്പെട്ട ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത് താഴെ ചേർക്കുന്നു.

‘‘ഇവിടെ പറഞ്ഞ റദ്ദ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മർദൂദ് തള്ളപ്പെടുന്നത്, അതായത് അത് ബാത്വിലാണ് പരിഗണിക്കപ്പെടുന്നതല്ല എന്ന് സാരം. തന്നയുമല്ല പ്രസ്തുത ഹദീസ് ഇസ്‌ലാമിലെ വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് ഇവിടെ പഠിപ്പിക്കുന്നത്. നബി(സ)യുടെ വാക്കിൻെറ വ്യാപ്തിയാണ് ഇത് മനസ്സിലാക്കിത്തരുന്നത്. മതത്തിലുണ്ടാകുന്ന എല്ലാ കണ്ട് പിടുത്തങ്ങളും നൂതനവാദങ്ങളും തള്ളിക്കളയാനുള്ള ഒരു ലൈസൻസുകൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. രണ്ടാമത്തെ ഹദീസായ من عمل عملا ليس عليه أمرنـــا فهـــو ردّ ‘‘നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽഅത്തള്ളപ്പെടേണ്ടതാണ്’’എന്നതിൽ ആദ്യം പറഞ്ഞ ഹദീസിലുള്ളതിനേക്കാൾ അൽപം കൂടി കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലർ ആദ്യം സൂചിപ്പിച്ച ഹദീസ് പ്രകാരം മുമ്പ് തന്നെ നിൽക്കുന്ന വല്ല ബിദ്അത്തും പ്രവർത്തിക്കുകയും ഞാൻ പുതിയതായി ഒന്നും ഉണ്ടാക്കിയിട്ടില്ല എന്ന് വാദിക്കുകയും ചെയ്തേക്കും; എന്നാൽ അവരോട് പറയാനുള്ളത്; രണ്ടാമത്തെ ഹദീസ് എല്ലാ നൂതനാചാരങ്ങളും തള്ളപ്പെടുക തന്നെ വേണം എന്നാണ് പഠിപ്പിക്കുന്നത്. അത് പ്രവർത്തിക്കുന്നവൻ പുതുതായി ഉണ്ടാക്കിയതാണ് എങ്കിലും അതല്ല മുമ്പ് ആരെങ്കിലും പുതുതായി ഉണ്ടാക്കിയിട്ടുള്ളതാണെങ്കിലും തള്ളപ്പെടുകതന്നെ വേണം എന്നാണ്.’’[1]

[1] മുതഫഖുൻ അലൈഹി.
[2] മുസ്‌ലിം



## ബിദ്അത്തുകളുടെ ദൂഷ്യങ്ങൾ

ബിദ്അത്തുകളുടെ ദൂഷ്യങ്ങൾ വ്യക്തമാക്കുന്ന അനേകം തെളിവുകൾ ഖുർആനിലും സുന്നത്തിലും കണ്ടെത്താവുന്നതാണ്. സ്വഹാബികളും അവരെ അനുഗമിച്ച താബിഉകളും ഇക്കാര്യത്തെ (ബിദ്അത്തുകൾ വന്നുപോകുന്നതിനെ) അങ്ങേയററം ഭയപ്പെട്ടിരുന്നതായും കാണാം. ഇക്കാര്യം വ്യക്തമാക്കുന്ന ഏതാനും തെളിവുകൾ താഴെ കൊടുക്കുന്നു.

### I ഖുർആനിൽ നിന്ന് :

هُوَ الَّذِيَ أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ في قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاء الْفِتْنَةِ وَابْتِغَاء تَأْوِيلِهِ وَمَا يَعْلَمُ تَأْوِيلَهُ إِلاَّ اللّهُ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا وَمَا يَذَّكَّرُ إِلاَّ أُوْلُواْ الألْبَابِ (سورة آل عمران ٧)

‘‘(നബിയേ) താങ്കൾക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിൻെറ മൗ

[1] ഇമാം നവവി(റ) ശറഹ് മുസ്‌ലിം 14/257.

ലിക ഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാനുദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ളവയെ പിൻതുടരുന്നു. അതിൻെറ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.'[1]

ഇവിടെ ആയത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത് ഖുർആനിൽ തർക്കിച്ചുകൊണ്ടിരിക്കുന്നവരെയും ഖവാരിജുകളെയും അവരോട് യോജിക്കുന്നവരെയുമാണ് എന്ന് ഇമാം ശാത്വബി (റ) വ്യക്തമാക്കിയിട്ടുണ്ട്.[2]

وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلاَ تَتَّبِعُواْ السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ ذَلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَتَّقُونَ ( سورة الأنعام ١٥٣)

''ഇതത്രെ എൻെറ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മററു മാർഗ്ഗങ്ങൾ പിൻപററരുത്. അവയൊക്കെ അവൻെറ(അല്ലാഹുവിൻെറ) മാർഗ്ഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്''[3]

അല്ലാഹു, പിന്തുടരാൻ ആവശ്യപ്പെടുന്ന അവൻെറ മാർഗ്ഗമായ സ്വിറാതുൽ മുസ്തഖീം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് സുന്നത്തിനെയാണ്. പ്രസ്തുത മാർഗ്ഗത്തിൽ നിന്നും തെററിപ്പോയവരുടെ മാർഗ്ഗം എന്നത്കൊണ്ടുള്ള ഉദ്ദേശ്യം ബിദ്അത്തുമാണ്. ബിദ്അത്തുകാരുടെ എല്ലാ മാർഗ്ഗവും വർജ്ജി

[1] ആലു ഇംറാൻ 7.
[2] ശാത്വബി(റ)യുടെ അൽ ഇഅ്തിസ്വാം 1/7076.
[3] അൻആം 153.



ക്കേണ്ടതുമാണ് എന്ന കാര്യവും ഈ ആയത്ത് ഉൾക്കൊള്ളുന്നുണ്ട്.[1]

وَعَلَى اللّهِ قَصْدُ السَّبِيلِ وَمِنْهَا جَآئِرٌ وَلَوْ شَاء لَهَدَاكُمْ أَجْمَعِينَ ( سورة النحل ٩)

''അല്ലാഹുവിൻെറ ബാധ്യതയാകുന്നു നേർമാർഗ്ഗം (കാണിച്ചു തരിക എന്നത്.) അവയുടെ കൂട്ടത്തിൽ പിഴച്ചവയുമുണ്ട്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാം അവൻ നേർവഴിയിൽ ആക്കുമായിരുന്നു.''[2]

ആയത്തിൽ എടുത്ത് പറഞ്ഞ നേരായ മാർഗ്ഗം സത്യത്തിൻെറ വഴിയും; അതല്ലാത്തവയെല്ലാം ബിദ്അത്തുകളുടേയും ദുർമാർഗ്ഗത്തിൻേറയും വഴികളുമാകുന്നു.

إِنَّ الَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعًا لَّسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللّهِ ثُمَّ يُنَبِّئُهُم بِمَا كَانُواْ يَفْعَلُونَ ( سورة الأنعام ١٥٩)

''തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും, കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പററി അവൻ അവരെ അറിയിച്ചുകൊള്ളും''[3]

ആയത്തിൽ പറയപ്പെട്ട വിഭാഗം ഈ സമുദായത്തിൽ നിന്നും പിഴച്ചുപോയ ബിദ്അത്ത്കാരും, വഴികേടിലായവരും, ദേഹേഛകളെ പിന്തുടരുന്നവരുമാണ്.[4]

[1] അൽ ഇഅ്തിസ്വാം 1/76, 77,78.
[2] നഹ്ൽ 9.
[3] അൻആം 159
[4] ഇഅ്തിസ്വാം 1/179.

وَلاَ تَكُونُوا مِنَ الْمُشْرِكِينَ، مِنَ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ ( سورة الروم ٣٢،٣٣)

''നിങ്ങൾ ബഹു ദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത് തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പല കക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ''[1]

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ( سورة النـــــور ٦٣)

''ആകയാൽ അദ്ദേഹത്തിന്റെ കൽപ്പനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ''[2]

قُلْ هُوَ الْقَادِرُ عَلَى أَن يَبْعَثَ عَلَيْكُمْ عَذَابًا مِّن فَوْقِكُمْ أَوْ مِن تَحْتِ أَرْجُلِكُمْ أَوْ يَلْبِسَكُمْ شِيَعاً وَيُذِيقَ بَعْضَكُم بَأْسَ بَعْضٍ انظُرْ كَيْفَ نُصَرِّفُ الآيَاتِ لَعَلَّهُمْ يَفْقَهُون ( سورة الأنعام ٦٥)

''പറയുക: നിങ്ങളുടെ മുകൾ ഭാഗത്ത് നിന്നോ, നിങ്ങളുടെ കാലുകളുടെ ചുവട്ടിൽ നിന്നോ നിങ്ങളുടെ മേൽ ശിക്ഷ അയക്കുവാൻ, അല്ലെങ്കിൽ നിങ്ങളെ ഭിന്ന കക്ഷികളാക്കി ആശയക്കുഴപ്പത്തിലാക്കുകയും, നിങ്ങളിൽ ചിലർക്ക് മററു ചിലരുടെ പീഢനം അനുഭവിപ്പിക്കുകയും ചെയ്യാൻ കഴിവുള്ളവനത്രെ അവൻ. നോക്കൂ; അവർ ഗ്രഹിക്കുവാൻ വേണ്ടി

[1] സൂറ റൂം 32,33.
[2] സൂറ നൂർ 63.



നാം തെളിവുകൾ വിവിധ രൂപത്തിൽ വിവരിച്ചുകൊടുക്കുന്നത് എങ്ങനെയാണെന്ന്!''[1]

وَلاَ يَزَالُونَ مُخْتَلِفِينَ إلاَّ من رَحِمَ رَبُّك ( سورة هود ١١٨، ١١٩)

''എന്നാൽ, അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നതാണ്; നിന്റെ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ''[2]

## II സുന്നത്തിൽ (ഹദീസിൽ) നിന്ന് :

ബിദ്അത്തുകളെ ആക്ഷേപിച്ചും അതിൽ നിന്ന് അകന്ന് നിൽക്കാനുള്ള ആഹ്വാനമായും നരവധി നബിവചനങ്ങൾ കാണാൻ കഴിയും; ചിലത് താഴെ ചേർക്കുന്നു.

١، عن عائشة رضي الله عنها مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

1. ''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്''[3]

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[4]

[1] അൻആം 65.
[2] ഹൂദ് 118, 119.
[3] മുതഫഖുൻ അലൈഹി.
[4] മുസ്‌ലിം

٢، عن جابر رضي الله عنه أن النبي ﷺ يقول في خطبته أما بعد فإن خير الحديث كتاب الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل بدعة ضلالة (مسلم ١/٥٩٢ رقم ٨٦٧)

നബി(സ) തൻെറ ഖുത്വുബയിൽ ഇപ്രകാരം പറഞ്ഞിരുന്നതായി ജാബിർ(റ) പറയുന്നു: ‘‘സംസാരങ്ങളിൽ ഏററവും ഉത്തമം അല്ലാഹുവിൻെറ ഗ്രന്ഥവും, ചര്യകളിൽ ഏററവും ഉത്തമം മുഹമ്മദ്(സ)യുടെ ചര്യയുമാകുന്നു. കാര്യങ്ങളിൽ ഏററവും മോശപ്പെട്ടത് നൂതനാചാരങ്ങളാണ്; എല്ലാ ബിദ്അത്തുകളും വഴികേടുകളുമാണ്’’[1]

٣، كان رسول الله ﷺ يقول في خطبته من يهده الله فلا مضلّ له ومن يضلله فلا هادي له إنّ أصدق الحديث كتاب الله وأحسن الهدي هدي محمد ﷺ وشر الأمور محدثاتها وكلّ محدثة بدعة وكل ضلالة في النار (أخرجه النسائي ٣/١٨٨ برقم ١٥٧٨)

3. നബി(സ) തൻെറ ഖുതുബയിൽ ഇപ്രകാരം പറയാറുണ്ടായിരുന്നു ‘‘അവൻ സന്മാർഗ്ഗത്തിലാക്കിയവരെ പിഴപ്പിക്കാനാർക്കും സാധ്യമല്ല; അവൻ പിഴവിലാക്കിയവർക്ക് മാർഗ്ഗ ദർശനം നൽകാനും ആരുമില്ല. നിശ്ചയം സംസാരങ്ങളിൽ ഏററവും സത്യസന്ധമായത് അല്ലാഹുവിൻെറ ഗ്രന്ഥവും, ചര്യകളിൽ ഏററവും ഉത്തമം മുഹമ്മദ്(സ)യുടെ ചര്യയുമാകുന്നു. കാര്യങ്ങളിൽ ഏററവും മോശപ്പെട്ടത് നൂതനാചാരങ്ങളാണ്; എല്ലാ നൂതനാചാരങ്ങളും ബിദ്അത്തുകളാണ്. എല്ലാ വഴികേടുകളും നരകത്തിലേക്കുമാണ് ’’[2]

[1] മുസ്‌ലിം 1/596, നമ്പർ 867
[2] നസാഇ 3/188, നമ്പർ 1578.



٤، عن أبي هريرة رضي الله عنه أن رسول الله ﷺ قال من دَعَا إلى هدى كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا (مسلم كتاب العلم ٤/٢٠٦٠ برقم ٢٦٧٤)

4. അബൂഹുറൈറ(റ) വിൽ നിന്ന്: നബി(സ)പറഞ്ഞു: ‘‘വല്ലവരും സന്മാർഗ്ഗത്തിലേക്ക് (ഒരാളെ) ക്ഷണിച്ചാൽ അത് പിൻപററിയവരുടെ അതേ പ്രതിഫലം അവനും ലഭിക്കുന്നതാണ്. അത് അവരുടെ പ്രതിഫലത്തെ ഒട്ടും ചുരുക്കിക്കളയുന്നതല്ല. വല്ലവനും ദുർമാർഗ്ഗത്തിലേക്ക് ക്ഷണിച്ചാൽ അത് തുടർന്നവരുടെ കുററവും അവനുണ്ടായിരിക്കും. അത് അവരുടെ കുററത്തെ ഒട്ടും ചുരുക്കിക്കളയുന്നതുമല്ല’’ [1]

٥، عن جرير بن عبد الله رضي الله عنه أنّ رسول الله ﷺ قال من سن في الإسلام سنة حسنة فله أجرها وأجر من عمل بها بعده من غير أن ينقص من أجورهم شيء ، ومن سنّ في الإسلام سنة سيئة كان عليه وزرها ووزر من عمل بها من بعده من غير أن ينقص من أوزارهم شيء (مسلم كتاب الزكاة ٢/٧٠٥ برقم ١٠١٧)

5. ജരീറു ബ്നു അബ്ദുല്ല(റ) വിൽ നിന്ന് : നബി(സ) പറഞ്ഞു: ‘‘വല്ലവനും ഇസ്‌ലാമിൽ ഒരു നല്ല ചര്യ (മാതൃകാപരമായ കാര്യം) നടപ്പിൽ വരുത്തിയാൽ അവന് അതിൻെറയും അത് അനുസരിച്ച് പ്രവർത്തിച്ചവൻേറയും പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറവ് വരാതെത്തന്നെയായിരിക്കും അത്. വല്ലവനും ഇസ്‌ലാമിൽ ഒരു ചീത്ത ചര്യ നടപ്പിൽ വരുത്തിയാൽ അതി

[1] മുസ്‌ലിം 4/2060 നമ്പർ 2674.

ൻേറയും അത് പിൻപററി ശേഷം പ്രവർത്തിക്കുന്നവരുടേയും കുററം അവൻെറ മേൽ ഉണ്ടായിരിക്കും; അത് അവരുടെ കുററം ഒട്ടും കുറയാതെത്തന്നെയായിരിക്കും''[1]

٦، عن العرباض بن سارية رضي الله عنه قال وعظنا رسول الله ﷺ موعظة وجلت منها القلوب و ذرفت منها العيون ، فقلنا يا رسول الله كأنها خطبة مودع فأوصنا قال : أوصيكم بتقوى الله والسمع والطاعة وإن تأمّر عليكم عبد ، فإنه من يعش منكم بعدي فسيرى اختلافا كثيرا فعليكم بسنّتي وسنة الخلفاء الراشدين المهديين عضّوا عليها بالنواجذ وإياكم ومحدثات الأمور فإنّ كل بدعة ضلالة (أبو داود ٢٠١/٤ برقم ٤٧٠٧، والترمذي ٤٤/٥ برقم ٢٦٧٦)

6. ഇർബാള് ബ്നു സാരിയ (റ) വിൽ നിന്ന്: നബി(സ) ഒരിക്കൽ ഞങ്ങൾക്ക് ഉപദേശം നൽകുകയായിരുന്നു; അതുമൂലം ഞങ്ങളുടെ ഹൃദയങ്ങൾ പിടക്കുകയും കണ്ണുകൾ നനയുകയും ചെയ്തു. ഞങ്ങൾ അന്നേരം പറഞ്ഞു: ഇതൊരു യാത്രചോദിക്കുന്നവൻെറ ഉപദേശം പോലെയുണ്ടല്ലോ! അത്കൊണ്ട് ഞങ്ങൾക്ക് കാര്യമായ വസിയ്യത്ത് നൽകിയാലും. ഇത്കേട്ട പ്രവാചകൻ(സ) പറഞ്ഞു: ''നിങ്ങൾ തഖ്വയുള്ളവരായിരിക്കുകയും നേതൃത്വത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുക; അത് ഒരു അടിമയാണ് നിങ്ങളുടെ നേതാവായി വരുന്നതെങ്കിലും ശരി. നിങ്ങൾ എനിക്ക് ശേഷം ജീവിക്കുകയാണ് എങ്കിൽ ഒരുപാട് അഭിപ്രായ വ്യത്യാസങ്ങൾ കണ്ടേക്കും. അപ്പോൾ നിങ്ങൾ എൻെറ സുന്നത്തും എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപററുക. അത് നിങ്ങളുടെ അണപ്പല്ലു

[1] മുസ്ലിം 2/705, നമ്പർ 1017.



കൾ കൊണ്ട് കടിച്ചു പിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുകയും ചെയ്യുക. നിശ്ചയം നൂതനാചാരങ്ങളെല്ലാം ദുർമാർഗ്ഗമാണ് ''[1]

٧، عن حذيفة رضي الله عنه قال: كان الناس يسألون رسول الله ﷺ عن الخير وكنت أسأله عن الشر مخافة أن يدركني فقلت يا رسول الله إنا كنا في جاهلية وشر فجاءنا الله بهذا الخير فهل بعد هذا الخير من شر؟ قال نعم فقلت فهل بعد ذلك الشر من خير؟ قال نعم وفيه دخن قلت وما دخنه ؟ قال قوم يستنون بغير سنتي ويهدون بغير هديي تعرف منهم وتنكر ، فقلت هل بعد ذلك الخير من شر ؟ قال نعم دعاة على أبواب جهنم من أجابهم إليها قذفوه فيها. فقلت يا رسول الله صفهم لنا قال نعم : قوم من جلدتنا ويتكلمون بألسنتنا قلت فما ترى إن أدركني ذلك ؟ قال تلزم جماعة المسلمين وإمامهم فقلت فإن لم تكن لهم جماعة ولا إمام ؟ قال فاعتزل تلك الفرق كلّها ولو أن تعض على أصل شجرة حتى يدركك الموت وأنت على ذلك (متفق عليه بخاري ١١٩/٨ برقم ٧٠٨٤ مسلم ١٤٧٥/٣ رقم ١٨٤٧)

7. ഹുദൈഫ (റ) വിൽ നിന്ന് ''ജനങ്ങളെല്ലാം റസൂൽ (സ) യോട് നന്മയെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കുമ്പോൾ ഞാൻ തിന്മയെക്കുറിച്ച് ചോദിക്കുന്ന ഒരു വ്യക്തിയായിരുന്നു; കാരണം അത് എന്നെ പിടികൂടാതിരിക്കാൻ. ഞാൻ ഒരിക്കൽ ചോദിച്ചു: നബിയേ, ഞങ്ങൾ ജാഹിലിയ്യത്തിലും നാശത്തിലുമായിരുന്നപ്പോൾ അല്ലാഹു ഞങ്ങൾക്ക് ഈ നന്മയെ നൽകി. ഇനി ഇതിന് ശേഷം ഞങ്ങളെ തിന്മ പിടികൂടുമോ ? അദ്ദേഹം പറഞ്ഞു; ഉണ്ടാകും. ഞാൻ ചോദിച്ചു പിന്നെ ആ തി

[1] അബൂ ദാവൂദ് 4/201 നമ്പർ 4707. തുർമുദി 5/44 നമ്പർ 2676.

ന്മക്ക് ശേഷം നന്മയുണ്ടാകുമോ ? അദ്ദേഹം പറഞ്ഞു: ഉണ്ടാകും. എന്നാലതിൽ നാശമുണ്ടായിരിക്കും. ഞാൻ ചോദിച്ചു എന്തായിരിക്കും ആ നാശം? ഒരു കൂട്ടം ആളുകൾ എൻെറ സുന്നത്തിലല്ലാതെ ജീവിക്കുകയും എൻെറ മാർഗ്ഗത്തിലൂടെയല്ലാതെ നീങ്ങുകയും ചെയ്തുകൊണ്ടിരിക്കും. അവരിൽ അത് അംഗീകരിക്കുന്നവരും നിഷേധിക്കുന്നവരുമുണ്ടാകും. അതിന്ശേഷം പിന്നെ നാശമുണ്ടാകുമോ ? ഉണ്ടാകും. നരകത്തിൻെറ കവാടത്തിലായി ഒരു കൂട്ടം പ്രബോധകരുണ്ടാകും. ആരെങ്കിലും അവരുടെ ക്ഷണം സ്വീകരിച്ചാൽ അവർ അവരെ നരകത്തിലേക്ക് എടുത്ത് എറിയലാകും. ഞാൻ പറഞ്ഞു: നബിയേ, അവരെ ഞങ്ങൾക്കൊന്ന് വിവരിച്ച് തന്നാലും. അദ്ദേഹം പറഞ്ഞു: അവർ നമ്മുടെ കൂട്ടത്തിൽ പെട്ട നമ്മുടെ സംസാരം സംസാരിക്കുന്നവർ തന്നെയായിരിക്കും. ഞാൻ ചോദിച്ചു: അത്തരത്തിലുള്ള ഒരു അവസ്ഥ എനിക്ക് എത്തിയാൽ ഞാൻ എന്താണ് ചെയ്യേണ്ടത് ? അദ്ദേഹം പറഞ്ഞു: നീ മുസ്‌ലിം സംഘത്തോടൊപ്പം കൂടുകയും അവരുടെ ഇമാമിനെ പിൻപററുകയും ചെയ്യുക. എന്നാൽ അന്ന് ഒരു സംഘമോ നേതാവോ ഇല്ലെങ്കിലോ ? നബി(സ) പറഞ്ഞു: നീ (സുന്നത്തിനെതിരായി നീങ്ങുന്ന) ആ കക്ഷികളിൽ നിന്നെല്ലാം അകന്ന് നിൽക്കുക. നീ ഒരു മരത്തിൻെറ മുരട്ടിൽ കടിച്ചുതൂങ്ങി മരണംവരെ കഴിയേണ്ടി വന്നാലും''[1]

എൻെറ മാർഗ്ഗത്തിലൂടെയല്ലാടതെ നീങ്ങുക എന്നതുകൊണ്ട് പ്രവാചകൻെറ സുന്നത്തനുസരിച്ചല്ലാതെ ജീവിക്കലും, നരകത്തിൻെറ കവാടത്തിലുള്ള പ്രബോധകർ എന്നതുകൊണ്ട് ബിദ്അത്തിലേക്ക് ക്ഷണിക്കുന്ന പണ്ഡിതന്മാരുമാണ്

[1] മുതഫഖുൻ അലൈഹി. ബുഖാരി 8/119 നമ്പർ 7084, മുസ്‌ലിം 3/1475 നമ്പർ 1847.



ഉദ്ദേശമെന്ന് ഇമാം നവവി(റ) തൻെറ ശറഹ് മുസ്‌ലിമിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഖവാരിജുകൾ, ഖർമത്തികൾ, മററു കുഴപ്പാക്കാരായ വിഭാഗങ്ങൾ എല്ലാം ഇതിൽ ഉൾപ്പെടുന്നതാണ്.[1]

٩، عن أبي هريرة رضي الله عنه أنّ رسول الله ﷺ قال يكون في آخر الزمان دجّالون كذّابون يأتوكم من الأحاديث بما لم تسمعوا أنتم ولا آباؤكم فإياكم وإياهم لا يضلّونكم ولا يفتنونكم (صحيح مسلم في المقدمة ١/١٢)

9. അബൂഹുറൈറ(റ) വിൽ നിന്ന്: നബി(സ) പറഞ്ഞു: ''അവസാന കാലത്ത് കള്ളവാദികളും പിഴപ്പിക്കുന്നവരുമായ ഒരു വിഭാഗം, നിങ്ങളോ നിങ്ങളുടെ പിതാക്കളോ കേട്ടിട്ടില്ലാത്ത പുത്തൻ വാർത്തകളുമായി നിങ്ങളുടെ അടുത്ത് വരും. നിങ്ങൾ അവരെ കരുതിയിരിക്കുക; അവർ നിങ്ങളെ പിഴപ്പിക്കുകയും നാശത്തിലകപ്പെടുത്തുകയും ചെയ്യാതിരിക്കട്ടെ.''[2]

## 111 സ്വഹാബികളുടെ വചനങ്ങളിൽ നിന്ന്

١، ذكر ابن زيد رحمه الله بإسناده أنّ أبا بكر رضي الله عنه قال أيها الناس إنما أنا متبع ولست بمبتدع فإن أحسنت فأعينوني وإن زغت فقوّموني (الطبقات الكبرى ٣/١٣٦)

1. അബൂബക്കർ(റ) പറഞ്ഞതായി ഇബ്നു സൈദ്(റ) പറയുന്നു: ''ഞാൻ പിൻപററുന്നവൻ മാത്രമാണ്; ഞാനൊരിക്കലും പുതുതായി നിർമ്മിച്ചുണ്ടാക്കുന്നവനല്ല. അതുകൊണ്ട്

[1] ശറഹ് മുസ്‌ലിം 12/479
[2] മുസ്‌ലിം (മുഖദ്ദിമ) 1/12

ഞാൻ നന്മ പ്രവർത്തിച്ചാൽ നിങ്ങൾ എന്നെ സഹായിക്കുക. ഞാൻ വ്യതിചലിച്ചാൽ നിങ്ങളെന്നെ നേരെയാക്കുക.''[1]

٢، قول عمر بن الخطاب رضي الله عنه إياكم وأصحاب الرأي فإنهم أعداء السنن أعيتهم الأحاديث أن يحفظوها فقالوا بالرأي فضلّوا وأضلّوا (أخرجه اللالكلئي في شرح أصول عقيدة أهل السنة والجماعة ١٣٩/١، والدارمي في سننه ٤٧/١ برقم ١٢١)

3. ഉമർ(റ) പറയുന്നു: ''നിങ്ങൾ അസ്ഹാബു ർറഅ്യിനെ[2] കരുതിയിരിക്കുക. അവർ സുന്നത്തിൻെറ ശത്രുക്കളാണ്. ഹദീസ് ഹൃദിസ്ഥമാക്കൽ അവരെ അശക്തരാക്കി. അത് കാരണം അവർ തന്നിഷ്ടപ്രകാരം കാര്യങ്ങൾ പറയാൻ തുടങ്ങി; അത്മൂലം അവർ പിഴക്കുകയും പിഴപ്പിക്കുകയും ചെയ്യുകയാണ് ''[3]

٣، قول ابن مسعود رضي الله عنه اتبعوا ولا تبتدعوا فقد كفيتم كل بدعة ضلالة (الطبراني في المعجم الكبير ١٤٥/٩ رقم ٨٧٧٠)

3. ഇബ്നു മസ്ഊദ് (റ) പറയുന്നു: ''നിങ്ങൾ (മുൻഗാമികളെ പിന്തുടരുക; പുതുതായി (മതത്തിൽ) ഒന്നും ഉണ്ടാക്കാതിരിക്കുക. (പൂർവ്വീകരുടേത്) നിങ്ങൾക്ക് മതിയായതാണ്; ബിദ്അത്തുകൾ എല്ലാം ദുർമാർഗ്ഗവുമാണ്''[4]

[1] ത്വബഖാതുൽ കുബ്റ 3/136.
[2] മതത്തിൽ തന്നിഷ്ടപ്രകാരം അഭിപ്രായം പറയുന്നവരെ
[3] ലാലികാഇ ശറഹ് ഉസൂലി അഖീദത്തു അഹ്ലിസ്സുന്ന 1/139, സുനനു ദാരിമി 1/47 നമ്പർ 121.
[4] ത്വബ്റാനി മുഅജമുൽ കബീർ 9/154 നമ്പർ 8770.



## IV താബിഉകളുടെ വാക്കുകളിൽ നിന്ന്

١، قول عمر بن عبد العزيز رحمه الله أما بعد، أوصيك بتقوى الله والاقتصاد في أمره واتباع سنة نبيه ﷺ وترك ما أحدث المحدثون بعد ما جرت به سنته (صحيح سنن أبي داود للشيخ ألباني ٨٧٣/٣)

1. ഉമറു ബ്നു അബ്ദിൽ അസീസ് (റ) പറയുന്നു: ''നീ അല്ലാഹുവിനെ സൂക്ഷിക്കുക, അവൻെറ കാര്യങ്ങളിൽ മിതത്വം കൈക്കൊള്ളുക, അവൻെറ പ്രവാചകൻ(സ)യുടെ സുന്നത്ത് പിന്തുടരുക, സുന്നത്ത് വ്യക്തമായ ശേഷം നൂതനാശയക്കാരുണ്ടാക്കിയ പുത്തനാചാരങ്ങളെ കൈവെടിയുക''[1]

٢، قال الحسن البصري رحمه الله لا يصح القول إلاّ بالعمل ، ولا يصح قول وعمل إلاّ بنية ولا يصح قول وعمل ونية إلاّ بالسنة (اللالكائي شرح أصول أهل السنة ٦٣/١ رقم ١٨)

2. ഹസ്വനുൽ ബസ്വരി (റ) പറയുന്നു: ''വാക്കുകൾ പ്രവർത്തനം കൂടാതെ ശരിയാവുകയില്ല, വാക്കും പ്രവൃത്തിയും ഉദ്ദേശ്യമനുസരിച്ചല്ലാതെ ശരിയാവുകയില്ല, വാക്കും പ്രവൃത്തിയും ഉദ്ദേശ്യവും സുന്നത്ത് അനുസരിച്ചുമല്ലാതെ ശരിയാവുകയില്ല ''[2]

٣، قول الإمام الشافعي رحمه الله حكمي في أصحاب الكلام أن يضربوا بالجريد ويحملوا على الإبل ويطاف بهم في العشائر والقبائل ويقال هذا

[1] അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ് 3/873
[2] ലാലികാഇ ശറഹ് ഉസൂലി അഖീദത്തു അഹ്ലിസ്സുന്ന 1/63.

جزاء من ترك الكتاب والسنة وأخذ في الكلام (أخرجه أبو نعيم في الحلية ٩/١١٢)

3. ഇമാം ശാഫി (റ) പറയുന്നു: ''അസ്ഹാബുൽ കലാമു[1] കാരെ സംബന്ധിച്ച ഞാൻ വിധി നടപ്പാക്കുകയാണ് എങ്കിൽ അവരെ ഈത്തപ്പന മടലുകൊണ്ട് അടിക്കുകയും ഒട്ടകപ്പുറത്ത് കയററി, ഖുർആനും സുന്നത്തും ഒഴിവാക്കി തന്നിഷ്ടപ്രകാരം കാര്യങ്ങൾ സ്വീകരിച്ചവർക്കുള്ള പ്രതിഫലമാണിത് എന്ന് വിളിച്ചു പറഞ്ഞ് ഗോത്രങ്ങൾക്കും വീടുകൾക്കുമിടയിലൂടെ ഊരു ചുററിക്കണം എന്നതാണ്''[2]

٤، قول الإمام مالك رحمه الله من ابتدع في الإسلام بدعة يراها حسنة فقد زعم أن محمدا خان الرسالة، لأنّ الله يقول اليوم أكملت لكم دينكم (المائدة ٣) فما لم يكن يومئذ دينا فلا يكون اليوم دينا (الإعتصام للشاطبي ١/٦٥)

4. ഇമാം മാലിക് (റ) പറയുന്നു: ''വല്ലവനും ഇസ്ലാമിൽ പുതുതായി വല്ലതും നിർമ്മിച്ചുണ്ടാക്കുകയും അതിനെ നല്ലതായി കാണുകയും ചെയ്താൽ അവൻ മുഹമ്മദ് നബി(സ) തന്റെ ദൗത്യത്തിൽ വഞ്ചന കാണിച്ചു എന്ന് വാദിക്കുന്നതിന് തുല്യമാണ്. കാരണം 'ഇന്ന് നിങ്ങളുടെ മതം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു'[3] എന്ന് പറഞ്ഞു കഴിഞ്ഞു. അന്ന് മതത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു കാര്യം ഇന്ന് മതമായി തീരുകയില്ല''[4]

---
[1] മതകാര്യത്തിൽ പ്രമാണങ്ങളെ പരിഗണിക്കാതെ അഭിപ്രായം പറയുന്നവർ
[2] അബൂ നഈം ഹിൽയ 9/112.
[3] സൂറ മാഇദ 3.
[4] ശാത്വബിയുടെ ഇഅ്തിസ്വാം 1/65



٥، قول الإمام أحمد رحمه الله أصول السنة عندنا التمسك بما كان عليه أصحاب رسول الله ﷺ والاقتداء وترك البدع وكل بدعة ضلالة وترك الخصومات وترك الجلوس مع أصحاب الأهواء وترك المراء والجدال والخصومات في الدين (شرح أصول اعتقاد أهل السنة والجماعة للالكائي ١/١٧٦)

5. ഇമാം അഹ്മദ് ബ്നുഹമ്പൽ (റ) : ''സുന്നത്തിന്റെ അടിസ്ഥാന കാര്യങ്ങൾ, നബി(സ)യുടെ സ്വഹാബികൾ നിലകൊണ്ട മാർഗ്ഗം അവലംബിക്കുക അതിനെ അനുധാവനം ചെയ്യുക ബിദ്അത്തുകളെ വർജ്ജിക്കുക, കാരണം എല്ലാ ബിദ്അത്തുകളും ദുർമാർഗ്ഗമാണ്. അപ്രകാരം മതപരമായ വിഷയത്തിലെ തർക്കങ്ങളും കലഹങ്ങളും ദേഹേഛകളെ പിന്തുടരുന്നവരുമായുള്ള സഹവാസവും ലോകമാന്യതയും വർജ്ജിക്കുക എന്നതുമാണ്''[1]

## V ബിദ്അത്ത് ആക്ഷേപാർഹം തന്നെ

ബിദ്അത്ത് ആക്ഷേപാർഹവും വർജ്ജിക്കേണ്ടതുമാണ് എന്നത് ഖുർആൻ, ഹദീസ്, സ്വഹാബികളുടെ വാക്കുകൾ, താബിഉകളുടെ വാക്കുകൾ എന്നിവയിലൂടെ നാം കണ്ടു കഴിഞ്ഞു. താഴെ പറയുന്ന കാരണങ്ങളിലൂടെയും ബിദ്അത്ത് വർജ്ജിക്കേണ്ടതാണെന്ന് മനസ്സിലാക്കാം.

1. നന്മകളെ കണ്ടെത്താൻ മനുഷ്യ ബുദ്ധി മാത്രം പര്യാപ്തമല്ല. വഹ്യിലൂടെ മാത്രമേ നന്മ കണ്ടെത്താൻ കഴിയുകയുള്ളൂ എന്നത് അനുഭവത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. എന്നാൽ ബിദ്അത്ത് മേൽ പറയപ്പെട്ട തത്വത്തിന് എതിരാണ്.

---
[1] ലാലികാഇ ശറഹ് ഉസൂലി അഖീദത്തു അഹ്ലിസ്സുന്ന 1/176

2. ഇസ്ലാമിക ശരീഅത്ത് പരിപൂർണ്ണമാണ്. അതിൽ കൂട്ടുകയോ കുറക്കുകയോ അവകാശമില്ല.

3. ബിദ്അത്തുകാരൻ ശരീഅത്തിനോട് മാൽസര്യവും ധിക്കാരവും കാണിക്കുകയാണ് ചെയ്യുന്നത്.

4. ബിദ്അത്തുകാരൻ ദേഹേഛയെ പിൻ പററുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ അവൻ ശരീഅത്ത് നിയമങ്ങളെ പിൻപററുന്നില്ല.

5. ബിദ്അത്തുകാരൻ അല്ലാഹുവിൻെറ സ്ഥാനത്തേക്ക് സ്വയം അവരോധിതനാവുകയാണ് ചെയ്യുന്നത്. അല്ലാഹു അവൻ ശരീഅത്ത് നിയമമാക്കുകയും അതനുസരിക്കാൻ ദാസന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ബിദ്അത്ത് നിർമ്മിക്കപ്പെടുമ്പോൾ അത് അല്ലാഹുവിൻെറ അധികാരത്തിൽ കൈകടത്തലാണ്.

## ബിദ്അത്തുകൾക്കുള്ള കാരണങ്ങൾ

**സമൂഹത്തിൽ പുതിയ തരത്തിലുള്ള ബിദ്അത്തുകൾ വർദ്ധിച്ചുവരികയും പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നത് പകൽ വെളിച്ചം പോലെ വാസ്തവമായിരിക്കുകയാണ്. അവക്കുള്ള കാരണങ്ങൾ പലതാണ്. വളരെ പ്രധാപ്പെട്ട കാരണങ്ങൾ താഴെ ചേർക്കുന്നു.**

### 1. الجهل അജ്ഞത

**ഏററവും വലിയ അപകടങ്ങളിൽ ഒന്നാണ് അജ്ഞത. അല്ലാഹു പറയുന്നത് കാണുക:**

**وَلاَ تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أولئِكَ كَانَ عَنْهُ مَسْؤُولا ( سورة الإسراء ٣٦)**



**''നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിൻേറയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പററിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്''[1]**

**മറെറാരു വചനവും കൂടി കാണുക:**

**قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُواْ بِاللّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَن تَقُولُواْ عَلَى اللّهِ مَا لاَ تَعْلَمُون ( سورة الأعراف ٣٣)**

**''പറയുക: എൻെറ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമ്മവും ന്യായം കൂടാതെയുള്ള കയ്യേററവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാകുന്നു''[2]**

**നബി(സ) പറയുന്നതായി അബ്ദുല്ലാഹിബ്നു അംറു ബ്നുൽ ആസ്(റ) പറയുന്നു:**

**إنّ الله لا ينتزع العلم من الناس انتزاعا ولكن يقبض العلماء فيرفع العلم معهم ويبقى في الناس رؤوسا جهالا يفتون بغير علم فيضلون ويضلون (البخاري ١٨٧/٨ برقم ٧٣٠٧، مسلم ٢٠٥٨/٤ رقم ٢٦٧٣)**

**''അല്ലാഹു ജനങ്ങളിൽ നിന്നും വിജ്ഞാനത്തെ ഒററയടിക്ക് എടുത്ത് കളയുകയില്ല; എന്നാൽ പണ്ഡിതന്മാർ മരണപ്പെടുകയും അതോടൊപ്പം വിജ്ഞാനം ഉയർത്തപ്പെടുകയും**

[1] ഇസ്റാഅ് 36.
[2] അഅ്റാഫ് 33.

ചെയ്യും. പിന്നീട് വിവരമില്ലാത്ത നേതാക്കളായിരിക്കും അവശേഷിക്കുക; അവർ അറിവില്ലാതെ ഫത്‌വ[1] നൽകുകയും അങ്ങിനെ സ്വയം വഴികേടിലാവുകയും മററുള്ളവരെ വഴി പിഴപ്പിക്കുകയും ചെയ്യും ''[2]

## 2. اتباع الهوى ദേഹേഛയെ പിൻപററൽ

മനുഷ്യൻെറ അമിതമായ ആഗ്രഹങ്ങളും അതിനെ പിൻപററുവാനുള്ള താൽപ്പര്യവുമാണ് ബിദ്അത്തുകൾ നിർമ്മിക്കുവാനും അവയുടെ പിന്നാലെ പോകുവാനുമുള്ള കാരണങ്ങളിൽ മറെറാന്ന്.

താഴെ പറയുന്ന ഖുർആൻ വചനങ്ങൾ ഈ വിഷയത്തിൻെറ ഗൗരവം നമുക്ക് മനസ്സിലാക്കിത്തരുന്നതാണ്.

يَا دَاوُودُ إِنَّا جَعَلْنَاكَ خَلِيفَةً فِي الْأَرْضِ فَاحْكُم بَيْنَ النَّاسِ بِالْحَقِّ وَلَا تَتَّبِعِ الْهَوَى فَيُضِلَّكَ عَن سَبِيلِ اللَّهِ إِنَّ الَّذِينَ يَضِلُّونَ عَن سَبِيلِ اللَّهِ لَهُمْ عَذَابٌ شَدِيدٌ بِمَا نَسُوا يَوْمَ الْحِسَابِ ( سورة ص ٢٦)

''(അല്ലാഹു പറഞ്ഞു) ഹേ; ദാവൂദ്, തീർച്ചയായും നിന്നെ നാം ഭൂമിയിൽ പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ ജനങ്ങൾക്ക് ഇടയിൽ ന്യയ പ്രകാരം നീ വിധി കൽപ്പിക്കുക. തന്നിഷ്ടത്തെ നീ പിന്തുടർന്ന് പോകരുത്. കാരണം അത് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് നിന്നെ തെററിച്ചുകളയും. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് തെററിപ്പോകുന്നവരാരോ അവർക്ക് തന്നെയാകുന്നു കഠിനമായ ശിക്ഷയുള്ള

[1] മതവിധി
[2] ബുഖാരി 8/187 നമ്പർ 7307, മുസ്ലിം 4/2058 നമ്പർ 2673.



ത്. വിചാരണ ദിവസത്തെ അവർ മറന്നുകളഞ്ഞതിൻെറ ഫലമത്രെ അത്.''[1]

وَلا تُطِعْ مَنْ أَغْفَلْنَا قَلْبَهُ عَن ذِكْرِنَا وَاتَّبَعَ هَوَاهُ وَكَانَ أَمْرُهُ فُرُطًا ( سورة الكهف ٢٨)

''ഏതൊരുവൻെറ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ട് നാം അശ്രദ്ധയിലാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവൻെറ കാര്യം അതിരു കവിയുകയും ചെയ്തുവോ അവനെ നീ അനുസരിച്ചു പോകരുത് ''[2]

أَفَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ وَأَضَلَّهُ اللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِ وَقَلْبِهِ وَجَعَلَ عَلَىٰ بَصَرِهِ غِشَاوَةً فَمَن يَهْدِيهِ مِن بَعْدِ اللَّهِ أَفَلَا تَذَكَّرُونَ ( سورة الجاثية ٢٣)

''എന്നാൽ ദൈവത്തെ തൻെറ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ ? അറിഞ്ഞുകൊണ്ട് തന്നെ, അല്ലാഹു അവനെ പിഴവിലാക്കുകയും അവൻെറ കാതിനും ഹൃദയത്തിനും മുദ്രവെക്കുകയും, അവൻെറ കണ്ണിന്മേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴിയിലാക്കാനുള്ളത് ? എന്നിരിക്കെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നില്ലേ ?''[3]

وَمَنْ أَضَلُّ مِمَّنِ اتَّبَعَ هَوَاهُ بِغَيْرِ هُدًى مِّنَ اللَّهِ ( سورة القصص ٥٠)

[1] സ്വാദ് 36
[2] കഹ്ഫ് 28
[3] ജാഥിയ 23.

''അല്ലാഹുവിൽ നിന്നുള്ള യാതൊരു മാർഗ്ഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴി പിഴച്ചവൻ ആരുണ്ട് ?''[1]

إن يَتَّبِعُونَ إلا الظَّنَّ وَمَا تَهْوَى الأَنفُسُ وَلَقَدْ جَاءهُم مِّن رَّبِّهِمُ الْهُدَى ( سورة النجم ٢٣)

''ഊഹത്തേയും മനസ്സുകൾ ഇച്ഛരിക്കുന്നതിനേയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് സന്മാർഗ്ഗം വന്നിട്ടുണ്ട് താനും''[2]

## 3. التعلّق بالشبهات

## ആശയ സദൃശ്യമുള്ളത് പിൻപററൽ

ആശയ സാദൃശ്യമുള്ള കാര്യങ്ങളുമായി ബന്ധപ്പെടുന്നതാണ് ആളുകൾ ബിദ്അത്തുകളിൽ ചെന്നുപെടാനുള്ള മററൊരു കാരണം.
അല്ലാഹു പറയുന്നു:

هُوَ الَّذِيَ أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ في قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاء الْفِتْنَةِ وَابْتِغَاء تَأْوِيلِهِ وَمَا يَعْلَمُ تَأْوِيلَهُ إِلاَّ اللّهُ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا وَمَا يَذَّكَّرُ إِلاَّ أُوْلُواْ الألْبَابِ ( سورة آل عمران ٧)

''(നബിയെ), നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിൻെറ മൗലിക ഭാ

[1] ഖസ്വസ് 50
[2] നജ്മ് 23.



ഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാനുദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിൻെറ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അറിവിൽ അടിയുറച്ചവരാകട്ടെ അവർ പറയും: ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ബുദ്ധിശാലികൾ മാത്രമേ ആലോചിച്ച് മനസ്സിലാക്കുകയുള്ളൂ.''[1]

## 4. الاعتماد على العقـــل ബുദ്ധിയെ ആശ്രയിക്കൽ

മതപരമായ കാര്യങ്ങൾക്ക്, പ്രമാണങ്ങളായ ഖുർആനും സുന്നത്തും അംഗീകരിക്കുക എന്നത് കൈവിട്ട് ബുദ്ധിക്കനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളാൻ ഒരുങ്ങുക എന്നതും മനുഷ്യനെ ബിദ്അത്തിലേക്ക് എത്തിക്കുകയും ശരിയായ പാതയിൽ നിന്നും അവനെ തെററിക്കുകയും ചെയ്യുന്നതാണ്.
അല്ലാഹു പറയുന്നത് കാണുക:
وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ ( سورة الحشر٧)

''നിങ്ങൾക്ക് റസൂൽ നൽകിയത് എന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്നും അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്നും നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക''[2]

[1] ആലു ഇംറാൻ 7.
[2] ഹശ്ർ 7.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ( سورة الأحزاب ٣٦)

''അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു'' [1]

## 5. التقليد والتعصب അനുകരണവും പിടിവാശിയും

പൂർവ്വീകരെയും പണ്ഡിതന്മാരേയും അന്ധമായി അനുകരിക്കുകയും താൻ ആചരിച്ചു പോരുന്ന മദ്ഹബിലുള്ള പിടിവാശിയുമാണ് ബിദ്അത്തുകളിൽ മൂടുറച്ചുപോകുവാനുള്ള മറെറാരു കാരണം.

അല്ലാഹു പറയുന്നു:

وَإِذَا قِيلَ لَهُمُ اتَّبِعُوا مَا أَنزَلَ اللّهُ قَالُواْ بَلْ نَتَّبِعُ مَا أَلْفَيْنَا عَلَيْهِ آبَاءنَا أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْقِلُونَ شَيْئاً وَلاَ يَهْتَدُونَ ( سورة البقرة ١٧٠)

''അല്ലാഹു അവതരിപ്പിച്ചത് പിൻപററി നിങ്ങൾ ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, 'അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപററുകയുള്ളൂ' എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേ

[1] അഹ്സാബ് 36.



ർവഴി കണ്ടെത്താത്തവരും ആയിരുന്നു, എങ്കിൽ പോലും (അവരെ പിൻപററുകയാണോ)''[1]

بَلْ قَالُوا إِنَّا وَجَدْنَا آبَاءنَا عَلَى أُمَّةٍ وَإِنَّا عَلَى آثَارِهِم مُّهْتَدُونَ( سورة الزخرف ٢٢)

''അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗ്ഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്ന; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപ്പാടുകളിൽ നേർമാർഗ്ഗം കണ്ടെത്തിയിരിക്കുകയാണ്. എന്നാണ് അവർ പറഞ്ഞത്''[2]

ബിദ്അത്തുകാർക്ക് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമായി തോന്നുകയും ചെയ്യുന്നതാണ്.

أَفَمَن زُيِّنَ لَهُ سُوءُ عَمَلِهِ فَرَآهُ حَسَنًا فَإِنَّ اللَّهَ يُضِلُّ مَن يَشَاء وَيَهْدِي مَن يَشَاء فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَاتٍ إِنَّ اللَّهَ عَلِيمٌ بِمَا يَصْنَعُونَ ( سورة فاطر٧)

''എന്നാൽ തൻെറ ദുഷ്പ്രവൃത്തികൾ അലംകൃതമായി തോന്നിക്കപ്പെടുകയും അങ്ങിനെ അത് നല്ലതായി കാണുകയും ചെയ്തവൻെറ കാര്യമോ ? അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ വഴി പിഴപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നതാണ്. അതിനാൽ അവരെപ്പററിയുള്ള കൊടും ഖേദം നിമിത്തം നിൻെറ പ്രാണൻ പോകാതിരിക്കട്ടെ. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പററി അറിവുള്ളവനാകുന്നു''[3]

[1] ബഖറ 170.
[2] സുഖ്റുഫ് 22
[3] ഫാത്വിർ 7.

എന്നാൽപൂർവ്വീകരേയും നേതാക്കളേയും അന്ധമായി പിൻപററി ജീവിക്കുന്നവർക്ക് വരാൻ പോകുന്ന അവസ്ഥ അല്ലാഹു വിവരിക്കുന്നത് ശ്രദ്ധിക്കുക:

يَوْمَ تُقَلَّبُ وُجُوهُهُمْ فِي النَّارِ يَقُولُونَ يَا لَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولا وَقَالُوا رَبَّنَا إِنَّا أَطَعْنَا سَادَتَنَا وَكُبَرَاءنَا فَأَضَلُّونَا السَّبِيلا رَبَّنَا آتِهِمْ ضِعْفَيْنِ مِنَ الْعَذَابِ وَالْعَنْهُمْ لَعْنًا كَبِيرًا ( سورة الأحزاب ٦٦، ٦٨،٦٧)

‘‘അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം അവർ പറയും: ഞങ്ങൾ അല്ലാഹുവേയും റസൂലിനേയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കളേയും പ്രമുഖന്മാരേയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെററിക്കുകയുമാണ് ഉണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ട് ഇരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ ശാപം ഏൽപ്പിക്കുകയും ചെയ്യേണമേ; എന്നും അവർ പറയും.’’[1]

## 6. مخالطة أهل الشر ചീത്ത കൂട്ടുകെട്ട്

ചീത്ത കൂട്ടുകെട്ടും സഹവാസവുമാണ് ബിദ്അത്തിലേക്ക് എത്തിപ്പെടാനും സമൂഹത്തിൽ അവ പ്രചരിക്കപ്പെടാനുമുള്ള കാരണങ്ങളിൽ മറെറാന്ന്. അതാകട്ടെ അവരെ ഖേദത്തിന് ഇടവരുത്തുക തന്നെ ചെയ്യുന്നതാണ്.
അല്ലാഹു പറയുന്നു:

[1] അഹ്സാബ് 66, 67, 68.



وَيَوْمَ يَعَضُّ الظَّالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلا يَا وَيْلَتَى لَيْتَنِي لَمْ أَتَّخِذْ فُلانًا خَلِيلا {لَقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءنِي وَكَانَ الشَّيْطَانُ لِلْإِنسَانِ خَذُولا ( سورة الفرقان ٢٧، ٢٨، ٢٩)

‘‘അക്രമം ചെയ്തവർ തൻെറ കൈകൾ കടിക്കുന്ന ദിവസം. റസൂലിൻെറ മാർഗ്ഗം ഞാൻ സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. എൻെറ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽ നിന്നവൻ എന്നെ തെററിച്ചുകളഞ്ഞുവല്ലൊ; എന്നിങ്ങനെ അവൻ വിളിച്ചു പറയും. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു’’[1]

അത്കൊണ്ട് തന്നെ അത്തരത്തിലുള്ള ആളുകളുമായുള്ള ബന്ധം എപ്രകാരം ആയിരിക്കണമെന്നും അല്ലാഹു പഠിപ്പിക്കുന്നുണ്ട്.

وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّى يَخُوضُواْ فِي حَدِيثٍ غَيْرِهِ وَإِمَّا يُنسِيَنَّكَ الشَّيْطَانُ فَلاَ تَقْعُدْ بَعْدَ الذِّكْرَى مَعَ الْقَوْمِ الظَّالِمِينَ ( سورة الأنعام ٦٨)

‘‘നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മററു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചു കളയുന്ന പക്ഷം ഓർമ്മ വന്നതിനു ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.’’[2]

[1] ഫുർഖാൻ 27, 28, 29.
[2] അൻആം 68.

وَقَدْ نَزَّلَ عَلَيْكُمْ فِي الْكِتَابِ أَنْ إِذَا سَمِعْتُمْ آيَاتِ اللّهِ يُكَفَرُ بِهَا وَيُسْتَهْزَأُ بِهَا فَلاَ تَقْعُدُواْ مَعَهُمْ حَتَّى يَخُوضُواْ فِي حَدِيثٍ غَيْرِهِ إِنَّكُمْ إِذًا مِّثْلُهُمْ إِنَّ اللّهَ جَامِعُ الْمُنَافِقِينَ وَالْكَافِرِينَ فِي جَهَنَّمَ جَمِيعًا ( سورة النساء ١٤٠)

''അല്ലാഹുവിൻെറ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേട്ടാൽ അത്തരക്കാർ മററുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും, അങ്ങിനെ ഇരിക്കുന്ന പക്ഷം നിങ്ങളും അവരെപ്പോലെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിട്ടുണ്ടല്ലൊ. കപട വിശ്വാസികളേയും അവിശ്വാസികളേയും ഒന്നിച്ച് അല്ലാഹു നരകത്തിൽ ഒരുമിച്ച് കൂട്ടുക തന്നെ ചെയ്യും''[1]

ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു നബിവചനവും കൂടി ശ്രദ്ധിക്കുക:

إنما مثل الجليس الصالح والجليس السوء كحامل المسك ونافخ الكير فحامل المسك إما أن يحذيك وإما أن تبتاع منه وإما أن تجد منه ريحا طيبة ونافخ الكير إما أن يحرق ثيابك وإما أن تجد ريحا خبيثة (البخاري ٦/٢٨٧ رقم ٥٥٣٤، مسلم ٤/٢٠٢٦ رقم ٢٦٢٨)

''നല്ല കൂട്ടുകാരൻേറയും ചീത്ത കൂട്ടുകാരൻേറയും ഉദാഹരണം കസ്തൂരി വഹിച്ചവൻേറയും ഉലയിൽ ഊതിക്കൊണ്ടിരിക്കുന്നൻേറയും ഉദാഹരണം പോലെയാണ്. കസ്തൂരി വഹിച്ചവൻ നിനക്ക് അൽപം പകുത്ത് നൽകിയേക്കും അതല്ലെങ്കിൽ നിനക്ക് അവനിൽ നിന്നും വിലക്ക് വാങ്ങാവുന്നതുമാണ്. എന്നാൽ കൊല്ലപ്പണിക്കാരൻ അവൻ നിൻെറ വസ്

[1] നിസാഅ് 140.



ത്രം കരിച്ചേക്കും. അതല്ലെങ്കിൽ അവനിൽനിന്നും ദുർഗന്ധമായിരിക്കും നിനക്ക് അനുഭവപ്പെട്ടേക്കുക.''[1]

## 7. سكوت العلماء പണ്ഡിതന്മാരുടെ മൗനം

പണ്ഡിതന്മാരുടെ മൗനവും സത്യത്തെ മറച്ചുവെക്കലുമാണ് സമൂഹത്തിൽ ബിദ്അത്തുകൾ വ്യാപിക്കുന്നതിൻെറ മററൊരു കാരണം.

അല്ലാഹു പറയുന്നു:

إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَئِكَ يَلعَنُهُمُ اللّهُ وَيَلْعَنُهُمُ اللاَّعِنُونَ إِلاَّ الَّذِينَ تَابُواْ وَأَصْلَحُواْ وَبَيَّنُواْ فَأُوْلَئِكَ أَتُوبُ عَلَيْهِمْ وَأَنَا التَّوَّابُ الرَّحِيمُ ( البقرة ١٥٩، ١٦٠)

''നാം അവതരിപ്പിച്ച തെളിവുകളും മാർഗ്ഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കി കൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവർ ആരോ അവരെ അല്ലാഹു ശപിക്കുന്നതാണ്; ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്. എന്നാൽ പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കുകയും (സത്യം ജനങ്ങൾക്ക്) വിവരിച്ചു കൊടുക്കുകയും ചെയ്തവർ ഇതിൽ നിന്ന് ഒഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്. ഞാൻ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.''[2]

[1] ബുഖാരി 6/287 നമ്പർ 5534, മുസ്‌ലിം 4/2026 നമ്പർ 2628.
[2] ബഖറ 159, 160.

إنَّ الَّذِينَ يَكْتُمُونَ مَا أَنزَلَ اللّهُ مِنَ الْكِتَابِ وَيَشْتَرُونَ بِهِ ثَمَنًا قَلِيلاً أُولَئِكَ مَا يَأْكُلُونَ فِي بُطُونِهِمْ إِلاَّ النَّارَ وَلاَ يُكَلِّمُهُمُ اللّهُ يَوْمَ الْقِيَامَةِ وَلاَ يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ ( سورة البقرة ١٧٤)

''വേദഗ്രന്ഥത്തിലുള്ള, അല്ലാഹു അവതരിപ്പിച്ച കാര്യങ്ങൾ മറച്ചുവെക്കുകയും അതിനു വിലയായി തുഛമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നവർ ആരോ അവർ തങ്ങളുടെ വയറുകളിൽ തിന്നു നിറക്കുന്നത് നരകാഗ്നിയല്ലാതെ മററൊന്നുമല്ല. ഉയർത്തെഴുന്നേൽപ്പിൻെറ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളിൽ നിന്ന്) അവരെ സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും''[1]

وَإِذَ أَخَذَ اللّهُ مِيثَاقَ الَّذِينَ أُوتُواْ الْكِتَابَ لَتُبَيِّنُنَّهُ لِلنَّاسِ وَلاَ تَكْتُمُونَهُ فَنَبَذُوهُ وَرَاء ظُهُورِهِمْ وَاشْتَرَوْاْ بِهِ ثَمَناً قَلِيلاً فَبِئْسَ مَا يَشْتَرُونَ ( سورة آل عمران ١٨٧)

'' വേദഗ്രന്ഥം നൽകപ്പെട്ടവരോട് നിങ്ങൾ അത് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കണം എന്നും നിങ്ങളത് മറച്ചുവെക്കരുത് എന്നും അല്ലാഹു കരാർ വാങ്ങിയ സന്ദർഭം ശ്രദ്ധിക്കുക. എന്നിട്ട് അവരത് (വേദഗ്രന്ഥം) പുറകോട്ട് വലിച്ചെറിയുകയും, തുച്ഛമായ വിലക്ക് അത് വിററുകളയുകയുമാണ് ചെയ്തത്.അവർ പകരം വാങ്ങുന്നത് വളരെ ചീത്തതന്നെ.''[2]
മതപ്രബോധനവും, നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും അല്ലാഹു സമുദായത്തിലെ ഒരു വിഭാഗത്തിന്ന് നിർബന്ധമാക്കി പ്രഖ്യാപിക്കുക തന്നെ ചെയ്തിട്ടുള്ളതാണ്.

[1] ബഖറ 174.
[2] ആലു ഇംറാൻ 187.



وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَأُوْلَئِكَ هُمُ الْمُفْلِحُون ( سورة آل عمران ١٠٤)

''നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ''[1]

ഇക്കാര്യത്തിൻെറ ഗൗരവം താഴെ പറയുന്ന ഹദീസുകളിലൂടെയും നമുക്ക് മനസ്സിലാക്കാം

عن أبي سعيد الخدري رضي الله عنه عن النبي ﷺ أنه قال من رأى منكم منكرا فليغيره بيده فإن لم يستطع فبلسانه فإن لم يستطع فبقلبه وذلك أضعف الإيمان (مسلم ٦٩/١ رقم ٤٩)

അബൂ സഈദിൽ ഖുദ്‌രിയ്യ്(റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: ''നിങ്ങൾ ആരെങ്കിലും ഒരു നിഷിദ്ധകാര്യം കാണുകയാണ് എങ്കിൽ അവൻ അത് തൻെറ കൈകൊണ്ട് തടുക്കട്ടെ, അതിന് സാധ്യമായില്ലെങ്കിൽ തൻെറ നാവ്കൊണ്ട്, അതിനും സാധ്യമായില്ലെങ്കിൽ തൻെറ മനസ്സ്കൊണ്ട്; അത് ഈമാനിൻെറ ഏററവും ദുർബ്ബലമായ അവസ്ഥയാണ് ''[2]

ഈ ഹദീസ് അനുസരിച്ച് നന്മ കൽപ്പിക്കുക തിന്മ വിരോധിക്കുക എന്നത് ഓരോരുത്തരുടേയും കഴിവ് അനുസരിച്ച് നിർവ്വഹിക്കൽ നിർബന്ധമാണ് എന്നാണ് പഠിപ്പിക്കുന്നത്.

عن عبد الله بن مسعود ﷺ أن رسول الله ﷺ قال ما من نبي بعثه الله في أمة قبلي إلاّ كان له من أمته حواريون وأصحاب يأخذون بسنته

[1] ആലു ഇംറാൻ 104.
[2] മുസ്‌ലിം 1/69 നമ്പർ 49.

ويقتدون بأمره ثم إنها تخلف من بعدهم خلوف يقولون ما لا يفعلون ويفعلون ما لا يؤمرون فمن جاهدهم بيده فهو مؤمن ومن جاهدهم بلسانه فهو مؤمن ومن جاهدهم بقلبه فهو مؤمن، وليس وراء ذلك من الإيمان حبة خردل (مسلم ١/٧٠ رقم ٥٠)

അബ്ദുല്ലാഹി ബ്നു മസ്ഊദിൽ നിന്ന് നബി(സ) പറഞ്ഞു ''എനിക്ക് മുമ്പ് നിയോഗിക്കപ്പെട്ട എല്ലാ നബിമാർക്കും അവരുടെ സമുദായത്തിൽ നിന്നും അവരുടെ കൽപ്പനകളെ പിന്തുടരുകയും സുന്നത്ത് പിൻപററുകയും ചെയ്യുന്ന ഹവാരിയ്യുകളും സഖാക്കളും ഉണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് അവർക്ക് ശേഷം, പ്രവർത്തിക്കാത്തത് പറയുകയും കൽപ്പിക്കപ്പെടാത്തത് പ്രവർത്തിക്കുകയും ചെയ്യുന്ന തലമുറയും ഉടലെടുത്തു. അവരോട് ആരെങ്കിലും കൈകൊണ്ട് സമരം നടത്തിയാൽ അവൻ വിശ്വാസിയാണ്. നാവുകൊണ്ട് സമരം നടത്തുന്നവനും വിശ്വാസിയാണ്. ഹൃദയം കൊണ്ട് സമരം നടത്തുന്നവനും വിശ്വാസിയാണ്. അതിന്ന് അപ്പുറം കടുക് മണിയോളം വിശ്വാസവുമില്ല''[1]

عن أبي هريرة ﷺ قال قال رسول الله ﷺ من سئل عن علم يعلمه فكتمه ألجم يوم القيامة بلجام من نار (صحيح الترمذي ٢/٣٣٦ ، صحيح ابن ماجه ١/ ٤٩)

അബൂഹുറൈറ(റ): നബി(സ) പറഞ്ഞു ''വല്ലവനും തനിക്ക് അറിയാവുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ചോദിക്കപ്പെടുകയും എന്നിട്ട് അത് (പറഞ്ഞുകൊടുക്കാതെ) മറച്ചുവെക്കു

[1] മുസ്ലിം 1/70 നമ്പർ 50.



കയും ചെയ്താൽ അന്ത്യനാളിൽ അല്ലാഹു നരകം കൊണ്ട് അവന് കടിഞ്ഞാൺ ഇടുന്നതാണ്''[1]

## 8. التشبه بالكفار وتقليـدهم അവിശ്വാസികളോട് സാദൃശ്യമാകലും അനുകരിക്കലും

മുസ്ലിംകൾക്ക് ഇടയിൽ ബിദ്അത്തുകൾ പ്രചരിക്കാനുള്ള മറെറാരു കാരണം മററു മതസ്തരോട് സമമായിരിക്കണമെന്നും അവരോട് നാം ഒട്ടും കുറയാൻ പാടില്ല എന്ന മനോഭാവവും, അന്യരെ അനുകരിക്കുന്നതിലുള്ള മൽസരവുമാണ്. ഇക്കാര്യം അബീ വാഖിദില്ലൈഥി (റ) വിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന ഹദീസിൽ നിന്നും വ്യക്തമാകുന്നതാണ്.

عن أبي واقد الليثي ﷺ قال خرجنا مع رسول الله ﷺ إلى حنين ونحن حدثاء عهد بالكفر وللمشركين سدرة يعكفون عندها وينوطون بها أسلحتهم يقال لها ذات أنواط فمررنا بسدرة فقلنا يا رسول الله اجعل لنا ذات أنواط كما لهم ذات أنواط ، فقال رسول الله ﷺ الله أكبر إنها السنن قلتم ، والذي نفسي بيده كما قالت بنوإسرائيل لموسى اجعل لنا إلها كما لهم آلهة قال إنكم قوم تجهلون (الأعراف ١٣٨) لتركبن سنن من كان قبلكم ( رواه الترمذي)

അബൂ വാഖിദി ലൈഥി(റ)വിൽ നിന്ന് : ''ഞങ്ങൾ നബി(സ)യോടൊപ്പം ഹുനൈനിലേക്ക് പുറപ്പെട്ടു. ഞങ്ങളാകട്ടെ അവിശ്വാസത്തെ വെടിഞ്ഞ് അടുത്ത കാലത്ത് ഇസ്ലാം ആശ്ലേഷിച്ചവരായിരുന്നു; മുശ്രികുകൾക്ക് അവരുടെ ആയുധങ്ങളും മററും (ബർകത്ത് എടുക്കുന്നതിന്) കൊളുത്തുകയും ഭജനമിരിക്കുകയും ചെയ്യുന്നതിന് ദാത്തുഅൻവാത്

[1] **സ്വഹീഹ് തുർമുദി 2/336. സ്വഹീഹ് ഇബ്നുമാജ: 1/49.**

(കൊളുത്ത്മരം) എന്ന് പറഞ്ഞിരുന്ന ഒരു മരമുണ്ടായിരുന്നു; അത്തരം ഒരു മരത്തിന് അടുത്തുകൂടി നടന്ന് പോയപ്പോൾ ഞങ്ങൾ നബി(സ)യോട് പറഞ്ഞു: പ്രവാചകരേ, അവർക്ക് (മുശ്രികുകൾക്ക്) ദാതുഅൻവാത്വ് ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദാതുഅൻവാത്വ് നിശ്ചയിച്ചുതരൂ. അന്നേരം നബി(സ) പറഞ്ഞു: അല്ലാഹു അക്ബർ!! നിങ്ങൾ ഈ പറഞ്ഞത് ചരിത്രം ആവർത്തിക്കുകയാണല്ലൊ !! അല്ലാഹുവാണെ സത്യം ഇത് ഇസ്റാഈൽ സമൂഹം മൂസാ(അ)യോട് പറഞ്ഞതുപോലെത്തന്നെയാണ് : ''ഹേ, മൂസാ ഇവർക്ക് ദൈവങ്ങളുള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം അദ്ദേഹം പറഞ്ഞു: നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു'' (അഅ്റാഫ് 138) തീർച്ച യായും നിങ്ങൾ നിങ്ങളുടെ പൂർവ്വീകരുടെ ദുരാചാരങ്ങളെ പിന്തുടരുകതന്നെ ചെയ്യും.''[1]

അവിശ്വാസികളോട് സാദൃശ്യമാവുക, എന്നതാണ് മേൽ പറഞ്ഞവിധം മൂസാ(അ) യോട് ദൈവത്തെ ചോദിക്കുവാൻ ഇസ്റാഈൽ സമുദായത്തെ പ്രേരിപ്പിച്ചത് എന്നതാണ് ഈ ഹദീസ് വ്യക്തമാക്കുന്നത്. അതുതന്നെയാണ് നബി(സ) യോട് അവിശ്വാസികൾക്ക് ബർക്കത്ത് എടുക്കാൻ മരമുള്ളത്പോലെ ഞങ്ങൾക്കും ഒരു മരം വേണം എന്ന് ആവശ്യപ്പെടാൻ സ്വഹാബികളേയും പ്രേരിപ്പിച്ചത്. മുസ്ലിംകളിൽ മഹാഭൂരിഭാഗം ആളുകളും ഇന്ന് ജന്മദിനാഘോഷം, മരണവുമായി ബന്ധപ്പെട്ടുള്ള അനാചാരങ്ങൾ ഖബറിന്മേൽ കെട്ടിടമുണ്ടാക്കൽ തുടങ്ങിയ ശിർക്ക് ബിദ്അത്ത് പരമായ പ്രവർത്തനങ്ങളിൽ എത്തിപ്പെട്ടിട്ടുള്ളതും ഇത്തരത്തിലുള്ള അനുകരണം തന്നെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ദു

[1] തുർമുദി, അബൂആസിം കിതാബുസ്സുന്ന 1/37 നമ്പർ 76.
അൽബാനിയുടെ ളിലാലുൽ ജന്ന ഫീ തഖ്രീജിസ്സുന്ന 1/37.



രാചാരങ്ങളെ പിന്തുടരുക എന്നത് തന്നിഷ്ടം പ്രവർത്തിക്കാനും ബിദ്അത്തുകളിൽ എത്തിപ്പെടാനും കാരണമാകും എന്നതിൽ സംശയമില്ല.

താഴെ പറയുന്ന നബിവചനം ഇക്കാര്യം കൂടുതൽ വ്യക്തമാക്കിത്തരുന്നതാണ്.

عن أبي سعيد الخذري ﵁ عن النبي ﷺ لتتبعنّ سنن من كان قبلكم شبرا بشبر وذراعا بذراع حتى لو دخلوا في جحر ضب تبعتموهم قلنا يا رسول الله آليهود والنصارى ؟ قال فمن ؟ (متفق عليه بخاري ١٩١/٨ رقم ٧٣٢٠، مسلم ٢٠٥٤/٤ رقم ٢٦٦٩)

''അബൂ സഈദിൽ ഖുദ്രിയ്യ്(റ) വിൽ നിന്ന് നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പൂർവ്വീകരിലെ ദുരാചാരങ്ങൾ ചാണിന് ചാണായും മുഴത്തിനു മുഴമായും പിൻപററുക തന്നെ ചെയ്യും. അവർ ഒരു ഉടുമ്പിൻെറ മാളത്തിൽ പ്രവേശിച്ചിട്ടുണ്ട് എങ്കിൽ നിങ്ങളും അത് പിൻപററുക തന്നെ ചെയ്യും. ഞങ്ങൾ ചോദിച്ചു: ജൂത ക്രൈസ്തവരെയാണോ അങ്ങ് ഉദ്ദേശിക്കുന്നത് ? അദ്ദേഹം പറഞ്ഞു: അല്ലാതെ ആരെയാണ് ?''[1]

''സനന് (سَنَنُ ) എന്ന് അകാരമായി പറഞ്ഞാൽ അത് മാർഗ്ഗം എന്നും; മുഴത്തിന് മുഴം, ചാണിന് ചാൺ, ഉടുമ്പിൻെറ മാളം എന്നെല്ലാം ഇവിടെ പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശ്യം കുററ കൃത്യങ്ങളിലും തെററായ കാര്യങ്ങളിലും അങ്ങേ അററമുള്ള അനുകരണത്തെയാണ് സൂചിപ്പിക്കുന്നത്. അല്ലാതെ അവിശ്വാസിയാവുക എന്നതല്ല. ഇത് നബി(സ)യുടെ ഒരു അമാനുഷികതയായി നമുക്ക് കണക്കാക്കാവുന്നതാണ്.

[1] മുതഫഖുൻ അലൈഹി. ബുഖാരി 8/191 നമ്പർ 7320,
മുസ്ലിം 4/2054 നമ്പർ 2669.

കാരണം അത്രക്ക് പ്രകടമായിത്തീർന്നിരിക്കുകയാണ് ഇന്ന് പ്രസ്തുത വാക്യത്തിലെ അനുകരണം'' [1]

''ശരീഅത്ത് വിരോധിച്ച കാര്യങ്ങളിൽ മററുള്ളവരെ അനുകരിക്കുന്നതിലെ ആധിക്യവും അതിനെ ആക്ഷേപിക്കലുമാണ് മുഴത്തിന് മുഴം, ചാണിന് ചാൺ, ഉടുമ്പിൻെറ മാളം എന്നെല്ലാം ഇവിടെ പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശ്യം എന്ന് ഇബ്നുഹജറുൽ അസ്ഖലാനിയും വ്യക്തമാക്കിയിട്ടുണ്ട് ''[2]

മററു മതസ്തരെ അനുകരിക്കുന്നതിനെ വിരോധിക്കുന്ന നബിവചനവും നമുക്ക് കാണാവുന്നതാണ്.

**وجعل الذلّ والصغار على من خالف أمري ومن تشبه بقوم فهو منهم**
**(أحمد في المسند ٢/ ٥٠، ٩٢ ، جامع الصحيح للألباني رقم ٢٨٣١)**

''നിന്ദ്യതയും പതനവും എൻെറ കൽപ്പനകൾക്ക് എതിര് പ്രവർത്തിക്കുന്നതിലൂടെയാണ്. വല്ലവനും മറെറാരു ജനതയോട് സദൃശ്യമായാൽ അവൻ അവരിൽ പെട്ടവനായി''[3]

## 9. الأحاديث الضعيفة والموضوعة
## ദുർബ്ബലവും നിർമ്മിതവുമായ ഹദീസുകൾ

ബിദ്അത്തുകളിൽ എത്തിപ്പെടുകയും, അവ ജനമദ്ധ്യത്തിൽ പ്രചരിക്കപ്പെടുകയും ചെയ്യുന്നതിനുള്ള മറെറാരു കാരണം വ്യാജനിർമ്മിതവും ദുർബലവുമായ റസൂൽ(സ)യുടെ പേരിൽ കളവ് പ്രചരിപ്പിക്കപ്പെടുന്നതുമായ ഹദീസുകളെ ആശ്രയിക്കുന്നു എന്നതാണ്. ഇന്ന് സമൂഹത്തിൽ ബിദ്അത്തുകളായി പ്രചരിക്കപ്പെട്ട വിഷയങ്ങൾക്കെതിരിൽ സ്വഹീഹായ ഹദീസുകൾ നിലനിൽക്കുന്നു എന്നതും തർക്കമററ കാര്യ

[1] ഇമാം നവവി(റ) ശറഹ് മുസ്ലിം 16/460.
[2] ഫത്ഹുൽബാരി 13/301.
[3] അഹ്മദ് 2/50, 92. അൽബാനിയുടെ ജാമിഅ് നമ്പർ 3821.



മാണ്; എന്നിട്ടും അപകടത്തിലും നാശത്തിലും എത്തിപ്പെടുന്നു. അല്ലാഹുവിൽ ശരണം.

## 10. الغلو കാര്യങ്ങളിലെ അതിരുകവിയൽ

ജനങ്ങളിൽ ബിദ്അത്തുകൾ പ്രകടമാകുന്നതിനും അവ പ്രചരിക്കുന്നതിനും ഇടവന്നിട്ടുള്ള വളരെ പ്രധാനപ്പെട്ട കാരണങ്ങളിൽ പെട്ടതാണ് കാര്യങ്ങളിൽ അതിരു കവിയുക എന്നതും. എന്തിനധികം മനുഷ്യരിൽ ശിർക്ക് വന്നുകൂടുന്നതിനും അത് തന്നെയാണ് മുഖ്യ കാരണം. ആദം നബി(അ)ക്ക് ശേഷം മനുഷ്യർ പത്ത് നൂററാണ്ട് കാലം തൗഹീദിൽ (ഏക ദൈവ വിശ്വാസത്തിൽ) തന്നെയായിരുന്നു. അതിനു ശേഷം ജനങ്ങൾ സജ്ജനങ്ങളിൽ അതിരുകവിയുകയും അല്ലാഹുവിനു പുറമെ അവരെ ആരാധിക്കുന്നിടത്ത് വരെ എത്തിച്ചേരുകയും ചെയ്തു. അപ്പോഴാണ് പ്രസ്തുത ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കുന്നതിനായി അല്ലാഹു നൂഹ് (അ) നെ റസൂലായി അയക്കുന്നത്. പിന്നീട് അദ്ദേഹത്തിന് ശേഷം പ്രവാചക പരമ്പര തുടർന്നുകൊണ്ടേയിരുന്നു[1].

അതിരുകവിയൽ, പണ്ഡിതന്മാരേയും പുണ്യ പുരുഷന്മാരേയും അതിരുവിട്ട് ആദരിക്കുകയും അവരുടെ മഹത്വത്തിനേക്കാൾ ഉന്നതമായ സ്ഥാനമാനങ്ങൾ നൽകുകയും ചെയ്തുകൊണ്ട് അവരെ ആരാധിക്കുന്നിടത്തേക്ക് വരെ ഇന്ന് ചെന്നെത്തുന്നുണ്ട്. അതാകട്ടെ മതത്തിൽ തന്നെ അതിരുകവിയലാണ്. അല്ലാഹു നിയമമായി നിശ്ചയിച്ചു തന്നതിനേക്കാൾ കാര്യങ്ങൾ അധികരിപ്പിക്കലും ആവശ്യമില്ലാതെ, മത വിഷയങ്ങളിൽ പരുഷത വെച്ചുപുലർത്തലും മററുള്ളവരെ കാഫിറാക്കലുമെല്ലാം അതിരുകവിയലിൽ ഉൾപ്പെട്ടതു ത

[1] ഇബ്നുകഥീർ(റ)ൻെറ അൽ ബിദായ വന്നിഹായ 1/106.

ന്നെയാണ്. പ്രവർത്തനങ്ങളിലും വിശ്വാസങ്ങളിലും അല്ലാഹു നിശ്ചയിച്ച അതിരുകൾ ലംഘിക്കുക എന്നതാണ് യഥാർത്ഥത്തിൽ അതിരു കവിയുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് അല്ലാഹു നിശ്ചയിച്ചതിനേക്കാൾ അധികമായി ഒരു വസ്തുവിനെ പുകഴ്ത്തലും, അതുപോലെ ഒരു വിഷയത്തിലെ അധികമായ നിലക്കുള്ള ആക്ഷേപിക്കലും ഉൾപ്പെടുന്നതാണ്.[1]

മതകാര്യങ്ങളിൽ അതിരു കവിയുന്നതിനെ ഇസ്ലാം വിലക്കുകയും ചെയതിട്ടുള്ളതാണ്.

അല്ലാഹു പറയുന്നു:

يَا أَهْلَ الْكِتَابِ لاَ تَغْلُواْ فِي دِينِكُمْ ( سورة النساء ١٧١)

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്''[2]

മതത്തിൽ അതിരു കവിയലിനെ പ്രവാചകൻ (സ)യും വിലക്കിയതായി നമുക്ക് ഹദീസുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

عن ابن عباس ﷺ عن النبي ﷺ أنه قال إياكم والغلو في الدين فإنما أهلك من كان قبلكم الغلو في الدين (النسائي ٢٦٨/٥ ، ابن ماجه ١٠٠٨/٢، أحمد ٣٤٧/١ اقتضاء الصراط المستقيم ٢٨٩/١)

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നബി(സ) പറഞ്ഞു: ''നിങ്ങൾ മതത്തിൽ അതിരുകവിയുന്നത് കരുതിയിരിക്കുക. നിങ്ങളുടെ മുൻഗാമികൾ നശിക്കാനിടയായത് മതത്തിൽ അതിരു കവിയൽ മൂലമാണ് ''[3]

---

[1] ഇബ്നു തൈമിയയുടെ ഇഖ്തിദ്വാഉ സ്വിറാത്തിൽ മുസ്തഖീം 1/289.

[2] നിസാഅ് 171

[3] നസാഇ 5/268, ഇബ്നുമാജ 2/1008, അഹ്മദ് 1/347, ഇഖ്തിദ്വാഉ സ്വിറാതിൽ മുസ്തഖീം 2/289.



മനുഷ്യർ ഇന്ന് ശിർക്കിലും ബിദ്അത്തുകളിലും ദേഹേഛകളിലും എത്തിപ്പെടാനുള്ള മുഖ്യ കാരണം മതത്തിലുള്ള അതിരു കവിയലാണ് എന്ന് കാണാൻ കഴിയും. അതിരുകവിയൽ മൂലം അപകടത്തിൽ പെടാതിരിക്കാൻ വേണ്ടിയാണ് പ്രവാചകൻ (സ) തന്നെ അമിതമായി പുകഴ്ത്തുന്നത് പോലും തടഞ്ഞതായി ഹദീസുകളിൽ കണ്ടെത്താവുന്നതാണ്.

لا تطرّوني كما أطرّت النصارى عيسى بن مريم فإنما أنا عبد الله فقولوا عبد الله ورسوله (البخاري ١٧١/٤ رقم ٣٤٤٥)

''ക്രിസ്ത്യാനികൾ മറിയമിൻെറ മകൻ ഈസായെ പാടിപ്പുകഴ്ത്തുന്നത് പോലെ നിങ്ങൾ എന്നെ പാടിപ്പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിൻെറ ഒരു ദാസനാണ്. അതിനാൽ അല്ലാഹുവിൻെറ ദാസനും റസൂലും എന്ന് നിങ്ങൾ എന്നെ സംബന്ധിച്ച് പറയുക''[1]

## أقسام البدع
## ബിദ്അത്തുകളുടെ ഇനങ്ങൾ

സമൂഹത്തിൽ പടർന്നു പിടിച്ചിട്ടുള്ള ബിദ്അത്തുകൾ വ്യത്യസ്ത രീതിയിലും ഭാവങ്ങളിലും ഉള്ളതായി നമുക്ക് കാണാൻ കഴിയും അവയിൽ വളരെ പ്രകടമായിട്ടുള്ള ചില ഇനങ്ങളെ സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

1. البدعة الحقيقية സാക്ഷാൽ ബിദ്അത്ത്

---

[1] ബുഖാരി 4/171 നമ്പർ 3445.

ഖുർആനിലോ ഹദീസിലോ മുസ്ലിം സമുദായത്തിൻെറ ഇജ്മാഇലോ [1] പണ്ഡിതന്മാരുടെ അടുക്കൽ യാതൊരു നിലക്കും പരിഗണിക്കപ്പെടാവുന്ന ഒരു തെളിവിൻേറയും പിൻബലമില്ലാത്ത വിഷയങ്ങളാണ് ഇത്കൊണ്ടുള്ള വിവക്ഷ. ശരീഅത്തിൽ പൊതുവായോ പ്രത്യേകമായോ പറഞ്ഞ യാതൊരു തെളിവിൻേറയും പരിധിയിൽ ഉൾപ്പെടാത്ത തനിച്ച അനാചാരങ്ങളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. യാതൊരു വിധ മുൻ മാതൃകയും ഇല്ലാതെ മതത്തിൽ പുതുതായി നിർമ്മിച്ചുണ്ടാക്കിയ കാര്യങ്ങളായിരിക്കും അവ.

ഉദാഹരണമായി പഞ്ഞാൽ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാനായി ഇന്ന് ചിലർ ഉണ്ടാക്കിത്തീർത്തിട്ടുള്ള സന്യാസം ഈ ഇനത്തിൽ പെട്ടതായി കണ്ടെത്താവുന്നതാണ്. ഐഹിക ജീവിതത്തിലെ എല്ലാ ചിന്തകളും വെടിഞ്ഞ്, മനുഷ്യരിൽ നിന്നെല്ലാം അകന്ന് അല്ലാഹുവിനെ ആരാധിക്കാനാണെന്ന പേരിൽ കാടുകളിലും മലമുകളിലുമെല്ലാം കഴിഞ്ഞുകൂടുന്ന സമ്പ്രദായമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള ആളുകൾ അവർ സ്വന്തമായി ചില ആരാധനകൾ മെനഞ്ഞുണ്ടാക്കുകയും എന്നിട്ടത് ചര്യയാക്കി മാററുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വേറെയും പല കാര്യങ്ങളും സമൂഹത്തിൽ വേരുറച്ചതായി കാണാം.

2. البدعة الإضافية ആപേക്ഷിക ബിദ്അത്ത്

ഇവക്ക് രണ്ട് മുഖങ്ങളുണ്ടായിരിക്കും. ഒരു നിലക്ക് നോക്കിയാൽ അടിസ്ഥാനപരമായി അത്തരം വിഷയങ്ങൾ തെളിവുകളുടെ പിൻബലമുള്ളതായിരിക്കും അതുകൊണ്ട് തന്നെ ആ

[1] ഇജ്മാഅ് എന്നാൽ ഏകകകൺഠമായ അഭിപ്രായം എന്നാണ് അ തിൻെറ അർത്ഥം



നിലക്ക് അവ ബിദ്അത്ത് ആണ് എന്ന് പറയാൻ പററാത്തതുമായിരിക്കും. അതിനാൽ അവ മുകളിൽ പറഞ്ഞതായ ബിദ്അത്തുൽ ഹഖീഖിയ്യ് എന്ന സാക്ഷാൽ ബിദ്അത്തിൽ ഉൾപ്പെടുന്നുമില്ല. പക്ഷേ പ്രസ്തുത പ്രവർത്തനം ഒരിക്കലും ബിദ്അത്ത് അല്ലാതെയാവുന്നുമില്ല. കാരണം അത് തെളിവ് ഇല്ലാത്തതും അവ്യക്തതയുണ്ടാക്കുന്നതുമായിരിക്കും. മേൽ പറയപ്പെട്ട ഇരു വിഭാഗങ്ങളിലെ അന്തരം ആശയപരമായിരിക്കും എന്ന് സാരം. അടിസ്ഥാന പരമായി വിഷയം തെളിവുള്ളതായിരിക്കും എന്നാൽ നിർവ്വഹിക്കപ്പെടുന്ന രീതിയും സന്ദർഭവും നോക്കിയാൽ അതിന് തെളിവ് ആവശ്യമാണ് താനും. ഇവ അധികവും ആരാധനാ സംബന്ധമായ വിഷയങ്ങളിലാണ് കാണപ്പെടുക അതല്ലാതെ കേവലം ആചാരങ്ങൾ എന്ന ഗണത്തിൽ തള്ളിക്കളയാൻ പററുന്നവയും ആയിരിക്കുകയില്ല. ഇത് സംബന്ധമായ കൂടുതൽ വിശദീകരണം ഇമാം ശാത്വിബിയുടെ അൽ ഇഅ്തിസ്വാം എന്ന ഗ്രന്ഥത്തിൽ നിന്നും മനസ്സിലാക്കാനാകും[1]

മേൽ വിവരിക്കപ്പെട്ട ഇനത്തിലുള്ള ബിദ്അത്തുകൾക്ക് ധാരാളം ഉദാഹരണങ്ങൾ ഇന്ന് സമൂഹത്തിൽ പ്രചരിക്കപ്പെട്ടിട്ടുണ്ട്. നമസ്കാര ശേഷമുള്ള കൂട്ടു പ്രാർത്ഥന, ഇമാം പ്രാർത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന രീതി. പ്രാർത്ഥന അതല്ലെങ്കിൽ നമസ്കാര ശേഷമുള്ള പ്രാർത്ഥന മതത്തിൽ തെളിവുള്ളതാണ്. പ്രത്യേകമായ ഒരു രീതിയിൽ സമൂഹമായി മേൽ പറയപ്പെട്ട നിലക്ക് നിർവ്വഹിക്കൽ സുന്നത്തിന് വിരുദ്ധവും ബിദ്അത്തുമാണ്. അപ്രകരം തന്നെയാണ് ശഅ്ബാൻ 15 ന് പ്രത്യേകമായി നോമ്പ് അനുഷ്ഠിക്കുന്നതും അന്ന് രാത്രി നിർവ്വഹിക്കപ്പെടുന്ന നമസ്കാര

[1] അൽ ഇഅ്തിസ്വാം 1/357, 445

വും. റജബ് മാസത്തിലെ ആദ്യവെള്ളിയാഴ്ച ചിലർ നിർവ്വഹിക്കുന്ന റഗാഇബ് എന്ന പേരിലുള്ള പ്രത്യേക നമസ്കാരവും മേൽ സൂചിപ്പിക്കപ്പെട്ട ബിദ്അത്തിൽ ഉൾപ്പെടുന്നത് തന്നെയാണ്. നമസ്കാരവും നോമ്പും മതം അനുഷ്ഠിക്കാൻ നിർദ്ദേശിക്കപ്പെട്ട കാര്യം തന്നെയാണ്; പ്രത്യേക ദിവസവും നേരവും തിരഞ്ഞെടുത്ത് അനുഷ്ഠിക്കാൻ തെളിവ് ഇല്ലാത്തതിനാൽ അവ ബിദ്അത്ത് (അനാചാരം) തന്നെയാണ്[1].

### 3. البدعة الفعلية കർമ്മപരമായ ബിദ്അത്ത്

**ബിദ്അത്തുകൾ എന്നാൽ മതനിയമങ്ങളോട് സദൃശ്യപ്പെടുത്തി ആരാധനകളിലൂടെ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കണം എന്ന ലക്ഷ്യത്തിൽ മതത്തിൽ ഉണ്ടാക്കിത്തീർക്കുന്ന പുതിയ ആചാരങ്ങളാണ്. ഇത്തരത്തിലുള്ള പ്രവൃത്തി പരമായ ബിദ്അത്തുകൾക്കുള്ള ഉദാഹരണങ്ങളാണ് നമസ്കാ** രങ്ങളുടെ റക്അത്തുകൾ വർദ്ധിപ്പിക്കുക, പ്രത്യേക സമയവും ദിവസവും തിരഞ്ഞെടുത്ത് നമസ്കാരം നോമ്പ് തുടങ്ങിയ ആരാധനകൾ കൂട്ടിച്ചേർക്കുക എന്നിവയെല്ലാം.

### 4. البدعة التركية ഉപേക്ഷിക്കുന്നതിലെ ബിദ്അത്ത്

മതത്തിൽ ഒരു പുതിയ ആചാരം ഉണ്ടാക്കുക എന്ന ബിദ്അത്തിൻെറ ഗണത്തിൽ തന്നെ ഉൾപ്പെടുന്നതാണ് മതത്തിൽ പ്രവർത്തിക്കൽ അനുവദീയമായ ഒരു കാര്യം നിഷിദ്ധമെന്ന നിലക്കോ അല്ലാതെയോ ഉപേക്ഷിക്കുക എന്നതും. എന്നാൽ മതനിയമം എന്ന നിലക്കും അല്ലാതെയും ഉപേക്ഷിക്കലുണ്ടാകും. മതനിയമം എന്ന നിലക്കുള്ള ഉപേക്ഷിക്കലാണ് ബിദ്

[1] ശൈഖ് അൽ അദവിയുടെ ഉസൂലുൻ ഫിൽ ബിദഇ വസ്സുനി പേജ് 30, സുഹൈമിയുടെ തൻബീഹു ഉലിൽ അബ്സ്വാരി ഇലാ കമാലിദ്ദീനി വമാ ഫിൽ ബിദഇ മിൻ അഖ്ത്വാർ പേജ് 96



അത്ത് എന്നതിൽ ഉൾപ്പെടുക. ഉപേക്ഷിക്കൽ അനുവദിക്കപ്പെട്ടതോ അതല്ലെങ്കിൽ ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്നതോ ആയ ഒരു കാര്യം മറെറന്തിലും ഒരു കാര്യം പരിഗണിച്ച് ഉപേക്ഷിക്കാനിടയുണ്ട് അത് ബിദ്അത്ത് ആവുന്നതല്ല. ഉദാഹരണമായി പറഞ്ഞാൽ ഏതെങ്കിലും ഒരു ഭക്ഷണപദാർത്ഥം അത് താൻ ഉപയോഗിച്ചാൽ തൻെറ ശരീരത്തിനോ ബുദ്ധിക്കോ മതപരമായ കാര്യം അനുഷ്ഠിക്കുന്നതിനോ പ്രയാസമാകും എന്ന് കരുതി ഉപേക്ഷിക്കൽ ഒരിക്കലും കുററകരമല്ല. ഇത് ഉപദ്രവങ്ങളെ തടുക്കുക എന്നതിലേക്ക് മാത്രമാണ് എത്തുന്നത്. ഇതിന് നമുക്ക് നബിവചനം തന്നെ അടിസ്ഥാനമായി കണ്ടെത്താൻ കഴിയുകയും ചെയ്യും.

**يا معشر الشباب من استطاع منكم الباءة فليتزوج فإنه أغض للبصر وأحصن للفرج ومن لم يستطع فعليه بالصوم فإنه له وجاء (متفق عليه)**

**'നബി ﷺ പറഞ്ഞു ''അല്ലയോ യുവസമൂഹമേ, നിങ്ങൾക്ക് വിവാഹം കഴിക്കാനുള്ള യോഗ്യത എത്തിക്കഴിഞ്ഞാൽ നിങ്ങൾ വിവാഹിതരാവുക; തീർച്ചയായും അത് കണ്ണുകൾക്ക് നിയന്ത്രണവും ജനനേന്ദ്രിയത്തിനുള്ള സംരക്ഷണവുമാണ്. ആർക്കെങ്കിലും അതിന് കഴിയാതെ വന്നാൽ അവൻ നോമ്പ് അനുഷ്ഠിക്കട്ടെ. അത് അവന് ഒരു സംരക്ഷണമാണ്.''[1]**

**അപ്രകാരം തന്നെയാണ് കുററകരമായ ഒരു വിഷയത്തിൽ അകപ്പെടുന്നത് ഭയന്ന് കുററകരമല്ലാത്ത ഒരു കാര്യം ഉപേക്ഷിക്കുന്നതും. ഇതാകട്ടെ തൻെറ മതത്തെയും അഭിമാനത്തെയും സംരക്ഷിക്കുന്നതിന് നിഷിദ്ധങ്ങളിൽ എത്തിപ്പെടു**

[1] മുതഫഖുൻ അലൈഹി ബുഖാരി 2/280 നമ്പർ 1905, , മുസ്ലിം 2/1018 നമ്പർ 1400.

ന്നത് ഭയന്ന് അവ്യക്തമായ വിഷയങ്ങൾ ഉപേക്ഷിക്കുന്നത് പോലെ മാത്രമാണ്.

ഒരു വിഷയം ഉപേക്ഷിക്കുന്നത് മേൽ പറയപ്പെട്ട നിലക്ക് അല്ലെങ്കിൽ പിന്നെ നോക്കേണ്ടത് അത്(ഉപേക്ഷിക്കുന്നത്) മതകാര്യം എന്ന നിലക്കാണോ അല്ലയോ എന്നുള്ളതാണ്. മതവിഷയം എന്ന നിലക്ക് അല്ലെങ്കിൽ താൻ നിഷിദ്ധമാക്കുന്നതിലൂടെയോ ഉപേക്ഷിക്കാൻ തീരുമാനിച്ചതിലൂടെയോ ഒരു പാഴ്‌വേല പ്രവർത്തിച്ചു എന്ന് മാത്രമാണ്. അത് ബിദ്അത്ത് ആവുകയോ മതത്തിൻെറ പരിധിയിൽ ഉൾപ്പെ ടുകയോ ചെയ്യുന്നില്ല. എന്നാൽ ആചാരങ്ങളിലും സമ്പ്രദായങ്ങളിലും ബിദ്അത്ത് വരും എന്ന് വാദിക്കുന്നവരിൽ മേൽ പറയപ്പെട്ട വിഷയങ്ങളും അവർ ബിദ്അത്തായി കണക്കാക്കുന്നതാണ്. എന്നാൽ ഉപേക്ഷിക്കപ്പെടുന്നതിലൂടെയോ അവൻ നിഷിദ്ധമാണ് എന്ന് കരുതുന്നതിലൂടെയോ അല്ലാഹു അനുവദിച്ച കാര്യങ്ങൾക്ക് അവൻ എതിരാവുകയാണ് ചെയ്യുന്നത്. അങ്ങിനെ വരുമ്പോൾ ഉപേക്ഷിപ്പെട്ട കാര്യങ്ങളുടെ ഗൗരവമനുസരിച്ച് നിർബന്ധകാര്യമാണോ ഐഛിക കാര്യമാണോ എന്നതനുസരിച്ച് അവൻ കുററക്കാരനാവുകയും ചെയ്യുന്നതാണ്.

ഇനി ഉപേക്ഷിക്കുന്നത് മതത്തിൻെറ ഭാഗം തന്നെയാണ് എന്ന നിലക്കാണ് എങ്കിൽ അവൻ മതത്തിൽ മതത്തിൽ ബിദ്അത്ത് പ്രവർത്തിച്ചവനായിക്കഴിഞ്ഞു. ഉപേക്ഷിക്കപ്പെട്ട കാര്യം അനുവദനീയം, കൽപ്പിക്കപ്പെത് (നിർബന്ധം/ഐഛികം) എന്നോ, അതല്ലെങ്കിൽ ആരാധനകൾ, ഇടപാടുകൾ, നാട്ടാചാരം എന്ന വ്യത്യാസങ്ങളൊന്നും അവിടെ പരിഗണനീയമല്ല. അപ്രകാരം തന്നെ വിശ്വാസം, കർമ്മം, വാക്ക് എന്നിവയെല്ലാം തുല്യമാണ്. അവൻ ഉപേക്ഷിക്കിക്കുന്നതിലൂടെ മത ചിന്തയും പ്രതിഫലവുമാണ് ലക്ഷ്യം വെക്കുന്നതെ



ങ്കിൽ അവൻ പ്രസ്തുത കാര്യം ഉപേക്ഷിക്കുന്നതിലൂടെ ബിദ്അത്ത് പ്രവർത്തിച്ചവനായിക്കഴിഞ്ഞു. ഇക്കാര്യം ഇമാം ശാത്വബി തൻെറ അൽ ഇഅ്തിസ്വാം എന്ന ഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്[1].

മേൽ പറയപ്പെട്ട നിലക്ക് ഒരു കാര്യം ഉപേക്ഷിക്കൽ ബിദ്അത്താണ് എന്നതിന് നബി(സ)യുടെ വീട്ടിൽ വന്ന് നബിയുടെ ഭാര്യമാരോട് നബി(സ)യുടെ ആരാധനാ കാര്യങ്ങൾ ചോദിച്ചറിയാൻ വന്ന മൂന്ന് ആളുകളുടെ സംഭവം മതിയായ രേഖയാണ്.

عن حميد بن أبي حميد أنه سمع أنس بن مالك ﷺ يقول جاء ثلاثة رهط إلى بيوت أزواج النبي ﷺ يسألون عن عبادة النبي ﷺ فلما أُخبروا كأنهم تقالّوها فقالوا أين نحن من النبي ﷺ ؟ قد غفر الله له ما تقدم من ذنبه وما تأخر فقال أحدهم : أما أنا فأنا أصلي الليل أبدا ، وقال آخر: أنا أصوم الدهر ولا أفطر، وقال آخر: أنا أعتزل النساء فلا أتزوج أبدا ، فجاء إليهم رسول الله ﷺ فقال : أنتم الذين قلـــتم كذا وكذا ؟ أما والله إنّي لأخشاكم لله وأتقاكم له، لكنّي أصوم وأفطر وأصلّي وأرقُدُ وأتزوّج النساء فمن رغب عن سنتي فليس منّي (البخاري كتاب النكاح رقم ٥٠٦٣، مسلم رقم ١٤٠١)

‘‘ഹുമൈദു ബ്നു അബീ ഹുമൈദ്(റ) പറയുന്നു: അനസ്ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: മൂന്ന് ആളുകൾ നബി ﷺ യുടെ ഭാര്യമാരുടെ വീട്ടിലേക്ക് നബിﷺയുടെ ആരാധനാ

[1] അൽ ഇഅ്തിസ്വാം 1/58

കാര്യങ്ങൾ ചോദിച്ചറിയാനായി വന്നു; അവരോട് കാര്യങ്ങൾ പറയപ്പെട്ടപ്പോൾ അവർക്ക് അത് വളരെ കുറച്ചായി തോന്നി. അവർ പറഞ്ഞു: നബി(സ)യും നമ്മളും എത്ര വ്യത്യാസമുണ്ട് ! നബി(സ), അദ്ദേഹത്തിൻെറ കഴിഞ്ഞതും വരാനിരിക്കുന്നതുമായ കാര്യങ്ങളിൽ അല്ലാഹു പാപസുരക്ഷിതത്വം നൽകിയിരിക്കുന്നു. അന്നേരം അവരിൽ ഒരാൾ പറഞ്ഞു: ഞാൻ എന്നും രാത്രി നമസ്കരിച്ചുകൊണ്ടേയിരിക്കും മറ്റൊരാൾ പറഞ്ഞു: ഞാൻ ഇനി എന്നും ഒരിക്കലും നോമ്പ് ഉപേക്ഷിക്കുകയില്ല; എന്നും സുന്നത്ത് നോമ്പ് അനുഷ്ഠിക്കും. മറ്റൊരാൾ പറഞ്ഞു: ഞാൻ ഒരിക്കലും സ്ത്രീകളുമായി സമീപിക്കാതെ ദാമ്പത്യ ജീവിതത്തിൽ നിന്നും വിട്ടു നിൽക്കും. നബി(സ) അവരിലേക്ക് ചെന്ന് ഇപ്രകാരം ചോദിച്ചു: നിങ്ങളാണോ ഇങ്ങനെയൊക്കെ പറഞ്ഞ ആളുകൾ ? എന്നാൽ അല്ലാഹുവാണെ സത്യം ഞാനാണ് അല്ലാഹുവിനെ ഏററവും അധികം ഭയപ്പെടുകയും സൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തി. എന്നാൽ ഞാൻ നോമ്പ് അനുഷ്ഠിക്കുകയും സുന്നത്ത് നോമ്പ് അനുഷ്ഠിക്കാതിരിക്കുകയും ചെയ്യാറുണ്ട്, ഞാൻ രാത്രി സുന്നത്ത് നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യാറുണ്ട്, ഞാൻ ഭാര്യമാരുമായി ബന്ധപ്പെട്ട് ജീവിക്കുകയും ചെയ്യുന്നുണ്ട്. അത്കൊണ്ട് എൻെറ സുന്നത്തിനേക്കാൾ അധികമായി വല്ലവരും ആഗ്രഹിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല''[1]

ഇവിടെ പറയപ്പെട്ട സുന്നത്ത് കൊണ്ടുള്ള വിവക്ഷ നബിചര്യ എന്നതാണ്. അതല്ലാതെ നിർബന്ധമല്ലാത്തത് എന്ന അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. അപ്രകാരം رغِبَ عَنْ (റഗിബ അൻ ) എന്ന് പറഞ്ഞാൽ അത് കൈവിട്ട് മററൊന്നിലേക്ക് തിരിഞ്ഞുകളയുക (വെറുക്കുക) എന്നുമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. എൻെറ ചര്യ ഉപേക്ഷിച്ച് മററൊരു മാർഗ്ഗം സ്വീകരിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല എന്നുമാണ്[1]

[1] ബുഖാരി: കിതാബു നികാഹ് നമ്പർ 5063, മുസ്‌ലിം: നമ്പർ 1403.



മേൽ വിവരിക്കപ്പെട്ടതിൽ നിന്നെല്ലാം സുന്നത്ത് അനുഷ്ഠിക്കൽ, വർജ്ജിക്കൽ എന്നിങ്ങനെ രണ്ട് വിധമുള്ളത് പോലെ ബിദ്അത്തും പ്രവർത്തിക്കൽ വർജ്ജിക്കൽ എന്നിങ്ങനെ രണ്ട് വിധമുണ്ടെന്ന് മനസ്സിലാക്കവുന്നതാണ്. അപ്പോൾ അനുഷ്ഠിച്ചുകൊണ്ട് നബിചര്യ പ്രാപിക്കുന്നത് പോലെ വർജ്ജിച്ചുകൊണ്ടും നബിചര്യ പ്രാപിക്കാനാകും. നബി(സ)ക്ക് മാത്രമായി പ്രത്യേകമായുള്ള കാര്യങ്ങളിലൊഴികെ. നബിചര്യ പിൻപററി അല്ലാഹുവിലേക്ക് അടുക്കാൻ നമ്മോട് കൽപ്പിച്ചത് പോലെ പ്രവാചകൻ ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ വർജ്ജിച്ചുകൊണ്ടും പ്രവാചകനെ പിൻപററാൻ നാം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തിക്കൽ സുന്നത്തായ പോലെ വർജ്ജിക്കലും സുന്നത്താണ്. അതിനാൽ തന്നെ പ്രവാചകൻ (സ) വർജ്ജിച്ചവ പ്രവർത്തിച്ചുകൊണ്ടും അദ്ദേഹം അനുഷ്ഠിച്ചവ വർജ്ജിച്ചുകൊണ്ടും നമുക്ക് അല്ലാഹുവിലേക്ക് അടുക്കാൻ (പുണ്യം കരസ്ഥമാക്കാൻ) സാധിക്കുകയില്ല. അദ്ദേഹം വർജ്ജിച്ചവ അനുഷ്ഠിക്കുന്നവനും അദ്ദേഹം അനുഷ്ഠിച്ചവ വർജ്ജിക്കുന്നവനും ഫലത്തിൽ ഒരുപോലെ യാണ്; അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല[2].

[1] ഇബ്നു ഹജറുൽ അസ്ഖലാനി ഫത്ഹുൽ ബാരി: 9/105.

[2] ശാത്വബി അൽ ഇഅ്തിസ്വാം 1/57. . .60., സുയൂത്വിയുടെ അൽ അംറു ബിൽ ഇത്തിബാഇ വന്നഹ്‌യു അനിൽ ഇബ്തിദാഇ പേജ് 205, സഊദു ബ്നു നാസിറുൽ ഗാമിദിയുടെ ഹഖീഖതുൽ ബിദഇ വ അഹ്കാമുഹാ 2/37..58, സുഹൈമിയുടെ തൻബീഹു ഉലിൽ അബ്സ്വാരി ഇലാ കമാലിദ്ദീനി വമാ ഫിൽ ബിദഇ മിൻ അഖ്ത്വാർ പേജ് 97, ശൈഖ് അലിയ്യു ബ്നു ഹസനുൽ അഥരിയു

### 5. البدعة القولية الاعتقادية **വിശ്വാസ വാചിക ബിദ്അത്ത്**

ഇസ്ലാമിൻെറ പേരിൽ പിൽക്കാലത്ത് ഉടലെടുത്ത പിഴച്ച കക്ഷികളായ ജഹ്മികൾ, മുഅ്തസിലികൾ, റാഫിളികൾ, തുടങ്ങിയ നൂതനവാദികളുടെ വിശ്വാസവും അവരുടെ വാക്കുകളും ഇതിന് ഉദാഹരണങ്ങളാണ്. അപ്രകാരം തന്നെയാണ് ഖാദിയാനികൾ, ബഹാഇകൾ എന്നീ പുത്തൻ മതക്കാരും അവരുടെ വാദങ്ങളും. അതുപോലെ മുകളിൽ സൂചിപ്പിച്ച കക്ഷികളുടെ അവാന്തര വിഭാഗങ്ങളിൽ പെട്ട ഇസ്മാഈലികൾ, നുസൈ്വരികൾ, ദർവീശികൾ മുതലായ വിഭാഗങ്ങളുടെ വാദഗതികളും.

### 6. البدعة العملية **അനുഷ്ഠാന പരമായ ബിദ്അത്ത്**

ഇന്ന് സമൂഹത്തിൽ പ്രചരിക്കപ്പെട്ട ബിദ്അത്തുകളിൽ അധികവും ഈ ഇനത്തിൽ പെട്ടതാണ്. ഇത് വിവിധ മാർഗ്ഗത്തിലൂടെ ഉണ്ടായിത്തീരും. അവയിൽ ചിലത് താഴെ വിവരിക്കുന്നുണ്ട്.

- മതത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത നിലക്കുള്ള പുത്തൻ ആചാരങ്ങൾ. മതം ആവശ്യപ്പെടാത്ത പുതിയ നമസ്കാരം, നോമ്പ്, മതപ്രമാണങ്ങളിൽ കാണാത്ത ജന്മദിനാഘോഷം പോലുള്ളവ ഇവക്ക് ഉദാഹരണമാണ്.
- മതത്തിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിലുള്ള വർദ്ധനവ്. ഉദാഹരണമായി ളുഹർ, അസ്വർ പോലുള്ള ഏതെങ്കിലും ഒരു നമസ്കാരത്തിൽ ഒരു റക്അത്തുകൂടി വർദ്ധിപ്പിക്കുക എന്നത് ഇതിന് ഉദാഹരണമാണ്. (നബി(സ) നിർവ്വഹിച്ച പതിനൊന്ന് റക്അത്തിനേക്കാൾ അധികമായി തറാവീഹ് നമസ്കരിക്കുന്നതും ഈ ഇനത്തിൽ കാണേണ്ട താണ്. വിവർത്തകൻ)

ടെ ഇൽമു ഉസ്വൂലിൽ ബിദഅ് പേജ് 107, ശൈഖ് അഹ്മദ് ബിൻ ഹജർ ആലു ബൂത്വാമിയുടെ തഖ്ദീറുൽ മുസ്ലിമീൻ അനിൽ ഇബ്തിദാഇ വൽ ബിദഇ ഫിദ്ദീൻ പേജ് 83.



- മതത്തിൽ നിർദ്ദേശിക്കപ്പെട്ട ഒരു ആരാധന മറെറാരുരൂപവും ശൈലിയും നൽകി നിർവ്വഹിക്കൽ. ഉദാഹരണമായി നമസ്കാര ശേഷം നടത്തപ്പെടുന്ന കൂട്ടുപ്രാർത്ഥന. പ്രാർത്ഥന സുന്നത്താണ്. എന്നാൽ ഇന്ന് കാണപ്പെടുന്ന ഇമാം ഉറക്കെ പ്രാർത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന സമ്പ്രദായം.
- മതത്തിൽ നിർദ്ദേശിക്കപ്പെട്ട പുണ്യ കർമ്മങ്ങൾക്ക് പ്രത്യേകം സമയവും കാലവും നിശ്ചയിക്കൽ. ഉദാഹരണമായി ശഅ്ബാൻ പതിനഞ്ചിനു ചിലർ നിർവ്വഹിച്ചു വരുന്ന നോമ്പും നമസ്കാരവും.

## حكم البدعة في الدين
## മതത്തിൽ ബിദ്അത്തുകളുടെ വിധി

മതപരമായ പരിവേഷം ചാർത്തപ്പെട്ടുകൊണ്ടുള്ള ബിദ്അത്തുകളെല്ലാം ദുർമാർഗ്ഗവും നിഷിദ്ധവുമാണ്. ഇക്കാര്യം പ്രവാചക വചനങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

**إياكم والمحدثات الأمور فإنّ كل محدثة بدعة وكلّ بدعة ضلالة (أبوداود ٢٠١/٤ رقم ٤٦٠٧ والترمذي ٤٤/٥ رقم ٢٦٧٦)**

''നിങ്ങൾ പുത്തനാചാരങ്ങളെ കരുതിയിരിക്കണം. കാരണം എല്ലാ നൂതന സമ്പ്രദായങ്ങളും അനാചാരങ്ങളാണ്, എല്ലാ അനാചാരങ്ങളും ദുർമാർഗ്ഗവുമാണ്''[1]

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്''[2]

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[3]

മേൽ പറയപ്പെട്ട രണ്ട് ഹദീസുകൾ സൂചിപ്പിക്കുന്നത് മതത്തിൽ എല്ലാ ബിദ്അത്തുകളും വഴികേടും എല്ലാ വഴികേടുകളും തള്ളപ്പെടേണ്ടതുമാണ് എന്നാണ്. ആരാധനകളിൽ ഉണ്ടാക്കുന്ന ബിദ്അത്തുകൾ നിഷിദ്ധവുമാണ്. എന്നാൽ ഹറാമിന്റെ ഗൗരവം പ്രവർത്തിക്കുന്ന ബിദ്അത്തിന്റെ ഇനം അനുസരിച്ച് ഏററവ്യത്യാസമുണ്ടാകും എന്ന് മാത്രം.

ഏതാനും ഉദാഹരണങ്ങൾ കാണുക:

- കുഫ്റ് : മഹാത്മാക്കളുടെ മഖ്ബറകളിൽ (ജാറങ്ങളിൽ) ചെന്ന് ഖബറടക്കപ്പെട്ടവരുടെ പ്രീതി കാംക്ഷിച്ച് ഖബർ ത്വവാഫ് ചെയ്യുക, അവിടെ നേർച്ചകളും ബലികളും അർപ്പിക്കുക, അവരോട് പ്രാർത്ഥനകളും ഇസ്തിഗാസയും (സഹായാർത്ഥന) നടത്തുക, എന്നിവയും, ജഹ്

[1] അബൂദാവൂദ് 4/201 നമ്പർ 4607, തുർമുദി 5/44 നമ്പർ 2676
[2] മുതഫഖുൻ അലൈഹി.
[3] മുസ്ലിം



മികൾ, മുഅ്തസിലികൾ, ശിയാക്കൾ എന്നിവരുടെ വിശ്വാസവും പുതിയ വാദഗതികളും തീർത്തും കുഫ്റ് തന്നെയാണ്.

- ശിർക്കിലേക്ക് എത്തിക്കുന്നവ: ഖബറുകൾക്ക് മീതെ കെട്ടിടങ്ങളും ഖുബ്ബകളും നിർമ്മിക്കുക, അവിടെവെച്ച് പ്രാർത്ഥനകളും നമസ്കാരങ്ങളും (സുജൂദുകളും) നിർവ്വഹിക്കുക എന്നത് ശിർക്കിലേക്ക് എത്തിക്കുന്ന വഴികളാണ്.
- കുററകൃത്യം: വിവാഹത്തിൽ നിന്നും വിട്ട് നിന്ന് ബ്രഹ്മചര്യം അനുഷ്ഠിക്കുക, വെയിലത്ത് നിന്നുകൊണ്ട് നോമ്പ് അനുഷ്ഠിക്കുക, ഷണ്ഡത്വം സ്വീകരിക്കുക എന്നിത്യാദി ബിദ്അത്തുകൾ കുററകൃത്യങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുക[1]. എന്നാൽ കുററകൃത്യം എന്ന നിലക്കും എല്ലാ ബിദ്അത്തുകളും ശിക്ഷയുടെ കാര്യത്തിൽ ഒരുപോലെയല്ല. അതും താഴെ പറയും പ്രകാരം ഏററ വ്യത്യാസങ്ങൾ ഉള്ളവയാണ്:

1. ബിദ്അത്തുകാരൻ തന്റെ ഗവേഷണത്തിലൂടെയോ അതല്ലെങ്കിൽ അന്ധമായ അനുകരണത്തിലൂടെയോ ശരി എന്ന് വാദിച്ചുകൊണ്ടുകൊണ്ട് പ്രവർത്തിക്കുക.
2. നിർബന്ധിക്കപ്പെട്ട നിലക്ക് പ്രവർത്തിക്കുക.അത് തന്റെ മതം, ശരീരം, അഭിമാനം, ബുദ്ധി, സമ്പത്ത് എന്നിങ്ങനെ ഏത് വിഷയത്തിലായിരുന്നാലും ശരി.
3. ബിദ്അത്ത് മറച്ചുവെച്ചും പരസ്യമാക്കിയും ചെയ്യുക.
4. ബിദ്അത്തിലേക്ക് മററുള്ളവരെ ക്ഷണിച്ചുകൊണ്ടും അല്ലാതെയും ചെയ്യുക.

[1] ഡോക്ടർ സ്വാലിഹുൽ ഫൗസാൻ ന്റെ കിതാബുത്തൗഹീദ് പേജ് 82

5. അഹ്ലുസ്സുന്നത്തിൻെറ വിശ്വാസത്തിൽ നിന്ന് പുറത്ത് പോകുന്ന കാര്യങ്ങൾ പ്രവർത്തിക്കുന്നതും അല്ലാതെയുള്ള കാര്യങ്ങൾ പ്രവർത്തിക്കുന്നതും.
6. സാക്ഷാൽ ബിദ്അത്ത് പ്രവർത്തിക്കുന്നതും ആപേക്ഷിക ബിദ്അത്ത് പ്രവർത്തിക്കുന്നതും.
7. ബിദ്അത്താണെന്ന് വ്യക്തമായ ഒരു കാര്യം പ്രവർത്തിക്കുന്നതും അവ്യക്തമായ കാര്യം പ്രവർത്തിക്കുന്നതും.
8. പ്രവർത്തിക്കുന്നത് മുഖേനെ കാഫറായിത്തീരുന്നതും അല്ലാത്തതും.
9. ബിദ്അത്തിൽ നിരതമാകുന്നതും അല്ലാത്തതും.

ഇമാം ശാത്വബി തൻെറ അൽ ഇഅ്തിസ്വാം എന്ന ഗ്രന്ഥത്തിൽ മേൽ വിഭജിക്കപ്പെട്ടവ സവിസ്തരം വ്യക്തമാക്കിയിട്ടുണ്ട്[1].
കൂടാതെ മേൽ പറയപ്പെട്ടവ തന്നെ നിഷിദ്ധമായിത്തീരുന്നതും അനഭിലഷണീയമായതും എന്നിങ്ങനെയും തനിച്ച ദുർമാർഗ്ഗത്തിലായിത്തീരുന്നത്, മൊത്തത്തിൽ വഴികേടിലേക്ക് എത്തിച്ചേരുന്നത് എന്നിങ്ങനെ വേറെയും വിഭജനങ്ങൾ നടത്തിയിട്ടുണ്ട്[2].
കുററകൃത്യത്തിൽ അവയുടെ ഗൗരവത്തിൻെറ തോതനുസരിച്ച് പ്രധാനമായും മൂന്ന് ഇനമായി തിരിക്കപ്പെടുന്നു.

ഒന്ന് : كفر بواح വ്യക്തമായ നിഷേധം
രണ്ട് : كبيرة من كبائر الذنوب വൻ പാപങ്ങളിൽ ഉൾപ്പെട്ടത്
മൂന്ന് : صغيرة من صغائر الذنوب ചെറുപാപങ്ങളിൽ ഉൾപ്പെട്ടത്

[1] അൽ ഇഅ്തിസ്വാം 1/216..224, 2/515..559
[2] അൽ ഇഅ്തിസ്വാം 2/530.



ബിദ്അത്തുകൾ ചെറുപാപങ്ങളിൽ ഉൾപ്പെടുക താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമാകുമ്പോൾ മാത്രമായിരിക്കും:

- ഒന്ന് : ബിദ്അത്തിൽ നിരതമാകാതിരിക്കുക. നിരതമാകുമ്പോൾ അത് വൻകുററത്തിലേക്ക് എത്തിപ്പെടുന്നതാണ്.
- രണ്ട് : താൻ പ്രവർത്തിക്കുന്നതിലേക്ക് മററുള്ളവരെ പ്രേരിപ്പിക്കുകയോ ക്ഷണിക്കുകയോ ചെയ്യാതിരിക്കുക. അങ്ങിനെ വരുമ്പോൾ അത് ചെറുപാപത്തിൻെറ പരിധിക്ക് പുറത്ത് പോകുന്നതാണ്.
- മൂന്ന് : പൊതുജന മദ്ധ്യത്തിൽ വെച്ചോ ഒരു സുന്നത്തിനെ അവഗണിച്ചോ ചെയ്യാതിരിക്കുക.
- നാല് : താൻ പ്രവർത്തിക്കുന്ന തെററിനെ നിസ്സാരമായി കാണുകയോ അവഗണിക്കുകയോ ചെയ്യാതിരിക്കുക. കുററകൃത്യം പ്രവർത്തിക്കുകയും എന്നിട്ടതിനെ നിസ്സാരവൽക്കരിക്കുകയും ചെയ്യൽ വൻകുററമാണ്.

ദുർമാർഗ്ഗങ്ങളും മേൽ പറഞ്ഞ നിലക്ക് മൂന്ന് വിഭാഗമായി തിരിക്കപ്പെടുന്നു. നബി(സ) പറഞ്ഞു: എല്ലാ ബിദ്അത്തുകളും ദുർമാർഗ്ഗമാണ്. അതിൽ മതനിഷേധത്തിലേക്ക് എത്തിക്കുന്നവയും, അധർമ്മത്തിലേക്ക് എത്തിക്കുന്നവയും (അത് വൻപാപവും, ചെറുപാപവും ഉൾപ്പെടുന്നതാണ്) ഉണ്ടായിരിക്കും.

എന്നാൽ ബിദ്അത്തുകളെ മതനിയമങ്ങളിലെ അടിസ്ഥാന വിധികളായ വാജിബ് (നിർബന്ധം). ഹറാം (നിഷിദ്ധം), മൻദൂബ് (പുണ്യകരം), മക്റൂഹ് (അനഭിലഷണീയം), മുബാഹ് (അനുവദനീയം) എന്നിവക്ക് അനുസരിച്ച് അഞ്ചായി തിരി

ക്കപ്പെടാറുണ്ട്; ഇത് പ്രവാചകൻ(സ) യുടെ വാക്കുകൾക്ക് വിരുദ്ധമാണ്.

فإنّ كل محدثة بدعة وكلّ بدعة ضلالة (أبودود ٢٠١/٤ رقم ٤٦٠٧ والترمذي ٤٤/٥ رقم ٢٦٧٦)

'' നിശ്ചയം എല്ലാ നൂതന സമ്പ്രദായങ്ങളും അനാചാരങ്ങളാണ്, എല്ലാ അനാചാരങ്ങളും ദുർമാർഗ്ഗവുമാണ്''[1]

ഇമാം ശാത്വബി മേൽ പറഞ്ഞ നിലക്ക് ബിദ്അത്തുകളെ തരം തിരിക്കുന്നതിനെയും അപ്രകാരം വിഭജിക്കുന്നവരേയും ശക്തമായി വിമർശിക്കുകയും എതിർക്കുകയും ചെയ്തിട്ടുണ്ട്[2]. അദ്ദേഹം പറയുന്നു: ''മേൽ പറഞ്ഞതായ വിഭജനം മത നിയമങ്ങളിൽ തെളിവിൻെറ യാതൊരു നിലക്കുള്ള പിൻബലവുമില്ലാത്തതാണ്. തൻെറ പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനായി സ്വയം കണ്ടെത്തിയ കുതന്ത്രം മാത്രമാണ് പ്രസ്തുത വിഭജനം. അതിന് മതത്തിൻെറ ഖണ്ഢിത രേഖകളോ അവയുടെ നിയമങ്ങളോ പിന്തുണക്കുന്നില്ല. ഒരു കാര്യം നിർബന്ധം, പുണ്യകരം എന്നിങ്ങനെ പ്രവർത്തിക്കാൻ മതം അനുശാസിക്കുന്നതാണ് എങ്കിൽ അവ നേരത്തെ തന്നെ മതപരിധിയിൽ ഉൾപ്പെട്ടതായിരിക്കും അപ്പോൾ അത് ബിദ്അത്ത് എന്ന പട്ടികയിൽ ഉൾപ്പെടുകയില്ല. അതിനാൽ മതം പ്രവർത്തിക്കാൻ (നിർബന്ധമായോ, പുണ്യകരമായോ) കൽപ്പിച്ച ഒരുകാര്യം ബിദ്അത്താണ് എന്ന് പറയൽ രണ്ട് വൈരുദ്ധ്യങ്ങൾ ഒന്നിച്ച് ബന്ധിപ്പിക്കലായിരിക്കും. അപ്രകാരം നിഷിദ്ധം അനഭിലഷണീയം എ

[1] അബൂദാവൂദ് 4/201 നമ്പർ 4607, തുർമുദി 5/44 നമ്പർ 2676

[2] അൽ ഇഅ്തിസ്വാം 1/246



ന്നിങ്ങനെയുള്ള വിഷയങ്ങൾ അവ ബിദ്അത്ത് തന്നെയുമാണ്. അതിന് മററൊരു മുഖവും നൽകാനും സാധ്യമല്ല''[1]

## أنواع البدعة عند القبور
## ബിദ്അത്തുകളും ജാറങ്ങളും

### 1. മരിച്ചവരോടുള്ള പ്രാർത്ഥന:

ഇക്കൂട്ടർ വിഗ്രഹാരാധകരെപ്പോലെത്തന്നെയാണ്. അല്ലാഹു പറയുന്നത് കാണുക:

قُلِ ادْعُواْ الَّذِينَ زَعَمْتُم مِّن دُونِهِ فَلاَ يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلاَ تَحْوِيلا أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا (سورة الإسراء ٥٦، ٥٧)

''(നബിയേ, പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ (നിങ്ങളെ സഹായിക്കുന്നവരാണ് എന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം തടുക്കുവാനോ (നിങ്ങളുടെ അവസ്ഥക്ക്) മാററം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല. അവർ വിളിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്. അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏററവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു). അവർ അവൻെറ കാരുണ്യം ആഗ്രഹിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുക

[1] അൽ ഇഅ്തിസ്വാം 1/246

യും ചെയ്യുന്നു. നിൻെറ രക്ഷിതാവിൻെറ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു''[1]

ഇവിടെ പ്രാർത്ഥിക്കപ്പെടുന്നത് നബിയോ, വലിയ്യോ, സ്വാലിഹുകളോ ആരായിരുന്നാലും അത് അവരിൽ ദിവ്യത്വം കൽപ്പിക്കലാണ് എന്നാണ് മുകളിൽ പറയപ്പെട്ട ആയത്ത് സൂചിപ്പിക്കുന്നത്. അല്ലാഹുവോടല്ലാതെ ആരോട് പ്രാർത്ഥിച്ചാലും ഉള്ള അവസ്ഥ ഇത്തന്നെയാണ്; പ്രാർത്ഥിക്കപ്പെടുന്നവരാകട്ടെ അവർതന്നെ അല്ലാഹുവിലേക്ക് സാമീപ്യം (വസീല) തേടിക്കൊണ്ടിരിക്കുകയും അവൻെറ കാരുണ്യം പ്രതീക്ഷിക്കുകയും അവൻെറ ശിക്ഷയെ പേടിക്കുകയും ചെയ്യുന്നവരാണ്. മരണപ്പെട്ടവരോടോ സമീപത്തില്ലാത്തവരോടോ, അവർ നബിയോ, വലിയ്യോ ആരായിരുന്നാലും അവർ അതിന് ഇസ്തിഗാസ (സഹായാർത്ഥന) എന്നിങ്ങനെ എന്ത് പേര് നൽകി പ്രാർത്ഥിച്ചാലും അത് പശ്ചാത്തപിച്ചെങ്കിൽ അല്ലാതെ അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാ പാപമായ ശിർക്കുൻ അക്ബർ (കൊടിയ ശിർക്ക്) ആണ്. പ്രവാചകരിലോ, പുണ്യപുരുഷന്മാരിലോ അതിരുവിട്ട നിലക്കുള്ള വിശ്വാസം വെച്ചു പുലർത്തുന്നവർ ഇന്ന് തങ്ങളേ . . . ശൈഖേ . . . വലിയ്യേ . . . ബീവിയേ . . .സഹായിക്കണേ, രക്ഷിക്കണേ, നിങ്ങൾ മാത്രമാണ് എനിക്കുള്ളത് എന്നത് പോലെയുള്ള വാക്കുകൾ പറയുന്നത് തന്നെ ആരാധനയാണ്. അവയൊക്കെ അവകാശപ്പെടുന്നത് അല്ലാഹു മാത്രമാണ് താനും. അത്തരത്തിലുള്ള വിളിച്ചുതേടലുകൾ അല്ലാഹുവോടല്ലാതെ നടത്തുന്നത് ശിർക്കും വഴികേടുമാണ്. അവൻ പശ്ചാത്തപിച്ചില്ലെങ്കിൽ അവനെ കൊന്നുകളയണം എന്നാണ് ഇസ്ലാമിൻെറ വിധി. കാരണം പ്രവാചകന്മാരെ നിയോ

[1] ഇസ്റാഅ് 56, 57.



ഗിച്ചതും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചതുമെല്ലാം അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും അവനോട് മററാരേയും പങ്ക്ചേർക്കാതിരിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ്.

## 2. ഖബറാളികൾ മുഖേനെ പ്രാർത്ഥിക്കൽ

മരണപ്പെട്ടവരെ മുൻനിർത്തി അവർ മുഖേനെ അല്ലാഹുവിനോട് പ്രാർത്ഥിക്കുക എന്നതും ഇന്ന് വ്യാപകമായ തോതിൽ പ്രചരിക്കപ്പെട്ട ഒരു അനാചാരമാണ്. എന്നാൽ ഇത് മുകളിൽ സൂചിപ്പിച്ചത് പോലെ ശിർക്കിലേക്ക് എത്തുന്നില്ല; കാരണം പ്രാർത്ഥിക്കുന്നത് അല്ലാഹുവിനോട് തന്നെയാണ് എന്നത് തന്നെ. എന്നാൽ അമ്പിയാക്കളേയും വലിയ്യുകളേയും മുൻനിർത്തി അവർ മുഖേനെയോ അതല്ലെങ്കിൽ അവരുടെ ഹഖ്, ജാഹ്, ബർക്കത്ത് എന്നിവ മുൻനിർത്തി അല്ലാഹുവിനോട് ഇടതേടുന്നത് പുതിയതും അനാചാരവും നിഷിദ്ധവുമാണ്. അതുപോലെ തന്നെയാണ് അല്ലാഹുവിൻെറ ഖലമും ലൗഹുമെല്ലാം മുൻനിർത്തി ചോദിക്കുന്നതും. എന്നാൽ പ്രവാചക ചര്യയിൽ സ്ഥിരപ്പെട്ട തവസ്സുൽ (ഇടതേട്ടം) അല്ലാഹുവിൻെറ നാമങ്ങളും വിശേഷണങ്ങളും മുൻനിർത്തി ചോദിക്കുക, പ്രവാചകൻ (സ) പറഞ്ഞ, ഗുഹയിൽ അകപ്പെട്ട മൂന്ന് ആളുകളുടെ കഥ[1]യിൽ പറഞ്ഞ പ്രകാരം അവര

[1] ഇബ്നു ഉമർ(റ) വിൽ നിന്നും ഇമാം ബുഖാരിയും മുസ്ലിമുമെല്ലാം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വന്നതാണ് മുകളിൽ സൂചിപ്പിക്കപ്പെട്ട കഥ. അത് ഇപ്രകാരമാണ് : ''നബി(സ) പറഞ്ഞു: നിങ്ങളുടെ മുൻഗാമികളിൽ പെട്ട മൂന്ന് ആളുകൾ ഒരു യാത്ര പുറപ്പെട്ടു. അങ്ങിനെ രാത്രിയായപ്പോൾ അവർ ഒരു ഗുഹയിൽ അഭയം തേടി. അന്നേരം മലമുകളിൽ നിന്നും ഒരു പാറക്കല്ല് ഉരുണ്ട് വീണ് ഗുഹാമുഖം മൂടപ്പെട്ടു. അന്നേരം അവർ പറഞ്ഞു; നാം പ്രവർത്തിച്ച പുണ്യ കർമ്മങ്ങൾ തവസ്സുലാക്കി (മുൻനിർത്തി) അല്ലാഹുവിനോട് പ്രാർത്ഥിക്കുകയല്ലാതെ രക്ഷയില്ല. അന്നേരം അവരിൽ ഒരാൾ പറഞ്ഞു: അല്ലാഹുവേ, എനിക്ക് വൃദ്ധരായ മാതാപിതാക്കളുണ്ടായിരുന്നു; ഞാൻ അവർക്ക് ഭക്ഷണ

പാനീയങ്ങൾ നൽകുന്നതിന് മുമ്പ് ഒരിക്കലും എൻെറ ഭാര്യക്കോ ഭൃത്യർക്കോ നൽകുമായിരുന്നില്ല. ഒരു ദിവസം ഞാൻ ജോലി തേടി പോകുകയും വളരെ വൈകി മാത്രം മടങ്ങിയെത്തുകയും ചെയ്തു. അങ്ങിനെ ഞാൻ പാൽ കറന്നു പാൽ പാത്രവുമായി മാതാപിതാക്കളെ സമീപിച്ചപ്പോൾ അവർ രണ്ട് പേരം ഉറങ്ങിപ്പോയിരുന്നു. അവരെ ഉണർത്തുന്നത് ശരിയല്ലെന്ന് കരുതി അവർ ഉണരുന്നത് വരെ പാൽ പാത്രവുമായി ഞാൻ കാത്ത് നിന്നു. എൻെറ മക്കൾ അന്നേരം വിശന്ന് കരയുന്നുണ്ടായിരുന്നു. എന്നാൽ മാതാപിതാക്കൾക്ക് മുമ്പായി മക്കൾക്ക് നൽകാനും എൻെറ മനസ്സ് അനുവദിച്ചില്ല. അങ്ങിനെ പ്രഭാതമായപ്പോൾ അവർ ഉണരുകയും ഞാൻ അവരെ പാൽകുടിപ്പിക്കുകയും ചെയ്തു. അല്ലാഹുവേ, ഞാൻ ഇത് പ്രവർത്തിച്ചത് നിൻെറ പ്രീതി ആഗ്രഹിച്ച് മാത്രമാണ്. അത് കൊണ്ട് നാഥാ, ഞങ്ങളെ ഈ പ്രയാസത്തിൽ നിന്നും നീ രക്ഷപ്പെടുത്തേണമേ. എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. കല്ല് അൽപ്പം നീങ്ങി; പക്ഷേ അവർക്ക് പുറത്ത് കടക്കാനായില്ല. രണ്ടാമത്തെ ആൾ ഇങ്ങിനെ പ്രാർത്ഥിച്ചു: അല്ലാഹുവേ, എനിക്ക് ഒരു പിതൃവ്യ പുത്രിയുണ്ടായിരുന്നു. എനിക്ക് ഏററവും പ്രിയപ്പെട്ടവൾ ആയിരുന്നു അവൾ. ഏതൊരു പുരുഷനും ആഗ്രഹിക്കുന്നത് പോലെ ഞാൻ അവളുമായി ഒന്ന് ബന്ധപ്പെടാൻ ഒരു പാട് കാലം ആഗ്രഹിച്ചു; പക്ഷേ അവൾ വഴങ്ങിയില്ല. അങ്ങിനെ ഒരു നാൾ അവൾക്ക് ദാരിദ്ര്യം പിടിപെടുകയും അവൾ കുറച്ച് പണം ആവശ്യപ്പെട്ട് എൻെറ അടുക്കൽ വന്നു. അങ്ങിനെ എൻെറ ആഗ്രഹം സാധിപ്പിക്കാൻ എന്നോട് സഹകരിക്കാം എന്ന വ്യവസ്ഥയിൽ ഞാൻ അവൾക്ക് നൂററി ഇരുപത് ദീനാർ കൊടുത്തു. അങ്ങിനെ ഞാൻ അവളുടെ രണ്ട് കാലുകൾക്ക് ഇടയിലായി ഇരുന്നു. അന്നേരം അവൾ പറഞ്ഞു: നീ അല്ലാഹുവിനെ പേടിക്കണം. നിനക്ക് അർഹതയില്ലാത്ത നിലക്ക് നീ സീൽ പൊട്ടിക്കരുത്. അന്നേരം എനിക്ക് അവളോട് ആഗ്രഹമുണ്ടായിട്ടുകൂടി നിന്നെ ഭയന്ന് ഞാൻ അതിൽനിന്നും പിന്തിരിഞ്ഞു. അവൾക്ക് നൽകിയിരുന്ന പണവും ഞാൻ ഉപേക്ഷിച്ചു. അല്ലാഹുവേ നിൻെറ പ്രീതി ആഗ്രഹിച്ച് മാത്രമാണ് ഞാൻ അതിൽ നിന്നും ഒഴിഞ്ഞുമാറിയത്. അത് ഒരു പുണ്യകർമ്മമായി നീ കാണുന്നുവെങ്കിൽ ഞങ്ങളെ ഈ പ്രതിസന്ധിയിൽ നിന്നും നീ രക്ഷപ്പെടുത്തേണമേ. എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. പാറക്കല്ല് അൽപം കൂടി നീങ്ങി. മൂന്നാമത്തെ ആൾ  പറഞ്ഞു: അല്ലാഹുവേ ഞാൻ പണിക്ക് വേണ്ടി തൊഴിലാളികളെ വിളിച്ചിരുന്നു. അവരിൽ ഒരാൾ ഒരു ദിവസം കൂലി വാങ്ങാതെ സ്ഥലം വിട്ടു. അയാൾക്ക് അവകാശപ്പെട്ട കൂലി ഞാൻ അയാൾക്ക് വേണ്ടി അത് ബിസിനസ്സിൽ ഇറക്കുകയും അത് വലിയ തുകയാക്കുകയും ചെയ്തു. അങ്ങിനെ ഒരു നാൾ അയാൾ തൻെറ കൂലി ആവശ്യപ്പെട്ട് വരികയും ഞാൻ അയാൾക്ക് അർഹതപ്പെട്ട ഒരു പാട് ആട്, പശു, ഒട്ടകം മററ് വസ്തുക്കൾ എന്നിവ അയാൾക്ക് നൽകുകയും ചെയ്തു. ആദ്യം അയാൾ അതിൽ സംശയിച്ചെങ്കിലും ഞാൻ പറഞ്ഞ് ബോധ്യപ്പെടുത്തിയപ്പോൾ അയാൾ അതുമായി പോവുകയും



**വർ മുമ്പ് ചെയ്ത സ്വാലിഹായ പുണ്യകർമ്മങ്ങൾ മുൻനിർത്തി ചോദിക്കുക, തൻെറ സമീപത്തുള്ളവരും ജീവിച്ചിരിക്കുന്നവരുമായ മുസ്ലിം സഹോദരനെക്കൊണ്ട് പ്രാർത്ഥിപ്പിക്കുക എന്നത് മാത്രമാണ്.**

## ૩. ഖബറിന് അടുത്ത് വെച്ചുള്ള പ്രാർത്ഥന

മേൽ പറയപ്പെട്ടത്പോലെ നിഷിദ്ധമായ കാര്യത്തിൽ പെട്ടത് തന്നെയാണ് മഹാന്മാരുടെ ഖബറിന് അടുത്ത് വെച്ച് പ്രാർത്ഥിച്ചാൽ അത് ഉത്തരം കിട്ടുവാൻ കൂടുതൽ സാധ്യതയുള്ളതാണ് എന്ന വിശ്വാസവും. അതുപോലെ അത് പള്ളികളിൽ വെച്ചുള്ള പ്രാർത്ഥനകളേക്കാൾ ശ്രേഷ്ഠമായതാണ് എന്നുള്ള വിശ്വാസവും. അവ തടയപ്പെടേണ്ടതാണ് എന്ന കാര്യത്തിൽ മുസ്ലിം പണ്ഢിതർക്കിടയിൽ അഭിപ്രായ വ്യത്യാസമേ ഇല്ല. അതാകട്ടെ അല്ലാഹുവോ റസൂലോ പഠിപ്പിച്ചതല്ല. സ്വഹാബികളോ അവരെ പിന്തുടർന്ന താബിഉകളോ മുസ്ലിം നേതാക്കളിൽ ആരെങ്കിലുമോ അങ്ങിനെ ഒരു സമ്പ്രദായം അനുഷ്ഠിച്ചിട്ടുമില്ല. സ്വഹാബികളുടെ കാലത്ത് പല പ്രാവശ്യം വരൾച്ചയും അതുപോലുള്ള പ്രയാസങ്ങളും നേരിട്ട സന്ദർഭങ്ങളുണ്ടായിട്ടും അവരാരും പ്രവാചകൻ (സ)യുടെ ഖബറിന് അടുത്തേക്ക് പുറപ്പെട്ടിട്ടേയില്ല. വരൾച്ച നേരിട്ട ഒരു അവസരത്തിൽ ഉമർ(റ) ജനങ്ങളേയും കൊണ്ട് മൈതാനത്തേക്ക് പുറപ്പെടുകയും അബ്ബാസ്(റ)വിനെക്കൊണ്ട് ഇമാമായി മഴക്കുവേണ്ടി പ്രാർത്ഥിപ്പിക്കുകയും ചെയ്തത് പ്രസിദ്ധമാണ്. മുൻഗാമികളായ സലഫുസ്വാലിഹുകൾ, വല്ലവരും

ചെയ്തു. അല്ലാഹുവേ നിൻെറ പ്രീതി ആഗ്രഹിച്ച് മാത്രമാണ് ഞാൻ ഇത് ചെയ്തത്. അതുകൊണ്ട് നാഥാ ഞങ്ങളെ ഈ അപകടത്തിൽ നിന്നും രക്ഷപ്പെടുത്തേണമേ. അതോടെ കല്ല് മുഴുവനായി മാറുകയും അവർ രക്ഷപ്പെടുകയും ചെയതു. (മുതഫഖുൻ അലൈഹി).’’

നബി(സ)യുടെ ഖബറിന് അടുത്ത് നിന്ന് പ്രാർത്ഥിക്കുന്നത് കണ്ടാൽ അത് വിരോധിക്കുന്നവർ കൂടിയായിരുന്നു. ഒരിക്കൽ ഹുസൈൻ (റ)വിൻെറ മകൻ അലി(റ) നബി(സ)യുടെ ഖബർ സ്ഥിതിചെയ്യുന്ന റൂമിനുള്ള ഒരു വിടവിനടുത്ത് ചെന്ന് അതിൽ കടന്ന് ഒരാൾ പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ അതിനെ ശക്തി യായി തടഞ്ഞുകൊണ്ട് ഇങ്ങിനെ പറഞ്ഞു:

**''എൻെറ പിതാവ് പിതാമഹനിൽ നിന്നും കേട്ടതായി എന്നോട് പറഞ്ഞതായ ഒരു കാര്യം ഞാനിതാ നിന്നോട് പറയുകയാണ്. റസൂൽ(സ) പറഞ്ഞു:**

**لاَ تجْعَلُوا قبْرِي عِيدًا وَلاَ تَجْعَلُوا بُيُوتكمْ قبورًا وَصلُّوا عَلَيَّ وَسَلِّمُوا حَيْثُمَا كُنْتُمْ فَسَيبلغَنِي سَلاَمَكُمْ وَصَلاَتَكُمْ (رواه إسماعيل القاضي في كتاب فضل الصلاة على النبي ﷺ ص:٣٤، صححه الألباني في كتابه تحذير الساجد من اتخاذ القبور مساجد ص: ١٤٠)**

**നിങ്ങൾ എൻെറ ഖബറിനെ ആഘോഷസ്ഥലമാക്കരുത്. നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബറിടങ്ങളുമാക്കരുത്. നിങ്ങൾ എനിക്ക് സ്വലാത്തും സലാമും ചൊല്ലുക നിങ്ങൾ എവിടെയായിരുന്നാലും അത് എനിക്ക് എത്തുന്നതാണ്.''[1]**

**മേൽ കൊടുത്തതായ തെളിവ് നമുക്ക് മറ്റൊരു കാര്യവും കൂടി വ്യക്തമാക്കിത്തരുന്നു: ഭൂമുഖത്തുള്ളതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ പ്രവാചകൻെറ ഖബറിൻെറ അടുത്ത് ഉൽസവങ്ങൾ പാടില്ലെങ്കിൽ മററു ഖബറുകളോട് ചേർന്ന് നടത്തപ്പെടുന്നതെല്ലാം തടയപ്പെടേണ്ടതാണ് എന്ന കാര്യത്തിൽ സംശയമേ വേണ്ടതില്ല.**

[1] ഇസ്മാഈലുൽ കാദിയുടെ ഫള്ലു സ്വലാതിന്നബിയ്യ് പേജ് 34, അൽബാനിയുടെ തഖ്ദീറു സ്സാജിദ് മൻ ഇത്തിഖാദിൽ ഖുബൂറ മസാജിദ പേജ് 140.



**അബൂഹുറൈറ(റ) വിൽ നിന്നുമുള്ള മറ്റൊരു ഹദീസു കൂടി കാണുക:**

**لاَ تَجْعَلُوا بُيُوتكمْ قبورًا وَصلُّوا عَلَيَّ ولاَ تجْعَلُوا قبْرِي عِيدًا وَصلُّوا عَلَيَّ فإنَّ صلاَتَكُمْ تَبْلُغَنِي حَيْثُمَا كُنْتُمْ (أبو داود ٢/٢١٨ برقم ٢٠٤٢، أحمد ٢/٣٦٨، الألباني في كتابه تحذير الساجد من اتخاذ القبور مساجد ص: ١٤٢)**

**'' നിങ്ങൾ നിങ്ങളുടെ വീടുകളെ ഖബറുകളാക്കരുത്, എൻെറ ഖബറിനെ നിങ്ങൾ ഉൽസവസ്ഥലവുമാക്കരുത്, നിങ്ങൾ എൻെറ പേരിൽ സലാത്ത് ചൊല്ലുക; നിങ്ങൾ എവിടെയായിരുന്നാലും എനിക്ക് അത് എത്തുന്നതാണ്''[1]**

## البدعة المعاصرة

## കാലികമായ ബിദ്അത്തുകൾ

**സമൂഹത്തിൽ പ്രചരിക്കപ്പെട്ട ബിദ്അത്തുകൾ കണക്കാക്കാൻ കഴിയാത്ത വിധം അനേകമുണ്ട്. അവയിൽ ചിലത് മാത്രം നമുക്ക് വിശകലനം നടത്താം.**

## الاحتفال بمولد النبوي

### നബിദിനാഘോഷം

**മൗലിദ് ആഘോഷം അനാചാരവും നിഷിദ്ധവുമാണ്. ഈ ദുരാചാരം ആദ്യമായി സമൂഹത്തിൽ കൊണ്ടുവന്നത് ഹിജ്റ നാലാം നൂററാണ്ടിൽ ഉബൈദിയ്യാ വിഭാഗമാണ്. ആധുനി**

[1] അബൂദാവൂദ് 2/218 നമ്പർ 2042, അഹ്മദ് 2/367, അൽബാനിയുടെ തഖ്ദീറു സ്സാജിദ് മൻ ഇത്തിഖാദിൽ ഖുബൂറ മസാജിദ പേജ് 142.

കരും പൗരാണികരുമായ പണ്ഡിതന്മാർ ഇതിൻെറ പൊള്ള ത്തരത്തെ തുറന്നുകാണിച്ചും ഇത് ആഘോഷിക്കുന്നവരേയും അതിൻെറ നിർമ്മാതാക്കളേയും എതിർത്തും ഇതിൻെറ ദൂഷ്യങ്ങൾ വ്യക്തമാക്കിയിട്ടുമുണ്ട്.
മൗലിദ് ആഘോഷം ഒരു മുസ്ലിമിന് ആഘോഷിക്കൽ അനുവദനീയമല്ല എന്നത് താഴെ പറയുന്ന കാരണങ്ങളിലൂടെ വ്യക്തമാകുന്നതാണ്.

**1. അത് മതത്തിൽ പുതുതായി ഉണ്ടാക്കപ്പെട്ടതാണ്.**

അല്ലാഹുവിൽ നിന്നോ റസൂലിൽ നിന്നോ സ്ഥിരപ്പെട്ടു വന്ന പ്രമാണങ്ങളുടെ പിൻബലമില്ലാത്തതും മതത്തിൽ കടത്തിക്കൂട്ടപ്പെട്ടതുമായ പുതിയതും നിഷിദ്ധവുമായ ആചാരമാണ് ജന്മദിനാഘോഷം. നബി(സ) തൻെറ വാക്കിലൂടെയോ പ്രവർത്തനത്തിലൂടെയോ അംഗീകാരത്തിലൂടെയോ പ്രസ്തുത ആചാരം മതത്തിൻെറ ഭാഗമായി സമുദായത്തെ പഠിപ്പിച്ചിട്ടില്ല. അദ്ദേഹമാണല്ലൊ നമ്മുടെ നേതാവും മാതൃകാപുരുഷനും.
അല്ലാഹു പറയുന്നത് കാണുക:

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر ٧)

''നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക, എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്നും നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.''[1]

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الآخِرَ وَذَكَرَ اللَّهَ كَثِيرًا ( سورة الأحزاب ٢١)

[1] ഹശ്ർ 7.



''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവേയും അന്ത്യദിനത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്തുവരുന്നവർക്ക്''[1]

നബി(സ)യുടെ താക്കീതും ഇതോടു ചേർത്ത് നാം വായിക്കുക:

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്''[2]

**2.പൂർവ്വികരാരും ജന്മദിനാഘോഷം നന്മയായി കണ്ടിട്ടില്ല.**

നബി(സ)ക്ക് കഴിഞ്ഞുപോയ ഉത്തമ നൂററാണ്ടിൽ പെട്ട ഖുലഫാഉർറാഷിദുകളോ സ്വഹാബികളിൽ പെട്ട മററ് ആരെങ്കിലുമോ ജന്മദിനം ആഘോഷിച്ചിട്ടില്ല. ഖുലഫാഉർറാഷിദുകളുടെ സ്ഥാനത്തെ സംബന്ധിച്ച നബി(സ) പറഞ്ഞത് കാണുക:

عليكم بسنّتي وسنة الخلفاء الراشدين المهديين عضُّوا عليها بالنواجذ وإياكم ومحدثات الأمور فإنّ كل بدعة ضلالة (أبو داود ٤/٢٠١ برقم ٤٧٠٧، والترمذي ٥/٤٤ برقم ٢٦٧٦)

നിങ്ങൾ എൻെറ സുന്നത്തും എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫ മാരുടെ ചര്യയും പിൻപററുക. അത് നി

[1] അഹ്സാബ് 21
[2] മുതഫഖുൻ അലൈഹി.

ങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുകയും ചെയ്യുക. നിശ്ചയം നൂതനാചാരങ്ങളെല്ലാം ദുർമാർഗ്ഗമാണ് ''[1]

**3. മതത്തിൽ നിന്നും തെററിപ്പോയ പിഴച്ച വിഭാഗക്കാരു ടെ ആചാരമാണ് ജന്മദിനാഘോഷം.**

ഹിജ്റ: നാലാം നൂററാണ്ടിൽ, ഇസ്ലാമിൽ നിന്നും തെററിപ്പോയ ശിയാ വിഭാഗത്തിൽപെട്ട ഫാത്വിമിയ്യ, ഉബൈദിയ്യ എന്നീ വിഭാഗങ്ങളാണ് ഈ ബിദ്അത്തിന് തുടക്കം കുറിച്ചത്. അവർ തങ്ങളുടെ പേര് മഹതി ഫാതിമ(റ)യിലേക്ക് ചേർക്കുന്നത് അന്യായവും അക്രമവും വഞ്ചനയുമാണ്; യഥാർത്ഥത്തിൽ അവർ ജൂതന്മാരാണ്. അതല്ല മജൂസികളാണ് നിരീശ്വരവാദികളാണ് എന്നീ അഭിപ്രായങ്ങളുള്ളവരുമുണ്ട്.[2]

മൊറോക്കക്കാരനും പിന്നീട് ഹിജ്റ: 361 ശവ്വാൽ മാസം ഈജിപ്തിലേക്ക് പുറപ്പെട്ട് 361 ൽ ഈജിപ്തിൽ എത്തിയ അൽ മുഇസ്സു ലി ദീനില്ലാ അൽ ഉബൈദിയാണ് ആദ്യമായി ഈ ബിദ്അത്തിന് തുടക്കം കുറിച്ചത് എന്ന് പറയപ്പെടുന്നു.[3] ഒരു തൻേറടമുള്ള മുസ്ലിമിന് എങ്ങിനെയാണ് മുഹമ്മദ് (സ) യുടെ ജീവിതമാതൃക ഒഴിവാക്കി റാഫിളികളുടെ[4] ആചാരങ്ങളെ അനുകരിക്കുകയും പിന്തുടരുകയും ചെയ്യും !

---

[1] അബൂദാവൂദ് 4/201 നമ്പർ 4707. തുർമുദി 5/44 നമ്പർ 2676.

[2] ശൈഖ് അലി മഹ്ഫൂളിൻെറ അൽ ഇബ്ദാഅ് ഫീ മളാർറിൽ ഇബ്തിദാണ് (പേജ് 251), ഡോക്ടർ നാസിർ ബിൻ അബ്ദുർറഹ്മാൻ അൽ ജദൈഇയുടെ അത്തബർറുക് അൻവാഉഹു വ അഹ്കാമുഹു (പേജ് 272, 273)

[3] ഇബ്നു കഥീറിൻെറ അൽബിദായ വന്നിഹായ 11/272, 12/267. ദഹബിയുടെ സിയറു അഅ്ലാമു ന്നുബലാഅ് 15/159

[4] ശിയാക്കളിൽ വളരെയേറെ തെററിപ്പോയ ഒരു വിഭാഗമാണ് റാഫിളികൾ അബൂബക്കർ, ഉമർ, ഉഥ്മാൻ (റ) എന്നിവരുടെ മേൽ ശാപപ്രാർത്ഥന നടത്തൽ പുണ്യകർമ്മമായി കാണുക വരെ ചെയ്യുന്ന വിഭാഗമാണ് അവർ എന്ന് പറയപ്പെടുന്നു.



**3. മതം പൂർത്തിയാക്കപ്പെട്ടിരിക്കുന്നു.**

ഇസ്ലാം അല്ലാഹു മുഹമ്മദ് നബി(സ)യോട് കൂടിത്തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പിന്നീട് മതത്തിൽ എന്തെങ്കിലും ഒരു പുതിയ കാര്യം നിർമ്മിക്കുവാനോ കൂട്ടിച്ചേർക്കുവാനോ ഒരാൾക്കും അവകാശമില്ല.
അല്ലാഹു പറയുന്നു:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا
( سورة المائدة ٣)

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേററിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.''[1]

പ്രവാചകൻ (സ) ഇസ്ലാമിനെ വ്യക്തമായും നമുക്ക് എത്തിച്ചുതന്നുകഴിഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് എത്തുന്നതിനും നരകത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുമുള്ള ഒരു മാർഗ്ഗവും അദ്ദേഹം തൻെറ സമുദായത്തിന് വ്യക്തമാക്കിക്കൊടുക്കാതെ ഉപേക്ഷിച്ചിട്ടില്ല. അദ്ദേഹമാകട്ടെ പ്രവാചകരിൽ ശ്രേഷ്ഠരും അവസാനത്തെ വ്യക്തിയും അല്ലാഹുവിൻെറ ദാസന്മാരോട് അങ്ങേയററം ഗുണകാംക്ഷയുള്ളവരും ജനങ്ങൾക്ക് എത്തിക്കേണ്ടതായ മുഴുവൻ കാര്യങ്ങളും പരിപൂർണ്ണമായും എത്തിച്ച വ്യക്തിയുമാണ്. ജന്മദിനാഘോഷം അല്ലാഹു തൃപ്തിപ്പെടുന്നതും പുണ്യകർമ്മവുമായിരുന്നു

---

[1] **സൂറ മാഇദ: 3**

വെങ്കിൽ മുഹമ്മദ് നബി(സ) അത് തൻെറ സമുദായത്തിന് അത് അറിയിക്കുകയോ തൻെറ ജീവിതത്തിൽ ഒരിക്കലെങ്കിലും അത് പ്രവർത്തിക്കുകയോ ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക:

مَا بَعَثَ اللهُ مِنْ نَبِي إلاَّ كَانَ حَقًّا عَلَيْهِ أنْ يَدُلَّ أمَّتَهُ عَلَى خَيْرٍ مَا يَعْلَمُهُ لَهُمْ ، وَيُنْذِرَهُمْ شَرَّ مَا يَعْلَمُهُ لَهُمْ (مسلم كتاب الإمارة باب وجوب الوفاء ببيعة الخلفاء ١٤٧٣/٢ برقم ١٨٤٤)

''അല്ലാഹു നിയോഗിച്ചതായ പ്രവാചകകന്മാരിൽ ഒരാളും തന്നെയില്ല, തൻെറ ഉമ്മത്തിന് ഗുണകരമായി താൻ അറിയുന്ന കാര്യങ്ങൾ അവരെ അറിയിക്കുകയും അവർക്ക് ദോഷകരമായി താൻ അറിയുന്ന കാര്യങ്ങളെ അവരോട് താക്കീത് നൽകുകയും ചെയ്യൽ അവരുടെ മേൽ ബാധ്യതയായി അല്ലാഹു ചുമതലപ്പെടുത്തിക്കൊണ്ടല്ലാതെ.''[1]

**4. മതം പരിപൂർണ്ണമായിട്ടില്ല എന്ന് വാദിക്കലാണ്**

ജന്മദിനാഘോഷം പോലെയുള്ള ബിദ്അത്തുകൾ നിർമ്മിക്കൽ അല്ലാഹു ഈ സമുദായത്തിന് മതം പരിപൂർണ്ണമാക്കിക്കൊടുത്തിട്ടില്ല എന്നും അതുകൊണ്ട് മതത്തെ പരിപൂർണ്ണമാക്കാനുള്ള മത നിയമങ്ങൾ ഇനിയും അനിവാര്യമായിട്ടുണ്ട് എന്ന് വാദിക്കലാണ് !. അതുപോലെ റസൂൽ (സ) തൻെറ സമുദായത്തിന് അറിയിക്കേണ്ടതായ മുഴുവൻ കാര്യങ്ങളും അറിയിച്ചിട്ടില്ല; അതുകൊണ്ടാണ് അല്ലാഹുവിൽ നിന്നും പുണ്യം നേടുന്നതിനായി പുത്തൻ വാദികളായ ഈ ജന്മദിനാഘോഷവാദികൾക്ക് ഇത്തരം ഒരു പുണ്യകർമ്മം ഉണ്ടാക്കേണ്ടി വന്നത് എന്നും വാദിക്കലാണ് അത് !! അതാക

[1] മുസ്ലിം; കിതാബുൽ ഇമാറത്ത് 2/1473, ഹദീസ് നമ്പർ 1844.



ട്ടെ അങ്ങേയററം അപകടകരമാണ് എന്ന കാര്യത്തിൽ സംശയമില്ല. അത് അല്ലാഹുവിനോടും അവൻെറ പ്രവാചകനോടുമുള്ള വ്യക്തമായ ഒരു ധിക്കാരപ്രവർത്തനവുമാണ്. അല്ലാഹുവാകട്ടെ അവൻ തൻെറ മതം പൂർത്തിയാക്കുകയും അവൻെറ അനുഗ്രഹങ്ങളെ തൻെറ ദാസന്മാരുടെ മേൽ പരിപൂർണ്ണമാക്കുകയും ചെയ്തുകഴിഞ്ഞതാണ്.

**6.സൂക്ഷ്മജ്ഞരായ പണ്ഡിതന്മാർ എതിർക്കുന്നു**

ജന്മദിനാഘോഷം നിഷിദ്ധമാണ് എന്നും അതിൽനിന്നും വിട്ടുനിൽക്കണമെന്നും സൂക്ഷ്മജ്ഞാനികളായ പണ്ഡിതന്മാർ ഖുർആനിൻെറയും ഹദീസിൻെറയും അടിസ്ഥാനത്തിൽ അവരുടെ രചനകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം പ്രവാചകചര്യ പിൻപററേണ്ടതിൻെറ അനിവാര്യതയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും കർമ്മങ്ങളിലൂടെയും സുന്നത്തിനെതിരായി ബിദ്അത്തുകൾ വന്നുപോകുന്നതിൻെറ അപകടത്തേയും അവർ ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**7.ജന്മദിനാഘോഷം പ്രവാചകസ്നേഹമല്ല**

ജന്മദിനാഘോഷം പ്രവാചകസ്നേഹത്തിൻെറ ഭാഗമാണ് എന്നാണ് അതിൻെറ പ്രചാരകർ വാദിക്കുന്നത്. എന്നാൽ അത് ഒരിക്കലും പ്രവാചക സ്നേഹത്തിലോ, പ്രവാചകൻെറ സ്നേഹം കരസ്ഥമാക്കുവാനുള്ള മാർഗ്ഗമോ അല്ല. പ്രവാചകൻ(സ)യെ പിൻപററുകയും അദ്ദേഹത്തിൻെറ സുന്നത്ത് അനുഷ്ഠിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക എന്നതാണ് പ്രവാചക സ്നേഹം കരസ്ഥമാക്കാനുള്ള മാർഗ്ഗം .

അല്ലാഹു പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ اللّهَ فَاتَّبِعُونِي يُحْبِبْكُمُ اللّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللّهُ غَفُورٌ رَّحِيمٌ ( سورة آل عمران ٣١)

''(നബിയേ), പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.''[1]

### 8.ജന്മദിനാഘോഷം ജൂതക്രിസ്ത്യയരെ അനുകരിക്കൽ

ഇന്ന് നടപ്പിലുള്ള ജന്മദിനാഘോഷവും നബിദിനവുമെല്ലാം തികച്ചും ജൂതക്രൈസ്തവരെ അനുകരിക്കലാണ്. അതാകട്ടെ ഇസ്‌ലാം വിരോധിച്ചിട്ടുള്ള വിഷയവുമാണ്.

### 9. ഭൂരിപക്ഷം സത്യത്തിൻെറ മാനദണ്ഢമല്ല

ജന്മദിനം ആഘോഷിക്കുന്നവർ അതിന് ന്യായീകരണമായി പറയാറുള്ളത് അത് ആഘോഷിക്കുന്നവരുടെ ആധിക്യമാണ്. എന്നാൽ ബുദ്ധിമാൻ ഒരിക്കലും തന്നെ ബിദ്അത്ത് പ്രവർത്തിക്കുന്ന ജനങ്ങളുടെ ആധിക്യത്തിലോ അത് നടപ്പിലുള്ള നാടുകളുടെ എണ്ണത്തിലോ വഞ്ചിതരാകുന്നതല്ല. സത്യത്തിൻെറ മാനദണ്ഢം അത് അനുഷ്ഠിക്കുന്നവരുടെ ജനങ്ങളുടെ എണ്ണമല്ല. മറിച്ച് മതനിയമങ്ങളുടെ പിൻബലമുണ്ടോ എന്നതാണ്.
ഇക്കാര്യം അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

وَإِن تُطِعْ أَكْثَرَ مَن فِي الأَرْضِ يُضِلُّوكَ عَن سَبِيلِ اللّهِ ( سورة الأنعام)

[1] സൂറ ആലുഇംറാൻ 31.



'' ഭൂമിയിലുള്ളവരിൽ അധികപേരേയും നീ അനുസരിക്കുന്ന പക്ഷം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് നിന്നെ അവർ തെററിച്ചുകളയുന്നതാണ്.''[1]

وَمَا أَكْثَرُ النَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ( سورة يوسف ١٠٣)

''എന്നാൽ നീ അതിയായി ആഗ്രഹിച്ചാലും മനുഷ്യരിൽ അധിക പേരും വിശ്വസിക്കുന്നവരല്ല''[2]

وَقَلِيلٌ مِّنْ عِبَادِيَ الشَّكُورُ ( سورة سبأ ١٣)

''തികഞ്ഞ നന്ദികാണിക്കുന്നവർ എൻെറ ദാസന്മാരിൽ അപൂർവ്വമത്രെ.''[3]

### 10. അഭിപ്രായവ്യത്യാസം പ്രമാണങ്ങളിലേക്ക് മടക്കണം

അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമ്പോൾ അത് ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കണം എന്നതാണ് അല്ലാഹു ആവശ്യപ്പെടുന്നത്.

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً ( سورة النساء ٥٩)

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക, (അല്ലാഹുവിൻെറ) ദൂതനേയും, നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളേയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾ അഭിപ്രായ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വ

[1] അൻആം 116.
[2] യൂസുഫ് 103.
[3] സബഅ് 13.

സിക്കുകയാണ് എങ്കിൽ (നിങ്ങൾ അതാണ് ചെയ്യേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ലപര്യവസാനമുള്ളതും''[1] അതുകൊണ്ട് ഈ വിഷയം നാം പ്രമാണങ്ങളായ ഖുർആനിലേക്കും ഹദീസിലേക്കും മടക്കുകയാണ് വേണ്ടത്.

وَمَا اخْتَلَفْتُمْ فِيهِ مِن شَيْءٍ فَحُكْمُهُ إِلَى اللَّهِ ( سورة الشورى ١٠)

''നിങ്ങൾ അഭിപ്രായ വ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പ് കൽപ്പിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു''[2]

ജന്മദിനാഘോഷം എന്ന നൂതന സമ്പ്രദായത്തെ നാം അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കിയാൽ പ്രവാചകനെ പിൻപററാനുള്ള കല്പനയാണ് നമുക്ക് കാണാൻ കഴിയുക.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر ٧)

''നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക, എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്നും നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.''[3]

അല്ലാഹു മതം പൂർത്തിയാക്കുകയും തൻെറ അനുഗ്രഹം വിശ്വാസികൾക്ക് പരിപൂർണ്ണമാക്കിത്തരികയും ചെയ്തു കഴിഞ്ഞു. നബി(സ) യാകട്ടെ ജന്മദിനാഘോഷം എന്ന ഒരു പുണ്യകർമ്മം തൻെറ ജീവിതത്തിൽ അനുഷ്ഠിക്കുകയോ തൻെറ അനുചരന്മാരോട് അനുഷ്ഠിക്കാൻ കല്പിക്കുകയോ

[1] നിസാഅ് 59.

[2] ശൂറ 10.

[3] ഹശ്ർ 7.



അവരിലാരെങ്കിലും ഒരിക്കലെങ്കിലും അനുഷ്ഠിക്കുകയോ ഉണ്ടായിട്ടില്ല. അതിൽ നിന്നുതന്നെ ജന്മദിനാഘോഷം മതത്തിൽ പെട്ടതല്ല; എന്നും അത് പിന്നീട് ഉണ്ടാക്കിയ ബിദ്അത്ത് ആണ് എന്നും മനസ്സിലാക്കാം.

**11. തിങ്കളാഴ്ച നോമ്പ് തെളിവാകുന്നില്ല**

ജന്മദിനാഘോഷവാദക്കാർ അതിന് തെളിവായി ഉന്നയിക്കാറുള്ള ഒരു രേഖയാണ് തിങ്കളാഴ്ച ദിവസം സുന്നത്ത് നോമ്പ് അനുഷ്ഠിക്കാൻ നബി(സ) പറഞ്ഞ താഴെ പറയുന്ന ഹദീസ്:

أنّ النبي ﷺ سئل عن صوم يوم الاثنين فقال: ذاك يوم ولدت فيه، وبعثت فيه، أو أنزل عليّ القرآن (مسلم كتاب الصيام ٨١٩/٢ رقم ١١٦٢)

''തിങ്കളാഴ്ച ദിവസ നോമ്പിനെ സംബന്ധിച്ച് നബി(സ) യോട് ചോദിക്കപ്പെട്ടു. അന്നേരം അദ്ദേഹം പറഞ്ഞത്: അന്നാണ് ഞാൻ ജനിച്ചത്, അന്നാണ് ഞാൻ നബിയായി നിയോഗിക്കപ്പെട്ടത്, അല്ലെങ്കിൽ അന്നാണ് എനിക്ക് ഖുർആൻ അവതരിക്കപ്പെട്ടത''[1]

ഈ ഹദീസിൽ ജന്മദിനാഘോഷത്തിൻെറ യാതൊരു സൂചനയുമില്ല. ഇതനുസരിച്ച് നാം എല്ലാ മാസങ്ങളിലേയും തിങ്കളാഴ്ചകളിൽ കഴിയുമെങ്കിൽ നോമ്പ് അനുഷ്ഠിച്ച് പ്രവാചകനെ പിൻപററുകയും, ജന്മദിനം ആഘോഷിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് കരണീയമായിട്ടുള്ളത്.

**12. ജന്മദിനാഘോഷത്തിൽ നിഷിദ്ധങ്ങളും**

[1] മുസ്ലിം. കിതാബുസ്സിയാം 2/819 നമ്പർ 1162.

**ജന്മദിനാഘോഷം പുണ്യമാണ് എന്ന് വാദിച്ച് ചെയ്തുകൊണ്ടിരിക്കുന്നത് നിഷിദ്ധ കർമ്മങ്ങളോ അതല്ലെങ്കിൽ അതിലേക്ക് പ്രേരകമാകുന്ന കാര്യങ്ങളോ ആണ്. ചില ഉദാഹരണങ്ങൾ കാണുക.**

**ഒന്ന്:** ജന്മദിനാഘോഷത്തിൽ പ്രവാചക(സ)യുടെ മദ്ഹ് (സ്തുതിഗീതങ്ങൾ) എന്ന പേരിൽ ആലപിക്കുന്ന കീർത്തന ഗാനങ്ങൾ ശിർക്കിൻെറ (ബഹുദൈവാരാധനയുടെ) വരികളും പ്രവാചകൻ വിരോധിച്ചതായ അമിതമായ പാടിപുകഴ്ത്തലുകളും നിറഞ്ഞു നിൽക്കുന്നു. പ്രവാചകൻ (സ) തന്നെ അമിതമായി പാടിപ്പുകഴ്ത്തുന്നത് വിരോധിച്ചുകൊണ്ട് പറയുന്നത് കാണുക:

**لاَ تُطِرُوني كما أطرَّتِ النصارى ابن مريم فإنما أناَ عبدهُ فقولوا عبد الله ورسوله (البخاري ٤/١٧١ رقم ٣٤٤٥)**

**''ക്രിസ്ത്യാനികൾ മറിയമിൻെറ പുത്രനെ (ഈസനബി (അ)യെ) പാടിപ്പുകഴ്ത്തുന്നത് പോലെ നിങ്ങൾ എന്നെ പാടിപുക്ത്തരുത്. ഞാൻ അവൻെറ ഒരു ദാസനാണ്. അതിനാൽ നിങ്ങൾ എന്നെ അല്ലാഹുവിൻെറ ദാസനും റസൂലും എന്ന് പറയുക''[1]**

**രണ്ട്: ജന്മദിനമെന്ന മൗലിദ് ആഘോഷ വേളകളിൽ പലവിധ നിഷിദ്ധകാര്യങ്ങൾ ഇന്ന് കാണപ്പെടുകയും ചെയ്യുന്നു. സ്ത്രീപുരുഷന്മാരുടെ കൂടിച്ചേരലുകൾ, വാദ്യോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഗാനാലാപനങ്ങൾ, ലഹരി പദാർത്ഥങ്ങളുടേയും മയക്കുമരുന്നുകളുടേയും ഉപയോഗം എന്നിവയെല്ലാം ഇന്ന് മേൽ പറയപ്പെട്ട പണ്യകർമ്മമെന്ന പേരിൽ ആചരിക്കുന്ന ആഘോഷത്തിനു പിന്നിൽ നടന്നു വരുന്നു. അതിനേക്കാൾ ഗുരുതരമായ, പ്രവാചകനോടും അതു**

[1] ബുഖാരി കിതാബുൽ അമ്പിയാഅ് 4/171, നമ്പർ 3445)



**പോലെ മററ് വലിയ്യുകളോടും ഇസ്തിഗാസ (സഹായാഭ്യർത്ഥനകൾ) വരെ നടത്തുന്ന തനിച്ച ശിർക്ക് വരെ ഇത്തരം സന്ദർഭങ്ങളിൽ സംഭവിക്കുന്നു. അല്ലാഹുവിൻെറ ഗ്രന്ഥമായ പരിശുദ്ധ ഖുർആനിനെ വരെ ചിലർ നിന്ദിക്കുന്നു. കാരണം ഖുർആൻ ഓതുന്നതോടൊപ്പം പുകവലിച്ചുകൊണ്ടിരിക്കുന്നു. മൗലിദ് ആഘോഷത്തിനായി ചിലവഴിക്കുന്ന ധൂർത്തും വ്യയവും കണക്കില്ലാത്തതുമാണ്. എന്തിനധികം പള്ളികളിൽ പോലും അന്നേരം അനാചാരങ്ങളും ഇസ്ലാമിൽ മാതൃകയില്ലാത്ത ഹൽഖകളും മൗലിദ് സദസ്സുകളും ഉണ്ടാക്കി ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുന്നു. ഈ പറയപ്പെട്ടതെല്ലാം മതത്തിൽ ഇല്ലാത്തതാണ് എന്ന കാര്യത്തിൽ സൂക്ഷ്മജ്ഞാനികളായ പൺഢിതന്മാർ ഏകാഭിപ്രായക്കാരാണ്.[1]**

**മൂന്ന് : മേൽ പറയപ്പെട്ടവക്ക് പുറമെ മററ് പല ദുഷിച്ച പ്രവർത്തനങ്ങളും ഇക്കൂട്ടർ ചെയ്തുവരുന്നു. നബി(സ)യുടെ പേരിൽ ആലപിക്കുന്ന കീർത്തനങ്ങളിൽ അദ്ദേഹത്തിൻെറ ജനനത്തെ സംബന്ധിച്ചും മററും പറയപ്പെടുമ്പോൾ ആദരസൂചകമായി എഴുന്നേററു നിൽക്കുക, മൗലിദ് സദസ്സുകളിൽ പ്രാചകൻ(സ) ഹാജറാകും എന്ന് വിശ്വസിക്കുകയും അതനുസരിച്ച് അദ്ദേഹത്തെ വരവേൽക്കുകയും സ്വാഗതം ചെയ്യുകയും ചെയ്ത് നിന്നുകൊണ്ട് അഭിവാദനങ്ങൾ അർപ്പിക്കുക എന്നത് വരെ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം അങ്ങേയററമെത്തിയ അന്ധവിശ്വാസവും വിഢ്ഢിത്തവുമാണ്. യഥാർത്ഥത്തിൽ പ്രവാചകൻ(സ) അന്ത്യനാളിലല്ലാതെ ഖബറിൽ നിന്ന് പുറത്തുവരുന്നതല്ല. ഖിയാമത്ത് നാളു**

[1] ശൈഖ് അലി അൽമഹ്ഫൂളിൻെറ അൽ ഇബ്ദാഉ ഫീ മളാർറിൽ ഇബ്തിദാഅ് എന്ന ഗ്രന്ഥം (പേജ് 251 മുതൽ) കാണുക.

വരെ അദ്ദേഹം ഖബറിൽ തന്നെയായിരിക്കും. അതിനു മുമ്പായി ആരെങ്കിലുമായി ബന്ധം പുലർത്തുകയോ, ഏതെങ്കിലും സദസ്സുകളിൽ ഹാജറാവുകയോ ചെയ്യുന്നതല്ല; അതു വരേക്കും അദ്ദേഹത്തിൻെറ ആത്മാവ് അല്ലാഹുവിങ്കൽ ആദരണീയമായ നിലയിൽ ഇല്ലിയ്യീനിൽ[1] ആയിരിക്കും.[2]

അല്ലാഹു പറയുന്നു:

ثُمَّ إِنَّكُمْ بَعْدَ ذَٰلِكَ لَمَيِّتُونَ ،ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ تُبْعَثُونَ (سورة المؤمنون ١٥، ١٦)

''പിന്നീട് തീർച്ചയായും നിങ്ങൾ അതിനുശേഷം മരിക്കുന്നതാണ്. പിന്നീട് ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നതാണ്.''[3]

നബി(സ) പറയുന്നു:

أنا سيد ولد آدم يوم القيامة وأوّل مَنْ يَنْشَقُ عَنْهُ الْقبرُ وَأول شَافِعٍ وَأوَّل مُشْفِعٍ (مسلم كتاب الفضائل ٤/١٧٨٢ رقم ٢٢٧٨)

''ഞാനായിരിക്കും അന്ത്യനാളിൽ മനുഷ്യരുടെ നേതാവ്, ഞാനായിരിക്കും ഖബർ പിളർന്ന് ആദ്യമായി ഉയിർത്തെഴുന്നേൽക്കുക, ഞാനായിരിക്കും ആദ്യമായി ശുപാർശ ചെയ്യുകയും ആദ്യമായി ശുപാർശ സ്വീകരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിയും''[4]

മേൽ പറയപ്പെട്ടതും അതേ ആശയത്തിലുള്ളതായ മററു ഹദീസുകളിൽ നിന്നും ആയത്തുകളിൽ നിന്നും പ്രവാചകൻ

[1] മരണശേഷം സജ്ജനങ്ങളുടെ ആത്മാക്കളെയും കർമ്മരേഖയും സൂക്ഷിക്കപ്പെടുന്ന ഇടമാണ് ഇല്ലിയ്യീൻ എന്നതാണ് നിഗമനം.

[2] ശൈഖ് ഇബ്നുബാസിൻെറ തഅ്ദീറു മിനൽ ബിദഅ് പേജ്: 13.

[3] മുഅ്മിനൂൻ 15,16.

[4] മുസ്ലിം കിതാബുൽ ഫളാഇൽ 4/1782, നമ്പർ 2278.



(സ)യും മററുള്ളവരും മരണശേഷം അന്ത്യനാളിൽ മാത്രമേ ഖബറുകളിൽ നിന്ന് പുറത്തുവരികയുള്ളൂ എന്നാണ് മനസ്സിലാക്കിത്തരുന്നത്. ഈ വിഷയത്തിൽ മുസ്ലിം പണ്ഡിതർക്ക് ഇടയിൽ അഭിപ്രായവ്യത്യാസമേ ഇല്ല എന്നാണ് ശൈഖ് ഇബ്നു ബാസ്(റ) അഭിപ്രായപ്പെട്ടിട്ടുള്ളത്.[1]

## احتفال شهر رجب

## റജബ് മാസം (റഗാഇബ് നമസ്കാരം)

റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവ് പ്രത്യേക ദിവസമായി കാണുകയും അന്ന് ആഘോഷങ്ങളും പ്രത്യേക ആരാധനകളും നിർവ്വഹിക്കുന്നതും ബിദ്അത്തും നിഷിദ്ധവുമാണ്. അബൂമുഹമ്മദുൽ മഖ്ദസി എന്ന പണ്ഡിതൻ പറഞ്ഞതായി അബൂബക്കർ ത്വർത്വൂശി (റ) പറയുന്നു: ''റജബ് മാസത്തിൽ ചിലർ നിർവ്വഹിക്കുന്ന പ്രത്യേക നമസ്കാരം ഹിജ്റ 480 ന് ശേഷം മാത്രമാണ് ഞങ്ങളുടെ നാട്ടിൽ ബൈതുൽ മുഖദ്ദസിൽ നിർവ്വഹിക്കാൻ തുടങ്ങിയത്. അതിന് മുമ്പ് അങ്ങിനെ ഒരു നമസ്കാരത്തെ സംബന്ധിച്ച് ഞങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല.''[2]

അബൂശാമ (റ) പറയുന്നു: സ്വലാത്തു ർറഗാഇബ് എന്ന പേരിൽ റജബ് ആദ്യ വെള്ളിയാഴ്ച മഗ്രിബിൻേറയും ഇശാഇ

[1] തഅ്ദീറു മിനൽ ബിദഅ് പേജ് 14.

[2] അബൂബക്കർ ത്വർത്വൂശിയുടെ അൽഹവാദിഥു വൽ ബിദഅ് പേജ് 267.

ൻേറയും ഇടക്ക് ഒരു നമസ്കാരവും ഇന്ന് വ്യാപകമായിട്ടുണ്ട്[1]

ഇബ്നു റജബ് (റ) പറയുന്നു: ''റജബ് മാസത്തിൽ പ്രത്യേകമായി യാതൊരു നമസ്കാരവും സ്ഥിരപ്പെട്ടു വന്നിട്ടില്ല. റജബ് മാസത്തിലെ ആദ്യ വെള്ളിയാഴ്ച ഉള്ളതായി പറയപ്പെടുന്ന റഗാഇബ് എന്ന പേരിലുള്ള നമസ്കാര സംബന്ധമായി വന്ന ഹദീസുകളെല്ലാം വ്യാജവും കളവും തെളിവിന് കൊള്ളാത്തതുമാണ്. പണ്ഢിതന്മാരിൽ ഭൂരിഭാഗവും ഇത് ബിദ്അത്താണ് എന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്''[2]

ഇബ്നു ഹജറുൽ അസ്ഖലാനി(റ) പറയുന്നു: ''റജബ് മാസത്തിന് മാത്രമായി പ്രത്യേകതയുള്ളതായും, ആ മാസത്തിൽ നോമ്പ് ഉള്ളതായും, നിർണ്ണിത രാത്രി പ്രത്യേക നമസ്കാരമുള്ളതായും പറയുന്ന, തെളിവിന് കൊള്ളാവുന്ന വിധത്തിലുള്ള യാതൊരു ഹദീസും നബി(സ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല''[3]

പിന്നീട്, ഈ മാസത്തിൻെറ ശ്രേഷ്ഠതയെയും ഈ മാസം മുഴുവനായോ ഏതാനും ദിവസങ്ങളിലോ നോമ്പ് ഉള്ളതായും പറയുന്ന ഹദീസുകളെ അസ്ഖലാനി (റ) രണ്ടായി ഭാഗിച്ചുകൊണ്ട് അവയെല്ലാം ദുർബ്ബലങ്ങളോ വ്യാജനിർമ്മിതമോ ആണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.[4] റഗാഇബ് നമസ്കാരം റജബിലെ ആദ്യ വ്യാഴാഴ്ച ദിവസം നോമ്പ് അനുഷ്ഠിച്ചു കൊണ്ട് തന്നെ നോമ്പ് തുറക്കാതെ ഇശാ മഗ്രി

[1] അബൂശാമയുടെ അൽബാഇഥ് അലാ ഇൻകാരിൽ ബിദഇ വൽഹവാദിഥ് 138.
[2] ലത്വാഇഫുൽ മആരിഫി ഫീമാ ലിമവാസിമിൽ ആംമി മിനൽ വളാഇഫി 228.
[3] തബ്യീനുൽ ഉജുബ് ബിമാ വറദ ഫീ ഫള്ലി റജബ് പേജ് 23.
[4] തബ്യീനുൽ ഉജുബ് ബിമാ വറദ ഫീ ഫള്ലി റജബ് പേജ് 23



ബിന് ഇടയിലായി 12 റക്അത്ത് നമസ്കരിക്കണം എന്നാണ്. ശേഷം ഈ നമസ്കാരത്തിൽ ഓരോ റക്അത്തിലും ഫാതിഹക്ക് ശേഷം മൂന്ന് പ്രാവശ്യം സൂറത്തുൽ ഖദ്റും, 12 തവണ വീതം സൂറത്തുൽ ഇഖ്ലാസും പാരായണം ചെയ്യണം. ഓരോ റക്അത്തും കഴിഞ്ഞാൽ ഒരു സലാം വീട്ടിക്കൊണ്ട് അവ തമ്മിൽ വേർതിരിക്കുന്നു. അതിന് ശേഷം അതിലെ നീണ്ട തസ്ബീഹുകൾ, സുജൂദുകൾ, ഇസ്തിഗ്ഫാറുകൾ എന്നിവയെ സംബന്ധിച്ച് ദീർഘമായി ചർച്ച ചെയ്ത ശേഷം അദ്ദേഹം പറയുന്നത് ഇത് വിവരിക്കപ്പെട്ട ഹദീസ് നബി(സ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയതും വ്യാജവുമാണ് എന്നാണ്. ചിലപ്പോൾ കഠിനമായ ചൂടുള്ള അവസരങ്ങളിലെ പകലുകളിൽ നോമ്പ് അനുഷ്ഠിച്ചാൽ മഗ്രിബ് നമസ്കരിക്കുന്നത് വരെ ഭക്ഷണം കഴിക്കാൻ തന്നെ കഴിയുകയില്ല; എന്നിട്ട് മേൽ പറഞ്ഞ നിലക്ക് നീണ്ട തസ്ബീഹുകളോടും സുജൂദുകളോടും കൂടിയുള്ള നമസ്കാരം അങ്ങേയററം പ്രയാസമുണ്ടാക്കുകതന്നെ ചെയ്യും. അത്തരം അവസരങ്ങളിൽ റമദാനിലെ നോമ്പും തുടർന്നുള്ള തറാവീഹ് നമസ്കാരവും തന്നെ തീരെ വിശ്രമവും ഇടവേളയില്ലാതെയും നിർവ്വഹിക്കൽ വെറുക്കപ്പെട്ടതായാണ് ഞാൻ കാണുന്നത്. എന്നാൽ സാധാരണക്കാരായ ആളുകൾ നിർബന്ധ നമസ്കാരങ്ങൾക്ക് പോലും പള്ളികളിൽ ഹാജറാവാത്തവർ ഈ വ്യാജനമസ്കാരത്തിന് പ്രയാസപ്പെട്ട് ഹാജറാവുന്നു.

ഇബ്നുസ്വലാഹ് (റ) റഗാഇബ് നമസ്കാരത്തെ സംബന്ധിച്ച് പറയുന്നു: ''അത് സംബന്ധമായി വന്ന ഹദീസുകൾ എല്ലാം നബി(സ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയതാണ്. അത് ഹിജ്റ നാനൂറിന് ശേഷം ഉണ്ടായ ഒരു ബിദ്അത്ത് ആ

ണ്''[1] ഹിജ്റ 637 ൽ ഇസ്സുബ്നു അബ്ദിസ്സലാം എന്ന പണ്ഡിതൻ നൽകിയ ഫത്വയിൽ റഗാഇബ് നമസ്കാരം അനാചാരവും നിഷിദ്ധവുമാണ് എന്നും അത് സംബന്ധമായി വന്ന ഹദീസുകൾ എല്ലാം നബി(സ)യുടെ പേരിൽ കളവ് പറഞ്ഞുണ്ടാക്കിയതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ഈ നമസ്കാരത്തിൻെറ പൊള്ളത്തരം വ്യക്തമാക്കിക്കൊണ്ട് ഇമാം അബൂശാമ(റ) പറഞ്ഞ വാക്കുകളോടുകൂടി ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. അദ്ദേഹം നമ്പറിട്ട് രേഖപ്പെടുത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. മതത്തിൻെറ നെടും തൂണുകൾ എന്ന് വിശേഷിപ്പിക്കാവുന്ന മുൻഗാമികളായ സ്വാഹാബികളോ, താബിഉകളോ, മററ് ഇമാമുകളോ മതനിയമങ്ങളും വിധിവിലക്കുകളും അനുഷ്ഠാന കാര്യങ്ങളും പിൻഗാമികളെ പഠിപ്പിക്കുന്നതിന് വേണ്ടി അതീവ താൽപ്പര്യത്തോടെ രചിച്ച അവരുടെ ഗ്രന്ഥങ്ങളിലൊന്നും തന്നെ ഇങ്ങിനെ ഒരു നമസ്കാരം രേഖപ്പെടുത്തിയിട്ടില്ല. നമസ്കാരങ്ങളുടെ നിർബന്ധവും ഐഛികവുമായ കാര്യങ്ങളെല്ലാം വിശകലനം നടത്തപ്പെട്ട അവരുടെ ഗ്രന്ഥങ്ങിലൊന്നും ഇങ്ങിനെ ഒന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. മഹാരഥന്മാരായ അവർക്ക് ഇത് അറിയാതെ പോവുക എന്നത് അസംഭവ്യവുമാണ്. അത്കൊണ്ട് തന്നെ ഇത് ബിദ്അത്ത് ആണെന്ന് മനസ്സിലാക്കാവുന്നതാണ്.

2. ഈ നമസ്കാരം ശരീഅത്തിന് വിരുദ്ധമാണ് എന്ന് മൂന്ന് കാരണത്താൽ പറയാൻ കഴിയും:

[1] അബൂശാമയുടെ അൽബാഇഥ് അലാ ഇൻകാരിൽ ബിദഇ വൽഹവാദിഥ് 145.



ഒന്ന്: ഈ നമസ്കാരം താഴെ പറയുന്ന നബിവചനത്തിന് വിരുദ്ധമാണ്.

**لاَ تَخْتَصُّوا ليلة الجمعة بقيام من بين الليالي ولا تختصوا يوم الجمعة بصيام من بين الأيام إلاّ أن يكون في صوم يصومه أحدكم (متفق عليه البخاري ٢/٣٠٣ رقم ١٩٨٥، مسلم ٢/٨٠١ رقم ١١٤٤)**

''നിങ്ങൾവെള്ളിയാഴ്ച രാവിനെ മററ് ദിവസങ്ങളിൽ നിന്നും നമസ്കാരം കൊണ്ട് പ്രത്യേകമാക്കരുത്. വെള്ളിയാഴ്ച ദിവസത്തെ മററ് ദിവസങ്ങളിൽ നിന്നും നോമ്പ് അനുഷ്ഠിച്ചുകൊണ്ടും നിങ്ങൾ പ്രത്യേകമാക്കരുത് നിങ്ങൾ സ്ഥിരമായി അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതിന് ഇടയിൽ വന്നാലല്ലാതെ''[1] ഈ ഹദീസ് അനുസരിച്ച് മററു ദിവസങ്ങളിൽ നിന്നും വ്യത്യസ്തമായി വെള്ളിയാഴ്ച രാവിൽ പ്രത്യേകമായി ഏതെങ്കിലും നിലക്കുള്ള നമസ്കാരം നിർവ്വഹിക്കൽ അനുവദനീയമല്ല. ഇത് റജബ് ആദ്യവെള്ളിയാഴ്ചയും അതല്ലാത്തതും ഒരുപോലെത്തന്നെയാണ്.

രണ്ട്: റജബിലും ശഅബാനിലും പ്രത്യേകമുള്ളതായി പറയപ്പെടുന്ന നമസ്കാരങ്ങൾ നബി(സ)യുടെ പേരിൽ കളവു പറഞ്ഞ് നിർമ്മിക്കപ്പെട്ടതാണ്. അപ്രകാരം യാതൊരു വിധ തെളിവുമില്ലാതെ പ്രതിഫലം കണക്കാക്കുന്നതിലൂടെ അല്ലാഹുവിൻെറ പേരിലും കളവ്പറയുകയാണ് അതിലൂടെ. അല്ലാഹുവിൻെറയും റസൂലിൻെറയും പേരിൽ കളവ് പറയുന്നതിനെ നിരാകരിക്കുകയും അത്തരം വിഷയങ്ങളെ കൈവെടിയുകയും അത് ചീത്തയായി കാണലും ഒരു മുഅ്മിനിൻെറ ആത്മരോഷമാകേണ്ടതുണ്ട്. അപ്രകാരം തന്നെ

[1] മുതഫഖുൻ അലൈഹി. ബുഖാരി2/303 നമ്പർ 1985. മുസ്ലിം 2/801 നമ്പർ 1144.

അത്തരം വിഷയങ്ങളിൽ നിന്നും ജനങ്ങളെ തടയുകയും ചെയ്യൽ അനിവാര്യമാണ്. കാരണം അത്മൂലം നിരവധി ദൂഷ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു:

ഒന്ന്: ഈ നമസ്കാരത്തിൻെറ ശ്രേഷ്ഠതകളും അതു മുഖേനെ പ്രതിഫലമായി പറയപ്പെടുന്ന പാപം പൊറുക്കലും മൂലം ജനങ്ങൾ താഴെ പറയുന്ന വിധം വിപരീത ഗുണങ്ങളുള്ളവർ ആയിത്തീരുന്നു;

1, നിർബന്ധമായും ചെയ്തു തീർക്കേണ്ട കാര്യങ്ങളിൽ വീഴ്ച വരുത്തുന്നു.

2. അധർമ്മങ്ങൾ പ്രവർത്തിക്കാൻ ഉള്ള താൽപര്യം വർദ്ധിക്കുന്നു; കാരണം തെററുകൾ പ്രവർത്തിച്ച് അടുത്തകൊല്ലം പ്രസ്തുതനമസ്കാരം കാത്തിരിക്കുന്നു.കാരണം അതിൻെറ പ്രതിഫലം പ്രസ്തുത കുററങ്ങളെമായ്ച്ചുകളയും ചെയ്യാതെ വിട്ടുകളഞ്ഞകാര്യങ്ങൾക്കുളളപ്രായശ്ചിത്തമായും അവർ അതിനെ കാണുന്നു.

രണ്ട്: ഒരു ബിദ്അത്ത് ഒരാൾ പ്രവർത്തിക്കുമ്പോൾ അവൻ അതിലൂടെ മററുള്ളവരേയും പിഴപ്പിക്കാനായിരിക്കും ശ്രമിക്കുക. കാരണം മററുള്ളവരെക്കൊണ്ടും പ്രസ്തുത വിഷയം അവൻ പ്രേരിപ്പിക്കും. അങ്ങിനെ ഒന്നിൽ നിന്നും മറെറാന്നിലേക്ക് എന്ന നിലയിൽ അവൻ ബിദ്അത്തുകളിലേക്ക് നീങ്ങിക്കൊണ്ടേയിരിക്കും. എന്നാൽ ഒരു ബിദ്അത്ത് ഒരാൾ കയ്യൊഴിക്കുന്നതോടെ മററു ബിദ്അത്ത് ചെയ്യുന്നവരെ കൂടി അതിൽ നിന്നും വിലക്കാനായിരിക്കും അവൻ ശ്രമിച്ചുകൊണ്ടിരിക്കുക.



മൂന്ന്: ഒരു പൺഢിതൻ ഇത്തരത്തിലുള്ള ഒരു തെ ററ് ചെയ്യുമ്പോൾ പൊതുജനങ്ങൾ അത് സുന്നത്താ യിരിക്കും എന്ന് തെററിദ്ധരിക്കുകയും അതിലൂടെ അവർ ഓരോരുത്തരും. റസൂൽ (സ)യുടെ പേരിൽ തങ്ങളുടെ നാവുകളിലൂടെയും പ്രവൃത്തികളിലൂടെയും കളവ് പറഞ്ഞവൻ ആയി മാറുന്നു. അങ്ങിനെ ബിദ് അത്തുകളിൽ എത്തിപ്പെടുന്നു.

നാല്: ഒരു പൺഢിതൻ ഈ ബിദ്അത്തായ നമസ്കാരംനിർവ്വഹിച്ചാൽ പൊതുജനങ്ങളെ മുഴുവൻ നബി(സ) മേൽ കളവിന് പ്രേരിപ്പിക്കുകയും അത് ഒരു സുന്നത്തായ കർമ്മങ്ങളിൽ പെട്ടതാണെന്ന് തെററിദ്ധരിക്കാനും ഇടവരുന്നു.

മൂന്ന് : ബിദ്അത്തായ ഈ നമസ്കാരം മററു ഇസ്ലാം നിയമമാക്കിയ നമസ്കാരങ്ങളിൽ നിന്നും പല വിഷയത്തിലും വിയോജിക്കുന്നു.

1. നബി(സ) പഠിപ്പിച്ചതായ നമസ്കാരങ്ങളിൽ നിന്നും സുജൂദുകളുടെ എണ്ണം തസ്ബീഹുകൾ, ഒരേ റക്അത്തിൽ തന്നെ സൂറത്തുൽ ഖദ്ർ ഇഖ്ലാസ് എന്നീ സൂറത്തുകൾ പല തവണ പാരായണം ചെയ്യൽ എന്നീ നിലക്കെല്ലാം വ്യത്യസ്തത പുലർത്തുന്നു.

2. നമസ്കാരത്തിലെ ഭയഭക്തി, വിനയം, അല്ലാഹുമായി ഇടപെട്ടുകൊണ്ട് കഴിഞ്ഞുകൂടുക, ഖുർആനിൻെറ ആശയങ്ങളുമായി കഴിയുക എന്നതിൽ നിന്നെല്ലാം ഇത് വ്യത്യസ്തമായി കാണപ്പെടുന്നു.

3. നബി(സ) തറാവീഹ് നമസ്കാരമൊഴിച്ച് മററു സുന്നത്ത് നമസ്കാരങ്ങൾ ഒററക്കായി വീടുകളിൽ വെച്ച് നിർവ്വഹിക്കുക എന്ന നബിചര്യക്ക് എതിരാണ് ഈ ബിദ്അത്തായ നമസ്കാരം.

4. ഇത് നമസ്കരിക്കുന്നതിൻെറ പൂർണ്ണതയായി പറയപ്പെടുന്നത് നോമ്പുകാരനായി നമസ്കരിക്കുക എന്നതാണ്. അതിലൂടെ വ്യാഴാഴ്ച ദിവസം സുന്നത്തുള്ള നോമ്പ് നഷ്ടപ്പെടുന്നു. അതോടെ നോമ്പ് അനുഷ്ഠിച്ചാൽ സമയമായാൽ നോമ്പ് തുറക്കണമെന്ന സുന്നത്ത് നഷ്ടപ്പെടുത്തുകയും, നോമ്പ് തുറന്ന് മനസ്സിനും ശരീരത്തിനും ദാഹത്തിൽ നിന്നും വിശപ്പിൽ നിന്നും ആശ്വാസം നൽകുക എന്ന കാര്യവും നഷ്ടപ്പെടുത്തുന്നു.

5. ഈ നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ രണ്ട് സുജൂദുകൾ നിർവ്വഹിക്കണം എന്ന് പഠിപ്പിക്കപ്പെടുന്നു; ഇതും കാരണം എന്തെന്ന് മനസ്സിലാകുന്നില്ല.

മേൽ പറയപ്പെട്ടതായ തെളിവുകളും പണ്ഢിതവചനങ്ങളും ദൂഷ്യങ്ങളും പൊള്ളത്തരങ്ങളും മുന്നിൽ വെച്ച് ചിന്തിക്കുമ്പോൾ റഗാഇബ് നമസ്കാരം ബിദ്അത്തും, നിഷിദ്ധവും, ചീത്തയും പിൽക്കാലത്ത് ഇസ്ലാമിൽ കടന്നു കൂടിയ ദുരാചാരവുമാണ് എന്ന് ഏതൊരു സാമാന്യ ബുദ്ധിയുള്ള വ്യക്തിക്കും മനസ്സിലാക്കാൻ കഴിയും.

## احتفال المعراج
## മിഅ്റാജ് ആഘോഷം

ഇസ്റാഅ് മിഅ്റാജ് എന്നീ സംഭവങ്ങൾ നബി(സ)യുടെ സത്യസന്ധതക്കും അല്ലാഹുവിങ്കൽ അദ്ദേഹത്തിനുള്ള സ്



ഥാനം മനസ്സിലാക്കുന്നതിനും അതോടൊപ്പം അല്ലാഹുവിൻെറ അപാരമായ കഴിവും ശക്തിയും വിളിച്ചറിയിക്കുന്നതുമായ രണ്ട് ദൃഷ്ടാന്തങ്ങളാണ്.
അല്ലാഹു അത് ഇപ്രകാരം നമുക്ക് വ്യക്തമാക്കിത്തരുന്നു:

سُبْحَانَ الَّذِي أَسْرَى بِعَبْدِهِ لَيْلاً مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الأَقْصَى الَّذِي بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آيَاتِنَا إِنَّهُ هُوَ السَّمِيعُ البَصِيرُ ( سورة الإسراء ١)

''തൻെറ ദാസനെ (മുഹമ്മദ് നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറമിൽ നിന്ന് മസ്ജിദുൽ അഖ്സ്വായിലേക്ക് –അതിൻെറ പരിസരം നാം അനുഗ്രഹീതമാക്കിയിരിക്കുന്നു-നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ ! നമ്മുടെ ദൃഷ്ടാന്തങ്ങളിൽചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കാൻവേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ.''[1]

നബി(സ)യിൽ നിന്ന് നിരവധി പരമ്പരകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട വിഷയമാണ് അദ്ദേഹം ആകാശാരോഹണം നടത്തുകയും അദ്ദേഹത്തിനായി വാനലോകങ്ങൾ തുറക്കപ്പെടുകയും ചെയ്തു എന്നുള്ളത്. അങ്ങിനെ ഏഴാമത്തെ ആകാശം വിട്ട് കടന്ന് അല്ലാഹു ഉദ്ദേശിച്ചതായ കാര്യങ്ങൾ അദ്ദേഹവുമായി സംസാരിക്കുകയും അഞ്ച് സമയത്തെ നമസ്കാരം അവിടെവെച്ച് നിർബന്ധമാക്കുകയും ചെയ്തു. ആദ്യം അമ്പത് സമയത്തെ നമസ്കാരമായിരുന്നു നിർബന്ധമാക്കപ്പെട്ടിരുന്നത്; അത് പിന്നീട് നബി(സ) ലഘൂകരണം ആവശ്യപ്പെട്ടത് അനുസരിച്ച് അഞ്ച് സമയമാക്കി ചുരുക്ക

[1] ഇസ്റാഅ് 1.

പ്പെട്ടു. പ്രവൃത്തിയിൽ അഞ്ചും പ്രതിഫലത്തിൽ അമ്പത് സമയത്തിൻെറ പ്രതിഫലം നിലനിർത്തുകയും ചെയ്തു. ഓരോ സമയത്തിനും പത്ത് ഇരട്ടി പ്രതിഫലം!! ക്ലിപ്തപ്പെടുത്താൻ കഴിയാത്ത വിധമുള്ള അല്ലാഹുവിൻെറ അനുഗ്രഹങ്ങൾക്ക് എത്ര സ്തുതികൾ അർപ്പിച്ചാലാണ് അതിന് തുല്യമാവുക!! അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്.

എന്നാൽ ഇസ്റാഅ് നടന്നതായ രാത്രി ആഘോഷിക്കുവാനോ എന്തെങ്കിലും വിധത്തിലുള്ള ആരാധനകൾകൊണ്ട് ആ രാത്രി പ്രത്യേകമാക്കുവാനോ മതം അനുശാസിക്കുന്നില്ല. ഇക്കാര്യം താഴെ പറയുന്ന കാരണങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാനാകും.

**ഒന്ന്:** ഇസ്റാഅ് മിഅ്റാജ് ഈ സംഭവങ്ങൾ നടന്നത് ഏത് വർഷം, ഏത് രാത്രിയിലാണ്, അത് റജബിലാണോ അതോ മറേറതെങ്കിലും മാസത്തിലാണോ എന്നത് സ്വീകാര്യയോഗ്യമായ തെളിവുകളിലൂടെ നിർണ്ണിതമല്ല. പ്രവാചകൻ(സ)ൻെറ നുബുവ്വത്തിൻെറ പതിനഞ്ചാമത്തെ മാസം റബീഉൽ ആഖിർ 27 ന് ആണ് എന്നും, ഹിജ്റയുടെ ഒരു വർഷം മുമ്പാണ്, നബുവ്വത്തിൻെറ അഞ്ചാം കൊല്ലത്തിലാണ്[1], റബീഉൽ അവ്വൽ 27 ന് ആയിരുന്നു എന്നിങ്ങനെ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഈ വിഷയത്തിൽ പണ്ഢിതന്മാർക്ക് ഉള്ളത്. ഇമാം അബൂശാമ(റ) ചില ചരിത്രകാരന്മാരെ ഉദ്ധരിച്ചുകൊണ്ട് അത് റജബ് മാസത്തിലായിരുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഹദീസ് റിപ്പോർട്ടർമാരുടെയും മററു നീതിനിഷ്ഠരുടേയും അടുക്കൽ അത് തനിച്ച കളവ് മാത്രമാണ്.[2] ഇസ്

[1] ഇതാണ് നവവിയുടെ അഭിപ്രായം ശറഹ് മുസ്ലിം 2/267,268.

[2] തബ്യീനുൽ ഉജ്ബ് ബിമാ വറദ ഫീ ശഹ്രി റജബ് അസ്ഖലാനി പേജ് 9,64.



റാഉം മിഅ്റാജും നടന്നത് ഏത് രാത്രിയിലാണ് എന്നത് വ്യക്തമായി അറിയപ്പെട്ടിട്ടില്ല എന്നാണ് ഇമാം ഇബ്നുൽ ഖയ്യിം (റ) അഭിപ്രായവും.[1]

ശൈഖ് ഇബ്നുബാസ്(റ) അഭിപ്രായപ്പെടുന്നത്: ഇസ്റാഅ് മിഅ്റാജ് സംഭവങ്ങൾ നടന്നത് ഏത് രാത്രിയിലാണ്, അത് റജബിലാണോ അതോ മറേറതെങ്കിലും മാസത്തിലാണോ എന്നത് സ്വീകാര്യയോഗ്യമായ ഹദീസുകളിലൂടെ നിർണ്ണിതമല്ല. അത് ഇന്ന രാത്രിയിലായിരുന്നു എന്ന് പറയപ്പെടുന്ന ഹദീസുകളെല്ലാം ഹദീസ് നിരൂപകന്മാരുടെ അടുക്കൽ സ്ഥിരപ്പെട്ടു വന്നിട്ടില്ലാത്തത് മാത്രമാണ്. അത് ജനങ്ങളെ മറപ്പിച്ചത് അല്ലാഹുവിൻെറ യുക്തിയുമാകാം. ഇനി അത് ഏത് രാത്രിയിലാണ് എന്ന് സ്ഥിരപ്പെട്ടാൽ തന്നെ തെളിവുകളില്ലാതെ ആ രാത്രിയിൽ പ്രത്യേകമായി ആരാധനാ കർമ്മങ്ങൾ നിർവ്വഹിച്ച് ശ്രേഷ്ഠപ്പെടുത്താൻ പാടില്ലാത്തതുമാണ്.[2]

**രണ്ട് :** മുസ്ലിം സമുദായത്തിലെ പൂർവ്വികരായ വിശ്വസ്തരും സൂക്ഷ്മജ്ഞാനികളുമായ പണ്ഢിതന്മാരിൽ ആർക്കും തന്നെ ഇസ്റാഉം മിഅ്റാജും നടന്ന ദിവസം പ്രത്യേകതയുള്ളതും പുണ്യമുള്ളതുമാണ് എന്ന കാര്യം പരിചയമില്ല. നബിയോ, സ്വഹാബികളോ, താബിഉകളോ ആ രാത്രി ആഘോഷിക്കുകയോ, എന്തെങ്കിലും നിലക്കുള്ള ഇബാദത്തുകളെക്കൊണ്ട് പ്രത്യേകമാക്കുകയോ, പറയുകയോ ചെയ്തിട്ടില്ല. അങ്ങിനെ മതത്തിൽ ഏതെങ്കിലും നിലക്കുള്ള ഒരു പ്രത്യേകത അതിന് ഉണ്ടായിരുന്നുവെങ്കിൽ പ്രവാചകൻ(സ) തൻെറ പ്രവൃത്തിയിലൂടെയോ വാക്കിലൂടെയോ അത് തൻെറ ഉമ്മത്തിന് വ്യക്തമാക്കിക്കൊടുക്കുമായിരുന്നു. അത്

[1] ഇബ്നുൽ ഖയ്യിമിൻെറ സാദുൽ മആദ് ഫീ ഹദ്യി ഖൈരിൽ ഇബാദ് 1/58.

[2] ഇബ്നുബാസിൻെറ അത്തഖ്ദീറു മിനൽ ബിദഅ് പേജ് 17.

ഉണ്ടായിരുന്നുവെങ്കിൽ അത് അറിയപ്പെടുകയും പ്രശസ്തമാവുകയും ചെയ്യേണ്ടതായിരുന്നു; അത് സ്വാഹാബികൾ നമുക്ക് റിപ്പോർട്ട് ചെയ്തു തരികയും ചെയ്യുമായിരുന്നു.[1]

**മൂന്ന്:** അല്ലാഹു മതം പൂർത്തിയാക്കുകയും അവൻെറ അനുഗ്രഹങ്ങൾ മുസ്‌ലിം സമുദായത്തിന് പരിപൂർണ്ണമാക്കുകയും ചെയ്തുകഴിഞ്ഞു.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا ( سورة المائدة ٣)

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേററിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.''[2]

أَمْ لَهُمْ شُرَكَاء شَرَعُوا لَهُم مِّنَ الدِّينِ مَا لَمْ يَأْذَن بِهِ اللَّهُ وَلَوْلَا كَلِمَةُ الْفَصْلِ لَقُضِيَ بَيْنَهُمْ وَإِنَّ الظَّالِمِينَ لَهُمْ عَذَابٌ أَلِيمٌ ( الشورى ٢١)

''അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്ക് ഉണ്ടോ ? നിർണ്ണായക വിധിയെപ്പററിയുള്ള കൽപ്പന നിലവില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപ്പിക്കുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്''[3]

**നാല്:** ബിദ്അത്തുകൾ എല്ലാം ദുർമാർഗ്ഗമാണ് എന്ന് നബി (സ) അറിയിക്കുകയും അതിൽ നിന്നും വിട്ടുനിൽക്കാൻ ഗൗരവമായ നിലയിൽ തന്നെ താക്കീത് നൽകുകയും ചെയ്തിട്ടുള്ളതാണ്. അതോടൊപ്പം ബിദ്അത്ത് ചെയ്യുന്നവൻെറ കർമ്മങ്ങൾ തള്ളപ്പെടുന്നതുമാണ് എന്ന് ഹദീസുകളിൽ വന്നതും ശ്രദ്ധേയമാണ്.

[1] സാദുൽ മആദ് 1/85, അത്തഖ്ദീറു മിനൽ ബിദഅ് 17.

[2] സൂറ മാഇദ: 3

[3] ശൂറാ 21



عن عائشة رضي الله عنها مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه) ،

''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്''[1]

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ٣/١٣٤٤)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[2]

ബിദ്അത്തുകളിൽ നിന്ന് വിട്ടുനിൽക്കാൻ സലഫുസ്സാലിഹുകളെല്ലാം തങ്ങളുടെ കാലഘട്ടങ്ങളിൽ സമുദായത്തെ താക്കീത് നൽകിയ കര്യവുമാണ്. കാരണം അത് മതത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും അല്ലാഹുവോ റസൂലോ അനുവദിച്ചിട്ടില്ലാത്ത, മതനിയമങ്ങൾ ഉണ്ടാക്കലാണ്. അല്ലാഹുവിൻെറ ശത്രുക്കളായ ജൂതക്രിസ്തീയ പുരോഹിതന്മാർ അവരുടെ മതത്തിൽ കൈകടത്തൽ നടത്തി മതനിയമങ്ങൾ ഉണ്ടാക്കുന്നതിനോട് തുല്യമാണ് ബിദ്അത്തുകൾ കടത്തിക്കൂട്ടുന്നത്.

[1] മുതഫഖുൻ അലൈഹി.

[2] മുസ്‌ലിം

## احتفال ليلة النصف شعبان
## ശഅബാൻ 15 (ബറാത്ത് രാവ്)

അബ്ദുർറഹ്മാനു ബ്നു സൈദുബ്നു അസ്ലം പറഞ്ഞതായി ഇമാം മുഹമ്മദു ബ്നു വളാഹ് അൽ ഖുർത്വുബി (റ) ഇപ്രകാരം രേഖപ്പെടുത്തുന്നത് കാണുക: ''നമ്മുടെ നേതാക്കളിലോ പണ്ഢിതന്മാരിലോ പെട്ട ഒരാളേയും ശഅബാൻ പതിനഞ്ചിൻെറ പ്രത്യേകതയായി മക്ഹൂലിൽ നിന്നും ഉള്ളതായി പറയപ്പെടുന്ന ഹദീസ്[1] പരിഗണിച്ചുകൊണ്ട് എന്തെങ്കിലും പ്രത്യേകതയുള്ളതായി കാണുകയോ മററു രാവുകളേക്കാൾ അതിനെ ശ്രദ്ധിക്കുകയോ ചെയ്യുന്നതായി നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല''[2]

അബൂ മുഹമ്മദുൽ മഖ്ദസി പറഞ്ഞതായി അബൂബക്കറു ത്വർതൂശി(റ) പറയുന്നത് കാണുക: ''ഞങ്ങളുടെ നാട്ടിൽ ബൈതുൽ മുഖദ്ദസിൽ റജബിലും ശഅബാനിലും ചിലർ നമസ്കരിക്കുന്ന റഗാഇബ് നമസ്കാരം തീരെ പതിവില്ലാത്തത് ആയിരുന്നു. ഹിജ്റ 448 ലാണ് ഈ ബിദ്അത്ത് ആദ്യമായി കാണപ്പെട്ടത്. ഇബ്നു അബിൽ ഹംറാഅ് എന്ന് അറിയ

[1] അല്ലാഹു ശഅബാൻ 15 ന് ഒന്നാം ആകാശത്തേക്ക് ഇറങ്ങി വരികയും മുശ്രികിനും മററുള്ളവരുമായി പിണങ്ങി നിൽക്കുന്നവനുമല്ലാത്ത എല്ലാവർക്കും അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കും എന്നതാണ് ഹദീസ്. ഇബ്നു ഹിബ്ബാനും, അബൂ നഈമുമെല്ലാം റിപ്പോർട്ട് ചെയ്ത ഈ ഹദീസ് സ്വഹീഹ് ആണെന്ന് ശൈഖ് അൽബാനിയെപ്പോലുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്ന് പ്രത്യേകമായി നോമ്പ് അനുഷ്ഠിക്കുവാനോ രാത്രി പ്രത്യേക നമസ്കാരം നിർവ്വഹിക്കുവാനോ യാതൊരു തെളിവുമില്ല. മററു ദിവസങ്ങളിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും തരത്തിലുള്ള ഇബാദത്തുകൾ അധികമായി നിർവ്വഹിക്കാൻ പ്രത്യേക തെളിവ് ആവശ്യമാണ്.

[2] ഇബ്നുൽ വളാഹിൻെറ കിതാബുൽ ബിദഅ് പേജ് 100.



പ്പെടുന്ന നാബൽസ്കാരനായ ഒരാൾ ശഅബാൻ 15ന് ബൈതുൽ മുഖദ്ദസിൽ വന്ന് നമസ്കരിച്ചു; അയാൾ ശബ്ദ മാധുര്യത്തോടെ ഖുർആൻ ഓതുന്ന വ്യക്തിയായിരുന്നു, അന്നേരം അതിൽ ആകൃഷ്ടനായി മററൊരാൾ കൂടി അയാളെ തുടർന്നു. അത്കണ്ട് മൂന്നാമതൊരാൾ കൂടി അവരോടൊപ്പം കൂടി. അങ്ങിനെ അയാൾ നമസ്കാരം അവസാനിപ്പിക്കുന്ന സമയം അത് വലിയ ഒരു ജമാഅത്ത് (സംഘം) ആയിക്കഴിഞ്ഞിരുന്നു. പിന്നീട് അടുത്ത കൊല്ലവും അതിനടുത്ത കൊല്ലവും കൂടുതൽ ആളുകളോടെ അത് നിർവ്വഹിക്കാൻ തുടങ്ങി. അങ്ങിനെ മസ്ജിദുൽ അഖ്സ്വയിൽ ഒതുങ്ങിയിരുന്ന അത് വീടുകളിലേക്കും വ്യാപിച്ചു. പിന്നീട് ഇന്ന് കാണുന്ന വിധം ഒരു സുന്നത്ത് എന്ന നിലക്ക് ആളുകൾക്ക് ഇടയിൽ വ്യാപകമായിരിക്കുകയാണ്.''[1]

ഇബ്നു അബീ മുലൈക പറഞ്ഞതായി ഇബ്നുൽ വളാഹ് ഉദ്ധരിക്കുന്നു: ''സിയാദു ന്നുമൈരി ശഅബാൻ പതിനഞ്ചാം രാവ് ലൈലത്തുൽ ഖദ്ർ പോലെ പ്രതിഫലമുള്ളതാണ് എന്ന് പറയുന്നുവല്ലൊ, എന്ന് അറിയിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഞാൻ അത് നേരിൽ കേൾക്കുകയും അന്നേരം എൻെറ അടുക്കൽ ഒരു വടിയുമുണ്ടായിരുന്നുവെങ്കിൽ ഞാൻ അവനെ അന്നേരം തന്നെ അടിക്കുമായിരുന്നു. സിയാദ് അവിടുത്തെ ഖാളിയായിരുന്നു''[2]

ശാഫിഈ പണ്ഢിതനായ അബൂശാമ(റ) പറയുന്നു: ''ശഅബാൻ 15ാം രാവിന് നിർവ്വഹിക്കുന്നത് കാണുന്ന അൽഫിയ്യ നമസ്കാരം (ആയിരം വട്ടം സൂറത്തുൽ ഇഖ്ലാസ് ഓ

[1] ത്വർത്വൂശിയുടെ അൽ ഹവാദിഥി വൽ ബിദഅ് പേജ്: 266.

[2] ഇബ്നുൽ വളാഹിൻെറ കിതാബുൻ മാജാഅ ഫിൽ ബിദഅ് പേജ് 101, ത്വർതൂശിയുടെ കിതാബുൽ ഹവാദിസി വൽ ബിദഅ് പേജ്: 263.

തുന്നത് കൊണ്ടാണ് ആ നമസ്കാരത്തിന് അൽഫിയ്യ എന്ന് പറയപ്പെടുന്നത്) അതായത് നൂറ് റക്അത്ത് നമസ്കാരം ഓരോ റക്അത്തിലും ഫാതിഹക്ക് പുറമെ പത്ത് തവണ സൂറത്തുൽ ഇഖ്‌ലാസ് ഓതിക്കൊണ്ട് സുദീർഘമായി കഷ്ടപ്പെട്ട് നിർവ്വഹിക്കുന്ന ഈ നമസ്കാരത്തിന് യാതൊരു വിധ തെളിവോ പ്രമാണമോ ഇല്ല; ഉണ്ടെന്ന് പറയുന്നവ ദുർബലമോ വ്യാജനിർമ്മിതമോ ആണ്. വളരെയേറെ ദൂഷ്യങ്ങളിൽ ഇത് മൂലം പൊതു ജനങ്ങൾക്കിടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ നമസ്കാരം നിർവ്വഹിക്കപ്പെടുന്ന പള്ളികളിൽ രാത്രി മുഴുവനും കത്തിക്കൊണ്ടിരിക്കുന്ന വിളക്കുകൾക്ക് കണക്കില്ലാത്ത ഇന്ധനചിലവ്, ആണും പെണ്ണും പങ്കെടുക്കുന്നത് മൂലം ഉണ്ടാകുന്ന ഫിത്നകളും കോലാഹലങ്ങളും, ഇതിൽ പങ്കെടുക്കുന്നവർ ഭക്തിപൂർവ്വം ഉണ്ടാക്കുന്ന തേങ്ങലുകളും ശബ്ദങ്ങളും എല്ലാം പിശാച് അവർക്ക് അലങ്കാരമായി കാണിച്ചുകൊടുക്കുകയും അവർ അത് മുസ്ലിംകളുടെ അടിസ്ഥാന ആരാധനകളുടെ ഭാഗം എന്ന നിലക്ക് നിർവ്വഹിച്ചുപോരുകയും ചെയ്യുന്നു.''[1]

ഹാഫിള് ഇബ്നു റജബ് (റ) വളരെ ദീർഘമായ ചർച്ചക്ക് ശേഷം രേഖപ്പെടുത്തുന്നത് കാണുക: ''ശഅബാൻ 15 ാം രാവിനെ താബിഉകളിൽ പെട്ട ഖാലിദ് ബ്നു മഅ്ദാൻ, മക്ഹൂൽ, ലുഖ്മാനുബ്നു ആമിർ തുടങ്ങിയ ശാമുകാരായ പണ്ഡിതർ ആദരിക്കുകയും പ്രത്യേകം ആരാധനകൾ നിർവ്വഹിക്കുകയും ചെയ്യുന്നവരായിരുന്നു. അവരെ അനുകരിച്ചുകൊണ്ട് മററ് പലരും അത് ശ്രദ്ധിച്ചുപോരുകയും ചെയ്തു. ചില ഇസ്റാഈലീ തെളിവുകളാണ് അവർക്ക് ഇതിന്

[1] ഹിജ്റ 665 ൽ മരണപ്പെട്ട അബൂശാമ എന്ന പേരിൽ അറിയപ്പെടുന്ന അബ്ദുർറഹ്മാൻ ഇബ്നു ഇസ്മാ ഈൽ (റ) ൻെറ അൽ ബാഇഥ് അല ഇൻകാരിൽ ബിദഅ് വൽഹവാദിസ് പേജ് 124.



ആധാരമായിട്ടുള്ളത് എന്ന് പറയപ്പെടുന്നു. മേൽ പറയപ്പെട്ട വിഭാഗത്തിൽ പെട്ടവരും അവരെ അനുകൂലിക്കുന്നവരുമായ ആളുകളിലൂടെ പല നാടുകളിലേക്കും അത് വ്യാപിക്കുകയും പ്രസിദ്ധമാകുകയും ചെയ്തു. ഈ വിഷയത്തിൽ മററു ചിലരെപ്പോലെ ബസ്വറക്കാരായ പണ്ഡിതരും യോജിക്കുന്നു. എന്നാൽ അത്വാഅ്, ഇബ്നു അബീമുലൈക തുടങ്ങിയ ഹിജാസിലെ പണ്ഡതർ ഇതിനെ നിഷേധിക്കുന്നവരാണ്. അപ്രകാരം തന്നെ അബ്ദുർറഹ്മാനു സൈദുബ്നു അസ്‌ലമയിലൂടെ മദീനയിലെ പണ്ഡിതന്മാരായ ഇമാം മാലികിൻെറ അനുയായികളും ഇതിനെ നിഷേധിക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. അവരെല്ലാം മേൽ പറയപ്പെട്ടവയെല്ലാം ബിദ്അത്ത് തന്നെയാണ് എന്ന അഭിപ്രായക്കാരാണ്.

എന്നാൽ ശാമുകാരായ പണ്ഡിതന്മാർ പ്രസ്തുത രാത്രി ആരാധനകളെക്കൊണ്ട് സജീവമാക്കുന്ന വിഷയത്തിൽ രണ്ട് അഭിപ്രായക്കാരാണ്.

**ഒന്ന്:** ഈ രാത്രി നല്ല വസ്ത്രങ്ങൾ ധരിച്ച് സുഗന്ധം പൂശി സുറുമ എഴുതി ജമാഅത്തായി നേരം പുലരുന്നത്വരെ ഉറങ്ങാതെ പള്ളികളിൽ കഴിച്ചുകൂട്ടൽ സുന്നത്താണ് എന്നതാണ്. ഖാലിദു ബ്നു മഅ്ദാൻ, ലുഖ്മാനു ബ്നു ആമിർ എന്നിവർ ഈ അഭിപ്രായക്കാരാണ്. ഇസ്ഹാഖ്ബ്നു റാഹവൈഹിയും ഇതേ അഭിപ്രായക്കാരാണെന്ന് പറയപ്പെടുന്നു. അന്ന് പള്ളിയിൽ കഴിഞ്ഞുകൂടൽ ബിദ്അത്ത് അല്ല എന്ന് അദ്ദേഹത്തിൽ നിന്നും ഹർബുൽ കക്തമാനി തൻെറ ലേഖനങ്ങളിൽ എടുത്ത് ഉദ്ധരിച്ചിട്ടുണ്ട്.

**രണ്ട് :** മേൽപറയപ്പെട്ട രാത്രി നമസ്കാരത്തിനും ചരിത്ര പാരായണത്തിനും പ്രാർത്ഥനക്കുമായി പള്ളികളിൽ ഒരുമി

ച്ചുകൂടൽ വെറുക്കപ്പെട്ടതാണ് എന്നതാണ് രണ്ടാമതായുള്ള ഒരു വാദം. എന്നാൽ ആളുകൾക്ക് ഒററക്ക് അന്ന് നമസ്കരിക്കൽ വെറുക്കപ്പെട്ടതല്ല. ശാമുകാരുടെ ഇമാമും അവരുടെ പണ്ഡിതനുമായി അറിയപ്പെടുന്ന ഔസാഇയുടെ വാദം ഇതാണ്. സത്യവുമായി കുറേകൂടി അടുത്തത് ഇതാണ്. പിന്നീട് അദ്ദേഹം പറയുന്നു: ഇമാം അഹ്മദിന് ശഅ്ബാൻ പതിനഞ്ചാം രാവിൻെറ വിഷയത്തിൽ പ്രത്യേകിച്ച് ഒരു അഭിപ്രായമുള്ളതായി അറിയപ്പെടുന്നില്ല. എന്നാൽ പെരുന്നാൾ രാവിലെ നമസ്കാരത്തെ സംബന്ധിച്ച് രണ്ട് അഭിപ്രായം പറയപ്പെടുന്നത് പോലെ പ്രസ്തുത ദിവസം നമസ്കാരം സുന്നത്താണ് എന്നതിൽ അദ്ദേഹത്തെത്തൊട്ട് രണ്ട് അഭിപ്രായങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട് കാണുന്നുണ്ട്. ഒന്ന്: നബി(സ)യിൽ നിന്നോ സ്വഹാബികളിൽ നിന്നോ ഈ വിഷയത്തിൽ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ ജമാഅത്തായുള്ള നമസ്കാരം സുന്നത്തല്ല. മറെറാരു അഭിപ്രായം: താബിഉകളിൽ പെട്ട അബ്ദുർറഹ്മാനു ബ്നു യസീദുൽ അസ്വദ് പ്രവർത്തിച്ചതിൻെറ അടിസ്ഥാനത്തിൽ പെരുന്നാൾ രാവിലും അതുപോലെ ശഅബാൻ പതിനഞ്ചാം രാവിലും നമസ്കരിക്കൽ സുന്നത്താണ് എന്ന് പറഞ്ഞുകാണുന്നു. എന്നാൽ ഈ വിഷയത്തിൽ നബി(സ)യിൽ നിന്നോ യാതൊന്നും സ്ഥിരപ്പെട്ടിട്ടില്ല എന്നതാണ് സത്യം. താബിഉകളിൽ നിന്നും ശാമുകാരായ പണ്ഡിതരിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.''[1]

ഈ വിഷയത്തെ സംബന്ധിച്ച് ഇബ്നുബാസ്(റ) പറയുന്നത് കാണുക: '' ഇമാം ഔസാഇ ഒററക്ക് നമസ്കരിക്കുന്നത് സുന്നത്താണ് എന്ന് പറഞ്ഞതും അതിനെ ശരിവെച്ചുകൊ

[1] ഇബ്നു റജബിൻെറ ലത്വാഇഫുൽ മആരിഫ് 263.



ണ്ട് ഇബ്നു റജബ് രേഖപ്പെടുത്തിയതും ദുർബ്ബലവും വിചിത്രമായതുമായ അഭിപ്രായമാണ്. കാരണം ശറഇയായ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടിട്ടില്ലാത്ത ഒരു വിഷയം മതത്തിൽ നിയമമായി പറയൽ ഒരാൾക്കും അനുവദിക്കപ്പെട്ടതല്ല. അത് വ്യക്തികളുടെ കാര്യത്തിലും സമൂഹത്തിൻെറ കാര്യത്തിലും ഒരുപോലെയാണ്. അപ്രകാരം തന്നെ രഹസ്യമായി ചെയ്യലും പരസ്യമായി ചെയ്യലും തമ്മിലും വ്യത്യാസമില്ല. ഇക്കാര്യം താഴെ പറയുന്ന നബിവചനത്തിൽ നിന്നും വ്യക്തമാകുന്നതാണ്:

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[1]
ഇതല്ലാതെയും ബിദ്അത്തുകളുടെ ദൂഷ്യത്തെയും അതിനെ വിലക്കുകയും ചെയ്യുന്ന വിഷയത്തിൽ തെളിവുകൾ കണ്ടെത്താവുന്നതാണ്.''[2]

മുകളിൽ പറഞ്ഞ ഇബ്നുൽ വള്വാഹ്, ത്വർത്വൂശി, അബൂശാമ, ഇബ്നു റജബ്, ആധുനിക പണ്ഡിതനായിരുന്ന ഇബ്നു ബാസ്(റ) എന്നീ ഇമാമുകളുടെ വാക്കുകളിൽ നിന്നും ശഅബാൻ പതിനഞ്ചാം രാവ് പ്രത്യേകം പുണ്യമുള്ളതായി കാണുകയും അന്ന് നമസ്കാരമോ മറേറതെങ്കിലും നിലക്കുള്ള ഇബാദത്തുകളോ നിർവ്വഹിക്കലും ശരീഅത്ത് അനുവദിച്ചിട്ടില്ലാത്തതും ബിദ്അത്തുമാണ് എന്ന് വ്യക്തമാകുന്നതാണ്. അതിന് ഖുർആനിലോ സുന്നത്തിലോ നബി(സ)യുടെ സ്വഹാബികളിൽ നിന്നുള്ള ആരുടെയെങ്കിലും പ്രവർത്തനത്തിൽനിന്നോ യാതൊരു തെളിവുമില്ലാത്തതുമാണ്.

[1] മുസ്‌ലിം

[2] അത്തഖ്ദീറു മിനൽ ബിദഅ് പേജ് 26.

## التبرك
## ബർക്കത്ത് എടുക്കൽ

**التَبَرُّكُ (തബർറുക്) എന്നാൽ അനുഗ്രഹം തേടലും, التَبَرُّكُ بالشَيْءِ (അത്തബർശു ബിശൈഇ) എന്നാൽ അത് മുഖേനെ അനുഗ്രഹം തേടുക എന്നുമാണ് അർത്ഥം[1]**

നന്മയും അനുഗ്രഹവും അല്ലാഹുവിൻെറ കരങ്ങളിൽ നിക്ഷിപ്തമായതും അവൻ ഉദ്ദേശിക്കുന്ന തൻെറ സൃഷ്ടികളിൽ ചിലർക്ക് അവൻ ഉദ്ദേശിച്ച വിധത്തിൽ അവൻ ശ്രേഷ്ഠതയും അനുഗ്രഹവും നൽകും. ബർകത്ത് എന്നാൽ ഒരു കാര്യം സ്ഥിരമാവുക, അനിവാര്യമായും സിദ്ധിക്കുക എന്നെല്ലാമാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഒരു കാര്യത്തിൽ വളർച്ചയും വർദ്ധനവും ഉണ്ടാകുന്നതിനും ഇത് പ്രയോഗിക്കാറുണ്ട്. തബ്രീകു ദ്ദുആഉ എന്നാൽ ദആ ലഹു ബിൽ ബറകതി അയാക്ക് ബർകത്തിനു വേണ്ടി പ്രാർത്ഥിച്ചു ബാറ കല്ലാഹു ഫൈഅ, ബാറക ഫീഹി, ബാറക അലൈഹി എന്നെല്ലാമാണ് അതുകൊണ്ടുള്ള അർത്ഥം. തബാറക എന്നത് അല്ലാഹുവിന് മാത്രമായി വിശേഷിപ്പിക്കുന്ന ഒരു പദമാണ്. ഒരിക്കലും മറേറതെങ്കിലും ഒരു വ്യക്തിയിലേക്ക് അത് ചേർക്കപ്പെടാവതല്ല. കാരണം അത് അല്ലാഹുവുമായി മാത്രം അനുയോജ്യമായ മഹത്തായ ഒരു പദമാണ്. ഇതേ അർത്ഥമുള്ളതും ബർകത്ത് എന്നതിൻെറ പര്യായ പദമായി വന്നിട്ടുള്ള മററാരുപദമാണ് الْيُمْنُ അൽയുംന്. ഖുർആനിൽ വ്യത്യസ്തമായ ആശയങ്ങൾക്കായി ഈ പദങ്ങൾ ഉപയോഗിച്ചതായി കാണാം.

[1] ഇബ്നുൽ അസീറിൻെറ അന്നിഹായത്തു ഫീ ഗരീബിൽ ഹദീസ് 1/120. ഡോക്ടർ നാസിർ ജദഇയുടെ അത്തബർറുകു വ അൻവാഉഹു പേജ് 30.



1. നന്മ ലഭിക്കുകയും അത് സ്ഥിരമാവുകയും ചെയ്യുക.
2. നന്മയുടെ ആധിക്യവും വർദ്ധനവും പിന്നീട് നാൾക്കുനാൾ ഓരോ വിഷയത്തിലും സ്ഥിരമാവുക.
3. തബാറക എന്നതുകൊണ്ട് അല്ലാഹുവിലേക്കല്ലാതെ വിശേഷണമായി പറയുകയോ അവനിലേക്ക് അല്ലാതെ ചേർത്ത് പറയുകയോ ചെയ്തുകൂടാ. ഇബ്നുൽ ഖയ്യിം അല്ലാഹുവിൻെറ അനുഗ്രത്തെ സംബന്ധിച്ച് പറയുന്നത്: അവൻെറ നന്മയുടേയും ഔദാര്യത്തിൻേറയും ആധിക്യം, ശ്രേഷ്ഠത, ഔന്നത്യം, മഹത്വം, പരിശുദ്ധി, എല്ലാ നന്മയും അവനിൽ നിന്നും വരുന്നു, അവനുദ്ദേശിക്കുന്ന തൻെറ സൃഷ്ടികൾക്ക് അവൻ അനുഗ്രഹം നൽകുന്നു എന്നിങ്ങനെ വ്യത്യസ്തങ്ങളായ ആശയങ്ങൾക്ക് ഖുർആനിൽ ഇത് സൂചിപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.[1]

## അനുഗ്രഹീത വസ്തുക്കളും ഇനങ്ങളും

**1. വിശുദ്ധ ഖുർആൻ: വിശുദ്ധ ഖുർആനിൽ ധാരാളം അനുഗ്രഹങ്ങളും നന്മകളും നിറഞ്ഞു നിൽക്കുന്നു, അതിൽ ഐഹികവും പാരത്രികവുമായ അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നു. എന്നാൽ ഖുർആനിലൂടെ ബർക്കത്ത് കാംക്ഷിക്കുക എന്നാൽ അത് പാരായണം ചെയ്യേണ്ടതായ മുറപ്രകാരം പാരായണം ചെയ്യുകയും അതുമുഖേനെ അല്ലാഹു തൃപ്**

[1] ജലാഉൽ ഇഫ്ഹാം 180. സഅദിയുടെ തയ്സീറുൽ കരീമുർറഹ്മാനി ഫീ തഫ്സീരി കലാമുർറഹ്മാൻ 3/39.

തിപ്പെടുന്ന കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്.

**2.പ്രവാചകൻ(സ):** പ്രവാചകൻ(സ) അനുഗ്രഹീത വ്യക്തിയാണ്. എന്നാൽ പ്രവാചകനിൽ നിക്ഷിപ്തമായ അനുഗ്രഹങ്ങൾ രണ്ടു വിധമാണ്.
ഒന്ന്, ആത്മീയ ബർക്കത്ത്: ഇത് പ്രവാചകനിലൂടെ അവതീർണ്ണമായ ദൗത്യത്തിലൂടെ ലഭ്യമാകുന്ന അനുഗ്രഹമാണ്. അല്ലാഹു അദ്ദേഹത്തെ ലോകങ്ങൾക്കെല്ലാം അനുഗ്രഹമായിക്കൊണ്ട് നിയോഗിക്കുകയും അദ്ദേഹം മുഖേനെ ജനങ്ങളെ അന്ധകാരങ്ങളിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുകയും ചെയ്തു. അദ്ദേഹം വിശിഷ്ടമായതെല്ലാം അവർക്ക് അനുവദിക്കുകയും മ്ലേഛമായതെല്ലാം അവർക്ക് നിഷിദ്ധമാക്കുകയും ചെയ്തു. അദ്ദേഹത്തോടെ പ്രവാചകത്വം അവസാനിക്കപ്പെട്ടു. അദ്ദേഹം കൊണ്ടുവന്ന മതം എളുപ്പവും ഔദാര്യവും നിറഞ്ഞു നിൽക്കുന്നതുമാണ്.

രണ്ട്, ബാഹ്യമായ അനുഗ്രഹം: ഇതും രണ്ട് വിധമുണ്ട്.

1. പ്രവാചകൻ(സ)യുടെ പ്രവർത്തനങ്ങളിലൂടെയുള്ള അനുഗ്രഹം. ഇത് അദ്ദേഹത്തിൻെറ പ്രവാചകത്വത്തിൻെറ സത്യതക്കുള്ള തെളിവായി അദ്ദേഹത്തിലൂടെ വെളിവായ അമാനുഷിക സംഭവങ്ങളിലൂടെ ലഭ്യമായ അനുഗ്രഹങ്ങളാണ്.
2. പ്രവാചകൻ(സ) യുടെ ശരീരവുമായി ബന്ധപ്പെട്ടുള്ള അനുഗ്രഹങ്ങളാണ്. അതായത് അല്ലാഹു അദ്ദേഹത്തി ൻെറ ശരീരത്തിലൂടെ നൽകുകയും സ്വഹാബികൾ അദ്ദേഹത്തിൻെറ ജീവിതകാലത്തും അദ്ദേഹത്തിൻെറ ശരീരവുമായി ബന്ധപ്പെട്ട വസ്തുക്കളെക്കാണ്ട് അദ്ദേഹത്തിൻെറ മരണ



ശേഷവും ബർക്കത്ത് എടുത്തിരുന്ന വിഷയങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.[1]

നബി(സ)യുടെ ജീവിതകാലത്ത് അദ്ദേഹത്തെക്കൊണ്ട് ബർക്കത്ത് എടുത്തിരുന്നത് തെളിവാക്കി അതിനോട് തുലനം ചെയ്ത് സൃഷ്ടികളിൽ ഒരാളിൽ നിന്നും ബർക്കത്ത് എടുക്കുവാൻ പാടില്ല. അല്ലാഹു പ്രവാചകന്മാർക്കും മലക്കുകൾക്കും സ്വാലിഹുകൾക്കുമെല്ലാം അനുഗ്രഹം നൽകിയിട്ടുണ്ട് എന്നതിൽ സംശയമില്ല; എന്നാൽ അവരിലൂടെ ബർക്കത്ത് എടുക്കാൻ അനുവദിക്കുന്ന തെളിവ് ഇല്ലാത്തത്കൊണ്ട് അവരിലൂടെ ബർക്കത്ത് എടുക്കാൻ പാടില്ല.

അപ്രകാരം തന്നെ ചില പ്രത്യേക സ്ഥലങ്ങൾക്ക് അല്ലാഹു ബർക്കത്ത് നൽകിയിട്ടുണ്ട് : അല്ലാഹുവിൻെറ ഭവനങ്ങളായ പള്ളികൾ; പ്രത്യേകിച്ച് പുണ്യം ഉദ്ദേശിച്ചുകൊണ്ടുള്ള യാത്രക്ക് അനുമതി നൽകപ്പെട്ട മൂന്ന് പള്ളികളായ മക്കയിലെ മസ്ജിദുൽ ഹറം, മദീനയിലെ മസ്ജിദുന്നബവി, ബൈതുൽ മുഖദ്ദസ് എന്നിവയാണ്. കാലങ്ങളിൽ ചില പ്രത്യേക സമയങ്ങൾക്ക് ബർക്കത്ത് നൽകി: റമദാൻ, അതിലെ ലൈലത്തുൽ ഖദ്ർ, ദുൽഹജ്ജിലെ ആദ്യ പത്ത് രാവുകൾ, പവിത്രമാസങ്ങൾ എന്ന് ഖുർആൻ വിശേഷിപ്പിക്കപ്പെട്ട ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം, റജബ്, ആഴ്ചകളിൽ തിങ്കൾ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങൾ, അല്ലാഹു ഒന്നാം ആകാശത്തിലേക്ക് ഇറങ്ങും ഹദീസിൽ പറയപ്പെട്ട എല്ലാ രാത്രികളിലേയും അവസാന മൂന്നിലൊരു ഭാഗം ഇത് അല്ലാതെയും സമയങ്ങളും സ്ഥലങ്ങളും അനുഗ്രഹീതങ്ങളായി ഹദീസുകളിൽ പറയപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സമയങ്ങൾ കൊണ്ടും സ്ഥലങ്ങൾ കൊണ്ടും നേരിട്ട് ബർക്കത്ത് എടു

[1] നാസിറുൽ ജുദൈഅിയുടെ അത്തബർറുകു വ അൻവാഉഹു പേജ് 21, 69.

ക്കാനല്ല ഇസ്‌ലാം ആവശ്യപ്പെടുന്നത്. മറിച്ച് അത്തരം സമയങ്ങളിലും സ്ഥലങ്ങളിലും വെച്ച് അല്ലാഹു അവയിൽ നിർവ്വഹിക്കാൻ നിശ്ചയിച്ച സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടായിരിക്കണം അതിലൂടെ ബർക്കത്ത് കരസ്ഥമാക്കേണ്ടത്.[1]

**3. മററ് അനുഗ്രഹീത വസ്തുക്കൾ:** മേൽ പറയപ്പെട്ടവയല്ലാതെ അനുഗ്രഹീത വസ്തുക്കളാണ് എന്ന് അറിയിക്കപ്പെട്ടവ വേറെയുമുണ്ട് : സംസം വെള്ളം, മനുഷ്യർക്കും മററു ജീവജാലങ്ങൾക്കും കുടിക്കുന്നതിനും സസ്യലതാദികൾ മുളപ്പിക്കുന്നതിനും വളരുന്നതിനും ആവശ്യമായ മഴ വെള്ളം, സൈതൂൻ (ഒലീവ്) വൃക്ഷം, പാൽ, കുതിര, ആട് ഈത്തപ്പന വൃക്ഷം എന്നിവ അവയിൽ പെട്ടതാണ്.

## തബർറുകിന് അനുവദിക്കപ്പെട്ട രീതികൾ

മേൽ പറയപ്പെട്ട അനുഗ്രഹീത വസ്തുക്കളിലൂടെ അനുഗ്രഹം നേടിയെടുക്കുന്നതിന് അനുവദിക്കപ്പെട്ട രീതികളും മര്യാദകളുമുണ്ട് അവക്ക് അനുസൃതമായിട്ടായിരിക്കണം ബർക്കത്ത് പ്രതീക്ഷിക്കുന്നത്.

1. അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയും ഖുർആൻ പാരായണത്തിലൂടെയും. ഇതിലൂടെ ബർക്കത്ത് എടുക്കൽ മനസ്സ് കൊണ്ട് അല്ലാഹുവിനെ സ്മരിച്ചും നാവ് കൊണ്ട് ഖുർആനിക വചനങ്ങൾ പാരായണം ചെയ്തും, ഖുർആനിക നിയമങ്ങൾക്കും അതിൻെറ വിവരണമായ സുന്നത്തിനും അനുസൃതമായി അല്ലാഹു നിയമമാക്കിയ നിലയിൽ കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടുമായിരിക്കണം. കാരണം അതുമൂലമുള്ള അനുഗ്രഹം മനശാന്തി, അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ അനുഷ്ഠിക്കാനുള്ള മനോധൈര്യം, മനസ്സിനെ അലട്ടുന്ന രോഗങ്ങൾക്കുള്ള ശമനം, ഇഹപര സൗഭാഗ്യം, പാപമോചനം, ജീവിതത്തിൽ സമാധാനം നേടുക എന്നിവയെല്ലാമാണ്. ഖുർആൻ അന്ത്യനാളിൽ വിശ്വാസികൾക്ക് ശുപാർശക്കെത്തുമെന്നതും ഹദീസുകൊണ്ട് സ്ഥിരപ്പെട്ടതാണ്. എന്നാൽ മേൽ പറഞ്ഞതായ കാര്യങ്ങൾ അല്ലാഹുവിൽ നിന്നും ആശിക്കുന്നതിന് പുറമെ വീടുകളിലും വാഹനങ്ങളിലുമെല്ലാം മുസ്ഹഫുകൾ വെക്കുകയും കെട്ടിത്തൂക്കുകയും ചെയ്തുകൊണ്ട് ബർക്കത്ത് പ്രതീക്ഷിക്കുന്ന രീതി അനുവദിക്കപ്പെട്ടതല്ല. ഖുർആൻകൊണ്ട് ബർക്കത്തെടുക്കൽ അത് പാരായണം ചെയ്തുകൊണ്ടും അത് അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടും മാത്രമാണ്.

[1] നാസിറുൽ ജുദൈഅിയുടെ അത്തബർറുകു വ അൻവാഉഹു പേജ് 70, 182.



**2.** പ്രവാചകൻെറ ജീവിതകാലത്ത് ബർക്കത്ത് എടുക്കാൻ അനുവദനീയമായ രീതികൾ. തീർച്ചയായും നബി(സ)യുടെ ശരീരവും ശരീരവുമായി ബന്ധപ്പെട്ട വസ്തുക്കളും അനുഗ്രഹീതമാണ് എന്ന കാര്യം തർക്കമററതാണ്. അതിനാലാണ് സ്വഹാബികൾ അദ്ദേഹത്തിലൂടെ ബർക്കത്ത് പ്രതീക്ഷിച്ചുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ പ്രവർത്തിച്ചത്:

അബൂ ജുഹൈഫ(റ) പറയുന്നു; ''നബി(സ) ഹിജ്റ ഉദ്ദേശിച്ച് ബത്ഹാഇലേക്ക് പുറപ്പെട്ടു, അന്നേരം അംഗശുദ്ധിവരുത്തി ളുഹ്റും അസ്വ്റും ഈരണ്ട് റക്അത്ത് വീതം നമസ്കരിച്ചു. അന്നേരം ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ കൈ പിടിക്കുകയും എന്നിട്ട് അവരുടെ കൈകൾകൊണ്ട് അവരുടെ മുഖത്ത് തടവുകയും ചെയ്തു. അദ്ദേഹം പറയുന്നു: അന്നേരം ഞാനും അദ്ദേഹത്തിൻെറ കൈപിടിച്ച് ശേഷം എൻെറ

മുഖം തടവുകയുണ്ടായി; അത് ഐസിനേക്കാൾ തണുത്തതും കസ്തൂരിയേക്കാൾ സുഗന്ധമുള്ളതുമായിരുന്നു''[1]
അനസ്(റ) പറയുന്നു: ''നബി(സ) ഹജ്ജത്തുൽ വദാഇൻെറ അവസരത്തിൽ മിനായിൽ എത്തി ജംറയിൽ എറിയുകയും അറവ് നടത്തുകയും ചെയ്ത ശേഷം ബാർബറോടായി പറഞ്ഞു: തൻെറ തലമുടി എടുക്കാനും വലതുഭാഗത്ത് നിന്ന് ആദ്യം എടുക്കാനും പറഞ്ഞു. ശേഷം അബൂത്വൽഹ(റ)നെ വിളിച്ച് അത് അദ്ദേഹത്തിന് നൽകി. പിന്നെ ഇടത് ഭാഗത്ത് നിന്നും മുടി എടുക്കാൻ പറഞ്ഞു; ശേഷം അബൂ ത്വൽഹയെ ഏൽപ്പിച്ച ശേഷം ജനങ്ങൾക്കിടയിൽ വിതരണം ചെയ്യാനും പറഞ്ഞു.''[2]

അപ്രകാരം തന്നെ സ്വഹാബികൾ നബി(സ)യുടെ വസ്ത്രം, കൈവിരലുകൾ, അംഗശുദ്ധി വരുത്തിയ ബാക്കിവെള്ളം, അദ്ദേഹം കുടിച്ചതിൻെറ ബാക്കി വെള്ളം എന്നിവകൊണ്ടും നബി(സ)യുടെ തലയിൽനിന്നും നീക്കം ചെയ്ത മുടി, നബി(സ) ഉപയോഗിച്ചിരുന്ന അവിടുത്തെ ശരീരവുമായി ബന്ധപ്പെട്ട വസ്ത്രം, പാത്രം, ചെരുപ്പ് എന്നിവ പോലുള്ള വസ്തുക്കളെക്കൊണ്ടും പുണ്യം ആഗ്രഹിച്ചിരുന്നത് പ്രസിദ്ധമാണ്.[3]
എന്നാൽ മേൽ പറയപ്പെട്ട വിഷയങ്ങൾ പ്രവാചകൻ(സ)യുടെ മാത്രം പ്രത്യേകതയാണ്. ഒരിക്കലും അതിനോട് സാമ്യപ്പെടുത്തി മററ് ഒരാളേയും അതിനോട് സമാനമായി കാണു

[1] ബുഖാരി കിതാബുൽ മനാഖിബ്. ബാബു സ്വിഫതുന്നബിയ്യി 4/200, നമ്പർ: 3553.
[2] മുസ്ലിം കിതാബുൽ ഹജ്ജ് 2/947 നമ്പർ 1305.
[3] നാസിറുൽ ജുദൈഅിയുടെ അത്തബർറുകു വ അൻവാഉഹു പേജ് 252.



കയോ അവരുടെ ജീവിതകാലത്ത് പോലും അവരിലൂടെ ബർക്കത്ത് പ്രതീക്ഷിക്കാൻ ഇസ്ലാം അനുവാദം നൽകുന്നില്ല എന്നത് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. കാരണം നബി(സ) സ്വഹാബികളെ ആ നിലക്ക് പഠിപ്പിക്കുകയോ, നബിയിൽനിന്നല്ലാതെ മററാരുടെയെങ്കിലും ജീവിതകാലത്തോ അവരുടെ മരണശേഷമോ അവരിൽനിന്നും ബർക്കത്ത് എടുത്തിരുന്നതായി സ്വഹാബികളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നുമില്ല. ഇസ്ലാമിലേക്ക് ആദ്യമായി കടന്നുവന്ന, ഖുർആൻ പ്രശംസിച്ച മുഹാജിറുകളിൽ നിന്നോ അൻസ്വാറുകളിൽ നിന്നോ, ഖുലഫാഉർ റാഷിദുകളിൽ നിന്നോ, സ്വർഗ്ഗംകൊണ്ട് സന്തോഷമറിയിക്കപ്പെട്ട പത്ത് പേരിൽ ഏതെങ്കിലും വ്യക്തിയിൽ നിന്നോ പിൽക്കാരക്കാരായ സ്വഹാബികൾ നബി(സ)യിലൂടെ പ്രവർത്തിച്ചിരുന്നത്പോലെ പ്രവർത്തിച്ചിട്ടില്ല. ഇമാം ശാത്വബി(റ) പറയുന്നു: ''സ്വഹാബികൾ നബി(സ)യുടെ മരണത്തിന് ശേഷം ഇസ്ലാമിൽ പ്രവാചകന്ന് ശേഷം ഉത്തമരായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നിവരിൽ നിന്നോ മററ് ഏതെങ്കിലും ഒരു സ്വഹാബിയിൽ നിന്നോ ബർക്കത്ത് എടുത്തിരുന്നതായി സ്വീകാര്യമായ നിലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.''[1]
എന്നാൽ പണ്ഢിതന്മാരുടെ വിജ്ഞാനം ഉപയോഗപ്പെടുത്തുക, അവരുടെ പ്രസംഗങ്ങൾ ശ്രവിക്കുക, അവരുടെ പ്രാർത്ഥന, അവരോടൊന്നിച്ച് ഉൽബോധന സദസ്സുകളിൽ പങ്കെടുക്കുക എന്നിവയെല്ലാം നന്മയും അനുഗ്രഹവും പുണ്യവുമെല്ലാം ലഭ്യമാകാനുള്ള മാർഗ്ഗങ്ങളാണ് എന്നതിൽ സംശയമില്ല. പക്ഷേ അവരുടെ ശരീരം കൊണ്ട് അവരുടെ

[1] ഇമാം ശാത്വബിയുടെ അൽ ഇഅ്തിസ്വാം 2/8,9. അത്തബർറുകു വ അൻവാഉഹു പേജ് 261.

ജീവിതകാലത്ത് പോലും ബർക്കത്ത് എടുക്കൽ അനുവദനീയമല്ല. അവരുടെ ശരിയായ വിജ്ഞാനം ഉൾക്കൊണ്ട് പ്രവർത്തിക്കുക അഹ്‌ലുസ്സുന്നത്തിൽ ഉൾപെട്ട പണ്ഢിതന്മാരെ അനുകരിക്കുക എന്നത് മാത്രമാണ് ശരിയായ നടപടിക്രമം എന്നത് പ്രത്യേകം മനസ്സിലാക്കുക.

3. സംസം വെള്ളം കുടിച്ച് കൊണ്ട് ബർക്കത്ത് എടുക്കൽ: തീർച്ചയായും സംസം ഭൂമിയിലെ ഏററവും ശ്രേഷ്ഠമായ വെള്ളമാണ്. അത് ഭക്ഷണപാനീയങ്ങൾക്ക് ഉപകരിക്കും. ഉദ്ദേശശുദ്ധിയോടെ അത് കുടിക്കുന്നത് മൂലം രോഗശമനം കൈവരിക്കാനാകും കാരണം അത് എന്ത് ഉദ്ദേശത്തോടെ കുടിക്കുന്നുവോ അതിന് അത് ഉപകരിക്കുകതന്നെ ചെയ്യും.

إنَّهَا مبَارَكَةٌ إنَّهاَ طَعَامُ طَعْمٍ { وَشِفَاءُ سَقِيمٍ } (مسلم كتاب فضائل الصحابة ١٩٢٢/٤ وما بين المعكوفين عند البزار والبيهقي والطبراني)

‘‘തീർച്ചയായും അത് അനുഗ്രഹീതമാണ്. തീർച്ചയായും അത് ഭക്ഷണവിഭവവുമാണ് [ അത് രോഗിക്ക് ശമനവുമാണ്]’’[1] ജാബിർ(റ) വിൽ നിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നുണ്ട്:

ماءُ زمزم لِمَا شُرِبَ لَهُ (صححه في صحيح ابن ماجة لألباني ١٨٣/٢ ، وإرواء الغليل ٣٢٠/٤)

‘‘സംസം എന്തിനുവേണ്ടി കുടിക്കുന്നുവോ അതിനുള്ളതാണ്’’[2]

[1] മുസ്‌ലിം കിതാബുഫളാഇലുസ്വഹാബ 4/1922 നമ്പർ 2473. ബ്രാക്കററിന് അകത്തുള്ളത് ബസ്സാർ, ബൈഹഖി, ത്വബ്റാനി എന്നിവർ ഉദ്ധരിച്ചതാണ്. ഹൈഥമി മജ്മഉസ്സവാഇദിൽ ഇതിൻെറ പരമ്പര വിശ്വാസയോഗ്യമാണ് എന്ന് പറഞ്ഞിട്ടുണ്ട്.

[2] അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ 2/183, ഇർവാഉൽ ഗലീൽ 4/320.



നബി(സ) ചികിൽസക്കും പുണ്യത്തിനും വേണ്ടി അത് കൊണ്ടുപോയിരുന്നതായും രോഗിയെ കുടിപ്പിക്കുകയും രോഗിയുടെ ശരീരത്തിൽ അത് ഉപയോഗിക്കുകയും ചെയ്യാറുണ്ടായിരുന്നു എന്നും റിപ്പോർട്ടുകളുണ്ട്.[1]

4. മഴവെള്ളം കൊണ്ട് അനുഗ്രഹം തേടൽ: ജനങ്ങൾക്കും കാലികൾക്കും മററു ജീവജാലങ്ങൾക്കും കുടിക്കുന്നതിനും സസ്യലതാദികളും ഫലവർഗ്ഗങ്ങളും വളർന്നുണ്ടാകുന്നതിനും വേണ്ടി അല്ലാഹു വർഷിപ്പിക്കുന്ന മഴവെള്ളം അനുഗ്രഹീതമാണ് എന്നതിൽ സംശയമില്ല. അല്ലാഹു അതുമുഖേനെ ഭൂമിയെ മുഴുവനും ജീവിപ്പിക്കുന്നു. അനസ്(റ) വിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസ് കാണുക:

‘‘ഞങ്ങൾ ഒരിക്കൽ നബി(സ)യുടെ കൂടെയായിരിക്കുമ്പോൾ മഴ വർഷിക്കുകയുണ്ടായി. അന്നേരം നബി(സ) തൻെറ ശരീരഭാഗങ്ങളിൽ നിന്നും വസ്ത്രം നീക്കി ശരീരത്തിൽ മഴ കൊള്ളുന്ന വിധം ആക്കി. അപ്പോൾ ഞങ്ങൾ ചോദിച്ചു: എന്തിനാണ് പ്രവാചകരേ, അങ്ങ് ഇപ്രകാരം ചെയ്തത് ? അപ്പോൾ അദ്ദേഹം പറഞ്ഞു: لأَنّهُ حَدِيثُ عَهْدٍ بِرَبِّهِ ‘അത് അല്ലാഹുവിൽനിന്നും അടുത്ത സമയം ഉണ്ടായതാണ്’ എന്ന്’’[2] ഇമാം നവവി(റ) ഈ ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നത് ഇപ്രകാരമാണ്: ‘‘അത് അല്ലാഹു ഈ അടുത്ത സമയത്ത് സൃഷ്ടിച്ചതാണ് അത് കാരുണ്യമാണ്. അതിനാൽ അതിലൂടെ ബർക്കത്ത് എടുക്കപ്പെടാവുന്നതാണ്’’[3]

[1] അൽബാനി സ്വഹീഹ് തുർമുദി 1/284, അഹാദീസുസ്സഹീഹ 2/572, ബൈഹഖി 5/202.

[2] മുസ്‌ലിം കിതാബു സ്വലാതിൽ ഇസ്തിസ്ഖാഅ് 2/615 നമ്പർ 898.

[3] ശറഹ് മുസ്‌ലിം 6/448.

## നിഷിദ്ധമായ തബർറുകുകൾ:

1. പ്രവാചകൻ(സ)യുടെ മരണശേഷം പ്രവാചകനിലൂടെ ബർക്കത്ത് ആഗ്രഹിക്കൽ: ഇത് രണ്ട് മാർഗ്ഗത്തിലൂടെ മാത്രം അനുവദനീയമാണ്.

**ഒന്ന് :** പ്രവാചകനിൽ വിശ്വസിക്കുക. അദ്ദേഹത്തിൻെറ കൽപ്പനകൾ അനുസരിക്കുക, അദ്ദേഹത്തെ പിൻപററി ജീവിക്കുക എന്നിവയാണ്. വല്ലവരും മേൽ പറയപ്പെട്ട കാര്യങ്ങൾക്ക് അനുസൃതമായി ജീവിച്ചാൽ തീർച്ചയായും അതിലൂടെ അവന് ധാരാളം നന്മകളും മഹത്തായ പ്രതിഫലവും ഇഹ പര ജീവിതത്തിൽ സൗഭാഗ്യവും നേടിയെടുക്കാൻ കഴിയുന്നതാണ്.

**രണ്ട്:** പ്രവാചകൻ(സ)യുടേതാണ് എന്ന് ഉറപ്പുള്ളതും അദ്ദേഹത്തിൻെറ ശരീരത്തിൽ നിന്നും വേർപെട്ടുപോയതുമായ മുടി, അദ്ദേഹത്തിൻെറ ജീവിതകാലത്ത് ഉപയോഗിച്ചിരുന്ന വസ്തുക്കളാണ് എന്ന് ഉറപ്പുള്ള പാത്രങ്ങൾ വസ്ത്രങ്ങൾ എന്നിവയിലൂടെ പുണ്യം പ്രതീക്ഷിക്കൽ. ഇതിനെ സംബന് ധിച്ച വിവരണം മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്.

മേൽ വിവരിച്ച രണ്ട് രീതികളിലൂടെയല്ലാത്ത രീതിയും ശരീഅത്ത് അനുവദിക്കാത്തതും നിഷിദ്ധവുമാണ്. അതുകൊണ്ട് തന്നെ പ്രവാചകൻ(സ)യുടെ ഖബറിലൂടെ ബർക്കത്ത് പ്രതീക്ഷിക്കുകയോ, ഖബർ സിയാറത്ത് ഉദ്ദേശിച്ച് മാത്രം യാത്ര ചെയ്യുകയോ അനുവദനീയമല്ല. പുണ്യം ആഗ്രഹിച്ചുള്ള യാത്ര മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സ എന്നീ മൂന്ന് പള്ളികളിലേക്ക് അല്ലാതെ പാടുള്ളതല്ല. നബി(സ)യുടെ ഖബർ സിയാറത്ത് ചെയ്യൽ മദീനയിലുള്ളവർക്കോ, മസ്ജിദുന്നബവി സന്ദർശിക്കാനോ മറേറാ മദീനയിൽ എത്തിപ്പെടുന്നവർക്കോ മാത്രമാണ് സുന്നത്തുള്ളത്. ഖ



ബർ സന്ദർശിക്കാനായി മാത്രമുള്ള യാത്ര പാടുള്ളതല്ല. സന്ദർശനത്തിലും ചില മര്യാദകളുണ്ട്. മസ്ജിദുന്നബവിയിൽ എത്തുന്ന വ്യക്തി ആദ്യം രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിച്ച ശേഷം നബിയുടെ ഖബർ സ്ഥിതിചെയ്യുന്ന റൂമിന് അഭിമുഖമായി നിന്ന് അദബോടും താഴ്ന്ന സ്വരത്തിലുമായി 'അസ്സലാമു അലൈക്ക യാ റസൂലല്ലാ' എന്ന് പറയുകമാത്രം ചെയ്യുക. അബ്ദുല്ലാഹി ബ്നു ഉമർ(റ) അതിനേക്കാൾ അധികമായി ഒന്നും പറയാറുണ്ടായിരുന്നില്ല. എന്നാൽ അതിനേക്കാൾ അധികമായി ''അസ്സലാമു അലൈക യാ റസൂലല്ലാ, യാ ഖൈറതല്ലാഹി മിൻ ഖൽഖിഹി, അശ്ഹദു അന്നക റസൂലുല്ലാഹി ഹഖൻ, അന്നക ഖദ് ബല്ലഗ്ത ർരിസാലത, വ അദ്ദയ്തൽ അമാനത, വ ജാഹദ്ത ഫില്ലാഹി ഹഖ്ഖ ജിഹാദിഹി, വനസ്വഹ്തൽ ഉമ്മ: (അല്ലാഹുവിൻെറ രക്ഷ താങ്കൾക്ക് ഉണ്ടാവട്ടെ, അല്ലാഹുവിൻെറ സൃഷ്ടികളിൽ ഏററവും ഉത്തമമായിട്ടുള്ളവരേ താങ്കൾ സത്യമായും അല്ലാഹുവിൻെറ റസൂലാണ് എന്ന് ഞാക്ഷ്യം വഹിക്കുന്നു. തീർച്ചയായും താങ്കൾ താങ്കളുടെ ദൗത്യം പൂർത്തീകരിച്ചു, താങ്കളുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വ്യക്തമായ വിധം ജിഹാദ് നിർവ്വഹിച്ചു, നിങ്ങൾ നിങ്ങളുടെ ഉമ്മത്തിന് ശരിയായ വിധം ഉപദേശിച്ചു.'' എന്നുകൂടി പറയുന്നതിൽ തെററില്ല. കാരണം അതെല്ലാം പ്രവാചകൻ(സ) യുടെ വിശേഷണങ്ങൾ തന്നെയാണ്.[1]

എന്നാൽ പ്രവാചകൻെറ ഖബറിന് അടുത്ത് നിന്ന് പ്രാർത്ഥിച്ചാൽ അത് ഉത്തരം ലഭിക്കാൻ കൂടുതൽ അർഹമായതാണ് എന്ന് വിശ്വസിച്ചുകൊണ്ട് ഖബറിന് അടുത്ത് വെച്ചുള്ള പ്രാർത്ഥന, അദ്ദേഹത്തോട് ശുപാർശതേടുക, ഖബറോ അതി

[1] ഇബ്നുബാസിൻെറ മജ്മൂഉ ഫതാവ: 5/289.

ൻെറ ചുമരുകളോ തൊട്ടു തടവുക, ചുംബിക്കുക എന്നിവ യൊന്നും പാടുള്ളതല്ല. അപ്രകാരം തന്നെ പ്രവാചകൻ(സ) ഇരുന്നതോ നമസ്കരിച്ചതോ ആയ സ്ഥലങ്ങൾ, സഞ്ചരിച്ച വഴി, ഖുർആൻ അവതരിച്ച സ്ഥലങ്ങൾ, പ്രവാചകനെ പ്ര സവിച്ചതായി പറയപ്പെടുന്ന സ്ഥലം, പ്രസവിച്ച രാത്രി, ഇ സ്റാഅ് നടന്ന രാത്രി, ഹിജ്റയുമായി ബന്ധപ്പെട്ട സ്മരണ കൾ ഇതുപോലുള്ള മററു വിഷയങ്ങൾ എന്നിവകളിലൂടെ യൊന്നും പുണ്യം ആഗ്രഹിക്കാനും അതിനായി എന്തെങ്കി ലും പ്രവർത്തിക്കാനും അല്ലാഹുവോ റസൂലോ മതമായി നി ർണ്ണയിച്ചു തന്നിട്ടില്ല.

**2.** നിഷിദ്ധമായ തബർറുകിൽ പെട്ടത് തന്നെയാണ്, സ്വാലി ഹുകളിലൂടെയും വലിയ്യുകളിലൂടെയും അവരുടെ ശരീരം കൊണ്ടോ അവരുമായി ബന്ധപ്പെട്ട വസ്തുക്കളിലൂടെയോ ബർക്കത്ത് എടുക്കലും. അതുപോലെ അവർ ആരാധനകൾ നിർവ്വഹിച്ച സ്ഥലങ്ങൾ, അവർ കഴിച്ചുകൂട്ടിയ പ്രദേശങ്ങൾ, അവരുടെ ഖബറുകൾ, അത് സന്ദർശിക്കാനായി സിയാറത്ത് യാത്രകൾ നടത്തൽ, അവിടങ്ങളിൽ വെച്ചുള്ള നമസ്കാരം സഹായാർത്ഥന എന്നിവ നിർവ്വഹിക്കൽ, ഖബറുകൾ തൊ ട്ടുമുത്തൽ, അവിടെ ഭജനമിരിക്കൽ, അവരുടെ ജന്മദിന ത്തിലൂടെ പുണ്യം പ്രതീക്ഷിക്കൽ എന്നിവയെല്ലാം. ആരെ ങ്കിലും അവയെല്ലാം അവരിൽനിന്നും പുണ്യം ആഗ്രഹിച്ചു ചെയ്താൽ അവൻ വലിയ ശിർക്ക് പ്രവർത്തിച്ചവൻ ആയി ക്കഴിഞ്ഞു; അതുപോലെ അവർ തങ്ങളെ സഹായിക്കുക യും അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുകയും, ഞങ്ങൾ ക്ക് രക്ഷ നൽകുകയും തടുക്കുകയും ചെയ്യും എന്നതു പോലുള്ള വിശ്വാസവും കൊടിയ ശിർക്ക് തന്നെയാണ്. ഇനി ആരെങ്കിലും അത് അല്ലാഹുവിൽ നിന്നും പുണ്യം ല ഭിക്കാനുള്ള മാർഗ്ഗമാണ് എന്ന് കരുതി അല്ലാഹുവിൽ നി



ന്നും ബർക്കത്ത് ആഗ്രഹിച്ചാലും അത് കുററകരം തന്നെയാ ണ്; കാരണം അവൻ ബിദ്അത്തും ചീത്തയും മോശ പ്പെട്ട തുമായ പ്രവർത്തനം ചെയ്തവനായിക്കഴിഞ്ഞു.[1]

**3.** നിഷിദ്ധമായ തബർറുകുകളിൽ പെട്ടതുതന്നെയാണ് പർ വ്വതങ്ങൾ പ്രത്യേക സ്ഥലങ്ങൾ എന്നിവയിലൂടെ ബർക്കത്ത് പ്രതീക്ഷിക്കൽ. കാരണം അത് പ്രവാചകൻ(സ)യുടെ ചര്യ ക്ക് വിരുദ്ധമാണ്. അത് പ്രസ്തുത പർവ്വതത്തിനും സ്ഥല ത്തിനും മഹത്വം നിശ്ചയിക്കലാണ്. ഹജറുൽ അസ്വദ് ചുംബിക്കുന്നതിനോടും കഅബ ത്വവാഫ് ചെയ്യുന്നതിനോ ടും മറെറാന്നും അവ തുലനം ചെയ്തുകൂടാത്തതാണ്. അ താകട്ടെ തെളിവുകളിലൂടെ സ്ഥാപിതമായിട്ടുള്ള അല്ലാഹു വിനുള്ള ആരാധനകളാണ്. കഅബയിൽ നിന്നുതന്നെ ഹജ റുൽ അസ്വദും റുക്നുൽ യമാനിയുമല്ലാത്ത മറെറാന്നും പുണ്യം ആഗ്രഹിച്ച് തൊട്ട് തടവുകകൂടി പാടില്ലാത്തതാണ്. കാരണം നബി(സ) അവരണ്ടും മാത്രമാണ് തടവിയുള്ളത്. ഇക്കാര്യത്തിൽ പണ്ഢിതന്മാർക്ക് ഇടയിൽ അഭിപ്രായ വ്യ ത്യാസമില്ലാത്ത കാര്യമാണ്.[2] ഇബ്നുൽ ഖയ്യിം(റ) പറയുന്ന ത് കാണുക: ''ചുംബിക്കുകയോ തടവുകയോ ചെയ്തു കൊണ്ട് പാപഭാരം ഇറക്കിവെക്കാൻ മതം അനുവദിച്ചിട്ടു ള്ള സ്ഥലം അല്ലാഹുവിൻെറ ഭൂമിയിൽ ഹജറുൽ അസ്വ ദും റുക്നുൽ യമാനിയും[3] മാത്രമാണ് ''[4]

---

[1] അത്തബർറുകു വ അൻവാ ഉഹു പേജ് 381.

[2] ഇബ്നു തൈമിയ്യയുടെ ഇഖ്തിളാഉ സ്വിറാത്തിൽ മുസ്തഖീം 2/799.

[3] റുക്നുൽ തൊടുക മാത്രമാണ് സുന്നത്തുള്ളത്. തൊട്ടുമുത്തുകയോ, ചുംബി ക്കുകയോ ചെയ്യാൻ മാതൃകയില്ല. വിവർത്തകൻ.

[4] ഇബ്നുൽ ഖയ്യിമിൻെറ സാദുൽ മആദ് ഫീ ഹദ്യി ഖൈരിൽ ഇബാദ് 1/48.

അദ്ദേഹം തുടർന്നും പറയുന്നത് നോക്കുക: ''കഴിവുള്ളവർക്ക് ത്വവാഫിനും സഅ്യിനും നിർബന്ധമുള്ള സ്ഥലം ഭൂമുഖത്ത് പരിശുദ്ധ കഅ്ബയല്ലാതെ മറെറാരു പ്രദേശവുമില്ല.''[1] ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റ) കഅ്ബയെ അല്ലാതെ മററു വല്ലതിനേയും ത്വവാഫ് ചെയ്യുന്നത് സംബന്ധിച്ച് പറയുന്നത് ഇപ്രകാരമാണ്: '' അത് ഏററവും കുററകരമായ ബിദ്അത്താണ്. വല്ലവനും മതത്തിൻെറ ഭാഗമാണ് എന്ന് കരുതി ഏതെങ്കിലും വസ്തുവിനെ ത്വവാഫ് ചെയ്താൽ അവൻ പശ്ചാത്തപിക്കാത്ത പക്ഷം അവനെ വധിക്കപ്പെടേണ്ടതാണ്''[2] കഅ്ബയിൽ തന്നെ മഖാമ് ഇബ്റാഹീമോ മുകളിൽ പറഞ്ഞതല്ലാത്ത ഏതെങ്കിലും കല്ലോ ചുമരോ തൊടുകയോ, ചുംബിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അതുപോലെ ഹിറാ ഗുഹയോ അത് സ്ഥിതിചെയ്യുന്ന ജബലുന്നൂറോ ബർക്കത്തുള്ള സ്ഥലമായി കാണുകയോ അങ്ങോട്ട് യാത്രചെയ്യുകയോ, അവിടെ കയറി നമസ്കരിക്കുകയോ പാടില്ലാത്തതാണ്. ഥൗർ ഗുഹ, ജബൽ അറഫ, ജബൽ അബീ ഖുബൈസ്, ജബൽ ഥുബൈർ, ദാറുൽ അർഖം പോലുള്ള വീടുകൾ, ത്വൂർ പർവ്വതം എന്നിവയൊന്നും പുണ്യമുള്ളതായി കാണുകയോ അവിടേക്ക് യാത്രചെയ്യുകയോ എന്തെങ്കിലും തരത്തിലുള്ള സൽക്കർമ്മങ്ങൾ അവിടെ വെച്ച് നിർവ്വഹിക്കുയോ ചെയ്യുന്നതിന് മതം ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യുന്നില്ല. അവയെല്ലാം നിഷിദ്ധവും കുററകരവുമാണ്. അപ്രകാരം തന്നെ ഏതെങ്കിലും മരങ്ങളോ കല്ലുകളോ ബർക്കത്ത് എടുക്കുന്നതിനായി ഇസ്‌ലാം നിശ്ചയിച്ചിട്ടില്ല.[1]

[1] സാദുൽ മആദ് 1/48.

[2] ഫതാവ ഇബ്നു തൈമിയ്യ 26/121.



## തബർറുക് വഴിതെററുന്നതിനുള്ള കാരണങ്ങൾ

നിഷിദ്ധങ്ങളായ നിലക്കുള്ള തബർറുകുകളിലേക്ക് ആളുകൾ എത്തിപ്പെടാനുള്ള കാരണങ്ങൾ മതത്തെ സംബന്ധിച്ച അജ്ഞത, പുണ്യാത്മക്കളുടെ വിഷയത്തിലുള്ള അതിരുകവിയൽ, അവിശ്വാസികളെ അനുകരിക്കൽ, പുരാതന വസ്തുക്കളിലും സ്ഥലങ്ങളിലുമുള്ള അതിരുവിട്ട ബഹുമാനം എന്നിവയാണ്.

## നിഷിദ്ധങ്ങളായ തബർറുകിൻെറ ദൂഷ്യങ്ങൾ

നിഷിദ്ധങ്ങളായ തബർറുകിൻെറ ദൂഷ്യങ്ങൾ നിരവധിയാണ്. അവയിൽ പെട്ടതാണ് ശിർക്ക്. അത് ഏററവും ഗുരുതരവും അപകടകരവുമായ വിഷയമാണ്. ഏതെങ്കിലും വസ്തുവിലൂടെ നേരിട്ട് പുണ്യം പ്രതീക്ഷിക്കുന്നതായാൽ അത് ശിർക്ക് തന്നെയാണ്. മററു ചിലപ്പോൾ അത് ശിർക്കിലേക്കുള്ള മാധ്യമമായിത്തീരുകയും ശിർക്കിനുള്ള കാരണമായിത്തീരുകയും ചെയ്യുന്നവയുമുണ്ട്. അതുപോലെ ബിദ്അത്ത്, വൻപാപം, കളവ്, മതതെളിവുകളെ മാററിമറിക്കൽ, സുന്നത്ത് പാഴാക്കൽ, വിജ്ഞാനമില്ലാത്തവരെ വഞ്ചിക്കൽ, നേർമാർഗ്ഗത്തിൽ നിന്നും തെററിക്കൽ, എന്നിങ്ങനെ വിവിധതരം കുററങ്ങൾ നിഷിദ്ധവും ആക്ഷേപാർഹവുമായ തബർറുകുകളിലൂടെ ഉണ്ടായിത്തീരുന്നവയാണ്.

[1] അത്തബർറുകു വ അൻവാഉഹു 419 മുതൽ 464 വരെ നോക്കുക.

മേൽ പറയപ്പെട്ട നിലയിൽ വഴിതെററിപ്പോയ ആളുകളെ നേരെയാക്കി നിഷിദ്ധമായ തബർറുകിൽ നിന്നും അവരെ രക്ഷപ്പെടുത്താൻ താഴെ പറയുന്ന മാർഗ്ഗങ്ങൾ അനിവാര്യമായും സ്വീകരിക്കേണ്ടതാണ്.

- ശരിയായ വിജ്ഞാനം പ്രചരിപ്പിക്കൽ
- ശരിയായ മൻഹജിലൂടെ പ്രബോധനം നിർവ്വഹിക്കൽ
- അതിരുവിട്ടുള്ള ആദരവിലേക്കും വഴിതെറെറിയ തബർറുകിലേക്കും എത്തിക്കുന്ന മാർഗ്ഗങ്ങൾ ഒഴിവാക്കുക.
- വഴിതെററിയ തബർറുക് ചിഹ്നങ്ങൾ നശിപ്പിക്കുക.

ഇമാം സഅദി (റ) കിതാബുത്തൗഹീദിൽ മരം കല്ല് എന്നിവയിലൂടെ ബർക്കത്ത് എടുക്കൽ എന്ന അദ്ധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ‘‘ **അവയെല്ലാം ശിർക്കും മുശ്രികുകളുടെ പ്രവർത്തനവുമാണ്. കല്ലുകൾ മരങ്ങൾ പ്രത്യേക സ്ഥലങ്ങൾ, ജാറങ്ങൾ എന്നിവകളിലൂടെ ബർക്കത്ത് പ്രതീക്ഷിക്കൽ മതം അനുശാസിക്കുന്നതല്ല എന്നതിൽ പണ്ഢിതന്മാർ ഏകാഭിപ്രായക്കാരാണ്. അവയെല്ലാം മതത്തിൽ അതിരുകവിയലാണ്. പിന്നീട് അവ പ്രാർത്ഥനയുടേയും ആരാധനകളുടേയും സ്ഥലങ്ങളായി മാറും; അതാകട്ടെ തനി ശിർക്കാണ് താനും. ഇത് എല്ലാ വസ്തുക്കൾക്കും ഒരുപോലെ വ്യാപകമായ കാര്യമാണ്. മഖാമ് ഇബ്റാഹീം, നബി(സ)യെ ഖബറടക്കിയിട്ടുള്ള ആയിശ(റ)യുടെ റൂമ്, ബൈതുൽ മുഖദ്ദസിലെ പാറ തുടങ്ങിയ എല്ലാ വസ്തുക്കളിലും ഇത് ബാധകമാണ്.**

**എന്നാൽ കഅബയിൽ ഹജറുൽ അസ്വദ് ചുംബിക്കുക, തലോടുക, റുക്നുൽ യമാനി തലോടുക എന്നിവയെല്ലാം അല്ലാഹുവിനുള്ള ആരാധനകൾ എന്ന നിലക്ക് മാത്രമാണ്;**



അതല്ലാതെ അവയിൽ നിന്നും യാതൊന്നും പ്രതീക്ഷിച്ചുകൊണ്ടല്ല. അത് അല്ലാഹുവിനുള്ള ആരാധനയും മഹത്വപ്പെടുത്തലുമാണ്. അല്ലാഹു ആവശ്യപ്പെട്ട അവൻെറ സൃഷ്ടികൾക്കുള്ള ആദരവും അവനുള്ള ആരാധനയുമാണ് അത്. അല്ലാഹുവോടുള്ള പ്രാർത്ഥന ആരാധനയും തൗഹീദും, സൃഷ്ടികളോടുള്ള പ്രാർത്ഥന അവനിൽ പങ്ക്ചേർക്കലും ശിർക്കും ആകുന്നത് പോലുള്ള അന്തരമാണ് മേൽ പറയപ്പെട്ട വിഷയത്തിലും ഉള്ളത്.’’[1]

## മററ് ബിദ്അത്തുകൾ

നിഷിദ്ധങ്ങളും നൂതന സമ്പ്രദായങ്ങളുമായ, ബിദ്അത്തുകൾ കണക്കില്ലാത്ത വിധം ഇന്ന് സമൂഹത്തിൽ വ്യാപകമായി ത്തീർന്നിരിക്കുകയാണ്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

1. നിയ്യത്ത് പറയൽ: ഉസ്വല്ലീ ഫറള . . ., നവയ്തു സൗമ ഗദിൻ . . നവയ്തുൽ ഗുസ്ല. . ., നമസ്കാരത്തെ ഹലാലാക്കാൻ വേണ്ടി ... എന്നതുപോലെ കർമ്മങ്ങളുടെ തുടക്കത്തിൽ അനിവാര്യമായും മനസ്സിൽ കരുതേണ്ടത് ചൊല്ലിപ്പറയുക എന്നത് സമൂഹത്തിൽ വ്യാപകമായിത്തീർന്നിട്ടുള്ള ഒരു അനാചാരമാണ്. അവ നബി(സ)യുടെ ജീവിത ചര്യയിൽ പെട്ടതല്ല.

അല്ലാഹു പറയുന്നത് കാണുക:

قُلْ أَتُعَلِّمُونَ اللَّهَ بِدِينِكُمْ وَاللَّهُ يَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ ( سورة الحجرات ١٦)

[1] അൽ ഖൗലുസ്സദീദ് ഫീ മഖാസിദുത്തൗഹീദ് പേജ് 51.

''നീ പറയുക: നിങ്ങളുടെ മതത്തെപ്പററി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു ഏത് കാര്യത്തെപ്പററിയും അറിയുന്നവനാകുന്നു.''[1]

നിയ്യത്ത് എന്നാൽ മനസ്സുമായി ബന്ധപ്പെട്ടതാണ് അത് നാവുമായി ബന്ധപ്പെട്ട പ്രവർത്തനമല്ല. അതിൻെറ സ്ഥാനം ഹൃദയമാണ്. ഹാഫിള് ഇബ്നു റജബ് (റ) പറയുന്നു: ''നിയ്യത്ത് എന്നാൽ മനസ്സിൻെറ തീരുമാനമാണ്. മനസ്സിൽ ഉള്ളത് പറയൽ നിർബന്ധമായ ഒരു ആരാധനയും ഇല്ല.''[2]

2. നമസ്കാര ശേഷമുള്ള കൂട്ടുപ്രാർത്ഥന: നമസ്കാര ശേഷം നബി(സ) പ്രാർത്ഥിക്കുകയും സ്വഹാബികളെ പഠിപ്പിക്കുകയും ചെയ്തത് പോലെ ഓരോരുത്തരും ഒററക്ക് ദിക്റുകളും പ്രാർത്ഥനകളും നിർവ്വഹിക്കലാണ് മതപ്രമാണങ്ങളിൽ സ്ഥിരപ്പെട്ടിട്ടുള്ളത്. അത് തന്നെയാണ് സ്വഹാബികൾ അനുവർത്തിച്ചുപോന്നതും. അതുകൊണ്ട് തന്നെ നബി (സ)യെ പിൻപററി ജീവിച്ചുപോന്ന സ്വഹാബികൾക്ക് പരിചയമില്ലാത്തതും ഇന്ന് പ്രചാരത്തിലുള്ളതുമായ നമസ്കാരങ്ങൾക്ക് ശേഷം നടത്തപ്പെടുന്ന കൂട്ടുപ്രാർത്ഥന ബിദ്അത്തും അനാചാരവുമാണ് എന്ന കാര്യത്തിൽ സംശയമില്ല.

3. മരണപ്പെട്ടവർക്കായി ഫാതിഹ ഓതൽ: പരേതാത്മാക്കൾക്ക് വേണ്ടി ഫാതിഹ ഓതൽ, മരിച്ചുപോയവരുടെ നന്മക്കായി ഖുർആൻ പാരായണം ചെയ്യൽ, മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഖുർആൻ ഓതൽ, നികാഹിൻെറ ഖുതുബയുടെ കൂടെ ഫാതിഹ ഓതൽ തുടങ്ങി നമ്മുടെ സമൂഹത്തിൽ നടപ്പുള്ള രീതികൾ എല്ലാം നിഷിദ്ധവും ബിദ്അത്തുമാണ്. നബി(സ)യിൽ നിന്ന് അത്തരം ഒരു ആചാരം റിപ്പോർട്ട് ചെയ്യപ്പെടുകയോ സ്വഹാബികൾ അപ്രകാരം പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. അവരാണല്ലോ നബി (സ)യുടെ ജീവിതക്രമങ്ങൾ നന്നായി അറിയുന്നവർ. അതുകൊണ്ട് തന്നെ അവർക്ക് പരിചയമില്ലാത്ത മേൽ പറയപ്പെട്ട സമ്പ്രദായം ബിദ്അത്തും നൂതനാചാരവും നിഷിദ്ധവുമാണ്.

1 സൂറ: ഹുജ്റാത്ത് 16.

2 ജാമിഉൽ ഉലൂമി വൽ ഹികം: 1/92.



4. ചാവടിയന്തിരം: മരണപ്പെട്ടവർക്ക് വേണ്ടി പ്രത്യേക സദസ്സും സദ്യയും സംഘടിപ്പിച്ച് കൂലിക്ക് ആളുകളെ ഏർപ്പെടുത്തി ഖുർആൻ പാരായണം ചെയ്യുക തുടങ്ങിയ കാര്യങ്ങളും ബിദ്അത്ത് തന്നെയാണ്. മരണപ്പെട്ടവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുക എന്ന സുന്നത്തായ തഅ്സിയത്തിൽ പെട്ടതും മയ്യിത്തിന് പ്രതിഫലം ലഭിക്കുന്നതുമാണ് എന്നാണ് അത് പ്രവർത്തിക്കുന്നവരുടെ വാദം. എന്നാൽ അവയെല്ലാം യാതൊരു തെളിവിൻെറയും പിൻബലമില്ലാത്ത മാമൂലുകളും ബിദ്അത്തുമാണ്.

5. സൂഫികളുടെ ദിക്റുകൾ: പുണ്യമാണ് എന്ന് സൂഫികൾ മതത്തിൽ കടത്തിക്കൂട്ടി ഉരുവിട്ടുകൊണ്ടിരിക്കുന്ന കീർത്തനങ്ങളും ബിദ്അത്തുകളുടെ പട്ടികയിൽ തന്നെയാണ് ഉൾപ്പെടുക. നിർവ്വഹിക്കുന്ന സമയം, രീതി, പദങ്ങൾ എന്നിവയിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാം വർജ്ജിക്കപ്പെടേണ്ടത് തന്നെയാണ്. ഇക്കാര്യമാണ് താഴെ പറയുന്ന പ്രവാചക വചനം വ്യക്തമാക്കിത്തരുന്നത്:

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്'' [1]

6. ജാറങ്ങൾ: ഖബറിടങ്ങളിൽ കെട്ടിടമുണ്ടാക്കുക, അത് തീർത്ഥാടന കേന്ദ്രമായി കാണുക, ഖബറിന്മേൽ പള്ളികൾ നിർമ്മിക്കുക, പള്ളികൾക്കുള്ളിൽ ഖബറടക്കുക, ഖബറിലേക്ക് തിരിഞ്ഞ് നമസ്കരിക്കുക, പുണ്യംതേടി അവിടങ്ങളിലേക്ക് സന്ദർശനം നടത്തുക, ഖബറാളികളേയോ മററ് മരണപ്പെട്ടവരേയോ മദ്ധ്യവർത്തികളാക്കി പ്രാർത്ഥിക്കുക, ഖബറുകൾക്ക് അടുത്ത് വെച്ച് പ്രാർത്ഥിക്കുക നമസ്കരിക്കുക, സ്ത്രീകൾ ജാറസന്ദർശനം നടത്തുക, ഖബറുകൾക്ക് അരികിൽ വിളക്കുകളും തിരികളും കത്തിക്കുക എന്നിവയെല്ലാം ബിദ്അത്തുകളും ചീത്ത ആചാരങ്ങളുമാണ്.

## توبة المبتدع
## ബിദ്അത്തുകാരൻെറ പശ്ചാത്താപം

ബിദ്അത്ത് കുററകൃത്യങ്ങൾ പ്രവർത്തിക്കുന്നതിനേക്കാൾ ഗുരുതരമാണ് എന്നതിൽ സംശയമില്ല. കുററകൃത്യങ്ങൾ ഒരാളിൽ നിന്നും ഉണ്ടാവുക, അതിൽ നിരതമാവുക എന്നത് അയാളെ നശിപ്പിക്കുകതന്നെ ചെയ്യും എന്നാൽ ബിദ്അത്ത് പ്രവർത്തിക്കൽ അതിനേക്കാൾ അപകടകാരിയാണ്. സുഫ്‌യാനു സൗരി (റ) പറയുന്നു: ''ബിദ്അത്തുകളാണ് കുററകൃത്യങ്ങൾ പ്രവർത്തിക്കുന്നതിനേക്കാൾ ഇബ്‌ലീസിന് ഇഷ്ടം. കുററകൃത്യങ്ങൾ ചെയ്യുന്നവൻ പശ്ചാത്തപിക്കാൻ ഇടയുണ്ട് എന്നാൽ ബിദ്അത്ത് പ്രവർത്തിക്കുന്നവൻ പശ്ചാത്ത

[1] മുസ്‌ലിം



പിക്കുകയില്ല.''[1] ബിദ്അത്തുകാരൻ പശ്ചാത്തപിക്കുകയില്ല; എന്നതിനെ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: '' ഒരാൾ അല്ലാഹുവോ റസൂലോ പഠിപ്പിച്ചിട്ടില്ലാത്തതായ ഒരു വിഷയം, അതായത് ബിദ്അത്ത് പ്രവർത്തിക്കുക അത് മതമാണ് എന്ന നിലക്കാണ്. പിശാച് അവന് അതിനെ നല്ലതായി കാണിച്ചുകൊടുക്കുകയും അവൻ നല്ല കാര്യമാണ് എന്ന നിലക്കാണ് അത് പ്രവർത്തിക്കുന്നതും. നല്ല കാര്യം എന്ന് ഒരു കാര്യത്തെ കരുതുന്നേടത്തോളം പശ്ചാത്താപ വിഷയം തന്നെ ഉദിക്കുന്നുമില്ല. ഒരാൾ ഒരു തെററ് ചെയ്തു എന്ന് ബോധ്യപ്പെടുക എന്നതാണ് തൗബയുടെ ഒന്നാമത്തെ കാര്യം. അതല്ലെങ്കിൽ പ്രവർത്തിക്കൽ നിർബന്ധമാക്കിയ അതല്ലെങ്കിൽ സുന്നത്തായി നിശ്ചയിച്ച ഒരു വിഷയം ഉപേക്ഷിക്കുമ്പോഴാണ് തൗബ ചെയ്യേണ്ടതായി വരുന്നത്. അതിനാൽ ചീത്തയായ ഒരു കാര്യത്തെ നല്ലതായി കാണുന്നേടത്തോളം കാലം അയാൾ പശ്ചാത്തപിക്കുന്നതല്ല. എന്നാൽ ഒരാൾക്ക് സത്യം മനസ്സിലാക്കാനും ബിദ്അത്തുകളെ കയ്യൊഴിച്ച് സത്യമാർഗ്ഗം ഉൾക്കൊള്ളാനും മാർഗ്ഗദർശനം ലഭിച്ചാൽ അയാളുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടേക്കും. അവിശ്വാസികളും മുനാഫിഖുകളുമായ ആളുകൾക്ക് സത്യം മനസ്സിലാക്കാൻ അവസരം ലഭിക്കുകയും അവർക്ക് ഹിദായത്ത് ലഭിക്കുകയും ചെയ്താലുള്ള അവസ്ഥ പോലെത്തന്നെയാണ് ബിദ്അത്തുകാരും അവരിലെ ബിദ്അത്തുകൾ കയ്യൊഴിക്കുമ്പോൾ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. എന്നാൽ ബിദ്അത്തുകാരുടെ പശ്ചാത്താപം ഒരു നിലക്കും സ്വീകരിക്കപ്പെടന്നതല്ല എന്ന്

[1] ബഗവിയുടെ ശറഹുസ്സുന്ന 1/216.

പറയുന്നത് വലിയ തെററാണ്.''[1] പിന്നീട് ശൈഖ് അവർകൾ ബിദ്അത്തുകാരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നതല്ല എന്ന ഹദീസിനെ മുകളിൽ പറഞ്ഞ വിധം വിശദീകരിക്കുകയും റചയ്തു.

ഹദീസ് ഇപ്രകാരമാണ്. അനസ് (റ) പറയുന്നു: നബി(സ) പറഞ്ഞു:

إنّ الله حجب التوبة عن صاحب كلِّ بدعة (الطبراني في المعجم الأوسط ٦٨/٦ رقم ٤٧٢٣ وصححه الألباني سلسلة الصحيحة ١٥٤/٤ رقم ١٦٢٠)

''എല്ലാ ബിദ്അത്തുകാരിൽ നിന്നും അല്ലാഹു തൗബയെ തടയുന്നതാണ്.''[2]

പ്രസ്തുത ഹദീസിനെ വിശദീകരിച്ചുകൊണ്ടുള്ള ഇബ്നു തൈമിയ(റ)യുടെ അഭിപ്രായം മുകളിൽ പറഞ്ഞത് ഓർക്കുമല്ലൊ. തെളിവുകളിൽ ഒന്ന് മറെറാന്നിന് വിവരണമാകും എന്നത് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. അല്ലാഹു തൻെറ ദാസന്മാർ തെററുകുററങ്ങളിൽ നിന്നും പിന്മാറി താൻ പ്രവർത്തിച്ചിരുന്ന തെററുകളിൽ നിന്നും ഖേദിച്ച് പശ്ചാത്തപിക്കുകയാണെങ്കിൽ അവൻെറ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. എന്നാൽ അതോടൊപ്പം ഒരിക്കലും ആ തെററുകളിലേക്ക് മടങ്ങാതിരിക്കുകയും അന്യരുമായുള്ള ഇടപാടുകൾ വല്ലതും തീർക്കാനോ തിരിച്ചുകൊടുക്കാനോ ഉണ്ടെങ്കിൽ അത് മടക്കിക്കൊടുത്ത് ഇടപാടുകൾ ക്ലിയറാക്കിയിരിക്കലും അനിവാര്യമാണ്. അല്ലാഹു ശിർക്ക് ചെയ്യുകയും കൊലപാ

[1] മജ്മൂഉ ഫതാവ ഇബ്നു തൈമിയ്യ 10/9,10.

[2] ത്വബ്റാനി മുഅ്ജമുൽ ഔസത് 8/62 നമ്പർ 4713. അൽബാനിയുടെ സിൽസിലതു സ്വഹീഹ: 4/154 നമ്പർ 1620.



തകങ്ങൾ നടത്തുകയും വ്യഭിചരിക്കുകയും ചെയ്തവരായ ആളുകളെ സംബന്ധിച്ച് പറയുന്നത് കാണുക:

إِلا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُوْلَئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ وَكَانَ اللَّهُ غَفُورًا رَّحِيمًا ( سورة الفرقان ٧٠)

''പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു അവരുടെ തിന്മകൾക്ക് പകരം നന്മകൾ മാററിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.''[1]

وَإِنِّي لَغَفَّارٌ لِّمَن تَابَ وَآمَنَ وَعَمِلَ صَالِحًا ثُمَّ اهْتَدَى ( سورة طــه ٨٢)

''പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും പിന്നെ നേർമാർഗ്ഗത്തിൽ നിലകൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും നാം ഏറെ പൊറുത്തുകൊടുക്കുന്നവനത്രെ.''[2]

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ ( سورة الزمر ٥٣)

''പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എൻെറ ദാസന്മാരേ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പററി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാ നിധിയും.''[3]

[1] ഫുർഖാൻ 70.

[2] സൂറ ത്വാഹ 82.

[3] സുമർ 53.

وَمَن يَعْمَلْ سُوءًا أَوْ يَظْلِمْ نَفْسَهُ ثُمَّ يَسْتَغْفِرِ اللّهَ يَجِدِ اللّهَ غَفُورًا رَّحِيمًا ( سورة النساء ١١٠)

''ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്.''[1]

ഇവിടെ പറയപ്പെട്ട തൗബ (പശ്ചാത്താപം) ദൈവ നിഷേധത്തിൽ നിന്നും, നിരീശ്വരത്വത്തിൽ നിന്നും, ബഹുദൈവ വിശ്വാസത്തിൽ നിന്നും, ബിദ്അത്തുകളിൽ നിന്നുമെല്ലാം പശ്ചാത്തപിക്കുന്ന എല്ലാ വിഭാഗങ്ങളേയും വ്യാപകമായി പരാമർശിക്കുന്നതാണ്; അതായത് തൗബ സ്വീകരിക്കപ്പെടുന്നതിനുള്ള നിബന്ധനകൾക്ക് വിധേയമായി ആര് പശ്ചാത്തപിച്ചാലും അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നതാണ്.

## آثار البدع وأضرارها
## ബിദ്അത്തുകളുടെ അപകടങ്ങൾ

ബിദ്അത്തുകൾകൊണ്ട് അനേകം ദൂഷ്യങ്ങളും നാശകരങ്ങളായ പര്യവസാനങ്ങളും കെടുതികളും ഉണ്ടായിത്തീരുന്നതാണ്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

1. ബിദ്അത്തുകൾ അവിശ്വാസത്തിൻെറ മുന്നോടിയാണ്. അബൂഹുറൈറ(റ)വിൽ നിന്നുള്ള ഒരു ഹദീസ് കാണുക:

[1] നിസാഅ് 110.



لاَ تَقُومُ الساعةُ حتى تَأْخُذَ أُمَّتِي بِأَخْذِ الْقُرُون قَبْلَهَا شِبْرًا بِشِبْرٍ وَذِرَاعًا بِذِرَاعٍ فقيل يا رسول الله كفارس والروم فقال وَمَنِ النَّاس إلاَّ أُلائكَ (البخاري ١٩١/٨ رقم ٧٣١٩)

''എൻെറ പൂർവ്വീകരെ ചാണിനു ചാണായും മുഴത്തിനു മുഴമായും സ്വീകരിക്കുന്നത് വരെ ഖിയാമത്ത് നാൾ സംഭവിക്കുന്നതല്ല. അന്നേരം പേർഷ്യക്കാരേയും റോമക്കാരേയുമാണോ ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അവർ അല്ലാതെ ആരാണ് ആ ജനങ്ങൾ.''[1]

അബൂ സഈദിൽ ഖുദ്രിയ്യി(റ)ൽ നിന്നുള്ള മറെറാരു ഹദീസിലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

عن أبي سعيد الخذري ﷺ عن النبي ﷺ لتتبعنّ سنن من كان قبلكم شبرا بشبر وذراعا بذراع حتى لو دخلوا في جحر ضب تبعتموهم قلنا يا رسول الله آليهود والنصارى ؟ قال فمن ؟ (متفق عليه بخاري ١٩١/٨ رقم ٧٣٢٠، مسلم ٢٠٥٤/٤ رقم ٢٦٦٩)

''അബൂ സഈദിൽ ഖുദ്രിയ്യ്(റ) വിൽ നിന്ന് നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പൂർവ്വീകരിലെ ദുരാചാരങ്ങൾ ചാണിന് ചാണായും മുഴത്തിനു മുഴമായും പിൻപററുക തന്നെ ചെയ്യും. അവർ ഒരു ഉടുമ്പിൻെറ മാളത്തിൽ പ്രവേശിച്ചിട്ടുണ്ട് എങ്കിൽ നിങ്ങളും അത് പിൻപററുക തന്നെ ചെയ്യും. ഞങ്ങൾ ചോദിച്ചു: ജൂത ക്രൈസ്തവരെയാണോ അങ്ങ് ഉദ്ദേശിക്കുന്നത് ? അദ്ദേഹം പറഞ്ഞു: അല്ലാതെ ആരെയാണ് ?''[2]

[1] ബുഖാരി 8/191 നമ്പർ 7319.

[2] മുതഫഖുൻ അലൈഹി. ബുഖാരി 8/191 നമ്പർ 7320, മുസ്ലിം 4/2054 നമ്പർ 2669.

2. അല്ലാഹുവിൻെറ പേരിൽ ഇല്ലാത്താത് പറയലാണത്.
ബിദ്അത്തുകാരുടെ നടപടി ക്രമങ്ങൾ ശ്രദ്ധിച്ചാൽ അവർ അവരിലധിക പേരും അല്ലാഹുവിൻേറയും റസൂലിൻേറയും പേരിൽ വ്യാജം പറയുന്നവരാണ് എന്ന് കാണാം. അതാകട്ടെ അല്ലാഹു ശക്തമായി വിലക്കിയ കാര്യവുമാണ്.
അല്ലാഹു പറയുന്നു:

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الأَقَاوِيلِ لأَخَذْنَا مِنْهُ بِالْيَمِينِ ثُمَّ لَقَطَعْنَا مِنْهُ الْوَتِين ( سورة الحاقة ٤٤،٤٥،٤٦)

''നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കുകളും കെട്ടിച്ചമച്ചു പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിൻെറ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു.''[1]

പ്രവാചകൻ(സ) തൻെറ പേരിൽ വ്യാജമാരോപിക്കുന്നതിനെ ശക്തമായി താക്കീത് ചെയ്യുകയും, അവർ അനുഭവിക്കാനിനിക്കുന്ന ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെ യ്തിട്ടുണ്ട്. അദ്ദേഹം പറയുന്നത് കാണുക:

مَنْ تَعَمَّدَ عَلَيَّ كَذِبًا فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّار (متفق عليه. البخاري ٤١/١ رقم ١٠٨، مقدمة مسلم ٧/١ رقم ٢)

''വല്ലവനും എൻെറ പേരിൽ കരുതിക്കൂട്ടി കളവ് പറഞ്ഞാൽ അവൻ തൻെറ ഇരിപ്പിടം നരകത്തിലാണെന്ന് ഉറപ്പിച്ചുകൊള്ളട്ടെ''[2]

[1] അൽ ഹാഖ്ഖ: 44,45,46.
[2] മുതഫഖുൻ അലൈഹി. ബുഖാരി 1/41 നമ്പർ 108, മുസ്ലിം 1/7 നമ്പർ 2.



3. സുന്നത്തിനോടുള്ള വെറുപ്പ്. ബിദ്അത്തുകൾ പ്രവർത്തിക്കുന്നവരിൽ കാണപ്പെടുന്ന ഏററവും വലിയ ഒരു അപകടമാണ്. ഇസ്മാഈലു ബ്നു അബ്ദുറഹ്മാനു സ്വാബൂനി(റ) പറഞ്ഞത് കാണുക: ''ബിദ്അത്തുകാരുടെ അടയാളമായി അവരിൽ പ്രകടമായി കാണുന്ന അടയാളവും വ്യക്തമായ സ്വഭാവവും എന്തെന്നാൽ, അവർ നബി(സ)യുടെ വാക്കുകളെ പിന്തുടരുന്നവരോട് ശക്തമായ വിദ്വേഷവും പുഛവും കാണിക്കും എന്നതാണ്''[1]

4. ബിദ്അത്തുകാരുടെ കർമ്മങ്ങൾ തള്ളപ്പെടുന്നതാണ്.
നബി(സ) പറയുന്നു:

عنها مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

1. ''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്''[2]

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (مسلم ١٣٤٤/٣)

''നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്''[3]

5. ചീത്ത പര്യവസാനമായിരിക്കും. തീർച്ചയായും പിശാച് മനുഷ്യനെ അന്തിമമായി തനിക്ക് കീഴ്പ്പെട്ടവനാക്കി വിജയം വരിക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുന്നവനാണ്. അതിനായി അവൻ പല രൂപത്തിലൂടെ അവനെ സമീപിക്കും. ആദ്യ ഘട്ടമായി അവൻ അല്ലാഹുവിൽ പങ്ക്ചേർക്കാൻ അവ

[1] അഖീദത്തു അഹ്ലുസ്സുന്ന വ അസ്ഹാബുൽ ഹദീസ് പേജ്: 299.
[2] മുതഫഖുൻ അലൈഹി.
[3] മുസ്ലിം

നെ പ്രേരിപ്പിക്കും അതിന് അവൻ വഴങ്ങിയിട്ടില്ലെങ്കിൽ അവനെക്കൊണ്ട് ബിദ്അത്ത് ചെയ്യിക്കുവാനായിരിക്കും അവൻെറ അടുത്ത ശ്രമം. അതിനാലാണ് ബിദ്അത്തുകളാണ് കുററകൃ ത്യങ്ങളേക്കാൾ ഗൗരവമേറിയത്[1] എന്ന് പറയാൻ കാരണം. അതുകൊണ്ട് തന്നെ സുഫ്യാനുസൗരി(റ) പറഞ്ഞത് കാണുക: ''ബിദ്അത്താണ് ഇബ്‌ലീസിന് കുററകൃത്യങ്ങളേക്കാൾ ഇഷ്ടപ്പെട്ട വിഷയം. കുററങ്ങൾ പ്രവർത്തിക്കുന്നവൻ പശ്ചാത്തപിക്കാൻ ഇടയുണ്ട്; എന്നാൽ ബിദ്അത്തുകാരൻ പശ്ചാത്തപിക്കുകയില്ല''[2] ബിദ്അത്തുകൾ ചെയ്തുകൊണ്ടിരിക്കുന്ന അധികമാളുകളും പശ്ചാത്തപിക്കുകയില്ല; കാരണം അവൻ നല്ല കാര്യമാണ് എന്ന് കരുതിയാണല്ലൊ അത് പ്രവർത്തിക്കുന്നത്. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലെത്തിക്കുകതന്നെ ചെയ്യും.

6. കാര്യങ്ങൾ തെററായി മനസ്സിലാക്കുന്നു: ബിദ്അത്തുകാർ നന്മയെ തിന്മയായും തിന്മയെ നന്മയായും, സുന്നത്തിനെ ബിദ്അത്തായും ബിദ്അത്തിനെ സുന്നത്തായുമാണ് മനസ്സിലാക്കുക. ഹുദൈഫ(റ) പറഞ്ഞത് കാണുക: ''അല്ലാഹുവാണെ സത്യം ബിദ്അത്തുകാർ നിങ്ങളെ വഷളാക്കുകതന്നെ ചെയ്യും; വല്ല ബിദ്അത്തും ഉപേക്ഷിക്കപ്പെട്ടാൽ അവർ പറയും അതാ സുന്നത്തിനെ കയ്യൊഴിച്ചിരിക്കുന്നു എന്ന്.''[3]

7. സാക്ഷ്യവും ഉദ്ധരണികളും സ്വീകരിക്കപ്പെടുകയില്ല.
മതനിഷേധത്തിലേക്ക് എത്തുന്ന ബിദ്അത്തുകൾ ചെയ്യുന്നവരുടെ സാക്ഷ്യവാക്കുകളും അവരുടെ റിപ്പോർട്ടുകളും

[1] ഇബ്നുൽ ഖയ്യിമിൻെറ മദാരിജുസ്സാലികീൻ 1/222.
[2] ബഗവിയുടെ ശറഹുസ്സുന്ന 1/216.
[3] ഇബ്നു വള്ളാഹിൻെറ മാ ജാഅ ഫിൽ ബിദഅ് പേജ് 124, നമ്പർ 162.



സ്വീകാര്യമല്ല എന്നതാണ് ഹദീസ് പണ്ഡിതന്മാരും കർമ്മശാസ്ത്ര വിചക്ഷണരുടേയും ഏകോപിതമായ അഭിപ്രായം. അവർ ബിദ്അത്തുകൾ മൂലം നിഷേധികളായിത്തീരുന്നില്ല എങ്കിൽ അവരുടെ സാക്ഷ്യം സ്വീകരിക്കുന്ന വിഷയത്തിൽ ഭിന്നാഭിപ്രായത്തിലുമാണ്. ഇമാം നവവി(റ) പറയുന്നത്: ഒരാൾ ബിദ്അത്ത് പ്രവർത്തിക്കുന്നുവെങ്കിലും ബിദ്അത്തിലേക്ക് മററുള്ളവരെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ അയാളുടെ സാക്ഷ്യം സ്വീകരിക്കുകയും, ബിദ്അത്തിലേക്ക് മററുള്ളവരെ പ്രേരിപ്പിക്കുന്നവരാണ് എങ്കിൽ സ്വീകരിക്കപ്പെടുകയുമില്ല;[1] എന്നാണ്.

8. ബിദ്അത്തുകാർ നാശത്തിൽ അകപ്പെടുന്നതാണ്.
അല്ലാഹു പറയുന്നു:

وَاتَّقُواْ فِتْنَةً لاَّ تُصِيبَنَّ الَّذِينَ ظَلَمُواْ مِنكُمْ خَآصَّةً وَاعْلَمُواْ أَنَّ اللّهَ شَدِيدُ الْعِقَابِ ( سورة الأنفال ٢٥)

''ഒരു പരീക്ഷണം (നാശം) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.''[2]

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ( سورة النـــــور ٦٣)

''ആകയാൽ അദ്ദേഹത്തിൻെറ കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും (നാശവും) വന്നുഭവി

[1] നവവിയുടെ ശറഹു മുസ്‌ലിം 1/176.
[2] അൻഫാൽ: 25.

ക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ.''[1]

അല്ലാഹുവിൻെറ പ്രവാചകൻെറ കല്പനകൾക്ക് എതിര് പ്രവർത്തിക്കുകയും അദ്ദേഹത്തോട് ധിക്കാരമായി പെരുമാറുകയും ചെയ്യുന്നതിനേൾ അപകടകരമായ മറെറന്ത് നാശമാണുള്ളത് ?.

അതുകൊണ്ടാണ് നാശത്തിൽ അകപ്പെടുന്നതിന് മുമ്പായി സൽക്കർമ്മങ്ങളിൽ വ്യാപൃതമാകുവാൻ നബി(സ) സമൂഹത്തെ പ്രേരിപ്പിച്ചിട്ടുള്ളത്:

بادروا بالأعمال فتنا كقطع الليل المظلم، يصبح الرجل مؤمنا ويمسي كافرا، أو يمسي مؤمنا يصبح كافرا يبيع دينه بعرض من الدنيا (صحيح مسلم ١١٠/١ رقم ١١٨)

''നിങ്ങൾ ഇരുട്ടുള്ള രാത്രിപോലെയുള്ള നാശത്തിൽ അകപ്പെടുന്നതിന് മുമ്പ് സൽക്കർമ്മങ്ങളിലേക്ക് ധൃതിപ്പെടുക. അന്ന്, രാവിലെ മുസ്ലിമായിരുന്ന ഒരാൾ വൈകുന്നേരമാകുമ്പോൾ കാഫിറായി മാറുന്നു. അതല്ലങ്കിൽ വൈകുന്നേരം മുസ്ലിമായുള്ള ഒരാൾ അടുത്ത പ്രഭാതമാകുമ്പോൾ കാഫിറായി മാറുന്ന (അവസ്ഥയിലായിരിക്കും). ദുനിയാവിന് വേണ്ടി മതത്തെ വിൽപ്പന നടത്തുന്ന ദുഷിച്ച കാലം !!''[2]

9. ബിദ്അത്തുകാരൻ ശരീഅത്തിനെ മറികടക്കുന്നു:

ബിഅ്അത്തുകാരൻ അല്ലാഹുവിൻെറ മതത്തെ മറികടന്ന് പുതിയ ഒരു ശരീഅത്ത് നിർമ്മിച്ചുണ്ടാക്കി അതുൾക്കൊ

[1] നൂർ : 63.
[2] മുസ്ലിം 1/110, നമ്പർ: 118.



ള്ളുകയാണ് ചെയ്യുന്നത്. അല്ലാഹുവാകട്ടെ മതം പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْـلاَمَ دِينًا ( سورة المائدة ٣)

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേററിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.''[1]

അപ്രകാരം തന്നെ, എല്ലാ വിഷയങ്ങളും അല്ലാഹു ഖുർആനിലൂടെ വിവരിച്ചുതന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു:

وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ ( سورة النحل ٨٩)

''എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗ്ഗദർശനവും കാരണ്യവും കീഴ്പെട്ട് ജീവിക്കുന്നവർക്ക് സന്തോഷവാർത്തയു മായിക്കൊണ്ടുമാണ് നിനക്ക് നാം വേദ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.''[2]

10. സത്യവും അസത്യവും കൂട്ടിക്കുഴക്കും.

കാരണം വിജ്ഞാന മാകുന്ന പ്രകാശം അല്ലാഹു അല്ലാഹു അവൻ ഉദ്ദേശിക്കുന്ന തൻെറ ദാസന്മാർക്ക് മാത്രമാണ് നൽകുക. ബിദ്അത്തുകൾ പ്രവർത്തിക്കുന്നവന് സത്യം പ്രാപിക്കുവാൻ കഴിയുകയില്ല. അത് മുത്തഖികൾക്ക് മാത്രം ലഭി

[1] സൂറ മാഇദ: 3
[2] നഹ്ൽ 89

ക്കുന്ന സഹായമാണ്. അത് ബിദ്അത്തുകൾ പ്രവർത്തിക്കുന്നവനെത്തൊട്ട് തടയപ്പെടുന്നതാണ്.

അല്ലാഹു പറയുന്നു:

**يا أَيُّهَا الَّذِينَ آمَنُواْ إَن تَتَّقُواْ اللّهَ يَجْعَل لَّكُمْ فُرْقَاناً وَيُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَيَغْفِرْ لَكُمْ وَاللّهُ ذُو الْفَضْلِ الْعَظِيمِ ( سورة الأنفال ٢٩)**

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിന്മകൾ മായിച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.''[1]

11. ബിദ്അത്തുകാരന് അവനെ തുടർന്നവരുടേയും കുററമുണ്ടായിരിക്കും.

ഇക്കാര്യം അബൂഹുറൈറ(റ)വിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന താഴെ പറയുന്ന ഹദീസിലൂടെ മനസ്സിലാക്കാം.

**عن أبي هريرة رضي الله عنه أن رسول الله ﷺ قال من إلى الهدى كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا (مسلم كتاب العلم ٢٠٦٠/٤ برقم ٢٦٧٤)**

അബൂഹുറൈറ(റ) വിൽ നിന്ന്: നബി(സ)പറഞ്ഞു: ''വല്ലവരും സന്മാർഗ്ഗത്തിലേക്ക് (ഒരാളെ) ക്ഷണിച്ചാൽ അത് പിൻപററിയവരുടെ അതേ പ്രതിഫലം അവനും ലഭിക്കുന്നതാണ്. അത് അവരുടെ പ്രതിഫലത്തെ ഒട്ടും ചുരുക്കിക്കളയു

[1] അൻഫാൽ 29.



ന്നതല്ല. വല്ലവനും ദുർമാർഗ്ഗത്തിലേക്ക് ക്ഷണിച്ചാൽ അത് തുടർന്നവരുടെ കുററവും അവനുണ്ടായിരിക്കും. അത് അവരുടെ കുററത്തെ ഒട്ടും ചുരുക്കിക്കളയുന്നതുമല്ല'' [1]

12. ബിദ്അത്തുകാരൻ ശപിക്കപ്പെടുന്നതാണ്.

ബിദ്അത്തുകൾ അത് പ്രവർത്തിക്കുന്നവരെ ശാപത്തിലേക്ക് തള്ളിവിടുന്നതാണ്. മദീനയിൽ ബിദ്അത്തുണ്ടാക്കിയ ഒരാളെ സംബന്ധിച്ച് നബി(സ) പറഞ്ഞത് കാണുക: അനസ്(റ)ൽ നിന്നും നിവേദനം ചെയ്യപ്പെടുന്നു:

**من أحدث فيها حدثا أو آوى محدثا فعليه لعنة الله ، والملئكة والناس أجمعين، لا يقبل الله منه صرفا ول عدلا (البخاري ١٨٧/٨ رقم ٧٣٠٦، ومسلم ٩٩٤/٢ رقم ١٣٦٦)**

''വല്ലവനും അവിടെവെച്ച് (മദീനയിൽ) ബിദ്അത്ത് പ്രവർത്തിക്കുകയോ, ബിദ്അത്തുകാരന് അഭയം തേടുകയോ ചെയ്താൽ അവന്റെമേൽ അല്ലാഹുവിന്റേയും മലക്കുകളുടേയും ലോകത്തുള്ള സർവ്വ മനുഷ്യരുടേയും ശാപം ഉണ്ടായിരിക്കുന്നതാണ്. അവനിൽ നിന്നുള്ള ക്രയവിക്രയങ്ങളൊന്നും അല്ലാഹു സ്വീകരിക്കുകയുമില്ല.''[2]

ശരീഅത്തിന് വിരുദ്ധമായി ഉണ്ടാക്കുന്ന എല്ലാ നൂതനാചാരങ്ങൾക്കും ഇത് ബാധകമായതാണ് മേൽ പറയപ്പെട്ട ഹദീസ്, ഏററവും ചീത്തയായ ദുരാചാരം ബിദ്അത്തുകളാണ് എന്നാണ് ഇമാം ശാത്വിബി (റ) പറയുന്നത്[3].

13. ബിദ്അത്തുകാരന് ഹൗളുൽകൗഥർ തടയപ്പെടുന്നതാണ്.

[1] മുസ്ലിം 4/2060 നമ്പർ 2674.

[2] ബുഖാരി 8/187 നമ്പർ 7306. മുസ്ലിം ബാബ് ഫള്ലു മദീന 2/994 നമ്പർ 1366.

[3] അൽ ഇഅ്തിസ്വാം 1/96.

അന്ത്യനാളിൽ നബി(സ)യുടെ അടുക്കൽ നിന്നും നബിയുടെ ഹൗളുൽ കൗഥറിൽ നിന്നും കുടിക്കുന്നതിനെ തൊട്ട് ബിദ്അത്തുകാർ അകററപ്പെടുന്നതാണ്.

നബി(സ)യിൽ നിന്നും സഹലു ബ്നു സഅദ്(റ) റിപ്പോർട്ട് ചെയ്യുന്നു:

**أنا فرطكم على الحوض من ورد شرب ومن شرب لم يظمأ أبدا، وليردنّ عليّ أقوامٌ أعرفهم ويعرفني ثمّ يحال بيني وبينهم(متفق عليه ٢٦٤/٧ ومسلم ١٧٩٣/٤ رقم ٢٢٩٠)**

**وفي لفظٍ فأقول: إنّهم منّي فيقال: إنّك لا تدري ما أحدثوا بعدك فأقول صحقا صحقا لمن غيّر بعدي (البخاري ٢٦٤/٧ رقم ٦٥٨٣)**

''ഞാൻ ഹൗളുൽ കൗഥറിനടുത്ത് നിങ്ങൾക്കായി നിലയുറപ്പിക്കും അവിടെ എത്തുന്നവർ അതിൽ നിന്നും കുടിക്കും, അതിൽ നിന്നും കുടിച്ചവർക്ക് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. അന്നേരം ഞാൻ അറിയുന്ന എന്നെ അറിയുന്ന ഒരു കൂട്ടം ആളുകൾ അവടെ എത്തും; പിന്നീട് അവരെത്തൊട്ട് മറയിടപ്പെടുകയും ചെയ്യുന്നതാണ്.''[1]

മറെറാരു റിപ്പോർട്ടിൽ അന്നേരം ഞാൻ പറയും''അവർ എന്നിൽ പെട്ടവരാണ്'' എന്ന്. അപ്പോൾ പറയപ്പെടും: അവർ എന്തൊക്കെയാണ് മതത്തിൽ പുതുതായി കൂട്ടിച്ചേർത്തെതെന്ന് താങ്കൾക്ക് അറിഞ്ഞുകൂട'' അപ്പോൾ ഞാൻ പറയും: ''എങ്കിൽ അവർ എന്നിൽ നിന്നും അകന്നുപോകട്ടെ, അകന്നു പോകട്ടെ'' എന്ന്.[2]

[1] ബുഖാരി 7/264, മുസ്ലിം 4/1793 നമ്പർ 2290.
[2] ബുഖാരി 7/264 നമ്പർ: 6583.



ശഖീഖ്, അബ്ദുല്ല(റ) വിൽ നിന്നും ഉദ്ധരിക്കുന്ന റിപ്പോർട്ടിൽ ഇപ്രകാരം കാണാം:

**يا ربِّ أصحابي أصحابي فيقال: إنك لا تدري ما أحدثوا بعدك (البخاري ٢٦٢/٧ رقم ٦٥٧٥، مسلم ١٧٩٦/٤ رقم ٢٢٩٧)**

നബി(സ) അന്നേരം അവിടെ വെച്ച് പറയും:''എൻെറ സ്വഹാബികൾ. . .എൻെറ സ്വഹാബികൾ. . .അപ്പോൾ പറയപ്പെടും: നിനക്ക് ശേഷം അവർ പുതുതായി ഉണ്ടാക്കിത്തീർത്തത് നിനക്ക് അറിഞ്ഞുകൂടാ''[1]

അസ്മാഅ് ബിൻത് അബൂബക്കർ(റ)ൽ നിന്നും ഇങ്ങിനെയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്:

**إني على الحوض حتى أنظر من يرد عليّ منكم وسيأخذ ناس من دوني فأقول يا ربِّ منّي ومن أمّتي فيقال : هل شعرت ما عملوا بعدك والله ما برحوا يرجعون على أعقابهم (البخاري ٢٦٦/٧ رقم ٦٥٩٣، مسلم ١٧٩٤/٤ رقم ٢٢٩٣)**

നബി(സ) പറയുന്നു: ''ഞാൻ ഹൗളുൽ കൗസറിനടുത്ത്, നിങ്ങളിൽ നിന്നും എൻെറ അടുക്കൽ വരുന്നവരെ ശ്രദ്ധിച്ചു നിൽക്കുമ്പോൾ ഒരു കൂട്ടം ആളുകൾ എന്നോട് അടുക്കുന്നതിൽ നിന്നും തടയപ്പെടും. അന്നേരം ഞാൻ പറയും: അല്ലാഹുവേ, അവർ എന്നിൽ പെട്ടവരാണ് എൻെറ സമുദായമാണ് . അപ്പോൾ പറയപ്പെടുക: നിനക്ക് അറിയുമോ നിനക്ക് ശേഷം അവർ പ്രവർത്തിച്ചിരുന്നതിനെ സംബന്ധിച്ച്. അങ്ങിനെ അവർ പുറകോട്ട് മടക്കപ്പെട്ടുകൊണ്ടിരിക്കും''[2]

[1] ബുഖാരി 7/267 നമ്പർ 6575, മുസ്ലിം 4/1796 നമ്പർ 2297.
[2] ബുഖാരി 7/266 നമ്പർ 6593, മുസ്ലിം 4/1794 നമ്പർ 2293.

ഇബ്നു മുലൈക്ക എന്ന പണ്ഢിതൻ ഇങ്ങിനെ പറയുമായിരുന്നു: ''അല്ലാഹുവേ പുറകോട്ട് മടക്കപ്പെടുന്നതിനെത്തൊട്ടും മതത്തിൻെറ കാര്യത്തിൽ നാശത്തിലകപ്പെടുന്നതിനെത്തൊട്ടും ഞാൻ നിന്നോട് അഭയം തേടുന്നു.''

14. ബിദ്അത്തുകാരൻ അല്ലാഹുവിൻെറ ദിക്റുകളിൽ നിന്നും തിരിഞ്ഞുകളയുന്നു. അല്ലാഹു അവൻെറ കിതാബിലൂടെയും പ്രവാചകൻ(സ)യിലൂടെയും നമുക്ക് പല പ്രാർത്ഥനകളും കീർത്തനങ്ങളും നിയമമാക്കി നിശ്ചയിച്ചു തന്നിട്ടുണ്ട്. നമസ്കാരശേഷവും, രാവിലെയും വൈകുന്നേരവും, ഉറങ്ങാൻ നേരത്തും ഉണരുമ്പോഴുമെല്ലാം ഉരുവിടുവാനുള്ള പ്രാർത്ഥനകൾ അതിൽ പെട്ടതാണ്. അപ്രകാരം തന്നെ കാല സമയ ബന്ധിതമായല്ലാതെയുള്ള പ്രാർത്ഥനകളും സുന്നത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.
അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا وَسَبِّحُوهُ بُكْرَةً وَأَصِيلا سورة الأحزاب (سورة الأحزاب ٤١،٤٢)

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി സ്മരിക്കുകയും കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുക.''[1]

എന്നാൽ ബിദ്അത്തുകാർ ഇത്തരം പ്രാർത്ഥനകളിൽ നിന്നും ദിക്റുകളിൽനിന്നുമെല്ലാം തിരിഞ്ഞുകളയുന്നവരാണ്. ഒന്നുകിൽ അവർ ആസമയങ്ങളിൽ ഏതെങ്കിലും ബിദ്അത്തുകളിൽ ഏർപ്പെട്ട് നശിക്കാൻ തീരുമാനിച്ചിരിക്കും, അതല്ലെങ്കിൽ അല്ലാഹുവും റസൂലും പഠിപ്പിച്ച പ്രാർത്ഥനകൾക്ക് പകരം മറെറന്തെങ്കിലും അവരുടെ വകയായി ഉണ്ടാക്കി

[1] അഹ്സാബ് 41, 42.



ചൊല്ലിക്കൊണ്ടിരിക്കും. അതിനാൽ തന്നെ ഏതെങ്കിലും നിലക്ക് അല്ലാഹുവനെക്കുറിച്ചുള്ള ദിക്റുകളിൽ നിന്നും തിരിഞ്ഞുകളയുന്നവരായിരിക്കും.

15. ബിദ്അത്തുകാർ സത്യത്തെ മറച്ചുവെക്കുകയും തങ്ങളുടെ അനുയായികളിൽ നിന്നും ഒളിപ്പിച്ചുവെക്കുകയും ചെയ്യുന്നവരാണ്. അല്ലാഹു അത്തരക്കാരെ ശപിച്ചുകൊണ്ട് താക്കീത് നൽകുന്ന ഭാഗം ഖുർആനിൽ ഇപ്രകാരം നമുക്ക് കാണാം:

إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَئِكَ يَلعَنُهُمُ اللّهُ وَيَلْعَنُهُمُ اللاعِنُونَ ( سورة البقرة ١٥٩ )

''നാം അവതരിപ്പിച്ച തെളിവുകളും മാർഗ്ഗദർശനവും വേദഗ്രന്ഥത്തിലൂടെ നാം ജനങ്ങൾക്ക് വിശദമാക്കിക്കൊടുത്തതിനു ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്.''[1]

16. ബിദ്അത്തുകാരുടെ പ്രവൃത്തികൾ ജനങ്ങളെ ഇസ്ലാമിൽ നിന്നും അകററുന്നു. അവർ പ്രവർത്തിക്കുന്ന അന്ധവിശ്വാസങ്ങളാകുന്ന ബിദ്അത്തുകൾ പൊക്കിപ്പിടിച്ച് ഇസ്ലാമിൻെറ ശത്രുക്കൾ ഇസ്ലാമിനെ പരിഹസിക്കുന്നു. അത് ആളുകളെ ഇസ്ലാമിൽ നിന്ന് അകററുന്നു. എന്നാൽ ഇസ്ലാമാകട്ടെ ഈ വിഷയത്തിൽ നിരപരാധിയാണ്.

17. ബിദ്അത്തുകാരൻ സമൂഹത്തെ ഭിന്നിപ്പിക്കുന്നു. അവർ പ്രവർത്തിക്കുന്ന ബിദ്അത്തുകളിലൂടെ സമൂഹത്തെ കക്ഷികളായി തിരിക്കുകയാണ് ചെയ്യുന്നത്.

[1] ബഖറ 159.

അല്ലാഹു പറയുന്നു:

إِنَّ الَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعًا لَّسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللّهِ ثُمَّ يُنَبِّئُهُم بِمَا كَانُواْ يَفْعَلُونَ ( سورة الأنعام ١٥٩)

''തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും, കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്.) അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പററി അവൻ അവരെ അറിയിച്ചുകൊള്ളും.''[1]

18. ബിദ്അത്തുകാരനെ സംബന്ധിച്ച് പരദൂഷണം പറയൽ അനുവദനീയമാണ്. പരസ്യമായി ബിദ്അത്തുചെയ്തുകൊണ്ടിരിക്കുന്നവരെ സംബന്ധിച്ച് ഗീബത്ത് പറയൽ വരെ അനുവദിക്കപ്പെട്ടിരിക്കുന്നു. കാരണം ജനങ്ങളെ അവരുടെ ബിദ്അത്തുകളിൽ നിന്നും രക്ഷപ്പെടുത്തൽ അനിവാര്യമാണ്. ബിദ്അത്ത്, അധർമ്മം പ്രവർത്തിക്കുന്നതിനേക്കാൾ അപകടമാണ്. ഗീബത്ത്[2] പറയൽ ഖുർആനിലൂടെയും ഹദീസിലൂടെയും നിഷിദ്ധമാക്കിയ കാര്യമാണ്. എന്നാൽ ആറ് അവസരത്തിൽ അത് അനുവദനീയമായി തീരുന്നുണ്ട്. അക്രമമുണ്ടായിത്തീരുമ്പോൾ, ഒരു നിഷിദ്ധ കാര്യത്തിനെതിരിൽ സഹായകമായി തീരുമ്പോൾ, ഒരാളെ സംബന്ധിച്ച് മതവിധി തേടിയാൽ, നാശത്തിൽ നിന്നും മുസ്ലിംകളെ രക്ഷപ്പെടുത്താൻ, അധർമ്മം ബിദ്അത്ത് എന്നിവ വ്യക്തമാക്കാൻ, ഒരാളെ പരിചയപ്പെടുത്താൻ എന്നീ അവസരങ്ങളിലാണ് ഒരാൾക്ക് ഇഷ്ടമില്ലാത്തത് പറയാൻ മതം അനുവദിക്കുന്നത്.[3]

---

[1] അൻആം 159.

[2] ഒരാളുടെ അസാന്നിധ്യത്തിൽ അയാൾക്ക് ഇഷ്ടമില്ലാത്തത് പറയലാണ് ഗീബത്ത്, ഇത് വളരെ കുററകരമായ കാര്യമാണ്.

[3] ഇബ്നു അബിൽ ഇസ്സിൻെറ ശറഹു അഖീദത്തു തഹാവിയ്യ പേജ് 43.



19. ബിദ്അത്തുകാരൻ മതനിയമങ്ങളോട് എതിരാവുകയയും മൽസരിക്കുകയും ചെയ്തുകൊണ്ട് ദേഹേഛയെ പിന്തുടരുന്നവരാണ്.

20. ബിദ്അത്തുകാർ സ്വയം ശാരിഇൻെറ (അല്ലാഹുവിൻെറ) സ്ഥാനത്തേക്ക് അവരോധിതരാവുകയാണ്. കാരണം അല്ലാഹുവാണ് മതനിയമങ്ങൾ മനുഷ്യർക്കായി നിശ്ചയിക്കുകയും അവൻ നിശ്ചയിക്കുന്ന ചര്യകൾ പിന്തുടരാൻ ജനങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നത്.

അല്ലാഹു നമുക്കും മററെല്ലാ മുസ്ലിം സഹോദരങ്ങൾക്കും ഇഹപര സൗഖ്യവും പാപമോചനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

وصلى الله وسلم وبارك على نبينا محمد وعلى آله وأصحابه ومن تبعهم
بإحسان إلى يوم الدين (آمين) والحمد لله رب العالمين.

## الفهرس
## ഉള്ളടക്കം

വിഷയം പേജ്


| | | |
|---|---|---|
| വിവര്‍ത്തകക്കുറിപ്പ് | كلمات المترجم | 1 |
| ആമുഖം | المقدمة | 4 |
| സുന്നത്തിന്‍റെ പ്രകാശം | نور السنة | 7 |
| അഹ്‌ലുസ്സുന്നത്തിന്‍റെ നാമങ്ങള്‍ | أسماء أهل السنة | 11 |
| സുന്നത്തിന്‍റെ സ്ഥാനം | منزلة السنة | 21 |
| അഹ്‌ലുസ്സുന്ന: ലക്ഷണങ്ങള്‍ | علامات أهل السنة | 24 |
| ബിദ്അത്തിന്‍റെ അന്ധകാരം | ظلمات البدعة | 27 |
| കര്‍മ്മങ്ങളുടെ സ്വീകാര്യത | شروط قبول الأعمال | 31 |
| ബിദ്അത്തുകളുടെ ദൂഷ്യങ്ങള്‍ | ذم البدعة في الدين | 36 |
| ബിദ്അത്തുകളുടെ കാരണങ്ങള്‍ | أسباب البدع | 51 |
| ബിദ്അത്തുകളുടെ ഇനങ്ങള്‍ | أقسام البدع | 72 |
| ബിദ്അത്തും മതവിധിയും | حكم البدعة في الدين | 82 |
| ജാറങ്ങള്‍ ബിദ്അത്തുകള്‍ | أنواع البدع عند القبور | 88 |
| കാലികമായ ബിദ്അത്തുകള്‍ | البدع المعاصرة | 94 |
| നബിദിനാഘോഷം | الاحتفال بالمولد النبوي | 94 |
| റജബ് മാസ ബിദ്അത്തുകള്‍ | احتفال شهر رجب | 108 |
| മിഅ്റാജ് ആഘോഷം | احتفال الإسراء والمعراج | 115 |
| ബറാത്ത് രാവ് | احتفال ليلة النصف من شعبان | 121 |
| ബര്‍ക്കത്ത് എടുക്കല്‍ | التبرك | 127 |
| ബിദ്അത്തുകാരന്‍റെ പശ്ചാത്താപം | توبة المبتدع | 147 |
| ബിദ്അത്തുകളുടെ അപകടങ്ങള്‍ | آثار البدع وأضرارها | 151 |




# نور السنة
# وظلمات البدعة

في ضوء الكتاب والسنة


**الدكتور/سعيد بن علي بن وهف القحطاني**

**ترجمه : عبد اللطيف السلّمي**
**الداعية بالمكتب التعاوني للدعوة والإرشاد بالسلي**

**راجعه :عبد الرزاق الصلاحي**
**الداعية بإدارة الجاليات بفرع الوزارة الشؤون الإسلامية بالرياض**

# ഇരുളും വെളിച്ചവും


രചന:
ഡോ: സഈദ് ബിൻ അലി ബിൻ വഹഫ് അൽഖഹ്ത്വാനി

വിവർത്തനം:
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

പരിശോധന:
അബ്ദുർറസാഖ് സ്വലാഹി